1029

ബുദ്ധിമാന്മാരുണ്ടായിട്ടും.....?

KOTTAYAM PUBLIC LIBRARY
32748
KOTTAYAM

Malayalam.

BUDDHIMANMARUNDAYITTUM

Social Science: Applied Sociology

By J. THERATTIL M. A. B. L.,

Neetinivas, Trichur-4, Kerala.

First Published January 1967

Printed at Mar Narsai Press, Trichur-1.

Price Rs. 2.50

Copyright:

J. Therattil

Published by the Author

Distributors:

PULIKKOTTIL PUBLISHING HOUSE

HIGH ROAD, TRICHUR-1

# ബുദ്ധിമാന്മാരുണ്ടായിട്ടും.....?

32748

★

ജെ. തേറാട്ടിൽ, എം. എ., ബി. എൽ.

KOTTAYAM PUBLIC LIBRARY
★
KOTTAYAM

NATIONAL BOOK STALL LTD. BR. KOTTAYAM

വിതരണം
പുലിക്കോട്ടിൽ പബ്ലിഷിംഗ് ഹൗസ്,
ഹൈറോഡ്, തൃശ്ശൂർ-1.

വില. ക. 2.50

## ജെ. തേറാട്ടിലിൻെറ കൃതികൾ

380

ബുദ്ധിമാന്മാരുണ്ടായിട്ടും........?

അമ്മമാക്ക് ഒരു പുസ്തകം

സ്റ്റാലിൻ

# ആമുഖം.

സാമൂഹ്യശാസ്ത്രം പഠിച്ചറിയാൻ സാദ്ധ്യമല്ലാത്ത ബാല്യം മുതൽക്കേ വർഗ്ഗീയതത്വത്തിന്റെ ചില പന്തികേടുകൾ ഞാൻ കണ്ടറിഞ്ഞിട്ടുണ്ട്. താത്വികമായിട്ട് ജാതീയത അനുവദനീയമല്ലാത്തതെങ്കിലും, 'സവർണ്ണരെ'ന്നു അഭിമാനിക്കുന്ന സമുദായത്തിലെ ഒരംഗമായിട്ടു ജനിക്കാനും ജീവിക്കാനും എനിക്കിടയായി. യൗവനം മുതൽക്ക് സാമുദായികതത്വത്തിന്റെ പല വശങ്ങളും പരിശോധിക്കാനും, അതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ചിന്തിക്കാനും ഞാൻ ശ്രമിച്ചിട്ടുണ്ട്. കേരളത്തിലും, ദക്ഷിണേന്ത്യയിലും മാത്രമല്ല, ഉത്തരേന്ത്യയിലെ വിവിധഭാഗങ്ങളിലും, വർഗ്ഗീയതയുടെ എറകോണിപ്പുകളും തിക്തഫലങ്ങളും നേരിട്ടു പഠിക്കാനും ഇടയായിട്ടുണ്ട്. ഈ അനുഭവങ്ങളാണ് ഈ ഗ്രന്ഥത്തിൽ സഞ്ചരിക്കുന്നതു്. അപൂർണ്ണതകളും ന്യൂനതകളും ഇതിലുണ്ടെങ്കിലും, എന്റെ ശ്രമം വ്യർത്ഥമാണെന്നു എനിക്കു തോന്നീട്ടില്ല.

ഈ ഗ്രന്ഥത്തിന്റെ അഭിധാനത്തിൽനിന്നു ഇതൊരു പ്രയുക്ത സാമൂഹ്യശാസ്ത്രപഠനമാണെന്നു ധരിക്കയില്ല. ഇത്തരത്തിലൊരു കൈക്കുററപ്പാടു് ഇയ്യുള്ളവൻ രണ്ടു് കൊല്ലം മുമ്പു് ചെയ്യുകയുണ്ടായി. "അമ്മമാക്കു് ഒരു പുസ്തകം" എന്നാണു് അതിന്റെ പേർ. പക്ഷേ രണ്ടും ശാസ്ത്രപഠനങ്ങളാണ്. കേവലശാസ്ത്രപഠനങ്ങളുടെ 'തലക്കെട്ടു്' കാണുമ്പോഠം തന്നെ, അതു് ഏതാനും ശാസ്ത്രപണ്ഡിതന്മാക്കുള്ള പുസ്തകമാണെന്നു കരുതി സാമാന്യന്മാർ ഒഴിഞ്ഞുമാറും. എന്നാൽ ആദ്യത്തെ ഗ്രന്ഥത്തിനു്, സാധാരണക്കാർ മാത്രമല്ല, കേരളസാഹിത്യ അക്കാദമിയും, ഗ്രന്ഥശാലാധികൃതന്മാരും നൽകിയ സ്വാഗതം എന്റെ ഭാഗ്യമെന്നേ ഞാൻ കരുതുന്നുള്ളു. രണ്ടിലും നിഷ്പക്ഷത പാലിക്കാനും പുരോഭാഗിത്വം ഇല്ലാതിരിപ്പാനും ഞാൻ കഴിയുന്നതു ശ്രമിച്ചിട്ടുണ്ട്. എന്നിട്ടും പക്ഷാന്തരമുണ്ടാകാമെന്നു സമ്മതിച്ചുകൊള്ളുന്നു, വിശേഷിച്ച് വാശിയേറിയ വർഗ്ഗീയപ്രശ്നവാദത്തിൽ.

ഇതിലെ പ്രതിപാദനരീതിയും ഭാഷാരീതിയും ആകട്ടെ വൈയാകരണന്മാക്ക നെററിചുളിക്കാൻ ധാരാളം വകനൽകുന്നുണ്ടാകാം. എൻെറ അജ്ഞതകൊണ്ടുള്ള പ്രയോഗങ്ങളും കണ്ടേക്കാം. അവയെല്ലാം അടുത്തൊരു പതിപ്പുണ്ടാകാൻ ഭാഗ്യമുണ്ടായാൽ ആവോളം പരിഹരിക്കാമെന്നു ഉറപ്പുതരാനേ എനിക്കു് കഴിയൂ. അത്ഥവ്യത്യാസം വരുത്തിയ രണ്ടു് അച്ചടിപ്പിശകുകഠം ചൂണ്ടിക്കാണിക്കാം. പേജ് 16_ൽ രണ്ടാം വരിയിൽ 'കമ്യൂണലിസം' എന്നതിനുപകരം 'കമ്യൂണിസം' എന്നും, 88_ൽ ഒടുവിലെ രണ്ടുവരികളിൽ 'പത്രങ്ങഠം' എന്നതിനു പകരം 'പാത്രങ്ങഠം' എന്നും തിരുത്തിവായിക്കാനപേക്ഷ. ഈ വക അററകുററങ്ങഠം എന്തായാലും വർഗ്ഗീയ മാത്സര്യവും സ്പദ്ധയും പാടെ നശിപ്പിക്കണമെന്നാണു് എൻെറ ഉദ്ദേശ്യം. അല്പമെങ്കിലും കുറഞ്ഞാൽ എൻെറ ലക്ഷ്യം അത്രയ്ക്കും സഫലമാകുമല്ലോ എന്നാണു് എൻെറ പ്രത്യാശ.

നീതിനിവാസ്,
തൃശ്ശൂർ—4,
18_1_1967.

ജെ. തേറാട്ടിൽ.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| 1 | ആമുഖം | | |
| 2 | അദ്ധ്യായം | ഒന്ന്–പ്രാരംഭം | 1 |
| 3 | ,, | രണ്ട്–മതവും ജാതിയും | 33 |
| 4 | ,, | മൂന്ന്–സംസ്കാരവും സാഹിത്യവും | 63 |
| 5 | ,, | നാല്–വിദ്യാഭ്യാസവും പത്രപ്രവർത്തനവും | 92 |
| 6 | ,, | അഞ്ച്–സാമ്പത്തിക വർഗ്ഗീയത | 144 |
| 7 | ,, | ആറ്–വർഗ്ഗീയരാഷ്ട്രീയം | 136 |
| 8 | ,, | ഏഴ്–സമാപനം | 187 |

# ബുദ്ധിമാന്മാരുണ്ടായിട്ടും......?

32748

---

## അദ്ധ്യായം ഒന്നു്.

## പ്രാരംഭം.

ബുദ്ധിമാന്മാരുണ്ടായിട്ടും നമുക്കെന്തുഗുണം? നമ്മുടെ വർഗ്ഗീയമാത്സര്യം വദ്ധിച്ചുവരികയാണല്ലൊ. അതിന്നൊരു മറുമരുന്നാരും കണ്ടുപിടിക്കുന്നില്ലല്ലോ? ഈ ചോദ്യം കേൾക്കുമ്പോൾ ചില കേരളീയരുടെ പ്രതികരണം: കേരളത്തിൽ ബുദ്ധിമാന്മാരുണ്ടോ? ശ്രീശങ്കരാചാര്യർ മുതൽ ശ്രീനാരായണഗുരുവരെ, നമുക്കു് മററെന്തുതകരാറുകളുണ്ടെങ്കിലും, ധിഷണാശാലികൾക്കു് കുറവൊന്നുമില്ല. ഒരുപക്ഷേ ശ്രീ ഗുൽസാരിലാൽ നന്ദ ഹാസ്യമായി തട്ടിവിട്ടതു് ശരിയായിരിക്കുമോ? ബുദ്ധി കുറെ അധികപ്പററായിപ്പോയെന്നു സാരം. 'അധികം ബുദ്ധിയുള്ള പൊന്മാൻ കിണററിലേ മുട്ടയിടൂ' എന്നല്ലേ ചൊല്ലു്? സർ സി. ശങ്കരൻ നായർ, വി. പി. മേനോൻ, വി. കെ. കൃഷ്ണമേനോൻ, കെ. പി. എസ്സ്. മേനോൻ, ഡോക്ടർ ടി. എം. നായർ, ഡോക്ടർ പി. വി. ചെറിയാൻ, സി. കൃഷ്ണൻ (മദിരാശി ഹൈക്കോട്ടു് ജഡ്ജിയായിരുന്നു), മന്ദത്തു് കൃഷ്ണൻ നായർ, ജി. കെ. ചേററൂർ, എസ്. കെ. ചേററൂർ, ജോർജ്ജ് ജോസെഫ്—ഇങ്ങിനെ ഏതുസമുദായത്തിൽ നിന്നും, ഏതുജീവിതതുറയിൽനിന്നും, എത്രപേരെയെങ്കിലും നിരനിരയായി നിത്തിക്കാണിക്കാം—മരിച്ചവരും ജീവിച്ചിരിക്കുന്നവരും. ഹോംമന്ത്രി തിരുവനന്തപുരം പത്രസമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു: "കേരളത്തിൻെറ സുഖക്കേടു് ബുദ്ധിയുടെ ആധിക്യമാണു്." (The Indian Express 14—5—1964.)

എന്നിട്ടും കേരളത്തിൽ വർഗ്ഗീയഭ്രാന്തോ? അല്ലെങ്കിൽ സ്വാമി വിവേകാനന്ദൻെറ വാക്കുകളിൽ കേരളം 'ജാതി ഭ്രാന്താലയമോ?' വർഗ്ഗീയത കേരളത്തിലെ ഒരു തീരാശാപം, മാറാരോഗം, ഏററവും വലിയ തകരാറ് എന്നൊക്കെ വിളിച്ചുപറയുമ്പോൾ ആരു് വിശ്വസിക്കും? വെറും അത്യുക്തി! അസത്യകഥനം! ഈ അഭിപ്രായം ചമൽക്കാരത്തിനുവേണ്ടി, അതിശയോക്തിയായി, അതുമല്ലെങ്കിൽ കേരളത്തിനു് പുറത്തുള്ളവർ, ഉള്ളുകള്ളികൾ ധരിക്കാതെ പുറപ്പെടുവിക്കുന്ന വാക്കുകളാണു്. യഥാൎത്ഥത്തിൽ അന്യനാട്ടുകാരുടേയും മാത്രമല്ല, കേരളീയരിൽ പലരുടേയും നിഗമനം ഇതുതന്നെയാകുന്നു. എങ്കിലും ശ്രീ. പട്ടം താണുപിള്ള കേരളത്തിൻെറ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കണ്ണൂർ പട്ടണത്തിൽവെച്ചിപ്രകാരം പ്രസംഗിച്ചു് സമ്മതിക്കുന്നു: "എന്താണു് കേരളത്തിലെ രാഷ്ട്രീയം? ശുദ്ധ വൎഗ്ഗീയത; തിരുവിതാംകൂർ-കൊച്ചിയിൽ ഏററവുമധികം വൎഗ്ഗീയമനോഭാവം. ഓരോ മനുഷ്യനും 'തൻെറ സമുദായം, തൻെറ ജാതി' എന്നീ കാഴ്ചപ്പാടിൽനിന്നാണു് ചിന്തിക്കുന്നതു്." (The Indian Express of 21–5—1962)

ഈ പുസ്തകത്തിലെ പ്രമേയം കേരളക്കരയിൽ വൎഗ്ഗീയത അതിരുകവിഞ്ഞുള്ള ഒരു തകരാറായിട്ടുണ്ടെന്നാണു്. ബുദ്ധിയോടൊപ്പം വിവേകവും, സഹിഷ്ണുതയും, വിട്ടുവീഴ്ചയും, നാട്ടിലെ അനേകം ബുദ്ധിമാന്മാർ സ്വഭാവഗുണങ്ങളായി കരുതുന്നില്ലേ? അല്ലെന്നുനടിച്ചു് അവർ പ്രവൎത്തിച്ചു് തുടങ്ങിയിട്ടു് ഏതാണ്ടു് അരനൂററാണ്ടായി. കേരളീയജനതയുടെ ജീവനാഡിയെത്തന്നെ സമൂലം നശിപ്പിക്കുന്നതാണു് വൎഗ്ഗീയസ്വാൎത്ഥ്യം ജാതിസ്വാൎത്ഥ്യം. മാത്രമല്ല, സൎവ്വഹത്യാപരമായ അന്ധവിരോധംമൂലം മലയാളക്കരയിൽ സമുദായങ്ങൾ തമ്മിൽ, ജാതികൾ തമ്മിൽ, കുഴപ്പങ്ങളും വക്കാണങ്ങളും ഉളവാക്കുകയാണു്; വൎഗ്ഗീയപ്രശ്നം മൂത്തുവശായതുകൊണ്ടുണ്ടായിട്ടുള്ള വലിയ ദോഷം ഇതാണു്.

വൎഗ്ഗീയ പ്രശ്നത്തിൻെറ പല വശങ്ങളും പരിശോധിക്കുന്നതിനുമുമ്പു് 'വൎഗ്ഗീയത', 'സാമുദായികത്വം' എന്നെല്ലാം പറയു

മ്പോഠം എന്താണ് വിവക്ഷയെന്നു് അറിയേണ്ടതാണ്. 'വർഗ്ഗം' 'സമുദായം' എന്നീ വാക്കുകഠം ന്യായമായ ആശയങ്ങഠം പ്രകാശിപ്പിക്കുന്നതിന്നുപയോഗിക്കുന്നുണ്ടു്. ദൂഷിച്ച അർത്ഥത്തിൽ ഉപയോഗിക്കാനുള്ള കാരണമെന്താണു്? കാറഠംമാർക്സിൻെറ ക്ലാസ് സമരം (Class War) എന്നതിന്നു് വർഗ്ഗസമരം എന്നെഴുതി കണ്ടിട്ടുണ്ടു്. മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള സമരം എന്നർത്ഥത്തിലാണ് വർഗ്ഗസമരം എന്ന പ്രയോഗമെന്നതു് വ്യക്തമാണ്. 'സമുദായം' എന്നു പറയുമ്പോഴും അർത്ഥബോധനം ശരിപ്പെടുന്നില്ലെന്നു തോന്നുന്നു. എന്നാൽ ഇംഗ്ലീഷ് പദമായ 'കമ്യൂണലിസം (Communalism) എന്നതുപയോഗിച്ചാൽ വിവക്ഷിതാർത്ഥം കൂടുതൽ നന്നായി ധരിക്കും. * കമ്യൂണലിസം എന്നതു് ഒരിക്കലും ഗുണമായ ഒരു മനോഭാവമല്ല. ഒരു വർഗ്ഗത്തിലെ (സമുദായത്തിലെ) അംഗങ്ങഠം മുഴുവൻ തന്നെ കമ്യൂണൽ മനഃപ്രകൃതി പ്രകടമാക്കുമ്പോഴാണ് കമ്യൂണൽപ്രശ്നം (വർഗ്ഗീയപ്രശ്നം) മുഴച്ചുപൊന്തുക.

## കേരള കമ്യൂണൽ പ്രശ്നത്തിൻെറ സ്വഭാവം.

കേരളത്തിലെ വർഗ്ഗീയപ്രശ്നത്തിന്നു് മറെറങ്ങും ഇന്നേവരെ കാണാത്ത ചില സവിശേഷതകളുണ്ടു്. അവ ഏതെല്ലാമെന്നു് സാമൂഹ്യശാസ്ത്രരീത്യാ പരിശോധിച്ചാലേ വർഗ്ഗീയത എന്ന മാനസികരോഗം എന്താണെന്നു് കണ്ടുപിടിക്കാൻ സാധിക്കൂ. അതു് പരിശോധിക്കാനുള്ള വൈദ്യൻ സാമൂഹ്യശാസ്ത്രത്തി

---

* കമ്യൂണിസ്സം, സോഷ്യലിസ്സം എന്നീ വാക്കുകളെപ്പോലെ 'കമ്യൂണലിസ്സം' എന്നതു് കടംവാങ്ങിയാൽ എന്താണ് തെററു്? സി. മാധവൻ പിള്ള (ഇംഗ്ലീഷ്—മലയാളനിഘണ്ടുവിൻെറ ഗ്രന്ഥകർത്താവ്) വർഗ്ഗീയത, സാമുദായികത്വം എന്ന പരിഭാഷ മുഴുവൻ അർത്ഥബോധമുണ്ടാക്കുന്നില്ലെന്നു എന്നെ അറിയിച്ചിട്ടുണ്ടു്. കമ്മ്യൂണിസം എന്നതിൽ 'ല' മാത്രം ചേർത്താൽ വലിയ അബദ്ധമാകുമോ?

(Sociology)ൽ കേരളത്തിലെ കമ്യൂണലിസം എന്നതു് ഒരു 'തീസ്സിസ്സാ'ക്കി ഡോക്ടറേററ് സമ്പാദിച്ച ഒരാളായിരിക്കണം. അത്രയ്ക്കും സാമൂഹ്യഗാത്രത്തിൻെറ ഹൃദയത്തിലും നാഡീഞരമ്പുകളിലും വർഗ്ഗീയത കാൻസർപിടിച്ചിട്ടുണ്ടു്. അത്തരത്തിൽ ഒരാറം എഴുതിക്കാണാത്തതിനാലാണു് ഞാൻ ഈ വിഷയത്തിൽ ചെന്നുചാടുന്നതു്. കേരളത്തിന്നു് കമ്യൂണലിസം എന്നൊരു തകരാറുണ്ടെന്നു് ഇയ്യിടെയെങ്കിലും ചിലർ * മനസ്സിലാക്കിത്തുടങ്ങിയിട്ടുള്ളതു് ആശ്വാസകരംതന്നെ. ആസ്പത്രികളിൽ 'പുറംരോഗിക'ളെ പരിശോധിച്ചു് മരുന്നെഴുതിക്കൊടുക്കുന്ന തരത്തിലാണു് ഇവരെല്ലാം ഈ മഹാരോഗത്തെ പരിശോധിക്കുന്നതും ചികിത്സിക്കുന്നതും. കേരളീയരെ ഒട്ടുമുക്കാലും ബാധിച്ചിട്ടുള്ള ഈ മഹാരോഗം അവ്വിധം സാരമില്ല എന്ന മട്ടിൽ വിട്ടുകളയാമോ?

സാമൂഹ്യശാസ്ത്രത്തിൻെറ പ്രാഥമികതത്വങ്ങൾ (അതിലധികമൊന്നും വിസ്തരിക്കുന്നില്ല) മുൻനിറുത്തി കേരളത്തിലെ വർഗ്ഗീയ തകരാറ് പരിശോധിക്കാം. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണല്ലോ. തേനീച്ച, ഉറുമ്പു്, ചെമ്മരിയാടു്, പ്രാവുകൾ എന്നിങ്ങിനെ പക്ഷിമൃഗാദികളിൽ ചിലതിന്നും സംഘം ചേർന്നു ജീവിക്കാനുള്ള വാസനയുണ്ടു്. പക്ഷേ അതവക്കു് ജന്മവാസനയാണു്. മനുഷ്യർക്കു് അതൊരു കണ്ടുപിടിത്തമാണു്. ബുദ്ധി ഉപ

---

* സമീക്ഷ നമ്പർ 8-ൽ 'എന്താണു് കേരളത്തിന്നു് തകരാറു്?' എന്ന ശീർഷകത്തിൽ ഡോക്ടർ ആർ പ്രസന്നൻതൊട്ടു് ശ്രീമാന്മാർ സുകുമാർ അഴീക്കോടു്, കൈനിക്കര പത്മനാഭപിള്ള, നിത്യചൈതന്യയതി, എം. കെ. സാനു, വി. എസ്. ശർമ്മ, ആറ്റ്ലൻ നമ്പൂതിരി, എം. വി. ഇഗ്നേഷ്യസ് എന്നിങ്ങനെ 16 പേർ എഴുതിയിട്ടുണ്ടു്. അവരിൽ ഇതെഴുതുന്നാൾക്കു് തോന്നിയതു് മററുള്ളവരേക്കാൾ കൂടുതൽ വിസ്തരിച്ചും ചരിത്രദൃഷ്ട്യാ പരിശോധിച്ചും രേഖപ്പെടുത്തിയിട്ടുള്ളതു് അപരനാമധാരി (?) യായ 'നിത്യചൈതന്യയതി' എന്നാളാണു്. അദ്ദേഹത്തിൽനിന്നുള്ള ഉദ്ധാരണങ്ങൾക്കു് ചുരുക്കമായി 'സ. നി. ഭാ. 47' എന്നിങ്ങനെ ടിപ്പണി ചേർത്തിരിക്കും.

യോഗിച്ച സിദ്ധിച്ചിട്ടുള്ളതുമാണ്. ഒരു കുടുംബം; അതു് വർദ്ധിച്ചതു് ഒരു വംശം, ക്ലാൻ (Clan); പലവംശങ്ങളും ചേർന്നതു് വർഗ്ഗം (Tribe); വർഗ്ഗത്തിൽ, ചോരബന്ധം ഒരു ഘടകമല്ല. ഇന്ത്യയിൽ വർഗ്ഗത്തിനു് ജാതി എന്ന പേർ പറയാം. പല ജാതികൾ ചേരുമ്പോൾ ഒരു സമുദായം. ഒന്നിലധികം സമുദായങ്ങൾ നിശ്ചിതമായ ഭൂപ്രദേശത്തു് വസിക്കുമ്പോൾ ഒരു സമൂഹം–ജനതയായി. കേരളീയ ജനസമൂഹത്തിൽ നാലു് പ്രധാന സമുദായങ്ങളാണുള്ളതു്.

മേൽപ്രസ്താവിച്ചതെല്ലാം ലോകത്തിലെവിടേയും കാണാം. ഭാരതത്തിൽ (കേരളത്തിലും അതുതന്നെ) 'ജാതി' ഒരു പ്രത്യേക സാമൂഹ്യസമ്പ്രദായമായിട്ടാണ് ഗണിക്കപ്പെടുന്നതു്; താരതമ്യേന ഈ ഏർപ്പാടു് ഭാരതീയക്കു് തനതായിട്ടുള്ളതെന്നുതന്നെ സമ്മതിക്കാം. (മതബന്ധവും ജാതിബന്ധവും ഹിന്ദുമതത്തിൽ ജനനം കൊണ്ടാണെന്നുള്ളതും മററും മറെറാരദ്ധ്യായത്തിൽ കാണാം). തത്ഫലമായി സാമൂഹ്യസംഘടനാരീതികൾ ഇന്ത്യയിൽ രണ്ടുതരമായി വിഭജിക്കാം: തുറന്നരീതി, അടഞ്ഞരീതി. ഹൈന്ദവജാതികളെല്ലാം അടഞ്ഞ രീതിക്കാരാണ്. ആരേയും സ്വന്തസമുദായത്തിൽ ചേർക്കുകയാണ് ക്രിസ്ത്യാനികളും മുസ്ലീമുകളും ചെയ്യാറ്. അവരുടെ തുറന്നരീതി (Open system) മതാത്മകമായ ശാസനകൊണ്ടുതന്നെ.

ഇന്ത്യയിൽ മറെറങ്ങും നാളിതുവരെ പ്രത്യക്ഷമായി കാണപ്പെടാത്ത കമ്മ്യൂണൽസവിശേഷത കേരളത്തിൽ സംഭവിക്കുന്നതു് നായരീഴവ സംഘർഷത്തിലും മററുമാണ്. ഇതരദേശങ്ങളിൽ ഹിന്ദുമുസ്ലീം ലഹളകൾ സംഭവിക്കുമ്പോൾ ഹിന്ദുക്കളിലെ എല്ലാ ജാതികളും സാമാന്യമായി ഒററക്കെട്ടായി നില്ക്കുന്നു. കേരളത്തിൽ ജാതിയെന്നു് അടഞ്ഞരീതിയുടെ ഇറുക്കിപ്പിടിത്തം മൂലം രണ്ടുവർഗ്ഗക്കാരും ഒന്നിച്ചു നില്ക്കുക അപൂർവ്വമാണ്; ഇല്ലെന്നുതന്നെ പറയാം. വൈക്കം സത്യാഗ്രഹത്തിലും, മന്നത്തുപത്മ

നാഭനും ആർ. ശങ്കരും ഹിന്ദുമണ്ഡലം സ്ഥാപിച്ചപ്പോഴും ഒരു കെട്ടായിനിന്നുവോ? രണ്ടും 'സൌകര്യവിവാഹത്തി'ൽ കവിഞ്ഞൊന്നുമായിരുന്നില്ല എന്നു് അനന്തരസംഭവങ്ങൾ തെളിയിക്കുന്നു. ക്രിസ്ത്യാനികളിൽ സുറിയാനിക്കാർക്കും അടഞ്ഞരീതി (Closed System) ഇഷ്ടമായിരുന്നില്ലേ? ഹിന്ദുക്കളുടെ സാമീപ്യത്തിലും മാനസികകാലാവസ്ഥയിലും ജാതിക്കാററു് ഏറെക്കുറെ അവരെ മാത്രമല്ല, അല്ലാല്ലമായി കേരളത്തിൽ മുസ്ലീം കേയിമാരേയും ഉത്തരേന്ത്യയിലെ രാജസ്ഥാനിൽ ചില മുസ്ലീമുകളേയും തട്ടിയിട്ടുണ്ടെന്നു ചരിത്രം രേഖപ്പെടുത്തുന്നു.

മതം, വംശം, ഭാഷ, രാഷ്ട്രീയം ഇവ ഓരോ ഘടകവും സമുദായങ്ങളെ വെട്ടിത്തിരിച്ചു് നിർത്തുന്ന മഹാശക്തികളായി ഇന്നും ലോകത്തിൽ പലയിടങ്ങളിലും കാണപ്പെടുന്നുണ്ടല്ലോ. കറുത്തവർ, വെള്ളക്കാർ എന്നിവർ തമ്മിൽ സംഘർഷണങ്ങളും സമരങ്ങളും അമേരിക്കയിലും ആഫ്രിക്കയിലും ഇന്നും നടക്കുന്നതു് വംശജന്യമായ തൊലിനിറത്തിന്റെ പേരിലാണു്. സാമൂഹ്യശാസ്ത്രദൃഷ്ട്യാ വർണ്ണത്തിന്റെ നാമത്തിൽ മഞ്ഞനിറക്കാരും വെള്ളക്കാരും തമ്മിൽ ഭാവിയിൽ യുദ്ധം നടക്കാൻ സാദ്ധ്യത കുറവല്ലത്രെ! മതവൈവിധ്യം മൂലം യൂറോപ്പിൽ ക്രിസ്ത്യാനികളും 'മൂർ' എന്ന സംജ്ഞയിൽ മുസ്ലീമുകളും കുരിശ്‌യുദ്ധങ്ങൾ. ക്രിസ്തുവർഷം 17-ലും 18-ലും പ്രൊട്ടസ്റ്റാണ്ടുകാരും കത്തോലിക്കരും തമ്മിൽ മഹായുദ്ധങ്ങൾ. 1947-ൽ ഹിന്ദുക്കളും മുസ്ലീമുകളും തമ്മിൽ പഞ്ചാബിലും, ബംഗാളിലും പരസ്പരം ഭ്രാതൃഹത്യ നടത്തിയതിലും മതാത്മകമായ വൈജാത്യം കാണാം. മതാത്മകമായി മലയാളക്കരയിലെ ത്രികോണസമരംപോലെ മറെറവിടെയെങ്കിലുമുണ്ടോ? ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലീമുകളും ഭിന്നമതക്കാരായതുകൊണ്ടു് മാത്രമാണോ ഈ സംഘർഷണം? ചില മതശാസ്ത്രജ്ഞന്മാരുടെ, ഇതിനെപ്പററിയുള്ള അപഗ്രഥനം മുഴുവനും വക്കുംതെററും പൊട്ടാതെ സ്വീകരിക്കാമോ? ഇന്ത്യ—പാക്കിസ്ഥാൻ യുദ്ധം രണ്ടുമതക്കാർ തമ്മിലുള്ള രോധനമാണെ

ന്ന് അമേരിക്കയിലെ രാഷ്ട്രീയനേതാക്കന്മാരും അവരെ പിൻതാങ്ങി വാദിക്കുന്ന ബ്രിട്ടീഷ്കാരും തട്ടിവിടുന്നു. അവരുടെ കലവറകളിൽ അക്കൂട്ടർ പലതും ഒളിച്ചുവെക്കുന്നില്ലേ? കത്തുന്ന തീയ്യിൽ കുറെ നെയ്യൊഴിക്കുന്ന ഫലമായിട്ടാണ് മതവ്യത്യാസം ഇന്ത്യയിലേയും അതുപോലെ കേരളത്തിലേയും സമരരംഗത്തിൽ കാണാൻ കഴിയൂ എന്നുവെച്ചാൽ മതം ഒരു നിർണ്ണായകഘടകമല്ലെന്നു സാരം. രാഷ്ട്രീയശക്തി പിടിച്ചുപററാനുള്ള വടംവലിയിൽ മതം എന്ന ആയുധം, 'ഇരിക്കട്ടെ കുന്തം പടയ്ക്കല്ലേ പോണേ' എന്നൊരു മുട്ടുശാന്തി മാത്രമാകുന്നു. ഏതായാലും മതത്തിൻെറ പേരും ചൊല്ലി മററു രാജ്യങ്ങളിലുണ്ടായ കൂട്ടക്കൊലയും രക്തച്ചൊരിച്ചിലും കേരളത്തിലുണ്ടായിട്ടില്ല; തീർച്ചയായും അതൊരു ആശ്വാസംതന്നെ.

ഉത്തരേന്ത്യയിലെപ്പോലെ കത്തിക്കുത്തും കൊലയും കേരളത്തിൽ സംഭവിച്ചിട്ടില്ല (1921_ലെ മലബാർ മാപ്പിള ലഹള ഒരു അപവാദം മാത്രമാണ്.) എന്നതുതന്നെയാണ് കേരളത്തിലെ സാമുദായികത്വത്തിൻെറ മറെറാരു സവിശേഷത. ശ്രീ. സുകുമാർ അഴീക്കോടിൻെറ വാക്കുകളിൽ "അപരിഷ്കൃതമായ സാമുദായികത്വമാണ് പണ്ടുണ്ടായിരുന്നതെങ്കിൽ അതിപ്പോഠം പരിഷ്കൃതസാമുദായികത്വമായിത്തീൎന്നു........ കേരളീയൻെറ വിദ്യാഭ്യാസപുരോഗതി അവനെ ഏററവും ഭയങ്കരനായ സാമുദായികവാദിയാക്കി മാററിയിരിക്കുന്നു'' (സ. ഭ. 48) കേരളീയ കമ്മ്യൂണലിസ്റ്റ്കാരെ പരിഷ്കൃതരെന്നുമാത്രം വിശേഷിപ്പിച്ചാൽ പോരാ; അവരുടെ നയം നേർപ്പോരിന്നു പകരം ഒളിപ്പോരാണ്. ഒളിപ്പോർ നടക്കുമ്പോഠം എതിർകക്ഷികളാകട്ടെ അതേ വിദ്യയിൽ പുതിയതു് കണ്ടുപിടിക്കും അല്പം വൈകിയെന്നുവന്നാലും.

എന്നാൽ കേരളത്തിലെ അടവുകളും സൂത്രങ്ങളും രാഷ്ട്രീയമുഖംമൂടികളോടും വസ്ത്രമോടികളോടും കൂടിയതായിരിക്കും.

ഡോക്ടർ ലോഹ്യയെ ഒരു 'വികടബുദ്ധിമാനെ'ന്നു നാമകരണം ചെയ്താലും "കേരളത്തിലെ കമ്മ്യൂണലിസത്തിൽ ഹിന്ദു രാഷ്ട്രീയവും കോൺഗ്രസ്സിൽ ക്രൈസ്തവരാഷ്ട്രീയവുമാണുള്ളതു്" എന്നു കണ്ടുപിടിച്ചതു് പരമാർത്ഥമല്ലേ? ആക്ഷം മനസ്സിലാക്കാൻ പ്രത്യക്ഷത്തിൽ സാദ്ധ്യമല്ലാത്തവിധമാണു് അതിൻെറ നുഴഞ്ഞുകയററം. "Subtle and Subterranean" നന്നനന്നത്ത മിനുസമുള്ള അടിപ്പണി എന്നതിനെ പരിഭാഷപ്പെടുത്താം. 'ഞാനേതുമറിഞ്ഞില്ല രാമനാരായണാ' എന്ന ഭാവേന കാൽവാരലും കുതികാൽ വെട്ടലും സാമാന്യം നിത്യത്തൊഴിലാണു്. "എല്ലാ നാടുകളേയും ദൈവം സൃഷ്ടിച്ചു; കേരളത്തെ മാത്രം മനുഷ്യൻ മുടിച്ചു." (സ. 8. ഭ. 47 സു: അഴീക്കോടു്) ഇതു് ഏതാണ്ടു് ശരിയല്ലേ എന്നു് നമുക്കും തോന്നാം. ഉപ്പുതൊട്ടു് കർപ്പൂരം വരെ എല്ലാററിലും കമ്മ്യൂണലിസത്തിൻെറ ലാഞ്ഛനയും ദുർഗ്ഗന്ധവും കാണും. ചന്ദനം ചാരിയാൽ ചന്ദനം നാറില്ലേ?

മനുഷ്യരുടെ നാനാവിധത്തിലുള്ള കണ്ടുപിടിത്തങ്ങൾ സാമൂഹ്യശാസ്ത്രപ്രകാരം അവസാനിക്കാത്തതാണു്. കേരളത്തിലെ ബുദ്ധിമാന്മാർ (ശ്രീശങ്കരാചാര്യർ, ചട്ടമ്പിസ്വാമികൾ, നാരായണഗുരു എന്നിങ്ങനെ രണ്ടുമൂന്നു് പേരെ ഒഴിക്കുക) സി. വി. രാമനെപ്പോലെയോ, ജഗദീശ്ബോസിനെപ്പോലെയോ, ഒരു തുറയിലും വലിയതൊന്നും കണ്ടുപിടിച്ചിട്ടില്ലെന്നാണു് എൻെറ അറിവു്. മാനവസാമൂഹ്യശാസ്ത്രജ്ഞന്മാരു (Sociologists) ടെ തീർപ്പുപ്രകാരം മനുഷ്യൻ തീയു്, ആയുധങ്ങൾ മുതലായതു് കണ്ടുപിടിച്ചതിനേക്കാൾ സാരവത്തായതാണു് 'സംഘടനകൾ ഉണ്ടാക്കാനു'ള്ള കണ്ടുപിടിത്തം. ജനസമൂഹ (മൃഗത്തിൻേറതല്ല) ത്തിൻെറ നിലനിൽപ്പും നിലംപതിക്കലും, ക്രമവും ക്രമക്കേടും (Order and disorder) വളച്ചയും തളച്ചയും — ഇത്യാദികളെല്ലാം എപ്പോൾ, എങ്ങിനെ, എന്തുകൊണ്ടു് സംഭവിക്കുന്നുവെന്നു പഠിക്കുകയാണു് സോഷ്യോളജിസ്ററുകാർ—സാമൂഹ്യശാസ്ത്രജ്ഞന്മാർ—ചെയ്യുന്നതു്. ഇവിടെ അന്മട്ടിലുള്ള ഗവേഷണം

നടത്തിയിട്ടു് കേരളീയകമ്മ്യൂണലിസം ഒന്നു് വിലയിരുത്തിയാൽ പലതും കണ്ടുപിടിക്കാം. അതോടൊപ്പംതന്നെ വർഗ്ഗീയതയെ ഒരു ദൂഷിച്ച കലയാക്കി മറെറന്തുംതന്നെയില്ലാത്തവിധം, സംഘടനാപ്രസ്ഥാനത്തെ അധഃപതിപ്പിച്ചു് വഷളാക്കിയതും കണ്ടുപിടിക്കാം.

ശാസ്ത്രവും കലയും (മനുഷ്യ) മനസ്സിനെ സ്വതന്ത്രമാക്കാനാണു് ഉപയോഗിക്കേണ്ടതു്. അല്ലാതെ ദൂഷിച്ച അടിമമനോഭാവം സൃഷ്ടിക്കാനും വളർത്താനുമല്ല. കുടുംബം വളർന്നുവളർന്നു് വലിയ വലിയ രാഷ്ട്രങ്ങളായി, ക്രമവും സമാധാനവും പുലർത്താൻ സാദ്ധ്യമായതു് മനുഷ്യർ സംഘടിച്ചു് പ്രവർത്തിച്ചതുകൊണ്ടുതന്നെയാണു്. സംഘടനകൾ എത്രതന്നെ കെട്ടുറപ്പുള്ളതായാലും അടിമത്തത്തിൻെറ പര്യായമായിത്തീർന്നു് വർഗ്ഗീയമനോഭാവമാക്കിച്ചമക്കുന്നതു് ആശാസ്യമല്ല, ക്ഷന്തവ്യമല്ല; നിശ്ചയം. (പ്രാസംഗികമായിട്ടു് ഇതെല്ലാം നീട്ടിവളർത്തിയെഴുതുന്നതു് അസ്ഥാനത്താണെന്നു് ചില നിരൂപകന്മാർ പറയുമായിരിക്കും. അതിൽ വലിയ അർത്ഥമില്ലെന്നു് കാണിക്കാൻ മാത്രം ഇതെല്ലാം രേഖപ്പെടുത്തുന്നു.)

സാമൂഹ്യശാസ്ത്രദൃഷ്ട്യാ കേരളത്തിലെ സംഘടനാപാടവം ഇത്രത്തോളം എങ്ങിനെയാണു് അധഃപതിച്ചു് ഒരു തീരാശാപമായതെന്നു വൃഥാസ്ഥൂലതയെന്നു തോന്നിച്ചാലും അന്വേഷിച്ചേ കഴിയൂ. കമ്മ്യൂണലിസം ഒരു മഹാരോഗമാണെന്നു്, അല്ല ഒരു മാറാരോഗം തന്നെയാണെന്നു്, ചിലർ വിശ്വസിക്കുന്നു. ഇതിനുള്ള കാരണങ്ങൾ കണ്ടുപിടിക്കുന്നവരെ നമുക്കു മൂന്നുതരമായി ഭാഗിക്കാം. ഒരു കൂട്ടർ വർഗ്ഗീയതകേവലം നൈസർഗ്ഗികമാണെന്നും അതു ഒരു രോഗമോ, മഹാരോഗമോ ആയിത്തീർന്നിട്ടുണ്ടെങ്കിൽ അതു് കാലക്രമത്തിൽ താനേശമിക്കുമെന്നും വാദിക്കുന്നു. രണ്ടാമത്തെ കൂട്ടർ അതു് * നൈസർഗ്ഗികമല്ല, ചരിത്രനിഷ്ഠമാണെന്നു

---

* സ 28. ഭ. 47 സുകുമാർ അഴീക്കോടു് ചരിത്രനിഷ്ഠമാണെന്നു വാദിക്കുന്നു.

സമത്ഥിക്കുന്നു. മൂന്നാമത്തെ കൂട്ടരുടെ നിഗമനമാകട്ടെ വർഗ്ഗീയത ഭാഗികമായിട്ടു് നൈസർഗ്ഗികവും ചരിത്രനിഷ്ഠവുമാണെന്നാകുന്നു.

നൈസർഗ്ഗികവാദത്തിൻെറ പോക്കുനോക്കാം. "പ്രശ്നരഹിതമായ ജീവിതമെന്നൊന്നില്ല. ഒരു പ്രശ്നം പരിഹരിക്കുമ്പോൾ മറെറാന്നു ധിക്കാരപൂർവ്വം വന്നെത്തുന്നു............ വർഗ്ഗരഹിതമായ സമുദായം ഉണ്ടാകണം, ഉണ്ടാക്കണം............" (സ. 8. ഭാ. 80_81) "മററു പ്രദേശങ്ങൾക്കില്ലാത്ത തകരാറൊന്നും കേരളത്തിനില്ല. വളരെ ലഘുവായി സകലരും അമ്മാനമാടുന്ന മറെറാരു പ്രസ്താവമുണ്ടു്—കേരളം ഒരു പ്രശ്നസംസ്ഥാനമാണു്. മറെറങ്ങുമില്ലാത്ത പ്രശ്നങ്ങളും കേരളത്തിലില്ല............ കേരളത്തിനു ഒരു തകരാറുമില്ല. കേരളത്തെ പ്രശ്നസംസ്ഥാനമെന്നു വിളിക്കുന്നതു് സ്തുതിക്കാനായാലും, ദൂഷിക്കാനായാലും അത്യുക്തിയുമാണു്............ (സ. 8. ഭ. 50_51. കൈനിക്കര പത്മനാഭപിള്ള) മറെറാന്നുകൂടി: "വർഗ്ഗീയത കേരളത്തിൻെറ ഒരു തീരാശാപമാണെന്നു പറഞ്ഞുകേൾക്കാറുണ്ടു്. അതൊരു പരമാത്ഥമാണു്; സംശയമില്ല............ തകരാറുകൾ ഏററവും രൂക്ഷമായ രീതിയിൽ പ്രകടമാകുന്നപോലെ തന്നെ, അവ ആദ്യം മാഞ്ഞുതുടങ്ങുന്നതും ഒരു പക്ഷേ കേരളത്തിൽത്തന്നെയായിരിക്കും. (സ. 8 ഭ. 44–47 ഡാക്ടർ ആർ. പ്രസന്നൻ)

'സാമ്പിളായി' ചിലതു ഉദ്ധരിച്ചുവെന്നുമാത്രം. മേൽപ്രസ്താവിച്ചവിധം സമാശ്വസിച്ചിരുന്നാൽ മതിയാകുമെന്നു എനിക്കു വിശ്വാസമില്ല. ഇവക്കുള്ള സമാധാനമാകട്ടെ ശുഭാപ്തിവിശ്വാസത്തിൻേറതായിരിക്കാം. ഇവരോടു സമാധാനം പറയേണമോ? എന്തുണ്ടായാലും വിധികല്പിതം, നൈസർഗ്ഗികം! കുന്നംകുളം എന്ന ചെറുപട്ടണത്തിൽ ഒരു തരം ക്രൈസ്തവസഭക്കാരുണ്ടത്രെ! അവരിൽ ആക്കെങ്കിലും, എന്തു മഹാരോഗം വന്നാലും ചികിത്സ നടത്തില്ല. തന്നെ വന്നതു് തന്നെ മാറും. കോളറവന്നാലും,

പ്ലേഗുബാധിച്ചാലും വൈദ്യംചെയ്യില്ല. അവരിൽ പലരും ഇത്ത രംരോഗം പിടിച്ചു മൃതിയടഞ്ഞതായി കേട്ടിട്ടുണ്ട്. മനുഷ്യരുടെ പിടിപ്പുകേടുകൊണ്ടും, അജ്ഞത, അനാസ്ഥ, അലസത എന്നീ ദോഷങ്ങളാൽവന്നുകൂടുന്ന തകരാറുകൾ താനേ മാറിക്കൊള്ളുമെന്നുള്ള വിധിവിശ്വാസികളായാൽ കേരളം നശിക്കാൻ വളരെ ദശാബ്ദങ്ങൾ വേണ്ടിവരില്ല. ഇന്നു നാമനുഭവിക്കുന്ന 'നാറിയ റേഷനരി'യും രാഷ്ട്രീയമായ അനിശ്ചിതാവസ്ഥയും നെട്ടനാൾ തുടരുകയുമാകും സാക്ഷാൽ ഫലം!.

സ്വാഭാവികമായി ജനിച്ചതുകൊണ്ടു വർഗ്ഗീയത സ്വയം പരിഹൃതമായിക്കൊള്ളുമെന്നു വാദിക്കുന്നവരല്ല നൈസർഗ്ഗിക ഹേതുക്കൾ കണ്ടെത്തുന്നവരെല്ലാം തന്നെ. "ബ്രാഹ്മണന്റെ കുത്തകയെ ചോദ്യം ചെയ്യലും നായരുടെ കുത്തകയെ ചോദ്യം ചെയ്യലും മനുഷ്യാവസ്ഥകളെക്കുറിച്ചുള്ള അതൃപ്തിമൂലമായിരുന്നില്ല.... 'അടിമയാകാനാഗ്രഹിക്കാത്തതുകൊണ്ടുതന്നെ മററാരെയും അടിമയാക്കാനും ഞാനാഗ്രഹിക്കുന്നില്ല'—അതാണു മനുഷ്യനെക്കുറിച്ചുള്ള സങ്കല്പം............ ഇവിടെയെല്ലാം അഭിമാനമാണ് നാം അടിയറവെക്കുന്നത്. ഒരു ജനതയെന്ന നിലയ്ക്കു് പണ്ടേ നാം അഭിമാനം കെട്ടവരാണ്............ നിരപരാധമായ ശിരസ്സിൽ ചവുട്ടിയ ചതിയുടെ പാദത്തിൽ നമസ്കരിച്ചതാണ് നമ്മുടെ സംസ്ഥാന പിതാവിന്റെ മഹത്വം! (അതേ ലേഖനത്തിൽ) നമ്മുടെ തകരാറ് പാരമ്പര്യത്തിലാണ്, രക്തത്തിലാണ്."
(സ. 8 ഭ. 59–61 എം. കെ. സാനു)

ശ്രീ സാനുവിന്റെ വിശകലനം പരിശോധിക്കാം. മനശ്ശാസ്ത്രപ്രകാരം അടിമ മനോഭാവമാണു സാമുദായികമാത്സര്യത്തിന്റെ ഊററില്ലമെന്നു സാരം. തൊഴിലാളികളും മുതലാളികകളും തമ്മിൽ സമരം ചെയ്യുമ്പോഴും അടിമ മനോഭാവമാണ് അടിയ്ക്കടിയിൽ കാണുന്ന ചളിക്കുണ്ട്. സാമൂഹ്യശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഈ നിഗമനം 'ഹരിശ്രീ' കുറിക്കുന്നതേയുള്ളു

അതെപ്രകാരം അടിമമനോഭാവം, വർഗ്ഗീയമനോഭാവമായി എങ്ങിനെ വേഷം മാറിയെന്നതാണ് നമുക്കറിയേണ്ടതു്. പക്ഷേ, മററുള്ള വിധിവിശ്വാസികളായ നൈസർഗ്ഗികവാദികളെപ്പോലെ സ്വയം പരിഹൃതമാകുമെന്നു ശ്രീ സാനു വാദിക്കുന്നില്ല. "പ്രക്ഷോഭകാരികളുടെ ഒരു തലമുറയാണു ഇവിടത്തെ ആവശ്യം. ജന്തുസാധാരണമായ നിലനില്പുകൊണ്ടു തൃപ്തരാകാത്ത ഒരു തലമുറ." (സ. 8 ഭ. 60) സമൂലപരിവർത്തനം അത്യന്താപേക്ഷിതമെന്നു ശ്രീ സാനു നിർദ്ദേശിക്കുന്നു. ഇതിനെപ്പററി ചർച്ചപിന്നീടു കാണാം.

## വർഗ്ഗീയതയുടെ യഥാർത്ഥഹേതുക്കൾ.

ഒരു മഹാരോഗത്തിൻെറ കാരണങ്ങൾ കണ്ടുപിടിച്ചു വിസ്തരിക്കുമ്പോൾ, ആസന്നമെന്നും വിദൂരമെന്നും രണ്ടുതരത്തിലായി കാണുമല്ലോ. കമ്മ്യൂണലിസ്സത്തെ ഒരു രോഗമായി ചിത്രീകരിക്കുന്നതു ഉചിതമാണെന്നു വായനക്കാർ സമ്മതിക്കും. ഒരു രോഗിയുടെ ജനനം മുതൽ 50 കൊല്ലം കഴിഞ്ഞു ക്ഷയരോഗം ബാധിക്കുന്നവരെയുള്ള അയാളുടെ പരിതഃസ്ഥിതികളും ജന്മനാ കൈവന്ന ശരീരവ്യവസ്ഥയും, എല്ലാം തന്നെ കാരണങ്ങൾ കണ്ടെത്തുന്നതിൽ പ്രസക്തമായിരിക്കും. 20_വയസ്സു മുതൽ പരുത്തിനെയ്ത്തു ശാലയിലാണു ജോലിചെയ്യേണ്ടിവന്നതെന്നും വിചാരിക്കുക. സംഭവവശാൽ താമസിക്കുന്ന കുടിലിന്നടുത്തായി മാറെറാരു കുടിലിൽ പത്തുകൊല്ലമായിട്ടു് ഒരു ക്ഷയരോഗി താമസമാക്കിയെന്നും കരുതുക. സമർത്ഥനായ ഒരു ക്ഷയരോഗഡോക്ടർ രോഗിക്കു ക്ഷയരോഗം പിടിപെടാനുള്ള ഹേതുക്കൾ അപഗ്രഥിക്കുമ്പോൾ ടിയാൻെറ ജീവിതം ജനനം മുതൽക്കുള്ളതു് അന്വേഷിച്ചറിയേണ്ടതല്ലേ? അതുപോലെ തന്നെയാണ് വർഗ്ഗീയമാത്സര്യമെന്ന മഹാരോഗത്തിൻെറ കാരണങ്ങൾ അന്വേഷിക്കുന്നതിലും.

മേൽ പ്രസ്താവിച്ചതെല്ലാം സാമൂഹ്യശാസ്ത്രജ്ഞന്മാർ പരിഗണിക്കുന്ന തത്വങ്ങളും നടപടികളുമാണ്. വർഗ്ഗീയത ജനി

ക്കാനും വളരാനും അത്യുച്ചകോടിയിലെത്താനും പലകാരണങ്ങളുമുണ്ട്. ഓരോന്നിൻേറയും ഉയരം, നീളം, വീതി, വണ്ണം, തൂക്കം മുതലായതെല്ലാം വിലയിരുത്തുകയാണ് സാമൂഹ്യ ശാസ്ത്രജ്ഞന്മാർ ചെയ്യാറുള്ളത്. വർഗ്ഗീയത ഉല്പാദിപ്പിക്കുന്നതിൽ വംശം, വർണ്ണം, മതം, ജാതി, സംസ്കാരം, സമ്പദ്‌വ്യവസ്ഥ, രാഷ്ട്രീയം ഇവയെല്ലാം ഓരോ ഘടകങ്ങളാണ്. ഓരോന്നിൻേറയും ഗുണാഗുണങ്ങളും ബലാബലങ്ങളും കണക്കിലെടുക്കണം. രാഷ്ട്രീയമീമാംസ, മാനവവംശശാസ്ത്രം, ചരിത്രം, ധനശാസ്ത്രം, മനശ്ശാസ്ത്രം ഇവയിൽപ്രധാനങ്ങളാണ. ഇവയെല്ലാം സാമൂഹ്യശാസ്ത്രരീത്യാ സഹായകവുമാണ്. ഇവയിൽനിന്നു സംഘടനാപരമായതേ നമ്മുടെ പ്രമേയത്തിനു ബാധകമായിട്ടുള്ളു. *

മതവും, ജാതിയും, സമ്പത്തും, സാഹിത്യവും, വിദ്യാഭ്യാസവും, സംസ്കാരവും, രാഷ്ട്രീയവും എന്നീ ശീർഷകങ്ങളിൽ സാമൂഹ്യനിലയിൽ ഓരോന്നും ഏതേതുപ്രകാരമാണ ബാധിക്കുന്നതെന്നു അതാതധ്യായങ്ങളിൽ സംക്ഷിപ്തമായി ചർച്ചചെയ്യാം. ഓരോന്നിനും എത്രത്തോളം സ്വാധീനശക്തിയുണ്ടെന്നും വിലമതിക്കാം. നിർണ്ണായകഘടകമെന്നനിലയിൽ ഏതു ഘടകത്തിനാണ് തൂക്കം കാണുന്നതെന്നും ചരിത്രദൃഷ്ട്യാപരിശോധിക്കാം. ഈ പുസ്തകത്തിലെ പ്രമേയം സാധുവാണോ എന്നു് അപ്പോഴേ വായനക്കാർക്കു വിധിക്കാൻകഴിയൂ. രാഷ്ട്രീയഘടകമാണ് നിർണ്ണായകശക്തിയെന്നാണ് എൻെറ നിഗമനം. അടിമമനോഭാവം, ഭയം, അജ്ഞത, അനാസ്ഥ, അവജ്ഞ എന്നിവയെല്ലാം വർഗ്ഗീയമാത്സര്യത്തിൽ സംഗതമാണ്. സങ്കുചിതമനോഭാവം, അനുരഞ്ജ

---

* 'സോഷ്യോളജി' ഒരു ശാസ്ത്രമെന്നനിലയിൽ പഠിച്ചുതുടങ്ങിയിട്ട് കാൽ നൂററാണ്ടിലധികമായിട്ടില്ല. ഇന്നും മററുപല നവീന ശാസ്ത്ര പഠനങ്ങളെപ്പോലെ ശിശുപ്രായം തന്നെയായിട്ടില്ലത്രെ. മേൽ പറഞ്ഞ ഓരോഘടകത്തിനും സാമൂഹ്യശാസ്ത്രരീത്യാ ഒരു ബൃഹൽ ഗ്രന്ഥമെഴുതാമത്രെ. എൻെറ ശ്രമം ഒരു ചെറുപുസ്തകം മാത്രമാണ്.

നരാഹിത്യം, വിട്ടുവീഴ്ചയില്ലായ്മ, ഉച്ചനീചത്വബോധം, ഒററ വാക്കിൽ, മനുഷ്യത്വം എന്ന സങ്കല്പത്തിൻെറ അഭാവം എന്നീ മനശ്ശാസ്ത്രഘടകങ്ങളെല്ലാം പലപ്രകാരത്തിലും വർഗ്ഗീയസ്പർദ്ധയും വക്കാണവും സൃഷ്ടിച്ചുവിടുന്നുവെന്നു അപഗ്രഥിക്കാം.

പക്ഷേ, ഇവ ഓരോ ഘടകവും നിർണ്ണായക ഘടകമാണെന്നുവരികയില്ല; ആകുന്നതുമല്ല. മനശ്ശാസ്ത്രപ്രകാരം മൗലികവികാരമായ ഭയമാണു് ഞാൻ മുഖ്യകാരണമായി കാണുന്നതു്. ഭയത്തിനുള്ള ഹേതുക്കൾ ന്യൂനകക്ഷിവാദത്തിലാണു് നാം കണ്ടെത്തുക. കേരളത്തിലെ കമ്മ്യൂണലിസം ഒരു പ്രത്യേകതരമാണെന്നു മുമ്പു് പറഞ്ഞുവെച്ചിട്ടുണ്ടല്ലോ. അതേകാരണങ്ങൾകൊണ്ടു് കേരളത്തിലെ ന്യൂനകക്ഷി വാദത്തിനു ചില സവിശേഷതകൾ കാണും. എന്നുവെച്ചാൽ മററെങ്ങും, ഇന്ത്യയിലെന്നല്ല, ലോകത്തിലെ മററനേകം രാജ്യങ്ങളിലും പ്രകടമല്ലാത്ത സ്വഭാവ വിശേഷതകൾ, sui generis എന്ന ലത്തീൻ ഭാഷാശൈലിയിൽ, പറയാവുന്നതാണു്. 'രാഷ്ട്രീയം' എന്ന അധ്യായത്തിൽ കൂടുതൽ വിവരങ്ങൾ കാണാമെങ്കിലും ഈ ഉപന്യാസത്തിലെ പ്രമേയത്തിൻെറ നാന്ദിയായി—നഖരേഖാചിത്രമായി—ചിലതു കുറിക്കാം.

ഈ ഉദ്യമത്തിലേയ്ക്കു കടക്കുംമുമ്പു് നാലു് സമുദായത്തിലെ വായനക്കാൎക്ക ഒരു മുന്നറിയിപ്പും ക്ഷമാപണവും ചെയ്യേണ്ടിവരുന്നു. നാലു് "വി. ഡി." രോഗികളെ പരിശോധിക്കുന്ന വൈദ്യൻ അതും നാലുപേരേയും ഒന്നിച്ചു പരിശോധിക്കാൻ നിർബ്ബന്ധിതനായാൽ നാലാളും കേൾക്കെ പല അരസികവും അരുചികരവും, ഒരുവേള കോപവും ജനിപ്പിക്കുന്ന വസ്തുതകളും നിരൂപണവും തുറന്നുപറയേണ്ടിവരും. ചിലപ്പോൾ വ്യക്തിപരമാമായെന്നുംവരാം. ഉദ്ദേശ്യം കണക്കാക്കി സമുദായവും വ്യക്തികളും മാപ്പുതരണം. സാമൂഹ്യശാസ്ത്രത്തിൽ, മാനസികശാസ്ത്രമായതുകൊണ്ടു ഗ്രന്ഥകർത്താവു് എത്ര ശ്രമിച്ചാലും ഭൗതിക

 32748

ശാസ്ത്രജ്ഞന്മാരെപ്പോലെ, സ്വകീയവീക്ഷണഗതി ഒഴിവാക്കാൻ സാദ്ധ്യമല്ല. *

ഒരു സമുദായത്തിൻ്റേതായ വർണ്ണത്തെ ആസ്പദമാക്കി ന്യൂനകക്ഷികളുടെ അവകാശവാദസമരം ഇന്നു് പരിഷ്കൃതരാജ്യങ്ങളിൽ നടക്കുന്നുണ്ടു്. അമേരിക്കയിലെ കറുത്ത നീഗ്രോവർഗ്ഗക്കാരും വെള്ളക്കാരും തമ്മിലുള്ള പോരാട്ടം നല്ലൊരു ദൃഷ്ടാന്തമാണു്. നീഗ്രോവർഗ്ഗം അവിടെ ന്യൂനപക്ഷക്കാരാണല്ലോ. തെക്കെ ആഫ്രിക്കയിൽ, വിശേഷിച്ചു തെക്കെ റൊഡേഷ്യയിൽ നീഗ്രോ വർഗ്ഗക്കാർ ഭൂരിപക്ഷമാണു്. തദ്രാജ്യങ്ങളിൽ യൂറോപ്യന്മാർ ന്യൂനപക്ഷക്കാരാണു്; പക്ഷെ 'കരുത്തും കയ്യൂക്കും' വെള്ളക്കാർക്കാണു്. കേവലം മതാസ്പദമായ യുദ്ധങ്ങൾ ഇന്നില്ലെങ്കിലും പലയിടങ്ങളിലും സംഘർഷണങ്ങൾ ഭാഗികമായിട്ടെങ്കിലും മതവൈജാത്യംകൊണ്ടുണ്ടാകുന്നു. ഭാഷ, രാഷ്ട്രീയം, സാമ്പത്തികതാൽപര്യങ്ങൾ എന്നിത്യാദി പലതിനേയും അധിഷ്ഠിതമാക്കി ന്യൂനകക്ഷി വാദങ്ങളുണ്ടു്. ഓരോ വാദത്തിൻ്റേയും ന്യായവും നീതിയും സ്ഥലകാലഭേദമനുസരിച്ചു് തിട്ടപ്പെടുത്തേണ്ടിവരും.

മനുഷ്യരുടെ സംഘടനാസാമർത്ഥ്യം വർദ്ധിച്ചുവരുന്തോറും ന്യൂനകക്ഷിവാദത്തിനു് ശക്തിയും വർദ്ധിക്കും. ആരാണു് ന്യൂന

---

* സാമൂഹ്യശാസ്ത്രവും മനശ്ശാസ്ത്രവും ഏററവും അടുക്കുന്ന ഒരു മേഖലയുണ്ടു്. സാമൂഹ്യമനശ്ശാസ്ത്രജ്ഞന്മാർക്ക മനുഷ്യരുടെ പെരുമാററവും വ്യക്തിത്വവും ചർച്ച ചെയ്യേണ്ടിവരും. ശാസ്ത്രജ്ഞൻ ഏതെങ്കിലും ഒരു സമുദായത്തിൽ ജനിക്കുന്നു, വളരുന്നു. മേല്പടി സാമുദായിക സംസ്കാരവും ജീവിതരീതിയും മററും ശാസ്ത്രജ്ഞനിൽ സ്വാധീനം ചെലുത്തുന്നു. ന്യൂനകക്ഷി സമുദായത്തിൽ ഉൾപ്പെട്ടവൻ "ഇത്ര നീളമാണു് ഈ വരയ്ക്കുള്ളതെന്നു് വർണ്ണിച്ചപ്പോൾ ഭൂരിപക്ഷക്കാരൻ്റെ മാനദണ്ഡമനുസരിച്ചു് ആ നീളം അല്പമെങ്കിലും കൂടിയെന്നോ കുറഞ്ഞെന്നോ വാദിക്കാം." അതൊരു മാനസികമായ പ്രതിഭാസമാണെന്നു് സോളമൻ ആഷ് (Solaman Asch) തൻ്റെ "സാമൂഹ്യമനഃശാസ്ത്രം" എന്ന ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുണ്ടു്. (Social Psychology pp. 185-201)

കക്ഷി? പ്രായോഗികമായ വല്ല നിർവ്വചനവുമുണ്ടോ? ഈ പ്രശ്നങ്ങൾ മൗലികമാണു്. ലീഗ് ഓഫ് നേഷൻസ് (ഇന്നത്തെ യു. എൻ. ഒ. വിൻെറ—അന്താരാഷ്ട്രീയ സമിതിയുടെ—മുൻഗാമി) എന്ന സർവ്വരാജ്യസഖ്യക്കാർ അധ്യവസാനം ചെയ്തതു് പലരും സ്വീകരിച്ചിട്ടുണ്ടു്. അതനുസരിച്ചു്, യാതൊരു രാജ്യത്തു് ജനസംഖ്യയിൽ നൂററുക്കു് ഇരുപതിൽ കുറയാതെ സംഖ്യാബലവും ഭാഷ, വംശം, മതം, സംസ്കാരം എന്നിതുകളിൽ വൈജാത്യവുമുള്ള വർഗ്ഗമുണ്ടോ, ആ വർഗ്ഗം മാത്രമേ ന്യൂനകക്ഷിയായി സ്വീകരിക്കപ്പെടുകയുള്ളു.

ഇനി നമുക്കു് ഭാരതവർഷത്തിലെ സ്വാതന്ത്ര്യലബ്ധിക്കു മുമ്പും പിമ്പുമുള്ള ന്യൂനകക്ഷിവാദം നോക്കാം. ഏകദേശക്കണക്കുപ്രകാരം 1931-ൽ 35 കോടി ജനത്തിൽ 24 കോടി ഹിന്ദുക്കളും 8 കോടി മുസ്ലീമുകളുമാണു്. (മററുള്ള സിക്കുകാർ, ക്രിസ്ത്യാനികൾ എന്നീ സമുദായങ്ങളുടെ കാര്യം തൽക്കാലം വിടാം) സർവ്വരാജ്യസഖ്യത്തിൻെറ മാനദണ്ഡപ്രകാരം 8 കോടി മുസ്ലീമുകൾ ലഘുപക്ഷക്കാരാണു്. മതത്തിൽ തികച്ചും വ്യത്യാസം; ഭാഷയിൽ, ഉർദ്ദു മുഹമ്മദീയൻെറയും, ഹിന്ദി ഹിന്ദുക്കളുടേയും ഭാഷകളാണെന്നും സമ്മതിക്കുക; വേദഭാഷയിൽ, അറബി മുഹമ്മദീയൻേറയും, സംസ്കൃതം ഹിന്ദുവിൻേറയും. സാമാന്യേന ന്യൂനകക്ഷി നിർവ്വചനത്തിൽ മുസ്ലീമുകൾ ന്യൂനകക്ഷിയെന്നതു് നിസ്തർക്കമാണു്: രണ്ടു് വർഗ്ഗക്കാരും ഇന്ത്യയിൽ മത്സരിച്ചു് ഭാഗംവെച്ചു് കുലവും കലവും പഴുത്തു.

സാമൂഹ്യശാസ്ത്രതത്വപ്രകാരം, ഭാരതഭൂമി രണ്ടു് രാഷ്ട്രമായി (മൂന്നു തുണ്ടായി) ഭാഗിച്ചതിൽ എന്തെങ്കിലും ന്യായവും നീതിയുമുണ്ടോ? എന്നുവെച്ചാൽ ന്യൂനകക്ഷിവാദത്തിൽ എന്തെങ്കിലും കഴമ്പുണ്ടോ? നൈതികമായ സാരാംശമുണ്ടോ? നിരൂപണത്തിനു മുമ്പായി ജനത, സമൂഹം, സമുദായം, വർഗ്ഗം എന്നെല്ലാം പറയുമ്പോൾ എല്ലാം ഒരേ അർത്ഥത്തിലാണോ ധരിക്കേണ്ടതു്? ഈ

KOTTAYAM PUBLIC LIBRARY KOTTAYAM

ഗ്രന്ഥത്തിൽ 'ജനത', 'സമൂഹം' എന്ന പദങ്ങൾ 'സമുദായം' എന്ന അർത്ഥത്തിലല്ല പ്രയോഗം. ആപേക്ഷികമായി, എണ്ണത്തിലും വണ്ണത്തിലും 'സമുദായം' 'വർഗ്ഗം' എന്നതിനേക്കാൾ, വൈപുല്യവും സ്വഭാവവ്യത്യാസങ്ങളും 'സമൂഹം' എന്നതിനുണ്ടെന്നാണ് വിവക്ഷ. സാമൂഹ്യശാസ്ത്രപ്രകാരം സംഘടിതത്വം അധികമുള്ളത് ജനതയ്ക്കും അഥവാ സമൂഹത്തിനുമാണ്. ഇത്രയും വിസ്തരിച്ചുപറയുന്നത് 'ജനത' എന്ന ആദർശം, 'നേഷൻ' എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥമാണ് കുറിക്കുന്നതെന്നു വിശദമാക്കാനാണ്. പക്ഷേ ഹിന്ദുക്കളും മുസ്ലീമുകളും ഒന്നായിച്ചേർന്നുനിന്നു ഒരു ജനതയായി ജീവിക്കാൻ രണ്ടുകൂട്ടർക്കും സാദ്ധ്യമായില്ല.

ന്യൂനപക്ഷിയായ മുഹമ്മദീയരുടെ വാദത്തിൽ എന്താണ് സാധുവായിട്ടുള്ളത്? ഹിന്ദുമുസ്ലീം ലഹളയും സമരവും കൂട്ടക്കൊലയും രക്തച്ചൊരിച്ചലും സംഭവിച്ചതിൽ ആരാണ് കുററവാളികൾ? ഇന്ത്യയിലെ ഭൂതകാലചരിത്രത്തിൽനിന്നു സമരത്തിനുള്ള കാരണങ്ങൾ പലതും പൊക്കിക്കാണിച്ചേക്കാം. 1948_ൽ ഉണ്ടായ ഭ്രാതൃഹത്യയ്ക്കു കാരണങ്ങളായി സ്വയംഭരണപ്രക്ഷോഭണം തുടങ്ങിയതുമുതൽക്ക് പര്യാപ്തമായതും സംഗതമായതുമാണ് നാം ദൃഷ്ടിവെക്കേണ്ട വസ്തുതകൾ. സ്വയംഭരണം കൈവശമായാൽ ആർക്കാണ് കൈകാര്യകർത്തൃത്വം കൈവരിക? ഹിന്ദുക്കളുടെ കയ്യിലായാൽ മുസ്ലീമുകൾക്ക് അവരർഹിക്കുന്ന അവകാശങ്ങൾ ലഭ്യമാകയില്ല. അതാണ് ഇസ്ലാമുകളുടെ ഭയം. കൂട്ടുകുടുംബരീതിയാകട്ടെ രാഷ്ട്രീയലോകത്തിൽ ഉൽകൃഷ്ടതരമായ ഒരാശയമെന്നതു് ആരും സമ്മതിക്കും. ദേശീയപ്രബുദ്ധത അത്രത്തോളം ഇന്ത്യയിൽ വളർന്നുവന്നില്ല. ജ്യേഷ്ഠസഹോദരന്മാരായ ഹിന്ദുക്കൾക്ക് അനുജരായ മുസ്ലീമുകളെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. ന്യൂനപക്ഷി പിരിഞ്ഞുപോകണമെന്നു ശഠിച്ചു. മദ്ധ്യസ്ഥം പറഞ്ഞവർ ബ്രിട്ടീഷുകാർ. അവർ ഭരണാധിപന്മാരായിരുന്നു: കടികൂട്ടിച്ചു രാജ്യം ഭരിക്കാൻ അവർ ശ്രമി

ക്കാതിരിക്കുമോ? ബ്രിട്ടീഷുകാരുടെ സന്താനമാണ് ഒരുവിധം നോക്കിയാൽ പാക്കിസ്ഥാൻ.

കൂട്ടുകുടുംബത്തിൽത്തന്നെ നിൽക്കണമെന്നു തികഞ്ഞ ദേശീയവാദികളായ ചില നേതാക്കന്മാർ പറഞ്ഞുനോക്കി. വട്ടമേശസമ്മേളനത്തിൽ ഒരു സീററിന്നുവേണ്ടിയാണ്, മുസ്ലീമുകളും ഹിന്ദുക്കളും അലസിപ്പിരിഞ്ഞതത്രെ! ജിന്നാസാഹേബാണ് ഈ പ്രമേയം കൊണ്ടുവന്നതു്. ഗാന്ധിജിക്കു വിട്ടുവീഴ്ച ചെയ്തു് ഭാഗത്തുക്കം അവസാനിപ്പിക്കണമെന്നുണ്ടായിരുന്നുവെന്നതിന്നു് വിശ്വാസയോഗ്യമായ തെളിവുകളുണ്ടു്. പണ്ഡിത മോഹനമാളവ്യയും അനുയായികളും വിട്ടുകൊടുത്തില്ല. പില്ക്കാലത്തുണ്ടായ സന്ധിയോഗങ്ങളെല്ലാം പരാജയത്തിൽത്തന്നെ കലാശിച്ചു.

സാമൂഹ്യശാസ്ത്രജ്ഞന്മാൎക്കു് രാഷ്ട്രീയ പ്രശ്നത്തിൽ ജഡ്ജിമെൻറ് എഴുതുന്നതല്ല മുഖ്യ തൊഴിൽ. ചത്തകുട്ടിയുടെ ജാതകം നോക്കിയിട്ടെന്തുകാര്യം? ന്യൂനകക്ഷിയുടെ അവകാശവാദത്തിൽ ഭയം ജനിപ്പിക്കുന്ന വസ്തുതകൾ അപഗ്രഥിച്ചു നോക്കുകയാണ് വേണ്ടതു്. ന്യൂനകക്ഷിക്കു അവകാശം അനുവദിച്ചുകൊടുക്കാനുള്ള ബുദ്ധിവിവേകവും മഹാമനസ്കതയും വേണ്ടിവന്നാൽ വിട്ടുവീഴ്ചയും ഭൂരിപക്ഷക്കാർ പ്രകടമാക്കിയില്ല എന്നതാണ് സാമൂഹ്യദ്രഷ്ടാ ശാസ്ത്രജ്ഞൻ കാണുന്നതു്. വൎഗ്ഗീയതയിൽ അത്രത്തോളം സാധുവാണെന്നു് നിഷ്പക്ഷർ സമ്മതിക്കേണ്ടിയിരിക്കുന്നു. രണ്ടു് പക്ഷക്കാരും ഉയൎന്നാശയമായ ദേശീയബോധമില്ലാത്തവരായിപ്പോയെന്നു് സാമൂഹ്യശാസ്ത്രജ്ഞൻ കണിശമായി രേഖപ്പെടുത്താതെ ഗത്യന്തരമില്ല.

കേരളത്തിലെ കമ്മ്യൂണൽ വാദത്തിൽ നാലു് സമുദായങ്ങളാണ് കക്ഷികൾ. സവൎണ്ണരും അവൎണ്ണരുമായ ഹിന്ദുക്കൾ ഒരു കക്ഷിയായിത്തീൎന്നാൽ ന്യൂനകക്ഷികളായി ക്രിസ്ത്യാനികളും മുസ്ലീമുകളുമായി. ന്യൂനകക്ഷി നിൎവ്വചനപ്രകാരം ആകെയുള്ള കേരളജനതയിൽ അഞ്ചിലൊന്നു് ക്രിസ്ത്യാനികളുണ്ടു്; കഷ്ടിച്ചു ആസ്ഥാനത്തേക്കു മുസ്ലീമുകൾക്കു് വലിഞ്ഞെത്താം. (അധികം ക്ലി

പ്തമായ കണക്കുകഠം മററദ്ധ്യായങ്ങളിൽ കാണാം.) കേരളത്തിൽ ഹിന്ദുക്കളും മുസ്ലീമുകളും തമ്മിലുള്ള സമരമല്ല. കേരളപ്പിറവി വരെ മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണമായിരുന്നു വല്ലോ. തെന്നിന്ത്യയിൽ ഉത്തരേന്ത്യയിലെപ്പോലെയല്ലായിരുന്നു സമരത്തിൻെറ സ്വഭാവം. എണ്ണത്തിൽ കുറവായതുകൊണ്ടാണ് വെട്ടും കുത്തും ഇവിടെ നടക്കാഞ്ഞതെന്നു് പറയാം. അതല്ലെങ്കിൽ വർഗ്ഗീയതവം കത്തിജ്വലിപ്പിക്കാൻ തീവ്രവാദികളില്ലാത്തതുകൊണ്ടുമായിരിക്കാം. അതുമല്ലെങ്കിൽ ദക്ഷിണേന്ത്യയിൽ മനുഷ്യർ അത്ര അക്രമാസക്തരല്ലാത്തതുകൊണ്ടുമാകാം.

കൊച്ചി-തിരുവിതാംകൂറിലെ ന്യൂനകക്ഷി വാദത്തിൽ ഭിന്ന മതക്കാരായ ക്രിസ്ത്യാനികഠം മാത്രമല്ല, ഹിന്ദുക്കളിൽ ജാതിബദ്ധമായ നായർ സമുദായവും ഈഴവവർഗ്ഗവും പടക്കളത്തിലിറങ്ങുന്നു. കേരളത്തിലെ കമ്മ്യൂണലിസ്സത്തിൽ ഇതൊരു പ്രത്യേകതയാണ്. എണ്ണത്തിൽ അവർ നായർ വർഗ്ഗത്തേക്കാഠം അധികവുമാണെങ്കിലും തെക്കൻ റൊഡ്ഡീഷ്യയിലെ ആഫ്രിക്കൻസമുദായത്തെപ്പോലെ പൗരാവകാശങ്ങഠംക്കുവേണ്ടി ഈഴവർ പൊരുതേണ്ടിവന്നിട്ടുണ്ട്. തീർച്ചയായിട്ടും ഈഴവർ സംഘടിച്ച് വിദ്യാഭ്യാസത്തിലും ഉദ്യോഗസ്ഥമേഖലയിലും ഗണ്യമായ സ്ഥാനം ലഭിക്കുന്നതുവരേയെങ്കിലും സമരം നടക്കും. ഇതും കേരളീയ കമ്മ്യൂണലിസ്സത്തിൻെറ മറെറാരു സ്വഭാവവിശേഷമാകുന്നു. ഇപ്രകാരം വരാനുള്ള കാരണങ്ങഠം പലതുമുണ്ട്. അധഃകൃതർ ഇന്ത്യയിൽ ഒരു ന്യൂനകക്ഷിയായിരുന്നുവല്ലൊ. അപ്രകാരമല്ലേ കേരളത്തിലും? വ്യത്യാസമുണ്ട്. അഖിലേന്ത്യാ നിലവാരത്തിലേ 'ഹരി'ജനങ്ങഠം ന്യൂനകക്ഷിയാകുന്നുള്ളു. ഓരോ പ്രവിശ്യയായി നോക്കിയാൽ ആ സ്ഥാനമില്ല. കേരളത്തിൽ ഒട്ടാകെ നോക്കിയാൽ അവർണ്ണർ എണ്ണംകൊണ്ടു് ന്യൂനകക്ഷിയല്ല, ഭൂരിപക്ഷമാണ്.

"ഇതിനെ കൂടുതൽ സങ്കീർണ്ണമാക്കുന്ന വേറേയും ഒരു ഘടകമുണ്ട്..............അര ശതാബ്ദക്കാലം കേരളത്തിൻെറ, പ്രത്യേ

കിച്ച് തിരുവിതാംകൂർ—കൊച്ചിയുടെ, രാഷ്ട്രീയ ചരിത്രം, ക്ഷയോന്മുഖമായ നാടുവാഴിത്തവും ശക്തിപ്രാപിക്കുന്ന മുതലാളിത്തവും തമ്മിലുള്ള സംഘർഷത്തിന്റെ ചരിത്രമാണ്. അവിടെവെച്ചു രണ്ടിനേയും ഒപ്പം എതിർത്തുകൊണ്ട് രണ്ടിനേക്കാളും സമരസന്നദ്ധമായ തൊഴിലാളികൾ എന്ന മൂന്നാമതൊരു ശക്തി പടക്കളത്തിൽ പ്രവേശിച്ചു ഈ മൂന്നു ഘടകങ്ങളും അവതമ്മിലുള്ള സംഘട്ടനങ്ങളും മിക്കവാറും ഏതു് ദേശത്തും കാണാൻ കഴിയും. എന്നാൽ മറെറങ്ങുമില്ലാത്ത ഒരു സവിശേഷതകൂടെ ഇവിടെയുണ്ടു്. ഈ മൂന്നു് ശക്തികളെ പ്രതിനിധാനം ചെയ്യുന്നതു പ്രാധാന്യേന മൂന്നു് സമുദായങ്ങളാണ്—നായന്മാർ, സുറിയാനി ക്രിസ്ത്യാനികൾ, ഈഴവർ......സമൂഹബന്ധങ്ങളിൽ മററേതിനെക്കാളും ശക്തി ജാതിക്കുള്ള ഒരു ദേശത്തു് (കീഴ്‌വരഎൻേറതു്) അന്യഥാ ശുദ്ധമായ ഒരു രാഷ്ട്രീയപ്രശ്നം വളരെ അവിശുദ്ധമായ വർഗ്ഗീയരൂപം സ്വീകരിക്കുന്നു........തൽക്കാലലാഭനഷ്ടങ്ങൾക്കപ്പുറത്തു് ഒരു ലക്ഷ്യമില്ലാത്ത, യാതൊരു തത്വത്തിലും ആദർശത്തിലും അധിഷ്ഠിതമല്ലാത്ത, സദാ മാറിക്കൊണ്ടിരിക്കുന്ന വർഗ്ഗീയരാഷ്ട്രീയത്തിനു് സ്ഥായിയായ പ്രശ്നത്തിനുള്ള ആഴമോ അടിയൊഴുക്കോ കാണുകില്ല. (സ. 8 ഭാ. 51)''

ദീർഘമായ ഉദ്ധാരണം ശ്രീ. കൈനിക്കര പത്മനാഭപിള്ളയുടേതാണ്. അതിനെപ്പററി പ്രകൃതത്തിൽ ഒന്നേ പറയുന്നുള്ളു. കേരളപ്പിറവിക്കുശേഷം കേരളത്തിലെ രാഷ്ട്രീയരംഗത്തിൽ 30—ലക്ഷത്തിലധികം ജനസംഖ്യയുള്ള മുസ്ലീംസമുദായത്തെ കൈനിക്കര എന്തുകൊണ്ടു് വിട്ടുകളഞ്ഞുവെന്നു് വിശദമാകുന്നില്ല. അവർ "ശുദ്ധമായ'' വർഗ്ഗീയ സംഘടനയായി നിലകൊള്ളുന്നതുകൊണ്ടാണോ? വർഗ്ഗീയരാഷ്ട്രീയത്തെപ്പററി വിമർശിക്കുമ്പോൾ ആ വർഗ്ഗീയതയല്ലേ പ്രഥമമായി ഊന്നിപ്പറയേണ്ടതു്? അഥവാ മററു മൂന്നു് സമുദായങ്ങളെപ്പോലെ മുസ്ലീമുകൾക്കു രാഷ്ട്രീയ കക്ഷിവസ്ത്രധാരണം ഒട്ടുമില്ലാത്തതുകൊണ്ടാണോ? കേരളത്തിനു് എന്താണു് തകരാറു്?—എന്നു് വിശകലനം ചെയ്യുമ്പോൾ

മുസ്ലീംസമുദായത്തെ വിട്ടുകളഞ്ഞതു് ശരിയാണെന്നു് ഇതെഴുതുന്നാറാക്ക് ബോദ്ധ്യമാകുന്നില്ല.

## കമ്യൂണലിസ്സത്തിനു് പ്രതിവിധികഠം.

കമ്യൂണലിസ്സത്തിനു പരിഹാരമാഗ്ഗം 'ല' അക്ഷരം നശിപ്പിച്ചാൽ മതിയെന്നു്, അതായതു് കമ്മ്യൂണിസ്സം ധാരാളം സേവിച്ചാൽ മതിയെന്നു വിധിക്കുന്നവരുണ്ടു്. മുതലാളികളും തൊഴിലാളികളും രണ്ടു വഗ്ഗമായി നിൽക്കുമ്പോഠം അതും വർഗ്ഗീയസമരമാകുമെന്നല്ലാതെ മറെറന്തു ഗുണമാണുണ്ടാകുക? മതം, ജാതി എന്നിവയെ അധിഷ്ഠാനമാക്കിയ പോരാട്ടത്തിനുപകരം 'ധനം' എന്നതിനെ ആസ്പദമാക്കിയതാണെന്നേവരൂ. പച്ച, മഞ്ഞ. വെള്ള, കറുപ്പ് എന്നീ നിറങ്ങളുള്ള സാമുദായിക വസ്ത്രങ്ങഠക്കുപകരം കമ്മ്യൂണിസ്ററുകാരുടെ ചുവപ്പുവസ്ത്രം ധരിക്കുമെന്നുമാത്രം. ഭാരതവഷത്തിൽ ഏതു് രാഷ്ട്രീയ കക്ഷിയായാലും വർഗ്ഗീയതചമാണു് അകത്തുള്ളതെന്നും പുറത്തുള്ളതു് മാത്രമേ രാഷ്ട്രീയമായിട്ടുള്ളവെന്നും ആക്ഷേപിക്കുന്നതിൽ സത്യാംശങ്ങഠ കുറവാണോ? കേരളത്തിൽ അകത്തു് കത്തിയായ വർഗ്ഗീയതയും പുറത്തു് പത്തിയായ രാഷ്ട്രീയതതചങ്ങളുമാണു് തുടക്കംമുതൽക്കേയുള്ളതു്.

ഇതിനെപ്പററി കൂടുതൽ വഴിയെ അറിയാം. ശരിയായ കമ്മ്യൂണിസ്സം എന്തുമാകട്ടെ, കേരളത്തിൽ ആദ്യംമുതൽക്കേ മാർക്സിസ്സമെന്നോ മാർക്സിസ്റ്റ്_ലെനിനിസ്സമെന്നോ എന്തു് പേർ വിളിച്ചാലും പ്രാധാന്യേന കമ്മ്യൂണിസ്സം വർഗ്ഗീയംതന്നെ. മുഖ്യമായി ഈഴവരും, നായരിൽ ഒട്ടേറെപേരും, കമ്മ്യൂണിസ്സത്തെ താങ്ങിനില്ക്കുന്നു. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് നമ്പൂതിരി സമുദായക്കാരനായിട്ടു് ഒന്നാമതായി മുഖ്യമന്ത്രിയായതിനുശേഷം നമ്പൂതിരിസമുദായത്തിൽനിന്നു വളരെ പേർ, ഖദർധാരികഠ പോലും കമ്മ്യൂണിസ്ററുകാരായെന്നു് കേഠക്കുന്നു. യഥാത്ഥകഥ എന്തായാലും, കേരളത്തിലെ ഉപ്പുതൊട്ടു് കർപ്പൂരംവരെ എല്ലാം തന്നെ വർഗ്ഗീയമയമായിട്ടുള്ള സ്ഥിതിയ്ക്കു ഏററവും ആദ്യുന്മാ

രായ നമ്പൂതിരിവർഗ്ഗത്തിൽ അപ്രകാരം സംഭവിച്ചിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടാനില്ല. പ്രത്യക്ഷപത്രങ്ങളിൽ ശുദ്ധരാഷ്ട്രീയമായ ആദർശാശയങ്ങളും പരിപാടികളും എത്ര ഉൽകൃഷ്ടവും ആകർഷണീയവുമായാലും, പ്രവൃത്തിയിൽ സാമുദായികത്വമാണ് പ്രകടമാകുക. മുഹമ്മദാലി ജിന്നാസാഹേബ് പറയാറുണ്ടായിരുന്നുവത്രെ, കോൺഗ്രസ്സിൽ 100_ക്ക് 99_ം ഹിന്ദുമഹാസഭക്കാർ കോൺഗ്രസ്സിൻെറ വസ്ത്രമായ, ഖദർ ധരിച്ച് അഭിനയം നടത്തുന്നുവെന്ന്! ശരിയായ രാഷ്ട്രീയപ്രബുദ്ധത ജനിച്ചുവളരുന്നവരെ അതായിരിക്കും ഫലം. അതിരിക്കട്ടെ.

ബുദ്ധിമാന്മാർ ധാരാളമുള്ളതും, വിദ്യാഭ്യാസവും വിവേചനാശക്തിയും ഇന്ത്യയിലേററവുമുള്ളതുമായ കേരളത്തിൽ കമ്മ്യൂണലിസ്സത്തിനു എന്താണു പ്രതിവിധി, ചികിത്സ? ഈയിടെ മാത്രമായിട്ടാണ് വർഗ്ഗീയ പ്രശ്നം പ്രാധാന്യമർഹിക്കുന്ന പ്രശ്നമെന്നു മലയാളത്തിലെ ചില എഴുത്തുകാർ ധരിക്കാൻ തുടങ്ങിയതു്. ഇപ്പോഴെങ്കിലും കണ്ണുതുറന്നു നോക്കിത്തുടങ്ങിയല്ലോ. മാതൃഭൂമി 1965 ഡിസമ്പർ 5-ാംനു- യിലെ ആഴ്ചപ്പതിപ്പിൽ 'കാരണത്തിൻെറ കാരണം' എന്ന തലക്കെട്ടിൽ നിത്യചൈതന്യയതി സോക്രട്ടീസ്സ് ശൈലിയിൽ_ചോദ്യോത്തരരൂപത്തിൽ_ഒരു ഔഷധം ഉപദേശിക്കുന്നുണ്ട്, വർഗ്ഗീയത ഉച്ചാടനം ചെയ്യാൻ. "........ ആ കാരണത്തിൻെറ കാരണം വർഗ്ഗീയതയാണ്. അതിൻെറ കാരണം അനാചാരങ്ങളിൽ കുടുങ്ങി കെട്ടിപിടിച്ചുകിടക്കുന്ന ദുഷ്ടവും അപരിഷ്കൃതവുമായ, നീതിയില്ലാത്ത സാമൂഹ്യധാരണകളാണ്."

"എന്താണിതിനു മറുമരുന്ന്?"

"മനുഷ്യത്വം കുത്തിവെയ്ക്കുകതന്നെ."

"അതിനാർക്കു കഴിയും?"

"ചിന്തകന്മാർക്കും, എഴുത്തുകാർക്കും, എഴുത്തുപഠിപ്പിക്കാൻ തീരുമാനിച്ചവർക്കും, പത്രക്കാർക്കും, അതിനായി അവർ ഒന്നിച്ചുകൂടി ഒന്നു ശ്രമിച്ചെങ്കിൽ!"

നിത്യചൈതന്യയതി 'സമീക്ഷ'യിൽ അഞ്ചുപേജുകളിൽ രണ്ടുകോളത്തിലായി, (54-56) ചുരുങ്ങിയ ഒരു ലേഖനമെങ്കിലും, സാമാന്യം നല്ലൊരു വർഗ്ഗീയ ചിത്രം വരച്ചിട്ടുണ്ട്. "കടുത്ത വർഗ്ഗീയവിഷം മൂത്തു തുള്ളുന്നതു പ്രായേണ പ്രായം ചെന്നവരിലാണ്. ഇന്ത്യയിലാകമാനം പിടിപ്പെട്ടിരിക്കുന്ന ഒരു രോഗമാണ് വൃദ്ധനേതൃത്വം. അവരെ തള്ളിമാററാൻ കെല്പുള്ള ഒരു യുവതലമുറ വളരുന്നുണ്ട്........... മനുഷ്യന്റെ വരാൻ പോവുന്ന നവോത്ഥാനത്തെ ഊർജിതമാക്കുക."

"മനുഷ്യൻ നന്നാവണം' എന്ന് ആദിമമനുഷ്യൻ മുതൽ ഉപദേശിച്ചു തുടങ്ങിയിരിക്കണം. ബുദ്ധൻ, സോക്രട്ടീസ്, ഡയോജനീസ്, ക്രിസ്തു, ശ്രീരാമകൃഷ്ണപരമഹംസൻ, ശ്രീനാരായണഗുരു ചട്ടമ്പിസ്വാമി, മഹാത്മാഗാന്ധി എന്നിങ്ങനെ ഡസൻ ഡസൻ കണക്കിൽ എത്രപേരാണ് ഇതിനുവേണ്ടി ആഹ്വാനം ചെയ്തിട്ടുള്ളത്! പ്രായോഗികപദ്ധതികൾ ആവിഷ്കരിച്ചവരാണ് നമുക്കാവശ്യം. ഇത്രയധികം മഹാന്മാർ വെറും ഉപദേശം ചെയ്തതിനെക്കാൾ പ്രവൃത്തികൊണ്ടാണ് വല്ല ഗുണവും വരുത്തിയിട്ടുള്ളത്. ജനനം മുതൽ മരണം വരെ ഊററയൂറിവന്ന വർഗ്ഗീയവിഷം ഇറക്കിക്കളയാൻ ഏതെല്ലാം പരിപാടികളാണ വേണ്ടതെന്നാണ നമുക്കറിയേണ്ടത്.

ഭയമാണ് വർഗ്ഗീയതയുടെ സർവ്വപ്രധാനമായ കാരണം. അതൊരു മാനസികരോഗമാണെന്ന് സമർത്ഥിക്കാതെതന്നെ ആർക്കുമറിയാം. ഭയമുണ്ടാക്കുന്ന കാരണങ്ങൾ ലഘൂകരിച്ച് നശിപ്പിക്കണം. ഭയം ജനിപ്പിക്കുന്നുയെന്നത് അകാരണമായോ, സകാരണമായോ ആയേക്കാം. ഏതായാലും ഭീതിയുണ്ടെന്നു വന്നാൽ അതിനുള്ള ഔഷധമാണ് പ്രയോഗിക്കേണ്ടത്. ഭൂരിപക്ഷക്കാർ ലഘുപക്ഷക്കാരെ ചൂഷണം ചെയ്തു അടക്കിഭരിച്ചു. ന്യൂനകക്ഷിയുടെ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും ന്യൂനകക്ഷിക്ക് ലഭ്യമാക്കിയില്ലയെന്നു വിശ്വസിക്കുന്നുവെന്നതന്നെ

യിരിക്കട്ടെ. ന്യായമായി ചെയ്യേണ്ടതു അനുവദിച്ചു കൊടുക്കുക. സ്വല്പം വിട്ടുവീഴ്ച ചെയ്താലും ഭൂരിപക്ഷക്കാൎക്കു കേടൊന്നും പററില്ല. ഭൂരിപക്ഷത്തിനു അവകാശപ്പെട്ടതൊന്നും തന്നെ വിട്ടുകൊടുക്കില്ലയെന്നുവന്നാൽ ലഘുപക്ഷമാകട്ടെ ചത്താലും വിടില്ല എന്ന മനോഭാവമേ പ്രകടമാക്കൂ.

"ഏതു ദുഷ്പ്രശ്നവും കാലത്തിനുവിട്ടുകൊടുത്താൽ തനിയെ പരിഹൃതമായിക്കൊള്ളും. കേരളത്തിലെ വൎഗ്ഗീയതയുടെ ഈ രോഗം കാലഭിഷക്കിനല്ലാതെ മററാൎക്കും പരിഹരിക്കാൻ കഴിയുമെന്നു തോന്നുന്നില്ല." (സമീക്ഷ ഭാ 49) എന്ന ശ്രീ സുകുമാർ അഴീക്കോടിന്റെ ശോകാന്തവിശ്വാസം നിലനില്ക്കാൻ അഥവാ ശുഭാന്തവിശ്വാസം തീരെ നശിക്കുവാൻ മാത്രം കേരളീയ വൎഗ്ഗീയസ്പൎദ്ധ വൎദ്ധിച്ചിരിക്കണമെന്നു നമുക്കു അനുമാനിക്കാം. അങ്ങിനെ 'കാലഭിഷക്കിനു് വിട്ടുകൊടുത്തു മാറിനില്ക്കുന്നതു് അഭിലഷണീയമല്ല. ബുദ്ധിമാന്മാരായ കേരളീയർ 'എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ' എന്നാദ്യമേ സമ്മതിക്കുക. പശ്ചാത്താപം പാപമോക്ഷമല്ലേ? വൎഗ്ഗീയത്വം കൊടികുത്തിവാഴുന്നുണ്ടെങ്കിൽ, താണ്ഡവം നടത്തുന്നുണ്ടെങ്കിൽ, വൎഗ്ഗീയഭ്രാന്തു മൂത്തിട്ടുണ്ടെങ്കിൽ, ബുദ്ധിമാന്മാർ കേരളത്തിലുണ്ടായിട്ടും എന്തു ഗുണം? വലിയ ബുദ്ധിമാന്റെയല്ലെങ്കിലും ഈ ഗ്രന്ഥത്തിലെ നിൎദ്ദേശങ്ങൾ ബുദ്ധിശാലികൾ ഒന്നു ചിന്തിച്ചു വിമൎശിക്കുമോ?

## അദ്ധ്യായം 2

# മതവും ജാതിയും.

മതവും ജാതിയും എന്നീ രണ്ടുഘടകങ്ങളും കേരളക്കരയിൽ സാമൂഹ്യശാസ്ത്രതത്വങ്ങളെ ആസ്പദമാക്കി എന്തെന്തു് ഭവിഷ്യത്തു കളാണുളവാക്കുന്നതു്? ഇതാണു് ഇതിലെ പ്രതിപാദ്യം. ഇതു ഒരു പക്ഷേ ആവർത്തനമെങ്കിലും ഊന്നിപറയേണ്ടിയിരിക്കുന്നു. മറെറാരുവിധം വ്യാഖ്യാനിച്ചാൽ ഇന്നമതമാണു് ഉൽകൃഷ്ടതരമെന്നോ ഉൽകൃഷ്ടതമമെന്നോ എന്നതല്ല പ്രശ്നം. ഓരോമതത്തിലെ വിശ്വാസികളേയും സമൂഹബന്ധമെന്നനിലയിൽ എപ്രകാരം സംയോജിപ്പിക്കുന്നുവെന്നതാണു് നോട്ടം. വർഗ്ഗീയത ഒരു പരിമിതിവരെ ഗുണകരമായിരുന്നിട്ടുണ്ടെന്നുവന്നാലും അതു് അതിരു് കവിഞ്ഞു ഹാനികരമായിട്ടുണ്ടോ എന്നാണു് നാം കണ്ടുപിടിക്കേണ്ടതു്. അപ്രകാരം നിരൂപണം ചെയ്യുമ്പോഠം ഓരോമതക്കാരും സ്വയം സാധൂകരിക്കാനാണു് വാസനയുണ്ടാകുക. അതു സാധ്യമായേടത്തോളം ഒഴിച്ചുനിർത്തിയാലേ വർഗ്ഗീയതയുടെ വിശ്വരൂപമെന്താണെന്നു ധരിക്കുവാൻ കഴിയൂ.

മതങ്ങളുടെ ഉത്പ്പത്തിയനുസരിച്ചു ശാസ്ത്രജ്ഞന്മാർ രണ്ടായി വിഭജിക്കുന്നു: ഒന്നു് ഐതിഹാസികമതം, രണ്ടു് വിപ്ലവാത്മകമതം. ഹിന്ദുമതത്തെ ഐതിഹാസികമതമായിട്ടാണു് വിശേഷിപ്പിക്കാറു്. ഈ തരംതിരിവു് ആപേക്ഷികം മാത്രമാണു്. ക്രിസ്തു, മുഹമ്മദ്, ബുദ്ധൻ എന്നിവർ ഉദ്ദേശിച്ചാലും ഇല്ലെങ്കിലും അവരെ മതസ്ഥാപകന്മാരായി ഗണിക്കപ്പെട്ടുന്നു ഹിന്ദുമതത്തിൽ ഏകസ്ഥാപകൻെറ ഒരു നാമമില്ലെന്നു പറയേണ്ടതില്ലല്ലൊ. ഇതിൽനിന്നു് വിശ്വാസികളെ ഉദ്ഗ്രഥിക്കുവാൻ താത്വികമായും ചരിത്രപരമായും, വിപ്ലവമതങ്ങളോളം ഹിന്ദുമതവിശ്വാസികഠംക്കു സാധ്യമായിട്ടില്ല. സാമൂഹ്യശാസ്ത്രപ്രകാരം, ക്രൈസ്തവ

മതത്തിൽ പ്രൊട്ടസ്റ്റാണ്ടു് മതക്കാർ കത്തോലിക്കരോളം സാമൂഹ്യബന്ധത്തിൽ പിരിമുറക്കമില്ലെന്നാണു് നിഗമനം.

കത്തോലിക്കാസഭക്കാരുടെ മതത്തലവനായ മാർപ്പാപ്പ മതാത്മകവും, മതബദ്ധമായിട്ടുള്ളിടത്തോളം സാന്മാർഗ്ഗികവുമായ വിഷയങ്ങളിൽ അപ്രമാദിതമായി വിധികല്പിച്ചാൽ തദ്വിശ്വാസികൾ അതനുസരിച്ചേ കഴിയൂ. താത്വികമായിട്ടുള്ള ഈ നിലപാടുകൊണ്ടു അതിലെ വിശ്വാസികൾ ഒന്നിച്ചുനില്ക്കേണ്ട മനോഭാവമാണു ഉല്പാദിപ്പിക്കുന്നതു്. പ്രൊട്ടസ്റ്റാണ്ടുകാരിൽ ഓരോ വ്യക്തിക്കും സ്വാഭിപ്രായം പോലെ മതതത്വങ്ങൾ വ്യഖ്യാനിക്കാമെന്നാണു തത്വം. ചരിത്രാനുഭവവും അതുതന്നെ. മുഹമ്മദീയരുടെ മതത്തിൽ മാത്രമല്ല മററു മതത്തിലും തെററാവരമെന്നൊരു നിലപാടുണ്ടായിട്ടില്ല. പക്ഷേ മുഹമ്മദീയ മതത്തിൻെറ മൂലതത്വം ഏകദൈവത്തിലുള്ള വിശ്വാസവും മുഹമ്മദ് ഒരു നബിയാണെന്നുള്ള ബോധനവുമാകുന്നു. ഏതുരാജ്യത്തിലോ കുലത്തിലോ ജനിച്ചവനേയും സ്വവർഗ്ഗത്തിൽ ചേർപ്പാൻ അവർക്കു വൈമുഖ്യമില്ല. സാഹോദര്യവും സമത്വവും മുസ്ലീമുകൾ അക്ഷരം പ്രതി അനുവർത്തിക്കുന്നുമുണ്ടു്. സ്നേഹിച്ചാൽ ചതിക്കാത്തവരത്രെ മുസ്ലീമുകൾ. മതപ്രചരണപദ്ധതി ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും ഊർജ്ജിതവുമാണു്. താരതമ്യേന സ്വതവേ ഹിന്ദുക്കളെക്കാൾ മതാത്മകമായ സമൂഹബന്ധദാർഢ്യം ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും അധികമാണെന്നു ഇന്നേവരെയുള്ള ചരിത്രം തെളിയിക്കുന്നു.

സാമാന്യമായി ജനനമാണു ഒരുത്തനെ ഹിന്ദുവാക്കുന്നതു്. കണിശമായ പ്രമാണമോ വിശ്വാസസംഹിതയോ അവക്കില്ല. വർണ്ണാശ്രമസംവിധാനം, പൗരോഹിത്യം, സാമുദായികാചാരപരമ്പര ഇത്യാദികൾ ഒഴിച്ചുകൂടാത്തതാണെന്നത്രെ അവരുടെ സിദ്ധാന്തം. പാരമ്പര്യത്തിലും ദേവാരാധന ക്രമങ്ങളിലും പ്രതിമോപാസകർ ബദ്ധശ്രദ്ധരാണു്. വിഗ്രഹഭഞ്ജകരെല്ലാം ഒന്നിച്ചുചേ

രുമ്പോലെ അന്യുക്ക ചേരാൻ തടസ്സമില്ലെങ്കിലും അപ്രകാരം സംഭവിച്ചിട്ടില്ല. ഇക്കാലത്തു മതപ്രചരണ പദ്ധതി ആര്യസമാജത്തിലും ബ്രഹ്മസമാജത്തിലും കാണുമെങ്കിലും ഹൈന്ദവയാഥാസ്ഥിതികർ അതു സമ്മതിക്കുന്നില്ല. കേരളത്തിൽ ബ്രഹ്മസമാജക്കാരില്ല. ആര്യസമാജക്കാർ ചിലർ ചേർത്തല മുതലായ പ്രദേശങ്ങളിലുണ്ടായിരുന്നുവെന്നു കേട്ടിട്ടുണ്ട്. ഇന്നുണ്ടോ?

മതവിശ്വാസംകൊണ്ടു ഹിന്ദുക്കൾക്കു ക്രൈസ്തവ–മുസ്ലീം സമുദായങ്ങളെപ്പോലെ സംയോജനം (integration) സാദ്ധ്യമല്ലെങ്കിൽ ജാതിപ്രസ്ഥാനം മതത്തെക്കാൾ വളരെയധികം ബലവത്തായ ഒരു ഘടകമാണ. ജനനംകൊണ്ട് ഒരാളെ ഹിന്ദുവാക്കുന്നപോലെ തന്നെയാണ് ഇന്ത്യയിൽ ഒരാളെ ഒരു ജാതിയിലും അംഗമാക്കുന്നതു്. മതത്തിൻെറ പിടിയെക്കാൾ ജാതിക്കാണ ഇറുക്കിപ്പിടിത്തമെന്നു ആരും നിഷേധിക്കയില്ല. ജവാഹരിലാൽ നെഹറു രേഖപ്പെടുത്തിയിട്ടുള്ളതു് പ്രസിദ്ധമാണ്. ഒരു ഹിന്ദുവിൻെറ പ്രധാന നോട്ടം, മതവിശ്വാസമെന്നതിനേക്കാൾ, എന്താണ് ഭക്ഷിക്കുക, ആരൊരുമിച്ചു ഭക്ഷിക്കുക യെന്നതാണ്. എന്നുവെച്ചാൽ ജാത്യാചാരങ്ങളാണ മുഖ്യമായി സ്വാധീനം ചെലുത്തുന്നതു്. എന്നർത്ഥം. സഹഭോജനം, മിശ്രഭോജനം, മിശ്രവിവാഹം വളരെ അപൂർവ്വം. കേരളത്തിൽ ഗവൺമെണ്ടിൻെറ ധനസഹായമുണ്ടായിട്ടും ജനതയുടെ താഴെ തട്ടിലുള്ള ജാതികളിൽപ്പോലും മിശ്രവിവാഹക്കണക്കുകളിൽനിന്നു, 170, 180 ലക്ഷം ജനങ്ങളിൽനിന്നു്, 170, 180–ൽ പരം എണ്ണമേയുള്ള മിശ്രവിവാഹിതർ. അതും ഉയർന്നതരക്കാരുടെയിടയിലില്ലെന്നാണ് എൻെറ അറിവു്. ഒന്നോ രണ്ടോ പേരിനുണ്ടായിരിക്കും.

ഹൈന്ദവമതത്തിൻെറ ഉത്ഭവം എന്നാണെന്നു് കണ്ടുപിടിക്കാൻ പ്രയാസമാണെങ്കിൽ ജാതിയുടേതു് അതിലും പ്രയാസമാ

ണ്; ഒരുപക്ഷേ അസാദ്ധ്യമെന്നു് ചിലർ ശങ്കിക്കുന്നു. പാശ്ചാത്യരും പൌരസ്ത്യരുമായ അനേകം ഗവേഷണപടുക്കൾ ശ്രമിച്ചിട്ടും അനിഷേധ്യമായ തെളിവുകളോടുകൂടി ജാതിയുടെ ഉല്പത്തി കണ്ടുപിടിച്ചിട്ടില്ല. ജയിച്ചവർ തോററവരെ സ്ഥിതിഭേദമനുസരിച്ചു് ജാതിക്രമമുണ്ടാക്കി അവയിലുറപ്പിച്ചുനിർത്തി. തൊഴിലിനെ ആസ്പദമാക്കിയതാണു് ജാതി; വംശം, വർണ്ണം ഇത്യാദികളാണ് ജാതികളുണ്ടാക്കിയതെന്നു് മററു ചിലർ; വേദോപദിഷ്ടമാണ് ചാതുർവ്വർണ്യം എന്നുമൊരുവാദമുണ്ടു്. അങ്ങിനെ ഓരോരുത്തൻെറ സരസ്വതീവിലാസം ഓരോ വാദങ്ങൾ കൊണ്ടുവരുന്നു. ജാതികളിൽ ഉപജാതികൾ അസംഖ്യം മൂവ്വായിരത്തോളമുണ്ടെന്നാണ് പഴയ ചില വസ്തുവിവരക്കണക്കുകളിൽ കാണുന്നതു്. ഒന്നുഒന്നരകൊല്ലം മുമ്പു് ഈ വാദങ്ങളെല്ലാംകണ്ടു് മടുത്തിട്ടെന്നു തോന്നുമാറു് ഒരു ഇന്ത്യൻ ഗവേഷകൻ ജാതിയുടെ ഉല്പത്തി തികച്ചും നൈസർഗ്ഗികമാണെന്നൊരു പുതിയ വാദം അവതരിപ്പിച്ചതായി പത്രങ്ങളിൽ ഞാനും വായിച്ചു. അതിൻെറ സാരം നൈസർഗ്ഗികവാദികൾക്കു് മറെറാന്നും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലയെന്നു നമുക്കു് ഊഹിക്കാം.

ചരിത്രവശാൽ ജാത്യാചാരങ്ങൾ, ഹിന്ദുമതത്തിൽ അംഗീകരിക്കപ്പെട്ടതാണെന്നുള്ള തത്വങ്ങളെ ആസ്പദമാക്കി കോടതികളിൽ പല വിഷയങ്ങളിലും ജാതി നിയമനിഷ്ഠമായി ഭവിച്ചിട്ടുണ്ടു്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പും പിമ്പുമുണ്ടായിട്ടുള്ള പരിഷ്ക്കരണവാദികളുടെ ശ്രമമുണ്ടായിട്ടും ജാതിപ്രസ്ഥാനത്തിൻെറ വക്കു കടിക്കാൻപോലും സാദ്ധ്യമാകാതിരിക്കതക്കവണ്ണം അത്രക്കു് ദൃഢമൂലമായിട്ടുണ്ടു് ജാതീയത. കേരളത്തിൽ ജാതിയെ മാത്രം ആസ്പദമാക്കിയ സമുദായങ്ങളാണല്ലൊ നായർ സമുദായവും ഈഴവസമുദായവും. കേരളേതരപ്രവിശ്യകളിൽ പ്രകടമാകാത്തവിധം ഹിന്ദുക്കളിൽതന്നെ സവർണ്ണരും അവർണ്ണരും തമ്മിൽ ഈവട്ടശമായ സാമുദായികസമരം ചെയ്യാൻ കാരണമൊ, അല്ലെങ്കിൽ

പരിതഃസ്ഥിതികളോ എന്താണെന്നു് സാമൂഹ്യശാസ്ത്രത്തിൻെറ വെളിച്ചത്തിൽ അന്വേഷിക്കേണ്ടതാണു്.

ഇന്ത്യയിൽ ജാതീയത പരമകാഷ്ഠയിലെത്തിയ വളരെ ചെറിയ സംസ്ഥാനം (15,000 ച. നാ.) ആണല്ലൊ കേരളം. സ്വാമി വിവേകാനന്ദൻെറ 'ജാതിഭ്രാന്താലയം' എന്ന ഹാസ്യനാമം ലഭിച്ചതു് ചമൽകാരത്തിന്നുവേണ്ടി മാത്രമാണോ? ഹിന്ദുക്കളിൽതന്നെ '൦' എന്നിട്ട സ്ഥലമേയുള്ളു എന്നിടത്തുംകൂടി എത്രയെത്ര ജാതികളാണു്! "ഇവരിൽ ഹിന്ദുക്കൾ എന്നു് വിളിച്ചുപോരുന്നവരെ വീണ്ടും അൻപത്താറായി തിരിക്കാം" (സ. ഭാ. 54). ചാലിയം മുതൽ വാരിയം വരെ നായന്മാരിൽ നാല്പതു് ജാതിയുണ്ടെന്നും പറയാവുണ്ടു്. ചാലിയന്മാരും നായന്മാരല്ലേ? അവരിൽനിന്നു് ഒരു പുരുഷൻ വാരസ്യാരെ കല്യാണം കഴിക്കുമോ? അതു് പോകട്ടെ, കിരിയത്തിലെ ഒരു നായർ സ്ത്രീയെ ചാലിയൻ വിവാഹം ചെയ്യുമോ? നായരിൽ താഴെയെന്നു് ഗണിക്കപ്പെട്ടുന്ന ഈഴവനോ, തീയ്യനോ, ചോവനോ പുലയ—ചെറമർ ജാതിയിൽനിന്നു് പെണ്ണു് കെട്ടുമോ?

ജാതിയുടെ സ്വാധീനശക്തി അനുലോമതത്വത്തിലാണു് സ്ഥിതിചെയ്യുന്നതു്. ഓരോ ജാതിക്കും മേലെയുള്ളവരോടു് മാത്രമല്ല, ഉച്ചനീചത്വഭാവമുള്ളതു്. ഈ മനോഭാവം താഴെയുള്ളവരെന്നു കരുതപ്പെട്ടുന്നവരോടുമുണ്ടു്. ഇതു് ഇന്ത്യയിലെവിടേയും കാണായ സ്ഥിതിനോട്ട വിശേഷമാണെന്നു് എല്ലാവൎക്കുമറിയാം. ഇക്കാലത്തു് ലക്ഷത്തിലൊരാറാം താണജാതിയിൽനിന്നു് വിവാഹബന്ധത്തിലേപ്പെട്ടുന്നതു് ഒരു അപവാദം മാത്രമാണു്. കേരളസ്റ്റേററിൽനിന്നു് ധനസഹായം ചെയ്തിട്ടും 175 ലക്ഷം ജനങ്ങളിൽ 175—180-ൽ കവിഞ്ഞുള്ള മിശ്രവിവാഹങ്ങൾ സംഭവിച്ചിട്ടില്ലയെന്നു് മുമ്പു് പ്രസ്താവിച്ചതു് ഓൎത്താലും. അതിലധികവും നായരിൽ താഴെയുള്ള ജാതികളിൽനിന്നുമാത്രം. വിര

ഞ്ചൻ—സരസ്വതി കല്യാണങ്ങൾ ഒരു പാട്ടുണ്ടാക്കാനല്ലാതെ മറെറാന്നിനും പ്രയോജകീഭവിക്കുന്നില്ല. 1966 ആഗസ്റ്റ് 21_ാംനുയിലെ ദാമോദരൻ (പെരുമണ്ണാൻ) ബ്രാഹ്മണി ലക്ഷ്മി കല്യാണത്തെപ്പററി പാട്ടുവന്നിട്ടില്ല. ഇതെല്ലാം ഹിന്ദുക്കളിലെ നാലു് ജാതികളിൽനിന്നാണെന്നോ അതിനേക്കാൾ താണ ഉപജാതികളാണെന്നോ സമാധാനിച്ചാൽ എന്തുഗുണമാണുള്ളതു്? ഇന്ത്യയിൽ ആ നിലയ്ക്കു് മൂവ്വായിരമോ നാലായിരമോ ജാതികളുണ്ടായിരിക്കും. കേരളത്തിൽ 56 അല്ല 64 'അനാചാരങ്ങളെന്നു' വിളിക്കപ്പെടുന്നവയെ ആസ്പദമാക്കിയുള്ളതല്ലേ? ആയിരിക്കാം. 64 വർദ്ധിപ്പിച്ചാൽ 164_ഓ 1164_ഓ ആയെന്നും വരാം.

ഇത്രയും വിസ്തരിച്ചു് ഇതെല്ലാം പ്രസ്താവിക്കുന്നതു് കേരളത്തിൽ എല്ലാംതന്നെ ജാതിമയമാണെന്നും സാമുദായികബന്ധങ്ങളിലുള്ള ദാർഢ്യം അസാധാരണമാണെന്നും സൂചിപ്പിക്കാനാണു്. മതതത്വങ്ങൾ പ്രകാരം ജാതിവ്യത്യാസങ്ങളില്ലെന്നു് വിശ്വസിക്കേണ്ടവർ പോലും കേരളീയാന്തരീക്ഷത്തിൽ ജാതീയത പുലർത്തിപ്പോരുന്നുണ്ടു്. പഴയ ക്രിസ്ത്യാനികളെന്നു് ഗണിക്കപ്പെടുന്ന സുറിയാനിക്കാർ അതല്ലാത്തവരായ ക്രിസ്ത്യാനികളായി വൈവാഹികബന്ധംമാത്രമല്ല, പള്ളിയിൽപ്പോലും ഒന്നിച്ചു് മുട്ടുകുത്തി പ്രാർത്ഥിക്കുകയില്ലത്രെ! പുലയപ്പള്ളികൾ പലയിടങ്ങളിലുമുള്ളതായി കേരളീയക്കറിയാം. തെന്നിന്ത്യയിൽ മററു ചിലേടങ്ങളിലുണ്ടെങ്കിൽ പഴയ ക്രൈസ്തവകേന്ദ്രമായ കേരളത്തിലും ജാതിക്രൈസ്തവകാററു് തട്ടിയതായിക്കരുതാം. ക്രിസ്ത്യാനികളിൽ മാത്രമല്ല, സമത്വം സാഹോദര്യം എന്നതൊക്കെയാണു് തങ്ങളുടെ കാതലായ തത്വങ്ങളെന്നു് ഏററവുമുറക്കെ വിളിച്ചുപറയുന്ന മുസ്ലീമുകളുടെയിടയിൽത്തന്നെ ജാതിവ്യത്യാസമില്ലാതില്ല. രാജസ്ഥാനിൽനിന്നു് ഒരു മുസ്ലീംതന്നെ രജപുത്രമുസ്ലീം എന്നു രേഖപ്പെടുത്തണമെന്നു് നിർബ്ബന്ധിച്ചതു് ഈ എഴുത്തുകാരന്റെ അനുഭവമാണു്.

സാമൂഹ്യദൃഷ്ട്യാ, ഈഴവർ ഹൈന്ദവരിൽ ഒരു ജാതിയോ, ഉപജാതിയോ മാത്രമാണെങ്കിലും അവരുടെ എണ്ണംകൊണ്ടു് മാത്രമല്ല, ബുദ്ധി, ധനം, വിദ്യാഭ്യാസം, രാഷ്ട്രീയപ്രബുദ്ധത, സംഘടനാസാമർത്ഥ്യം ഇത്യാദികൾ മൂലം അവഗണിക്കാവുന്ന ഒരു സമുദായമല്ലെന്നു് അവർ ആദ്യമെതന്നെ മുന്നറിവുകൊടുത്തു. അവശസമുദായമെന്നാണെന്നു് അന്ധാളിച്ചു് കാലിന്നടിയിലിട്ടു് ചവിട്ടാമെന്നു് തോന്നിയ ഉന്നത സമുദായക്കാരോടു് അതൊന്നും സഹിക്കാൻ പോകുന്നില്ലെന്നു് അവർ വിശദമാക്കി. തൊട്ടാൽക്കുളി, തീണ്ടിക്കുളി, ക്ഷേത്രപ്രവേശാഭാവം ആദിയായതു് അവർ പുല്ലുപോലെ തള്ളിനീക്കി. സവർണ്ണരുടെ അമ്പലത്തിൽ കടക്കാൻ പാടില്ലെങ്കിൽ അവർ സ്വന്തം അമ്പലങ്ങളുണ്ടാക്കി. സ്വസമുദായപുരോഹിതന്മാർ പൂജക്രമാദികൾ അനുഷ്ഠിച്ചു.

കൊച്ചി തിരുവിതാംകൂറിൽ നാടുവാഴിത്തം സവർണ്ണഹിന്ദുക്കളുടെ കുത്തകയായിരുന്നുവല്ലോ. പൊതുനിരത്തുകൾ കോവിലകങ്ങൾക്കോ, സവർണ്ണഹിന്ദുക്ഷേത്രങ്ങൾക്കോ സമീപമുള്ളതെങ്കിൽ അതിൽ അവശസമുദായക്കാരായ ഈഴവർക്കു് വഴിനടക്കാൻ പാടില്ലായിരുന്നു. പൌരാവകാശങ്ങളായ പലതും ഇപ്രകാരം അവശസമുദായക്കാർക്കും, ഏതാനും ചില വിഷയങ്ങളിൽ അഹിന്ദുസമുദായങ്ങൾക്കും നിഷേധിക്കപ്പെട്ടിരുന്നു. ഈ അസമത്വങ്ങളോടു് നേരിട്ടു് പോരാട്ടം നടത്താൻ ഈഴവസമുദായക്കാർ രണാങ്കത്തിലേക്കുതന്നെ ചാടിവീണു. അശുദ്ധിതന്നെ സർക്കാരാപ്പീസ്സുകളിൽനിന്നു് ആദ്യമേ പുറത്തുചാടി. പൊതുവിദ്യാലയങ്ങളിൽ എല്ലാമതസ്ഥന്മാർക്കും ജാതിക്കാർക്കും അനുവദിച്ചു കിട്ടാൻ ഈഴവസമുദായനേതാക്കന്മാർ തയ്യാറായി മുന്നോട്ടുവന്നു. ഈവക പരിതഃസ്ഥിതികളിൽനിന്നാണു് ഈഴവവർഗ്ഗീയതയ്ക്കു് ഉയിരും ഓജസ്സും ചൊടിയും ചുണയും കൈവന്നതു്. അവർ പൂർണ്ണമായി വർഗ്ഗീയമായിത്തീർന്നിട്ടുണ്ടെങ്കിൽ, ഇന്നും തനി കമ്മ്യൂനലായി വർത്തിക്കുന്നുണ്ടെങ്കിൽ, കേരളത്തിലെ അന്യസമുദായമായ സവർണ്ണർ മുക്കാലേയരക്കാലും ഉത്തരവാദികളാണോ?

സാമൂഹ്യശാസ്ത്രജ്ഞൻെറ കടമ പരിതഃസ്ഥിതികളെ പരിശോധിച്ച് സാമുദായികത്വത്തിൻെറ സ്വഭാവം അപഗ്രഥിക്കയല്ലാതെ വിധിപറയുകയല്ലല്ലൊ. പഴയ ചരിത്രം കഥിച്ചതുകൊണ്ട് വർത്തമാനകാലത്തിലും ഭാവിയിലും കേരളത്തിലെ നാലു സമുദായങ്ങളും ഏതുതരത്തിൽ പ്രവർത്തിച്ചാൽ വർഗ്ഗീയവിഷം കുറവാക്കി നശിപ്പിക്കാമെന്നുള്ളതാണ് കണ്ടുപിടിക്കേണ്ടതു്. വർഗ്ഗീയ രോഗത്തിൻെറ സ്വഭാവം മനസ്സിലാക്കാനും കേരളത്തിലെ ഒരു സവിശേഷതയായിക്കാണായ ജാതിമാത്രബദ്ധമായ സാമുദായികത്വം എങ്ങിനെ തഴച്ചുവളർന്നുവെന്നും നാം അറിയേണ്ടതാണ്. മാത്രമല്ല, ഏതെങ്കിലും പരിഹാരമാർഗ്ഗത്തിലേക്ക് വിരൽ ചൂണ്ടുമ്പോറം അതു് ഫലിക്കുന്ന ചികിത്സയാണോയെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.

## ഉത്തരവാദിത്വം എത്രമാത്രം?

കേരളത്തിലെ നാലു് സമുദായങ്ങളുടെ പല മേഖലകളിലുമുള്ള പോരാട്ടത്തിൽ, മതത്തിനും ജാതിക്കും എത്രത്തോളം ശക്തിയുണ്ടെന്നാണ് ഇനി പരിശോധിക്കേണ്ടതു്. മതഘടകം നിർണ്ണായകമല്ലെന്നാണ് ഭൂതകാലചരിത്രം തെളിയിക്കുന്നതു്. ഈ ചരിത്രനിഗമനം വാദരഹിതമാണെന്നല്ല വിവക്ഷ. ഒരു കാര്യം നിസ്സംശയമാണ്: മതത്തിൻെറ പേരിലാണ് കേരളത്തിലെ കമ്മ്യൂനൽ സംഘർഷണമെന്നു് സമർത്ഥിക്കണമെങ്കിൽ ഹിന്ദുക്കളായ നായരും ഈഴവരും ഒന്നിച്ചു് ചേരേണ്ടതല്ലേ? അത്തരമൊരു സംയോജനം ശാശ്വതമായി വരുന്നുണ്ടെങ്കിൽ സാമൂഹ്യശാസ്ത്രജ്ഞന്നു് നിർണ്ണായകഘടകം മതാത്മകമെന്നു് സമ്മതിക്കേണ്ടിവരും. "നായരായി ജനിച്ചു്, നായരായി ജീവിച്ച മന്നം പരിണമിച്ചു് ഹിന്ദുവായി ഈഴവനായി ജനിച്ചു്, ജാതിയും മതവുമില്ലാതെ വളർന്ന ശങ്കർ പരിണമിച്ചു് ഹിന്ദുവായി. അവർ രണ്ടുപേരും കൂടി കാളകളെ തെളിച്ച രഥത്തിൽ 'എഴുന്ന

ളളി' ഹൈന്ദവജനതയെ കോർത്തിണക്കാൻ നാടാകെ ഹിന്ദു മണ്ഡലമുണ്ടാക്കി....... എന്നാൽ ഇതൊരു മൂടൽമഞ്ഞുപോലെ മാഞ്ഞുപോയി. മാത്രമോ, ഉഗ്രമായ വഗ്ഗീയതയും ജാതിയും പ്രത്യക്ഷപ്പെട്ടു. ഒരു പേടിസ്വപ്നം പോലെയും നിർണ്ണായകശ-ക്തിപോലെയും ഇന്നോളമുള്ള എല്ലാ രാഷ്ട്രീയതകിടംമറിച്ചിലുകൾക്കും പിന്നിൽ ജാതിയുണ്ട്, വഗ്ഗീയതയുമുണ്ട്." (സ. നി. ഭാ. 58).

നിത്യചൈതന്യയതിയുടെ നോട്ടത്തിൽ മതമല്ല 'ജാതിയാണ് നിർണ്ണായകശക്തിയെന്ന് സിദ്ധം. വർഗ്ഗീയതക്ക്, ഏറെക്കുറെ നിർണ്ണായകശക്തി മതമാണെന്ന് വിശദീകരിക്കുന്നത് മുസ്ലീമുകളെ സംബന്ധിച്ച് സാധുവല്ലേ? 20-ാംനൂററാണ്ടിന്റെ ആദ്യപാദം മുതൽ ഭാരതവഷത്തിൽ, വിശേഷിച്ച് ഉത്തരേന്ത്യയിൽ പൊട്ടിപ്പുറപ്പെട്ട വർഗ്ഗീയസമരം കണ്ടവക്ക് അങ്ങിനെ തോന്നാൻ മാഗ്ഗമുണ്ട്. സ്വയംഭരണപ്രസ്ഥാനം ഊജ്ജസ്വലമായപ്പോഴാണ്, ഹിന്ദുമുസ്ലീം ലഹള മൂത്തുവശായിയെന്നത് ഓമ്മിക്കേണ്ടതാണ്; ബ്രിട്ടീഷ് ഭരണാധികാരികൾ വളംചേത്തുവെന്നതും ശ്രദ്ധേയമാണ്. സ്വമതങ്ങളെ ആസ്പദമാക്കി ഉപജീവിക്കുന്ന വ്യത്യസ്തങ്ങളായ ആദർശങ്ങൾ, ആശയങ്ങൾ, സാഹിത്യസംസ്കാരം ആദിയായ പരിതഃസ്ഥിതികൾ എന്നിവ ഇരുകൂട്ടരിലും ചേതനമായ വികാരഗതിയെ നിയന്ത്രിക്കുന്നു. 'കാളവണ്ടിയുഗ'ത്തിൽനിന്ന് ഉയർന്നിട്ടില്ലാത്ത, അജ്ഞരായ ഗ്രാമീണരിൽ, ഹിന്ദുവായാലും മുസ്ലീമായാലും 'ഹാലിളക്കം' സൃഷ്ടിക്കാൻ വിഷമമില്ലായിരുന്നു.

എന്നിരുന്നാലും ചരിത്രദൃഷ്ട്യാ സാമൂഹ്യശാസ്ത്രജ്ഞന്മാർ മതത്തിന് നിർണ്ണായകഹേതുകത്വം ആരോപിക്കയില്ല. പുഷ്യാമിത്രൻ ബുദ്ധമതക്കാരേയും അറംഗസീബ് മുതലായ ഒന്നോ രണ്ടോ പേർ മതപീഡനം നടത്തിയതായി രേഖപ്പെടുത്തിയിട്ടു

ണ്ടെങ്കിൽ അക്ബർ, ഷാജിഹാൻ തുടങ്ങിയിട്ടുള്ള മുഹമ്മദീയ ഭരണകർത്താക്കളുടെ സഹിഷ്ണുതയും ഹൈന്ദവപ്രജാവാത്സല്യവും അനുരഞ്ജനോദ്ഗ്രഥനനയപരിപാടികളും ത്രാസ്സിന്റെ ഒരു തട്ടിൽ വെച്ചാൽ തൂക്കം അധികമായിട്ടാണ് കാണുക. കേരളത്തിലെ കാര്യം തീർച്ചപ്പെടുത്താൻ ഒരു ശ്രമവും ആവശ്യമില്ലാത്ത ശാശ്വതലക്ഷ്യം ക്രിസ്ത്യാനികളുടേയും മുസ്ലീമുകളുടേയും ഇന്നത്തെ സ്ഥിതിമാത്രം നോക്കിയാൽ മതിയാകും. മലയാളക്കരയിലെ മൂന്നു് ഹൈന്ദവരാജവംശങ്ങളും അവരെ പീഡിപ്പിച്ചതായൊ വധിച്ചുകളഞ്ഞതായൊ ചരിത്രം സാക്ഷ്യപ്പെടുത്തുന്നില്ല. സൂറിയാനി സമുദായത്തിന്നു് 72 പദവികൾ കല്പിച്ചനുവദിച്ചതായും മുസ്ലീം സമുദായത്തെ സാമൂതിരിമാർ താലോലിച്ച് വളർത്തിയതായും തെളിവുകൾ സുലഭമാണ്.

ശങ്കർ മന്ത്രിസഭാഭരണകാലത്തു് തൈക്കൽ സിമത്തേരിയിൽ ശവമടക്കം ചെയ്യുന്നതിൽ ഈഴവരും, ക്രിസ്ത്യാനികളും മുതലെടുക്കാൻ ശ്രമിച്ചപ്പോൾ മതത്തിന്റെ നിറം കൊടുക്കാൻ ശ്രമിച്ചതു് സാമൂഹ്യശാസ്ത്രജ്ഞന്മാർ വകവെക്കുകയില്ല. ചാവക്കാട്ടു് മസ്ജീദിന്റെ മുമ്പിൽക്കൂടി ഹിന്ദുഘോഷയാത്രകൾ തടയാനും മുന്നോട്ടുകൊണ്ടുപോകാനും ശ്രമിച്ചതിലും വർഗ്ഗീയമയമാക്കാനുള്ള മതപരമായ വർണ്ണം കലർത്തിയിരിക്കാം. കേരളത്തിൽ അങ്ങുമിങ്ങുമായി ഇതരമതക്കാർക്ക് പള്ളികൾ സ്ഥാപിക്കുന്നതിലും ഹിന്ദുക്കൾ തടസ്സം ചെയ്തിട്ടുണ്ടെങ്കിൽ അതും സാമൂഹ്യരീത്യാ പ്രാധാന്യമർഹിക്കുന്നില്ല. വർഗ്ഗീയാഗ്നി കത്തിക്കാനുള്ള അവസരം സാമുദായികവാദികൾ കുത്തിപ്പൊക്കിയെന്നു് മാത്രമെ പറയാനുള്ളു. കേരളേതരപ്രദേശങ്ങളിൽ ഹിന്ദുമുസ്ലീം സമുദായങ്ങൾ പയററിനോക്കിയ അടവുകൾ ഇവിടെ ഹിന്ദു—ക്രൈസ്തവസമുദായങ്ങൾ പയററിനോക്കിയെന്നേ അനുമാനിക്കാനുള്ളു.

ലോകത്തിലെവിടേയും രാഷ്ട്രീയപ്രബുദ്ധത മുളച്ചുവളരുമ്പോൾ എന്താണ് സംഭവിക്കുക? ഒരു കഷായം തയ്യാറാക്കു

മ്പോൾ മുറിവൈദ്യന്മാർ മാത്രമല്ല വൈദ്യവിദഗ്ദ്ധന്മാരും പുരുഷാരത്തെ ഇളക്കിവിടാൻ എന്തു് മരുന്നുമുപയോഗിക്കും. ഇന്ത്യയിലുമപ്രകാരംതന്നെ. മതം അപകടത്തിലല്ലെങ്കിലും, അപകടത്തിലാണെന്നു് മുറവിളി കൂട്ടാൻ ശ്രമിക്കുന്നതു്, അപലപനീയമെങ്കിലും അത്ഭുതകരമല്ലതന്നെ. കേരളത്തിലും ഈ വിദ്യ പ്രയോഗിച്ചതായി ചരിത്രത്തിൽനിന്നു് തെളിവുകളുണ്ടു്. വേലുത്തമ്പിദളവയുടെ കുണ്ടറവിളംബരത്തിൽ കാണുന്നതിപ്രകാരമാണു്: "അതിൻെറ വിവരങ്ങൾ ചുരുക്കത്തിൽ എഴുതുന്നതു് എന്തെന്നാൽ.........നിലവരി, തെങ്ങുവരി ഉൾപ്പെട്ട അതികകരങ്ങളും കുടികളിൽ കൂട്ടിവെച്ചു് അല്പപിഴക്കു് നീചന്മാരെക്കൊണ്ടു് ശിക്ഷയും കഴിപ്പിച്ചു് ക്ഷേത്രങ്ങളിൽ കുരിശും കൊടിയും (കീഴ്‌വര എൻെറതു്) കെട്ടി വർണ്ണഭേദമില്ലാതെ ബ്രാഹ്മണസ്ത്രീ മുതലായ സംസർഗ്ഗവും ചെയ്തു് യുഗഭേദം പോലെ അധമ്മങ്ങളായിട്ടുള്ള വട്ടങ്ങൾ ആക്കിത്തീക്കുകയും ചെയ്യും." മതനിഷ്പക്ഷതാവിളംബരം വിക്ടോറിയാറാണി ഇന്ത്യയിൽ നടപ്പിലാക്കുന്നതിനു് 48-ൽ ചില്വാനം കൊല്ലം മുമ്പു്, കൊല്ലവഷം 984 മകരം 1-ാംനു- (ക്രി. വ. 1809-ൽ) വേലുത്തമ്പിദളവായും ഈ "ക്ഷേത്രങ്ങളിൽ കുരിശും കൊടിയും" നാട്ടുമെന്നു് ഭയപ്പെട്ടിരുന്നതു് നടത്തിയതായി രേഖപ്പെടുത്തിയെന്നു് മാത്രമല്ലേ?

അതേ വിളംബരത്തിൽ ഡിപ്പുസുൽത്താൻ എന്നു് വിളിച്ചിട്ടുള്ള ടിപ്പുസുൽത്താനൊ, അദ്ദേഹത്തിൻെറ അനുമതിയൊ അറിവോ കൂടാതെ വല്ല സൈന്യാധിപന്മാരൊ കേരളത്തിൽ 'തൊപ്പിയോ വാളോ' എന്ന പരിപാടിയും നടത്തിയിട്ടുണ്ടു്. ഈവക ലക്ഷ്യങ്ങൾകൊണ്ടെല്ലാം ഇന്ത്യയിൽ മതപരമായ ഞെരുക്കങ്ങളുണ്ടായെന്നു് ആരും സമത്ഥിക്കയില്ല. മററ രാജ്യങ്ങളിൽ വിശേഷിച്ചു് റോമാചക്രവത്തി ഡയോക്ലീഷൻെറ കാലത്തോ, ക്രൂസ്സയുദ്ധകാലങ്ങളിലോ, 17-ം 18-ം നൂററാണ്ടുകളിൽ കത്തോലിക്കരും പ്രൊട്ടസ്റ്റാണ്ടുകാരും യൂറോപ്പിൽ മതാത്മ

കയ്യേറ്റം ചെയ്ത നൂററാണ്ടുകളിലോ, അന്യർ ചെയ്തപോലെ ഇന്ത്യയിൽ മതത്തിന്റെ പേരിൽ കൂട്ടക്കൊലയോ, രക്തച്ചൊരിച്ചലൊ സംഭവിച്ചതായി ഒരു ചരിത്രകാരനും അഭിപ്രായപ്പെട്ടിട്ടില്ല. സ്വാതന്ത്ര്യലബ്ധിക്കുശേഷം പഞ്ചാബിലുണ്ടായ ഹിന്ദു—സിക്ക്—മുസ്‌ലിം സമരം മതപരമായി പാശ്ചാത്യന്മാരിൽ ഇന്നും ചിലർ അമേരിക്കയിലെ രാജ്യരക്ഷാസെക്രട്ടറി മക്‌നാമറയെപ്പോലെ വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും, ശാസ്ത്രരീത്യാ അതിൽ മതമല്ല രാഷ്ട്രീയമാണ് നിർണ്ണായകശക്തിയെന്ന് നിഷ്പക്ഷവാദികൾ സമ്മതിക്കുക.

നിർണ്ണായകമനോഭാവമാണ് നമുക്കറിയേണ്ടകാര്യം. സാമാന്യമായി, മതസഹിഷ്ണുതയാണ് ഹൈന്ദവമനഃപ്രകൃതിയെന്നു പറയുമ്പോൾ എന്താണ് വിവക്ഷ? അച്ചിലിട്ട് വാർത്തെടുക്കുന്നപോലെ കണിശവും ക്ലിപ്തവുമായ പ്രമാണങ്ങളൊ, തത്വങ്ങളൊ ഐതിഹാസികമായ ഹിന്ദുമതത്തിലില്ല. ചാർവ്വാകതത്വം മുതൽ മുപ്പത്തിമുക്കോടി ദേവദേവതകളുള്ള വേദാന്തവും അതിലുണ്ടായിട്ടുണ്ട്, അദ്വൈതമുൾപ്പടെ. ഉൽപതിഷ്ണുത്വവും അതിന്റെ പര്യായമായ സഹിഷ്ണുതയും ഇതിൽപരം സാദ്ധ്യമാണോ? പക്ഷേ മറെറാരുവിധം അസഹിഷ്ണുത കടുകട്ടിയുമാണ്.

വെറും താത്ത്വികവാദം വിട്ട് ഇന്ത്യയിൽ പലരും ഭാരതീയരുടെ സാമുദായിക ഹൈന്ദവസഹിഷ്ണുത വലിയൊരു മേന്മയായി കൊട്ടിഘോഷിക്കുന്നുണ്ട്. ഇത്തരം വമ്പുപറയുന്നവരെ ഖണ്ഡിക്കാൻ ഉള്ളുകള്ളികൾ തുറന്നുപറയാനും ചിലർ ശ്രമിക്കാറുണ്ട്. രണ്ടുകൂട്ടരുടേയും വാദപ്രതിവാദങ്ങൾ നമുക്ക് രസാവഹമെങ്കിലും ഇവിടെ ചർച്ചചെയ്യേണ്ടതില്ല. 'സഹിഷ്ണുത' എന്നതു് പ്രാധാന്യേന പാശ്ചാത്യാശയമാണെന്നു് നമുക്ക് വാദത്തിനുവേണ്ടിയെങ്കിലും സ്വീകരിക്കാം. ചരിത്രപാഠവും പ്പറെകുറെ അതിനു് സാഹായികമാണ്. അന്യരാജ്യങ്ങളിൽ വിശേ

…AYAM PUBLIC LIBR…

ഷിച്ച് യൂറോപ്യൻ ദേശങ്ങളിൽ 19-ാംനൂററാണ്ടോടുകൂടിയാണ് മതപരമായ സഹിഷ്ണുത എന്നാശയംതന്നെ സ്വീകാര്യമായതു്; അതും ലഭ്യമായതു് ഒട്ടേറെ രക്തച്ചൊരിച്ചലിന്റെ ഫലമായിട്ടും. മറെറാരുവിധം വ്യാഖ്യാനിച്ചാൽ മതം കേവലം വ്യക്തിഗതമായ ഒരു കാര്യമാത്രമായിരിക്കണമെന്നു് യൂറോപ്പിൽ സ്വീകാര്യമായതു് ഇയ്യിടെ മാത്രം.

ഭാരതീയസഹിഷ്ണുത ഇന്ത്യാക്കാരുടെ ഒരു കെട്ടുകഥയാണെന്നും, അത്തരം വമ്പുപറച്ചലിൽ കഴമ്പൊന്നുമില്ലെന്നാണ് പ്രൊഫസർ അശോകരുദ്രന്റെ വാദം * അതിന്റെ ചുരുക്കം: ഇന്ത്യയിൽ പരാജിതരെ അന്യരാജ്യങ്ങളിലെപ്പോലെ കൊന്നൊടുക്കുകയല്ലായിരുന്നു. അവരെ താണജാതികളാക്കി സ്വജനസമൂഹത്തിൽ (സമുദായത്തിലല്ല) ചേർക്കുക; ബ്രാഹ്മണമേധാവിത്വം അവരെക്കൊണ്ടു് സ്വീകരിപ്പിക്കുക; അവരുടെ മതം ഹൈന്ദവമതത്തിന്റെ ഒരു ഭാഗമാക്കി ഭേദപ്പെടുത്തുക. അതിനുള്ള താത്വികനിറം കൊടുക്കുക. ഒററവാക്കിൽ സാത്മീഭാവം വരുത്തുക. മുഹമ്മദ് മതക്കാരുടെ ആഗമനംവരെ ഈ വിദ്യയാണ് ഇന്ത്യയിൻ നടത്തിയതു്. "The Brahmnic technique of subversion through subtle persuasion, when applied in dealings with rival religious systems took the form of avoiding any direct confrontation, not only tolerating the details of the rival system but even making a place for them within the Hindu religious system and gradually, imperceptibly, robbing it of its essence by first supplementing and then supplanting its root ideas by those of Brahmanism".

---

**• Seminar No. 67 March 1965 page 22-25 Myth of Tolerance, Asok Rudra, Prof. of Research in Economic Plannings by Bombay, University.**

പ്രൊ. രുദ്രൻെറ വാദപ്രകാരം ബ്രാഹ്മണമത (ഹിന്ദുമതം അതുതന്നെയെന്നു് വിവക്ഷ) ത്തിന്നു് ഏററവും പ്രയാസം ഒന്നാമതായി നേരിട്ടതു് ബുദ്ധമതത്തിൽനിന്നായിരുന്നു. അതും കാലക്രമത്തിൽ പുരോഹിതവർഗ്ഗം തരണംചെയ്തതു് ബുദ്ധദേവനെ വിഷ്ണുവിൻെറ അവതാരമായി അവരോധിച്ചുകൊണ്ടാണു്. ക്രിസ്തുമതമോ? കേരളത്തിനെ സംബന്ധിച്ചിടത്തോളം അതാണു് നമുക്കറിയാനുള്ളതു്. രുദ്ര രേഖപ്പെടുത്തുന്നു: "രണ്ടായിരം കൊല്ലത്തോളം ഇന്ത്യൻക്രിസ്ത്യൻ ബൈബിൾ ഉരുവിട്ടിട്ടും അവൻ ബ്രാഹ്മണമതത്തിൻെറ കാതലായ ജീവമൂല്യങ്ങൾക്കും ജീവിതരീതികൾക്കും വിധേയമായിട്ടുണ്ടു്. ഇന്ത്യയിലെ ജാതിവ്യവസ്ഥയിലാണല്ലൊ അവർ 'മാർഗ്ഗം കൂടു'ന്നതിന്നുമുമ്പു് ജീവിച്ചിരുന്നതു്. അതേ ജാതിക്രമം മതപരിവർത്തനത്തിനുശേഷവും തലമുടിയിഴക്കു് വ്യത്യാസമില്ലാതെ ക്രിസ്ത്യാനികൾ പുലർത്തിപ്പോരുന്നു."

പ്രൊ. രുദ്രൻെറ വാദം തെറേറാ ശരിയോ എന്തുമാകട്ടെ. "സമൂഹബന്ധങ്ങളിൽ മറേറതിനേക്കാളും ശക്തി ജാതിക്കു്" എന്നു് കൈനിക്കര പത്മനാഭപിള്ളയുടെ നിഗമനത്തിനു ഉപോൽബലകമാണു് രുദ്രൻെറയും വാദം. മതത്തേക്കാൾ ഒരുവേള ജാതിവ്യവസ്ഥയാണു് സാമൂഹ്യദ്വാരാ പിരിമുറുക്കമുള്ളതു്. മുൻ പ്രധാനമന്ത്രി നെഹ്റുവിൻെറ നിരീക്ഷണം മുമ്പുദ്ധരിച്ചിട്ടുള്ളതും ഇതിനെ പിൻതാങ്ങുന്നു. മതമെന്നാൽ ഇന്ത്യയിൽ ജാത്യാചാരമെന്നു് പറഞ്ഞാലും വലിയ അബദ്ധമില്ലെന്നർത്ഥം.

## പരിഹാരമാർഗ്ഗങ്ങൾ

### മതഭ്രാന്തിന്നുള്ള മറുമരുന്നു്.

രാമൻ, തോമാസു്, മുഹമ്മദു് എന്നൊക്കെ നാം പറയുമ്പോൾ, അവരിൽ ഓരോരുത്തരും ഏതുമതക്കാരനാണെന്നു് നാം

തിരിച്ചറിയുന്ന അത്ഥത്തിലേ സാമൂഹ്യശാസ്ത്രജ്ഞന്നു് വ്യവഹരിക്കേണ്ടതുള്ളൂ. ഇത്രയും വെട്ടിത്തുറന്നു് പറയേണ്ടിവന്നതു്, പലപ്പോഴും കേരളത്തിലെത്തന്നെ ചിന്തകന്മാർ മതത്തിന്നു് സ്വന്തം നിവ്വചനങ്ങൾ സൌകര്യംപോലെ കൊടുക്കുന്നതായി കണ്ടിട്ടാണു്. ഇന്ത്യയിൽ വിഖ്യാതരായ പലരും ഈ കൂട്ടത്തിലുണ്ടെന്നുള്ളതും എനിക്കറിയാം. വർഗ്ഗീയപ്രശ്നം വിമർശിക്കുമ്പോൾ മേൽപ്രസ്താവിച്ച വിവക്ഷയെ പ്രസക്തമാകുന്നുള്ളൂ. കമ്മ്യൂനലിസ്സത്തിൽ മതം എന്ന ഘടകം ന്യായമായ അതിരുവരമ്പുകൾ അതിക്രമിക്കുമ്പോഴാണു് അതൊരു ദോഷമായിത്തീരുന്നതെന്നു് വീണ്ടും ഊന്നിപറയേണ്ടിയിരിക്കുന്നു.

മതത്തിൻെറ 'പിടി'കൊണ്ടുണ്ടായിട്ടുള്ള ആപത്തുകളും നാശവും കണ്ടിട്ടു്, മതമേ വേണ്ടായെന്നാണു് ചിലർ നിർദ്ദേശിക്കുന്നതു്. അക്കൂട്ടർ മതം വ്യക്തിഗതമാക്കണമെന്നു് വാദിച്ചാൽ, മാനവവർഗ്ഗം നന്നാകണമെന്നു് എല്ലാവരും ആഗ്രഹിക്കേണ്ടതുകൊണ്ടു് സമ്മതിപ്പിക്കാൻ കൂടുതൽ എളുപ്പമായിരിക്കും. എങ്കിലും ചരിത്രപാരമ്പര്യംകൊണ്ടു്, ഓരോ ജനസമൂഹവും സാംസ്കാരികനിലവാരത്തിൽ എത്രത്തോളം ഉയരുന്നുവോ അത്രത്തോളം മാത്രമേ മതം വൈക്തികമായി ഭവിക്കയുള്ളൂ. മതം നിലനില്ക്കുമോ എന്ന ചോദ്യത്തിൻെറ ഉത്തരം നിറൽക്കാർ എന്ന ഭാരതീയ ഫിസിസ്റ്റു്—പ്രകൃതിവിജ്ഞാനീയ—ശാസ്ത്രജ്ഞൻ ഈയിടെ നൽകിയതു് ശ്രദ്ധേയമാണു്. അദൃശ്യവും അജ്ഞാതവുമായ യാതൊന്നു് പ്രപഞ്ചത്തിലുണ്ടോ, അത്രയും കാലം മനുഷ്യൎക്കു മതം ആവശ്യമായിതോന്നിയേക്കാം. മനുഷ്യവർഗ്ഗത്തോളം പഴക്കമുള്ള മതം മനുഷ്യവർഗ്ഗമുള്ള കാലത്തോളം നിലനില്ക്കാമെന്നു് വരുന്നതുകൊണ്ടു് മതം വ്യക്തികാര്യം മാത്രമാക്കാനാണു് ജനസമൂഹസ്നേഹികൾ യത്നിക്കേണ്ടതു്.

കേരളത്തിൽ മതത്തിൻെറ സ്വാധീനശക്തി സാമൂഹ്യമായിട്ടുള്ളതു് അല്പമൊന്നു് സ്പർശിക്കാം. ക്രിസ്ത്യാനികളിൽ 'കത്ത

നാർ പറഞ്ഞതു് നസ്രാണിക്കു് പ്രമാണം' എന്നതു് എത്രകാലം അനുസരിക്കപ്പെട്ടുന്നുവോ അത്രയും കാലം കത്തനാർ ആധിപത്യം നിലവിലിരിക്കും. അതിൽതന്നെ കത്തോലിക്കരുടെ സാമുദായികമനോഭാവം അകത്തോലിക്കരേക്കാറം സമൂഹബന്ധത്തിൽ മുറുക്കംകൂടിയതാണെന്നു് മുമ്പു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മുഹമ്മദീയ സമുദായത്തിൽ മുസലിയാർമാക്കും വിദ്യാഭ്യാസവിഹീനന്മാരുടെയിടയിൽ സ്വാധീനശക്തി കൂടുതലായിരിക്കും. ഇന്നത്തെ നിലയിൽ താരതമ്യേന മുസ്ലീമുകറംക്കും ക്രിസ്ത്യാനികറംക്കും നായർ സമുദായത്തിന്നുള്ള വിദ്യാഭ്യാസനിലവാരമില്ലല്ലോ. ഒട്ടേറെ ക്രിസ്ത്യാനികളും നായന്മാരും വിദ്യാധരന്മാരായിട്ടും വർഗ്ഗീയ മനോഭാവം പാകത്തിലധികം കാണിക്കുന്നതു് രാഷ്ട്രീയശക്തിക്കു് വേണ്ടിയാണെങ്കിൽ മുസ്ലീമുകളും അതേരീതിയിൽതന്നെയാണു് വളർന്നുവരിക. ഈഴവസമുദായിക തത്വത്തിന്റെ ജീവനാഡിയായി ജാതീയതത്വം വന്നുഭവിച്ചതും ഇതിന്നു് സാക്ഷ്യം വഹിക്കുന്നു. ഹിന്ദുമതത്തിന്റെ സവിശേഷതയും കാതലും മതതത്വങ്ങളേക്കാറം ജാതീയതക്കു് പ്രാധാന്യമുള്ളതുകൊണ്ടാണു്. സാമൂഹ്യശാസ്ത്രരീത്യാ സംയോജകഘടകമെന്നനിലക്കു് രണ്ടുമൊന്നുതന്നെ.

മതവും ജാതിയും ഇന്ത്യയിൽ പണ്ടുപണ്ടേ മുതൽക്കുതന്നെ നിലനിന്നുവന്നതുകൊണ്ടു് സാമൂഹ്യമായ പല ഗുണങ്ങളും ചെയ്തിട്ടുണ്ടു്. മതപ്രസ്ഥാനങ്ങറം എല്ലാംതന്നെ സാമൂഹ്യജീവിയായ മനുഷ്യനു് പല സാമൂഹ്യകർത്തവ്യങ്ങറം നിവ്വഹിച്ചിട്ടുണ്ടു്. അതിൽ നാശകരമായതേ നശിപ്പിക്കേണ്ടതുള്ളു. സാമൂഹ്യദൃഷ്ട്യാ മതവും ജാതിയും ഒന്നായതുകൊണ്ടു് ഒരു ജാതിയിലെ വ്യക്തിക്കു് ജനനം മുതൽ മരണം വരെ അതേ ജാതി ജനങ്ങളാണു് സർവ്വതോമുഖമായ സഹകരണവും സഹായവും ചെയ്യുന്നതു്. അതേജാതിയിൽനിന്നാണു് വിവാഹം സാധാരണമായി ലഭിക്കു. കേരളത്തിൽ അനുലോമവിവാഹം സംജാതമായതും ഇന്നും പ്ര

റെക്കുറെ പലേടത്തും നടക്കുന്നതും സ്വജാതിയാചാരക്രമങ്ങളിൽ വ്യതിയാനം വരുത്തിക്കൂട്ടിയെന്നതു് വാസ്തവം. അതു് കേരളത്തിലെ ജാതിക്രമത്തിലും തന്നിമിത്തം വർഗ്ഗീയതയിലും ഒരു പ്രത്യേകത തന്നെയാണു്. നമ്പൂരി തന്നിൽതാണ ജാതിയിലെ സ്ത്രീയെ 'ബാന്ധവി'ച്ചാലും സ്ത്രീസംഗമൊഴിച്ചുള്ള കാര്യങ്ങളിൽ ജാതീയത വരവണ്ണം വിടാതെ അനുവർത്തിക്കാറാണു് സാധാരണ പതിവു്.

അഖിലഭാരതീയ നിലവാരത്തിൽ മതം ഭരണഘടനയിൽ കലർത്താഞ്ഞതു് മതബദ്ധമായ വർഗ്ഗീയതയ്ക്കു് ഒരു പ്രതിവിധിയാണു്; മതേതരത്വം, സെക്യൂലറിസം, എന്നൊക്കെ പറയുന്നതുതന്നെ. ഭിന്നഭിന്നമതങ്ങളുള്ള ഭാരതവർഷത്തിൽ ഒരു മതത്തിനും രാഷ്ട്രീയത്തിൽ പ്രത്യേകസ്ഥാനമോ കൈകടത്തലോ പാടില്ല. ഏതുവാക്കിലും പ്രവൃത്തിയിലും പൌരസഞ്ചയത്തിനവകാശപ്പെട്ടതെല്ലാം സെക്യൂലർ മാനദണ്ഡംവെച്ചു് കൈവരുത്തികൊടുക്കേണ്ടതാണു്. അതായതു് ഇന്ത്യയിൽ മതം പ്രാധാന്യേന വ്യക്തിഗതമായിരിക്കണം. പ്രത്യക്ഷമായോ പരോക്ഷമായോ ഒരു മതസ്ഥാപനത്തിൻേറയും താല്പര്യങ്ങൾക്കു് പ്രാബല്യം നല്കരുതു്. പാക്കിസ്ഥാൻ ഇസ്ലാമതാധിഷ്ഠിതമെങ്കിൽ ഇന്ത്യ ഹിന്ദുമതാധിഷ്ഠാനമാക്കിയിട്ടില്ല. ഇതു് ബുദ്ധിപൂർവ്വമാണെന്നാരും സമ്മതിച്ചേ തീരൂ. മറെറന്തു് ന്യൂനതകൾ ഭരണഘടനാനിയമത്തിലുണ്ടെന്നുവന്നാലും ഈ വിഷയത്തിൽ ഭരണഘടനയെ സ്തുതിക്കേണ്ടതാണു്. ഇന്നേവരെ മതത്തിൻെറ പേരിലുണ്ടായിട്ടുള്ള യുദ്ധങ്ങളും അനർത്ഥങ്ങളും അപകടങ്ങളും കണ്ടുകൊണ്ടാണു് ഭരണഘടനയിൽ സെക്യൂലറിസം മൂലക്കല്ലാക്കിയതു്. എന്നിട്ടും "നാമുണ്ടാക്കിയ നമ്മുടെ ഭരണഘടനയിൽ നമ്മുടെ രാജ്യം ഒരു 'സെക്യൂലർ സ്റ്റേററ്' ആണെന്നു് പറഞ്ഞുറപ്പിച്ചിട്ടുണ്ടല്ലോ; അതു് ഒരു വേണ്ടാത്ത, അരുതാത്ത വിശേഷണപ്രയോഗമായിപ്പോയിയെന്നാണു് എൻെറ പക്ഷം — എനിക്കതിൽ ഒരു

പക്ഷമുണ്ടാകാമെങ്കിൽ, അതെനിക്കു് തുറന്നുപറകയും ചെയ്യാമെങ്കിൽ....'' 1

ഇത്തരം അഭിപ്രായങ്ങളാണു് കേരളത്തിലെ സാഹിത്യലോകത്തിൽ പേരും പെരുമയുമുള്ളവർ എഴുതിവിടുന്നതു്. ലേഖനം പലപ്രാവശ്യം മനസ്സിരുത്തി വായിച്ചിട്ടും വാദത്തിൻെറ ന്യായം മനസ്സിലാക്കാൻ സാദ്ധ്യമായില്ല. ആഷ്സാഹിത്യം മുഴുവനും അരച്ചുകുറക്കിക്കഴിച്ചിട്ടുള്ള ഒരു ആളാണു് ശ്രീ കുട്ടികൃഷ്ണമാരാരെന്നു് കേട്ടിട്ടുണ്ടു്. സംസ്കൃതസാഹിത്യത്തിലോ അതിനെമാത്രം ആസ്പദമാക്കിയ മലയാളസാഹിത്യത്തിലൊ ഒരു ചുക്കമെനിക്കറിഞ്ഞുകൂടാ. പക്ഷേ വിവാദവിഷയം ഭരണഘടനയാണല്ലൊ. ആ ''ഘടനാമഹാകാവ്യ''*ത്തിൻെറ മൂലമന്ത്രം സെക്യുലറിസമാണെന്നും അതു് വലിയ അബദ്ധമായിപ്പോയെന്നും ശ്രീ. മാരാർ രേഖപ്പെടുത്തിയതു് കണ്ടപ്പോൾ ഞാനൊന്നു് ഞെട്ടിപ്പോയി.

പദ്യസാഹിത്യത്തിൽ വളരെ ആഴത്തിൽ മുങ്ങാനും തപ്പാനും ബുദ്ധിലാഘവമുള്ള ഒരു വ്യക്തി, അതും ക്രാന്തദർശിയായ വിമർശകനായി ഗണിക്കപ്പെടുന്ന ദേഹവുമായപ്പോൾ, 'ഭരണഘടനാകാവ്യം' വീണ്ടും വായിച്ചു. രണ്ടു് ന്യായങ്ങളാണു് സെക്യുലറിസത്തിനു് എതിരായിട്ടു് അദ്ദേഹം ഹാജരാക്കുന്നതു്. ഒന്നു്: ''ഇപ്പോഴത്തെ ഈ ഭൌതികവിശേഷണത്തിന്നു് ഭൌതികതയെ വിധിക്കുന്നതിനേക്കാൾ ആദ്ധ്യാത്മികതയെ നിഷേധിക്കുന്ന ഒരു ഭാവമാണുള്ളതു്.'' സാഹിത്യകാവ്യങ്ങളിലെ ഭാവരസങ്ങൾ അപഗ്രഥിച്ചതിൽ കിട്ടിയ തഴക്കംകൊണ്ടു് ഭരണഘടനാകാവ്യത്തിൽ മേലുദ്ധരിച്ച ഒരു ആദ്ധ്യാത്മികനിഷേധഭാവം എങ്ങിനെ

1 സമീക്ഷ നമ്പർ i. ഭാഗം 9—13 ശ്രീ. കുട്ടികൃഷ്ണമാരാരുടെ 'നമ്മുടെ രാഷ്ട്രപിതാമഹൻ' എന്ന ലേഖനത്തിൽനിന്നു്.

* മാരാരുടെ ശൈലി.

കണ്ടുപിടിച്ചു? ന്യായം രണ്ടു് * "സർവ്വമതങ്ങളേയും പരസ്പരം സമന്വയിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ (സ്വാമി വിവേകാനന്ദൻ) ഹിന്ദുമതം; ഒന്നിനേയും ഒട്ടും ഒഴിച്ചുനിർത്തുന്നതായിരുന്നില്ല."

സർവ്വമതങ്ങളേയും സമന്വയിപ്പിക്കുന്ന 'ഹിന്ദുമതം' എങ്ങിനെയാണു് ഈ'സമന്വയിപ്പിക്കൽ' നടത്തുന്നതു്? അതു് മനസ്സിലാക്കാൻ പ്രയാസം. ഈ അദ്ധ്യായത്തിൽതന്നെ പ്രൊ. രുദ്ര രേഖപ്പെടുത്തിയ 'ബ്രാഹ്മണവിദ്യയല്ലെന്നാണു് എനിക്കു് മനസ്സിലായതു്'. ആ 'ബ്രാഹ്മണവിദ്യ'യിൽ 'സ്വാംശീകരണ'മാണു് നടത്തിയതു്. എല്ലാമതങ്ങളേയും സമന്വയിപ്പിച്ച 'ഹിന്ദുമതം ശ്രീ. മാരാരെപ്പോലെ ചില ഹിന്ദുക്കൾ അനുഷ്ഠിക്കുന്നതു് സ്പൃഹണീയംതന്നെ. പക്ഷെ അത്തരക്കാർ 34—37 കോടി ഹിന്ദുക്കളിൽ എത്രപേരുണ്ടു്? ഈ ഗ്രന്ഥത്തിൽ സാധാരണമായി 'ഹിന്ദു' എന്ന സംജ്ഞയിൽ ഉൾപ്പെടുന്നവരേ വർഗ്ഗീയ പ്രശ്നത്തിൽ വിഷയഗോചരമാകുന്നുള്ളു. മതപരമായ ആവേശവും തീവ്രതയും പ്രകടമാക്കുന്ന ഏതുരാജ്യത്തും, അതു് വ്യത്യസ്തമതസ്ഥന്മാരുള്ള ഒരു രാജ്യത്തു്, മതേതരത്വം—സെക്യുലറിസം—വേണ്ടെന്നുവെച്ചാൽ പിന്നെ നരകം!

സെക്യുലറിസം എന്നതു് വെപ്പിലൊന്നു് നടപ്പിൽ മറ്റൊന്നു് ആണെന്നു് ആക്ഷേപം കുറവല്ല. പരേതനായ ജവാഹർലാൽ നെഹ്റുവിന്റെ ശവസംസ്ക്കാരാദി കർമ്മങ്ങളും അദ്ദേഹം

---

* ഉദ്യോഗവശാൽ ഞാൻ ഭരണഘടനയുണ്ടാക്കിയ അപ്പീസ്സിലാണു് കുറെക്കാലം ജോലിചെയ്തതു്. ഇംഗ്ലീഷിൽ 'Indian Constitution' എന്നൊരു ഗ്രന്ഥവുമെഴുതിയിട്ടുണ്ടു്. ഡ്രാഫ്റ്റിംഗ് കമ്മററി യോഗങ്ങളിൽ ഒരു ചെറിയ ഉദ്യോഗസ്ഥനെന്നനിലയിൽ ഹാജരായിട്ടുമുണ്ടു്. എന്നിട്ടും 'Secular' സെക്യൂലർ എന്ന വിശേഷണം ഒരിക്കലും കണ്ടിട്ടില്ല. ആദ്ധ്യാത്മികനിഷേധപരമായ ഒരു വകുപ്പുമുള്ളതായി കണ്ടിട്ടില്ല കേട്ടിട്ടുമില്ല.

പ്രസിദ്ധപ്പെടുത്തിയ മരണപത്രവും നാട്ടിൽ വലിയൊരു ഒച്ചപ്പാടുണ്ടാക്കി. കേന്ദ്രത്തിലും മഹാരാഷ്ട്രസ്റ്റേയിററിലും ഔദ്യോഗികമായ പല സ്റ്റേയിററ് ചടങ്ങുകളിലും ഹൈന്ദവമതാത്മകമായ പരിപാടികൾ ചിലപ്പോൾ നടന്നിട്ടുണ്ട്. ഒരു ഹിന്ദുവായ ശ്രീ. ശ്രീപ്രകാശ് (മദിരാശി, ബോംബെ മുതലായ സംസ്ഥാനങ്ങളിലെ മുമ്പത്തെ ഗവണ്ണർ, പഴയ കോൺഗ്രസ് നേതാവ്) ഖേദപൂർവ്വം ഇതിനെ സംബന്ധിച്ച് രേഖപ്പെടുത്തുന്നു: "സെക്യുലർ സ്റ്റേററായ ഇന്ത്യയിൽ അഹിന്ദുക്കൾക്ക് എന്തെന്തുപ്രതികരണങ്ങളാണ് ജനിപ്പിക്കുകയെന്ന് ഭരണനേതാക്കൾ അതിസൂക്ഷ്മം * പരിശോധിക്കേണ്ട ഒരു വിഷയമാണ്." മലയാളത്തിൽ ഏതാണ്ട് തുല്യനിലയിലായി ഹിന്ദുസമുദായവും അഹിന്ദുസമുദായങ്ങളും നിവസിക്കമാത്രമല്ല സജീവമായി രാഷ്ട്രീയരംഗത്തിലും മററും പ്രവർത്തിക്കുന്നതുകൊണ്ട് സനാതനഹിന്ദുമയമാക്കി ഇതര സംസ്ഥാനങ്ങളിലെപ്പോലെ ഔപചാരിക പരിപാടികളിൽ കേവലം ഹൈന്ദവപൂജാക്രമങ്ങൾ സ്വീകരിച്ച് കണ്ടിട്ടില്ല. ഐതിഹാസികങ്ങളും പ്രതീകാത്മകവുമെന്ന പ്രകാരത്തിൽ ചിലതുണ്ടായിരിക്കുമെങ്കിലും മൊത്തത്തിൽ തനിഹിന്ദുമതപ്രകടനം തുച്ഛമാണ്.

മതപരമായി പ്രചരണപദ്ധതികൾ വഴിക്ക് ക്രിസ്ത്യാനികളോ, മുസ്ലീമുകളോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അന്യസമുദായങ്ങളെ അവഹേളിക്കുന്നവയോ, അപമാനിക്കുന്നതോ അരുതെന്നേയുള്ളു. സാദ്ധ്യമാണെങ്കിൽ വിവിധമതക്കാർ സിമ്പോസിയങ്ങളും സെമിനാറുകളും സുഹൃൽസമ്മേളനങ്ങളുമായി സംവിധാനം ചെയ്താൽ, അതായിരിക്കും ഓരോ മതവാദിയുടേയും ഫലപ്രദമായ പ്രചാരണം. പക്ഷേ അവയെല്ലാം സത്യാന്വേഷണസംരംഭങ്ങളായിരിക്കണം. പ്രക്ഷോഭണത്തിനും അട്ടിമറികൾ

---

* The Indian Express Dated 25—8—1965.
Secularism in India by Sri Sriprakash.

ക്കുമുള്ള രംഗങ്ങളാക്കാതെ നോക്കുകയും വേണം. ഭാരതീയ പൌരന്മാരാണ് കേരളീയ നാലു് സമുദായങ്ങളും (കൂട്ടതലുണ്ടെങ്കിൽ അവരും) ജനസമൂഹത്തിലുള്ളവരെന്ന അടിസ്ഥാനം എല്ലാവരും സ്വീകരിച്ചേ മതിയാവൂ. ഓരോ മതത്തിലും സ്വ സ്വ കൈമുതലുകളും സാഹിത്യസാംസ്കാരികമൂല്യങ്ങളും എല്ലാ പൌരന്മാക്കും ആസ്വദിക്കുമാറ് ഈ വക പരിപാടികൾ സംവിധാനം ചെയ്യേങ്കിലേ ബഹുത്വത്തിലുള്ള ഏകത്വം (unity in diversity) സാത്ഥമാകുള്ളൂ.

## ജാതീയതക്കുള്ള പ്രത്യൌഷധം.

മതമില്ലാതാക്കാനുള്ള സംരംഭങ്ങൾ ഒരുപ്രകാരത്തിൽ വ്യത്ഥമാണെങ്കിൽ ജാതിയെ നശിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്.. വിദേശാക്രമങ്ങളിലും വിദേശീയരുടെ ഭരണത്തിലും ജാതിയും കൂട്ടകുഡുംബവുമാണ് ഭാരതീയ ജനതയെ സംരക്ഷിച്ചതെന്നതു് തത്തൽകാലങ്ങളിലെ പരിതഃസ്ഥിതികളെ മുൻനിറുത്തി സാമൂഹ്യശാസ്ത്രം കഷ്ടിച്ചു് ശരിവെച്ചേക്കാം. മറെറാരു പ്രസ്ഥാനവുമില്ലാതിരിക്കെ പാമ്പായാലും പഴയതല്ലേ നല്ലതെന്ന മട്ടിലെയാകുന്നുള്ളു. നാടുവാഴിത്തവും ഫ്യൂഡലിസവും (ഇറാലി ഏല്പ്പാടും)കൊടികുത്തി വാഴുമ്പോൾ കൂട്ടകുടുംബവും ജാതീയതയും ചില സാമൂഹ്യധമ്മങ്ങൾ അനുഷ്ഠിച്ചിരിക്കാം. ഇന്ത്യവിട്ടാൽ ഈ ജാതിസമ്പ്രദായത്തെപ്പോലെ നീരററു്, ശുഷ്കിച്ചു്, മരവിച്ച ഒരു പ്രസ്ഥാനം ഭൂമുഖത്തെവിടേയും കാണുകയില്ല.

ഏതായാലും ആധുനികകാലത്തു് ജാതീയതയ്ക്കുവേണ്ടി വാദിക്കുന്നവരായ ഭാരതീയർ ഇന്നേവരെ അതു് നിലനിന്നുവെന്നു് വാദിക്കുന്നു. സാമുദായികരീത്യാ സമൂലമായി നശിപ്പിക്കാതെ ജനതതിയെ നിലനിർത്തിയെന്നു് കഷ്ടിച്ചു് സമ്മതിച്ചാലും അതിൻെറ സർവ്വഹത്യാപരമായ ഭവിഷ്യത്തുകൾക്കും ന്യായമൊന്നും പറയുന്നില്ല. അമ്പതു് കൊല്ലത്തോളം ജാതിയിൽ ചേരാതെ

ജീവിച്ച്, ജാതിയുടെ ഗുണാഗുണങ്ങൾ പഠിച്ചവരും അതിനെ ഭാവിയിൽ അതേപടി വളർത്തിക്കൊണ്ടുപോകാൻ ഒരു ന്യായവും കാണുന്നില്ല. 'നമ്മുടെ സംസ്കാരം' എന്ന പ്രസംഗപരമ്പരയിൽ ബ്രാഹ്മണവംശജാതനായ രാജാജി ഭഗവദ്ഗീതയിൽനിന്നു ന്യായങ്ങൾ ഉദ്ധരിച്ച് ജാതിമഹിമയെ വർണ്ണിച്ചിട്ടുണ്ട്. സമുദായത്തിന്റെ നല്ല "ഉറപ്പുള്ള നങ്കൂരം കുടുംബവും—ജാതിയും (കീഴ്‌വര എന്റേതു്)ആണ് * പോൽ!"എന്തിനും ഇക്കാലത്തു് ന്യായവും യുക്തിയും കൊണ്ടുവരാമെന്നും ബഹുജനങ്ങളെ കബളിപ്പിക്കാമെന്നും എവിടെയോ, ജി. കെ. ചെസ്റ്റർട്ടൻ രേഖപ്പെടുത്തിയിട്ടുണ്ട്. കാര്യവശാൽ ബ്രാഹ്മണധിഷണാശാലികളാണ് പ്രധാന്യേന ഇവ്വിധം ജാതീയതയെ സാധൂകരിക്കുന്നതായി ഞാനറിഞ്ഞിട്ടുള്ളതു്. ഗാന്ധിജിയെപ്പോലുള്ള മററനേകംപേർ, അബ്രാഹ്മണർ ജാതിയെ മുക്തകണ്ഠം ഖണ്ഡിച്ചിട്ടുണ്ട്.

ജാതി എന്ന പ്രസ്ഥാനം, നെടുനാൾ ഒരുവേള ആയിരത്തഞ്ഞൂറോ, രണ്ടായിരമോ സംവത്സരങ്ങളോളം, നിലനിന്ന ഒരു തീരാശാപമാണ്. അതിനെ പെട്ടെന്നു നശിപ്പിക്കാൻ നിയമം കൊണ്ടു് സാദ്ധ്യമല്ല. ഉടന്തടിച്ചാട്ടം നിന്നതുപോലെയല്ല. അസ്പൃശ്യത നിയമമുണ്ടാക്കിയിട്ടും ഇന്നും സജീവമായി ഗ്രാമങ്ങളിൽ നടമാടുന്നു. നിയമം ആവശ്യംതന്നെ. അതോടൊപ്പം മററു പലതും നടത്തേണ്ടതുണ്ടു്. ശാസ്ത്രീയമനോഭാവം അത്യാവശ്യമാണെന്നു ഊക്കൻ പ്രസംഗങ്ങളും മഹാഗ്രന്ഥങ്ങളും എഴുതിയതുകൊണ്ടു ഫലമില്ല. ജാതീയതയുടെ ആവശ്യകതയില്ലെന്നു എല്ലാ ഭാരതീയനും തോന്നണം. അതുകൊണ്ടാണു ചിലർ നമുക്കു നവോത്ഥാനം വേണം, യുവതലമുറ വേണം എന്നൊക്കെ മുറവിളി

* "The family and the caste were firm anchors" Our Culture by C. Rajagopalachari page 35. On page 31. "Helping the community is called communalism by those who fall outside the community."

കൂട്ടുന്നതു്. വേണ്ടതുതന്നെ. പക്ഷെ അതെല്ലാം താനേ ജനിക്കുമോ?

എൻെറ "അവിനീതമായ അഭിപ്രായം" (ശ്രീ മാരാരുടെ ശൈലിയാണേ) * ചൂണ്ടിക്കാണിക്കാം. കേരളസംസ്ഥാനത്തിലെ ജാതീയതയെപ്പററിയാണു് ഇവിടെ ഊന്നിപ്രസ്താവിക്കുന്നതെങ്കിലും ഇന്ത്യയിലെ അന്യപ്രദേശങ്ങളിലും സാമാന്യമായി പരിഹാരമാർഗ്ഗങ്ങൾ ഒരുപോലെത്തന്നെ. 'കണ്ടവക്കൊക്കെ നുണയായിത്തോന്നും, തൊട്ടുനോക്കിയാൽ കയ്യുപൊള്ളും' എന്ന കടങ്കഥമട്ടിൽ ഒരു പ്രതിവിധി ചൂണ്ടിക്കാണിക്കാം. ജാതിയെ നിലനിർത്തി ഓരോന്നിൻെറയും വിലമതിപ്പുണ്ടാക്കാൻ കേരളത്തിൽ ആഴ്‌വഞ്ചേരി "തമ്പ്രാക്കൾ" മുതൽ പെരുങ്ങണി "ചെറുമൻ" വരെ കേരളീയ ഹിന്ദുക്കൾക്കു് മാത്രമല്ല ക്രിസ്ത്യാനികൾക്കും മുസ്‌ലീമിനും ജാതിപ്പേരുണ്ടു്. ക്രിസ്ത്യാനിമാപ്പിള, ജോനകമാപ്പിള എന്നെല്ലാം ആധാരം (തിരുവിതാംകൂറിൽ പ്രമാണം) എഴുതുമ്പോൾ പേരോടു് ചേർന്നില്ലെങ്കിൽ യാദാസ്തു് എഴുതിയാലേ ആധാരം റജിസ്റ്റാക്കൂ. ഭട്ടതിരി, നമ്പൂരിപ്പാടു്, മേനോൻ, നായർ, പിള്ള, നമ്പ്യാർ എന്നെല്ലാമില്ലെങ്കിൽ പിന്നെ ഒരു കാര്യവും മുറയ്ക്കു് നടക്കില്ല.

ഇന്ത്യയിൽ മുഴുവനും ഇതുതന്നെ കഥ. ജാതിയെ നശിപ്പിക്കാൻ എന്തൊരു വിഷമമാണു്! ഇംഗ്ലീഷ് അക്ഷരക്രമത്തിൽ പറഞ്ഞാൽ 'അയ്യർ അഹല്യവാലിയതൊട്ടു് സുട്‌ഷിവരെ, മൂവ്വായിരമോ കൂടുതലോ ജാതിപ്പേരുകൾ കാണാം. ഇതൊരു ഈശ്വിബാധയാണെന്നു് ജവഹർലാൽ നെഹ്റുവിന്നു് പണ്ടേ തോന്നി. തന്മൂലം അദ്ദേഹത്തെ പണ്ഡിററ്ജി ('ജി' ബഹുമാനസൂചകം) എന്നു് വിളിക്കരുതെന്നു് അദ്ദേഹം പലപ്പോഴും ശഠിച്ചുനോക്കി. എന്തു് ഫലം? പഴക്കംകൊണ്ടും തഴക്കംകൊ

---

* സമീക്ഷ നമ്പർ 1–ലെ ലേഖനത്തിൽനിന്നു്

ണ്ടും ഇന്ത്യക്കാരിൽ മഹാബുദ്ധിമാന്മാർപോലും വിടുമോ? ആദ്യമാദ്യം പണ്ഡിററ്ജി എന്നു് സംബോധനചെയ്യുമ്പോൾ അദ്ദേഹം മുഖം കറുപ്പിക്കും. ഒടുവിൽ മൌനം ദീക്ഷിക്കാതെ എന്താഗത്യന്തരം? ഇതെഴുതുന്നാളുടെ ചെവികൊണ്ടും കണ്ണുകൊണ്ടും ഈവകയെല്ലാം അനുഭവിച്ചിട്ടുണ്ടു്. ശ്രീമാന്മാർ കെ. പി. എസ്സ്. മേനോൻ, എച്ച്. ആർ. വി. അയ്യങ്കാർതൊട്ടു് ഇന്ത്യയിലെ പ്രമുഖബുദ്ധിജീവികളും വിദേശങ്ങളിൽ പോയി പഠിച്ചും ഉദ്യോഗം നോക്കിയും ലോകപ്രസിദ്ധന്മാരായിത്തീൎന്ന ഐ. സി. എസ്സ്.കാരും അല്ലാത്തവരും ജാതിപ്പേരില്ലാതെ ആരേയും നാമകരണം ചെയ്യുന്നതു് കാണാൻ പ്രയാസം!

ശ്രീ. കെ. പി. എസ്സ്. മേനോൻെറ കാൎയ്യം ഞാൻ വീണ്ടും എടുത്തുപറയുന്നതു് എൻെറ നിഗമനം ഒരുവേള അസ്ഥാനത്താകുമെന്നു് ഭയപ്പെട്ടിട്ടാണു്. മേനോൻ എഴുതിയ ചില പുസ്തകങ്ങളിൽ, ആകാശവാണിയിൽ, ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ, പലപ്പോഴും ശ്രീ. നെഹ്റുവെന്നു് വിളിച്ചിട്ടുണ്ടെങ്കിലും പണ്ഡിററ് നെഹ്റുവെന്നും പണ്ഡിററ്ജി എന്നും പ്രയോഗിക്കാത്ത സന്ദൎഭങ്ങൾ ഇല്ലെന്നാണു് എൻെറ ഓൎമ്മ. 'മൎയ്യാദ' പുലൎത്താൻ നാമെല്ലാവരും അതേരീതിയിൽ ചെയ്യാൻ നിൎബ്ബന്ധിതരാകുന്നു. പക്ഷെ ഇതിൻെറ ഫലം നിസ്സാരമെന്നു് തോന്നിയാലും, ജാതീയത്വം നിലനിൎത്തുന്നതിൽ ഈ സംബോധനപ്രയോഗത്തിന്നു് വലിയ പങ്കുണ്ടു്. സൎക്കാർ രേഖകളിൽ നമുക്കാവശ്യമില്ലെന്നു് ശഠിച്ചാലും കൂടാതെ കഴികയില്ലെന്നു് ഉദ്യോഗവൃന്ദം ശഠിച്ച് രേഖപ്പെടുത്തും.

ദക്ഷിണേന്ത്യയിൽ ഡോക്ടർ ടി. എം. നായർ (നായർ എന്നതു് ചേൎക്കാതെ നിൎവ്വാഹമില്ലല്ലോ) ജസ്റ്റീസ് പാൎട്ടിയുണ്ടാക്കിയ ദേഹമാണു്. ബ്രാഹ്മണ—അബ്രാഹ്മണസമരം അതു് മുതല്ക്കാണു് ആരംഭിച്ചതു്. സ്വയം ഭരണഘടകങ്ങളിൽ ചിലതെല്ലാം നാട്ടുകാൎക്കു് വിട്ടുകൊടുത്തുള്ള നയം ബ്രിട്ടീഷുകാർ അന്ന

വരിച്ചപ്പോഠ, കോൺഗ്രസ്സ് പാർട്ടി പ്രാബല്യത്തിൽ വരുന്നവരെ, ജസ്റ്റീസ് പാർട്ടിയാണ് മദിരാശിയിൽ മന്ത്രിസഭകഠ കൈവശമാക്കിയതു്. അക്കാലത്തു് ബ്രാഹ്മണവർഗ്ഗക്കാരിൽ വളരെ പേർ 'ആചാരി' 'അയ്യങ്കാർ' 'അയ്യർ' മുതലായ ബ്രാഹ്മണജാതിപ്പേർ ചേർത്താതെയിരുന്നുവെന്നു് നമുക്കെല്ലാം അറിയാം. ഉദ്യോഗത്തിന്നുള്ള അപേക്ഷകളിൽ 'അയ്യർ' എന്ന പേരു് കണ്ടാൽ, അപേക്ഷക്കടലാസ്സ് ചവററകൊട്ടയിലെത്തുമെന്നുള്ള ഭയമായിരുന്നുവത്രെ! ഏതായാലും ജാതീയതയെ നിസ്സാരമായിട്ടെങ്കിലും ലഘൂകരിക്കാൻ അക്കാര്യം പ്രയോജകീഭവിച്ചിട്ടുണ്ടു്.

കേന്ദ്രപാർളിമെണ്ടിൽ (ലോകസഭ, രാജ്യസഭ) അസ്പൃശ്യത്വ നിയമമുണ്ടാക്കിയപോലെ എന്തുകൊണ്ടു് സർക്കാർ രേഖകളിലൊന്നിലും ജാതിനാമവും (വർഗ്ഗീയനാമവും) ഉപയോഗിച്ചുകൂടെന്ന ഒരു ബിൽ അവതരിപ്പിച്ചു് നിയമമാക്കാൻ പാടില്ല? (അൺടച്ചബലിററി ലൊ) അസ്പൃശ്യത നിയമവിരോധമാക്കിയതിനേക്കാഠ ഫലവത്തായിരിക്കും ജാതിപ്പേർ തടഞ്ഞുകൊണ്ടുള്ള നിയമം. പട്ടികജാതിക്കാർക്കും ഗിരിവർഗ്ഗക്കാർക്കും സംവരണമുള്ള കാലത്തോളം ആ ആവശ്യത്തിനു് മാത്രം കണക്കുണ്ടാക്കുമ്പോഠ ജാതിപ്പേർ ചേർത്താൽ മതിയല്ലോ.

What is there in a name? പേരിലെന്തിരിക്കുന്നു? മനുഷ്യരുടെ വ്യക്തിത്വം അറിയാൻ ഒരു മാർഗ്ഗമുള്ളതിൽ, ഐഡൻറിററി—താദാത്മ്യം—കണ്ടുപിടിക്കാൻ ഒരുപായം—മനുഷ്യരെ തിരിച്ചറിയാൻ ജാതിപ്പേരില്ലെങ്കിൽ ഒരു വഴിയുമില്ലേ? ദേശപ്പേരും, വീട്ടുപേരും, ആഠപ്പേരും, ദേഹത്തിലെ മറുക് മുതലായതും ഇന്നുപയോഗപ്പെടുത്തുന്നതു് പോരേ? മറിച്ചു് ജാതിപ്പേരില്ലെന്നു് സങ്കല്പിക്കുക. ഇന്ത്യയിൽ കോൺഗ്രസ്സ് പാർട്ടിയിൽത്തന്നെ ഗ്രൂപ്പുകഠ, ബീഹാറിലും, പഞ്ചാബിലും, ഹൈദരബാദിലും, മൈസൂരിലും കാണുമ്പോഠ, ഗ്രൂപ്പിൻെറ അടിയിൽ ജാതിക്കൂട്ടമാണു് പ്രകടമാകുന്നതെന്നു് അപൂർവ്വമായിട്ടെങ്കിലും

പത്രങ്ങളിൽ നാം വായിക്കുന്നുണ്ട്. മദിരാശിയിൽ അബ്രാഹ്മണകക്ഷിയിൽത്തന്നെ ജാതിയെ ആസ്പദമാക്കി ഗ്രൂപ്പുകൾ ആവിർഭവിക്കുന്നു. പത്രക്കാരിൽ ചിലർ പരിതപിക്കുന്നു. എന്നിട്ടും കേന്ദ്രത്തിലാകട്ടെ സ്റ്റേററ് നിയമസഭയിലാകട്ടെ, ജാതിപ്പേരില്ലാതാക്കാൻ ഏതെങ്കിലും ഒരു മെമ്പർ ഇന്നേവരെ ശ്രമിച്ചുകാണാത്തതു് എന്തുകൊണ്ട്?

ജാതിപ്പേർ നിയമവിരോധമാക്കിയാലും ജാതിപോകുകയില്ലയെന്ന എതിർവാദം ആർക്കുമറിയാം. പക്ഷെ ജാതിയുടെ അന്യായമായ, നാശകരമായ, മുന്നേററത്തിനു് കുറവുവരും; തീച്ച. ഇപ്പോഴത്തെപ്പോലെ നമ്പൂതിരിപ്പാട്ട് മുഖ്യമന്ത്രിയെന്നതു് കേൾക്കുമ്പോൾത്തന്നെ, അഥവാ പിള്ള, മേനോൻ എന്നിവരാണു് മുഖ്യമന്ത്രികൾ എന്നറിയുമ്പോൾ വർഗ്ഗീയച്ചൊവ താനെ ഇളകിവശാവും. ടി. കെ. നാരായണപ്പിള്ള, എലിയോ, പുലിയോ, ഊറാമ്പുലിയോ എന്നറിയുന്നതിനു് മുമ്പുതന്നെ, ആട്ടെ, ഒരു നായരാണല്ലോ മുഖ്യമന്ത്രി എന്നാണു് നായരുടെ വിചാരം. അതല്ലെങ്കിൽ 'നമ്പൂതിരിപ്പാടാണല്ലോ മുഖ്യമന്ത്രി' എന്ന സ്വസമുദായക്കാർ സമാശ്വസിക്കയും അന്യസമുദായക്കാർ നിരസിക്കയും ചെയ്യും. കാസർകോടിൻെറ വടക്കെ അററത്തുള്ള ഒരു നായർ കേരളത്തിൻെറ തെക്കെ അററത്തുള്ള പട്ടം താണുപിള്ളയെപ്പററി രാഷ്ട്രീയമായി അദ്ദേഹം പൊന്നോ, വെള്ളിയോ, ചെമ്പോ, കല്ലോ, മണ്ണോ, ചളിയോ എന്ന മാനദണ്ഡം വെച്ചല്ല നോട്ടം; നായരല്ലേ എന്നു മാത്രമാണു്. കേരളത്തിൽ എല്ലാം വർഗ്ഗീയമയമാത്രമാണെന്നു് കാണിപ്പാനാണു് ഇത്രയും വിവരിക്കുന്നതു്. വർഗ്ഗീയസ്പർദ്ധ ഇല്ലാതാക്കാൻ ജാതിപ്പേർ എന്തുകൊണ്ടു് നിയമവിരോധമാക്കിക്കൂടാ?

ജാതിനാമം എടുത്തുകളയുന്നതു് നിസ്സാരമെന്നു തോന്നിയാലും വർഗ്ഗീയത ഇല്ലാതാക്കാൻ അതൊരു സാരവത്തായ കാൽവെപ്പാണു്. അതോടൊപ്പംതന്നെ മററുപലതും ചെയ്യേണ്ടതുണ്ടു്.

ജാതീയത കളയാൻ മിശ്രജാതി വിവാഹം നല്ലൊരു മാൎഗ്ഗമാണു്. പക്ഷേ സാമൂഹ്യശാസ്ത്രരീത്യാ ഏററവും പ്രയാസമേറിയതും, പാരമ്പര്യത്തിനു് വിരുദ്ധമായാലും തികഞ്ഞ ഉൽപതിഷ്ണുക്കൾ മാത്രം ചെയ്യുന്നതുമാണു് ഇവയെല്ലാം. കാരണം ഒരു മനുഷ്യനെ ഏററവും അധികം അടുപ്പിക്കുന്നതും ബന്ധിക്കുന്നതും വിവാഹമായതുകൊണ്ടുതന്നെ. അതു വിട്ടാലും ജാതിസംഘടന മററു പല സഹകരണസഹായങ്ങൾ ചെയ്തുപോരുന്നുണ്ടു്. ജനനം, വിവാഹം, മരണം എന്നീ മൂന്നു് ഘട്ടങ്ങളിലും ജാതിയിൽപ്പെട്ടവരാണു് അതിലെ ഒരു വ്യക്തിക്കു് ഉപകാരം ചെയ്യുന്നതു്. അഷ്ടിക്കുമുട്ടിയാലും സഹായം സാധാരണമായി ജാതിക്കാരിൽ നിന്നാണു്. രോഗം പിടിപ്പെട്ടാലും, അപായം സംഭവിച്ചാലും സാമാന്യമായി ജാതിക്കാരാണു് ഓടിയെത്തി അനുകമ്പയും സഹായവും രക്ഷയും നൽകുന്നതു്. ഇക്കാരണങ്ങൾ മൂലമാണു് ജാതിച്ചൊവ ഇല്ലാതെയാകണമെങ്കിൽ അതിനുപകരം എന്തെങ്കിലും ഒരു സാമൂഹ്യപ്രസ്ഥാനം അല്ലെങ്കിൽ ഏൎപ്പാടുണ്ടാക്കണമെന്നു് ശാസ്ത്രജ്ഞന്മാർ നിർദ്ദേശിക്കുന്നതു്.

വടക്കെ ഇന്ത്യയിൽ ഓരോ ജാതിയും സമുദായവും വിശേഷിച്ചു് ഗ്രാമങ്ങളിൽ അവക്കുള്ള പരിമിതമായ ഭൂപ്രദേശത്താണു് താമസം. പട്ടണങ്ങളിൽപ്പോലും മുസ്ലീംമൊഹല്ല (താമസസ്ഥലം) യും ഹിന്ദുമൊഹല്ലയും സാമാന്യമായി വെട്ടിത്തിരിഞ്ഞതാണു്. ഇടകലമ്പി, ഒരു ബ്രാഹ്മണൻെറ വീട്ടിന്നടുത്തു് ഒരു അബ്രാഹ്മണനോ, അതിനേക്കാൾ പ്രയാസമായി ഒരു അഹിന്ദുവോ സ്ഥിരതാമസക്കാരനായി കാണുന്നതു് അപൂൎവ്വമാണു്. ഇക്കാലത്തു് ഈ വകക്കെല്ലാം അല്പാല്പവ്യതിയാനം വന്നുചേൎന്നിട്ടുണ്ടു്, വിശേഷിച്ചു് വൻനഗരങ്ങളിൽ. കേരളത്തിലെ കഥ എങ്ങിനെ? വൎഗ്ഗങ്ങളും ജാതികളും തിരിഞ്ഞുതിരിഞ്ഞുതന്നെയാണു് സാമാന്യമായി താമസിക്കുന്നതു്. ബ്രാഹ്മണർ ഗ്രാമങ്ങളിലായിരിക്കും. ക്രിസ്ത്യാനികൾ പലയിടങ്ങളിലും പള്ളിക്കുസമീപം അങ്ങാടികളിൽ, അല്ലെങ്കിൽ സമീപപ്രദേശങ്ങളിൽ. എന്നാ

ലും ഉത്തരന്ത്യയിലേക്കാം മിശ്രമായിട്ടാണ് കേരളീയരുടെ നിവാസസ്ഥാനങ്ങൾ.

ജാതിക്ക് പകരം എന്തെന്തു സംഘടനകളാണ് സൃഷ്ടിക്കാൻ സാധിക്കുക? വേഗം ചെയ്യാവുന്ന ഏൎപ്പാടല്ല ഇതു്. അയൽപ്രദേശസംഘടനകൾ ജാതി വൎഗ്ഗാടിസ്ഥാനത്തിലല്ലാതെ തുടങ്ങാം. പഞ്ചായത്തുകൾ വളരെ വ്യാപകമായ സംഘടനകളാണ്. അയൽക്കാർ ഒരു ജാതിക്കാരോ സമുദായക്കാരോ അല്ലെങ്കിൽ അകലെനിന്നു സ്വവൎഗ്ഗക്കാരോ സ്വജാതിക്കാരോ ആണ് സാമാന്യമായി സഹായസഹകരണങ്ങൾ ചെയ്യുന്നതു്. ഒരു കുടുംബത്തിന്നു, ധനസ്ഥിതി മിക്കപ്പോഴും അതേതോതിലുള്ള അയൽ കുടുംബക്കാരനുണ്ടെന്നുവന്നാലും അന്യജാതിയോ, വർഗ്ഗമോ ആയാൽ, സ്വജാതിക്കാരിൽനിന്നു ലഭിക്കുന്ന സഹകരണം കിട്ടാതെവരുമ്പോൾ ജാതീയതയും വർഗ്ഗീയതയും വൎദ്ധിക്കയല്ലാതെ മറെറന്തു് ഗതിയാണുള്ളതു്! ജാതിക്കാർ ചെയ്യുന്ന സഹായസഹകരണങ്ങൾ അയൽ വീട്ടുകാരിൽനിന്നു് സിദ്ധമാകുമാറ് അയൽപക്ക സംഘടനങ്ങൾ രൂപവൽകൃതമായാലേ ജാതീയതയുടെ ശക്തിക്ഷയിച്ചു നശിക്കയുള്ളു.

തൊഴിലിനെ ആസ്പദമാക്കിയുള്ള സംഘടനകളിൽ മിശ്രജാതികളുണ്ടെങ്കിൽ ജാതിക്കൂട്ടം കുറവാകാം. പക്ഷേ താമസസ്ഥലം കൂട്ടായിരുന്നാലേ യഥാൎത്ഥത്തിൽ ഗുണമുണ്ടാകൂ. 'ഇൻകപിലാബ് സിന്ദാബാദ്'' വിളിച്ചു് ജാഥ നയിച്ചു സമരം ചെയ്യുമ്പോൾ മറെറാരുതരത്തിലുള്ള വൎഗ്ഗീയത വളൎന്നേക്കാം: അതായതു്, തൊഴിലാളി മുതലാളി സമരം. ഏതായാലും ജാതിയുടെ ഇറുക്കിപ്പിടിത്തം തൊഴിൽ സംഘങ്ങളിൽ കുറവാകുമെന്നു സമ്മതിക്കാം.

മുൻ ചൊന്നതിൽനിന്നു ജാതിച്ചൊവയും, വൎഗ്ഗീയച്ചൊവയും തൊട്ടുകുളിക്കാത്തതും, എങ്കിലും ജാതികൊണ്ടു സാമൂഹ്യമാ

യി മനുഷ്യർക്ക് ഇന്നേവരെ കൈവന്നിരുന്ന അനുകമ്പയും, സഹായവും, സഹകരണവും, സാഹോദര്യവും, എന്തെന്തു വിധം അന്യസമിതികൾ മൂലം സാധ്യമാണോ അവയെല്ലാം പ്രോത്സാഹിപ്പിച്ചു നടപ്പിലാക്കണമെന്നു സാരം. ധനസഹായം, വൈദ്യസഹായം, വിദ്യാഭ്യാസം, കല, സാഹിത്യം എന്നീ ജീവിതതുറകളിലെല്ലാം ജാതിവർഗ്ഗമിശ്രമായ സംരംഭങ്ങൾ, ഒററവാക്കിൽ, പൗരസമിതികൾ ആവിഷ്കരിക്കേണ്ടതാണ്. വർഗ്ഗീയമയമായി, അതും വളരെയധികം മൂത്തുവശായ കേരളത്തിൽ, ഉടൻ തന്നെ ഇതെല്ലാം 'ഠോ' എന്ന വെടിപൊട്ടുന്നക്ഷണത്തിൽ മുളച്ചുവരികയില്ല. പക്ഷേ ഇതേ രീതിയിലായിരിക്കണം രാഷ്ട്രീയകക്ഷികളും അല്ലാത്തവരും, സർവ്വോദയ സമിതിക്കാരും, സാമൂഹ്യക്ഷേമ പ്രവർത്തകരും—സോഷ്യൽ വെൽഫെയർ സമിതികളും—പ്രവർത്തിക്കേണ്ടതെന്നു ചുരുക്കത്തിൽ ഇവിടെ പ്രസ്താവിക്കുന്നുള്ളു. ഓരോ പ്രധാന ജീവിതതുറയിലും എന്തുചെയ്യേണമെന്നു അതാതദ്ധ്യായങ്ങളിൽ നിർദ്ദേശിക്കാം.

ഒരു കാര്യം കൂടി ഈ അദ്ധ്യായം സമാപിക്കുന്നതിനു മുമ്പു തന്നെ വിശദമാക്കാനുണ്ട്. വർഗ്ഗീയത മൂത്തുവശായതു ഏതാണ്ട് അരനൂററാണ്ട് കാലത്തിനുള്ളിൽ മാത്രമാണെന്നാണ് എന്റെ നോട്ടം. സ്വയംഭരണപ്രക്ഷോഭണത്തിന്റെ വേഗതയനുസരിച്ചാണ് വർഗ്ഗീയതയുടെ പിരിമുറുക്കവും. കേരളത്തിന്റെ സവിശേഷതയായ ജാതിയെ അധിഷ്ഠാനമാക്കിയ നായരീഴവസംഘർഷണങ്ങളും തൽസംബന്ധമായ സംഭവങ്ങളും ഏതാണ്ട് അരനൂററാണ്ടിനെക്കാൾ കുറെ പിന്നോട്ടുതള്ളിയ കാലംമുതൽക്കേ തുടങ്ങിയതാണ്. അതും വർഗ്ഗീയതയായി കനത്തു രൂപാന്തരപ്പെട്ടതു് അമ്പതുകൊല്ലത്തിലകം മാത്രമായിരിക്കും. അവശസമുദായമെന്നനിലയിൽ മർദ്ദിതരായതു് വളരെ വളരെ കാലം മുമ്പുമുതൽക്കാണല്ലോ. അതുകൊണ്ടു നായർ സമുദായക്കാരാണ് കുറെക്കൂടി വിട്ടുവീഴ്ചയുടെ മനോഭാവം പ്രകടമാക്കേണ്ടതു്, അതു് സാമൂഹ്യശാസ്ത്രദൃഷ്ട്യാ അദ്ധ്യാനംകൂടിയ പണിയാണ്. എണ്ണത്തിൽ ഭൂരി

പക്ഷമായ ഈഴവസമുദായക്കാർ ഇന്നേവരെ രോഷാകുലരായി ഭവിച്ചതു് മനസ്സിലാക്കാൻ ചരിത്രകാരനു് പ്രയാസമില്ല. എങ്കിലും ഈഴവർ സാമൂഹ്യമായി നായരെ അടിച്ചുതാഴ്ത്തുമെന്നു—അതു സാധ്യമല്ലെങ്കിൽപ്പോലും—വീരവാദം ചെയ്യുന്നുണ്ടെങ്കിൽ അതും നല്ല വഴിയല്ല.

എല്ലാ സമുദായക്കാരും പാരസ്പരികമാത്സര്യം കൊണ്ടു് എല്ലാവൎക്കും ദോഷമല്ലാതെ ഗുണം ഒട്ടും ചെയ്യുന്നില്ലെന്നു് മനസ്സിലാക്കേണ്ടതാണു്. കേരളത്തിൽ എത്ര ബുദ്ധിമാന്മാരുണ്ടായിട്ടും ഉറച്ചൊരു മന്ത്രിസഭയില്ലാതെ പോകുന്നതു്, എല്ലാവൎക്കും നഷ്ടമാണെന്നാണു് എന്റേയും അഭിപ്രായം. അതിൽ ജാതികളും മതത്തിനും നിൎണ്ണായകശക്തിയില്ല. നിൎണ്ണായകശക്തിയാക്കാൻ ശ്രമിക്കുന്നതു നാലു് സമുദായക്കാൎക്കും ഇന്നല്ലെങ്കിൽ നാളെ അധികം നാശത്തിനാണു് ഹേതുവായി ഭവിക്കുക. നാലുസമുദായക്കാരും ഇതോൎത്താൽ കൊള്ളാം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

## അദ്ധ്യായം മൂന്നു്.

# സംസ്കാരം—സാഹിത്യവും കലയും.

'സംസ്കാരം' എന്നതിൻെറ നിർവ്വചനമെന്തായാലും ഓരോ തലമുറയും പിന്നാലെപ്പിന്നാലെ വളരുന്ന തലമുറയ്ക്കു നൽകുന്ന തെന്തെല്ലാമോ, അവയുടെ ആകത്തുകയോ സാരമോ എന്നതിൽ ഉൾക്കൊള്ളുന്നുണ്ടു്. [ജനതയുടെ ആദർശങ്ങൾ, ആശയങ്ങൾ, ഉദ്ദേശ്യങ്ങൾ, വിജ്ഞാനീയം, സ്വഭാവവിശേഷങ്ങൾ, പ്രവർത്തനങ്ങൾ, പ്രവർത്തനരീതികൾ, ദാർശനികം, ജീവിതമൂല്യങ്ങൾ—ഇവയെല്ലാം, കഷായം വെക്കുന്നപോലെ, തിളപ്പിച്ചു ആററിക്കുറുക്കി ഒഴക്കാഴക്കാക്കി കിട്ടുന്നതാണു് സംസ്കാരം.] ഈ കഷായത്തിലെ രണ്ടു് മുഖ്യമരുന്നുകൾ, ഇന്ത്യയിൽ മതവും ജാതിയും—രണ്ടും ഫലത്തിൽ ഏതാണ്ടൊന്നുതന്നെ—കമ്മ്യൂണിലിസം കഷായത്തിലെങ്ങിനെ ഗുണദോഷങ്ങൾ ഉൽപാദിപ്പിക്കുന്നു വെന്നും നാം പരിശോധിച്ചു. കഷായത്തിനുള്ള മററു മരുന്നുകളിൽ ഒട്ടും 'ഗുരുത്വം' കുറഞ്ഞതല്ല സാഹിത്യവും കലയും. ഒരു ജനസമൂഹത്തിൻെറ സാംസ്കാരിക നിലവാരം വിലയിരുത്തുന്നതിൽ അതിൻെറ സാഹിത്യകലാസമ്പത്തുകൾ നല്ലൊരു മാനദണ്ഡമാണല്ലോ; ഒരു പക്ഷേ ഒഴിച്ചുവിടാൻ പാടില്ലാത്ത ഒരു അളവുകോൽ.

കേരളത്തിലെ സാഹിത്യവും കലയും അടുത്തകാലംവരെ, ഇന്നും ഏറെക്കുറെ, വർഗ്ഗീയമാണെന്നു പറയുന്നതു് അത്യുക്തിയല്ല. വലിയ സാഹിത്യകലാപരമായ പഠനം കഴിക്കാത്തവനും, കമ്മ്യൂണൽ നിറം കാണാൻ വളരെ പണിപ്പെടേണ്ട. അപ്രകാരമായിത്തീരുന്നതു് ഭാരതത്തിലെ, പരിതഃസ്ഥിതികൾ കൊണ്ടാണു്, അഥവാ, ആയിരിക്കാം. കേരളത്തിലും അതുതന്നെയാണു് അനുഭവം. സാമൂഹ്യശാസ്ത്രജ്ഞന്മാർ ചില തോതു

കൾ വെച്ചളന്നാണു്, സാമൂഹ്യതയുടെ ലക്ഷണങ്ങൾ, അനുമാനിക്കുന്നതു്. ഒന്നുരണ്ടെണ്ണം നമുക്കും പ്രയോഗിച്ചുനോക്കാം. മാനസികശാസ്ത്രജ്ഞളിൽ പ്രയോഗിക്കുന്ന മാനദണ്ഡങ്ങളാകട്ടെ, ആററം ബോംബുണ്ടാക്കുന്നതെങ്ങിനെയെന്നതു് സാധാരണന്മാക്കു് മനസ്സിലാകാത്തതുപോലെ ഒന്നുമല്ല. 'ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.' ഒരു പട്ടണത്തിലൊ, ഗ്രാമത്തിലൊ, ഒന്നോടിച്ചുനോക്കിയാൽ അവിടെയുള്ള കുഞ്ഞുങ്ങളുടെ നെഞ്ചൂന്തി, എല്ലും തൊലിയുമായി സാമാന്യേന കാണപ്പെട്ടാൽ അവിടെ 'നാറിയ റേഷനരി'പോലും വാങ്ങിക്കാൻ കഴിവില്ലാത്തവരാണെന്നു് ആർക്കുമറിയാം.

അതുപോലെ സാംസ്കാരികസ്വഭാവം മനസ്സിലാക്കാൻ സാമൂഹ്യശാസ്ത്രജ്ഞന്മാർ, ഒരു നാട്ടിലെ നേതാക്കന്മാരെയാണു് പരിശോധിക്കുക. നേതാക്കന്മാരാണല്ലോ പുരുഷാരത്തെ മൂക്കു പിടിച്ചെന്നോണം നയിക്കുന്നതും നിയന്ത്രിക്കുന്നതും. ഒരു ജനസമൂഹത്തിലെ പ്രധാന അംശങ്ങളായ സമുദായങ്ങൾ (കേരളത്തിൽ നാലെണ്ണം) ഏതു് വഴിക്കാണു് ചലിക്കുന്നതെന്നും, ചലിക്കേണ്ടതെന്നും, എന്താണു് അവരുടെ ജീവിതരൂപമെന്നും, ഏതു നിറമാണു് ചിത്രത്തിനു തേക്കേണ്ടതെന്നും തിട്ടപ്പെടുത്തുന്നതു് ആ നാട്ടിലെ 'എലയിററ്' (Elite) അതായതു് 'പ്രമാണികൾ' ആണെന്നു് സാമാന്യേന പറയാം. ആരാണീപ്രമാണികൾ? ഇതിനെപ്പററി തർക്കിക്കാം. എങ്കിലും ആരെല്ലാമാണെന്നു് നമുക്കറിയാം. ബുദ്ധിജീവിമനുഷ്യന്മാരായിരിക്കാം; അതിൽ ഒട്ടുമുക്കാലും, എന്നുവെച്ചാൽ സാധാരണമായി ബുദ്ധിമാന്മാരായി നാം ശരിയായോ, തെററായോ, എണ്ണിപ്പോരുന്നവർ. ഇംഗ്ലണ്ടിലെ മുപ്പത്തിമൂന്നു് കുടുംബക്കാരാണു് 'സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം' ഒന്നു ഒന്നര നൂററാണ്ടുകാലത്തോളം യഥാർത്ഥത്തിൽ ഭരിച്ചതെന്നു് ഹിലയർ ബെല്ലോക്കു് സമർത്ഥിച്ചിട്ടുള്ളതു് ചിലർ വായിച്ചിട്ടുണ്ടായിരിക്കും.

അമേരിക്കയെ (ഐക്യനാടുകളെ) ഭരിക്കുന്നതു ഒരു കൂട്ടം ബിസ്സിനസ്സ്കാരും സൈനികത്തലവന്മാരുമായ പവർ–എലയിററ് (Power-Elite) ആണെന്നു സമർത്ഥിക്കയുണ്ടായി 'മിൽസ്സ്'ന്ന ശാസ്ത്രജ്ഞൻ. * എന്തിനാകലെപോകുന്നു? ഇന്ത്യയിലെ കോൺഗ്രസ്സ് പാർട്ടിയുടെ 'തലകാണിക്കാതെ തലപ്പത്തിരിക്കുന്ന' ഒരു പിടി മുതലാളിമാരാണ് ഭരണയന്ത്രം തിരിക്കുന്നതെന്നു കമ്യൂണിസ്റ്റുകാർ മാത്രമല്ല മററുള്ളകക്ഷികളും പരാതിപ്പെടുന്നതിൽ കുറച്ചൊന്നുമല്ല, വളരെ പരമാർത്ഥമുണ്ട്. സ്വാതന്ത്ര്യപാർട്ടിയുടെ പിന്നിൽ താങ്ങായിനില്ക്കുന്നതും കുറെ ജമിന്താർമാരും പണക്കാരും. എന്തിന് ഇതെല്ലാം ഇത്ര നീട്ടിവലിച്ചു കാണിക്കുന്നു? ഉദ്ദേശ്യമുണ്ട്. കേരളത്തിലെ സാഹിത്യത്തിലും കലയിലും മാത്രമല്ല, വിദ്യാഭ്യാസം, വാണിജ്യവ്യവസായങ്ങൾ, രാഷ്ട്രീയം ഇവയെല്ലാററിലും 'ജനകീയം,ജനകീയം' എന്നുപറഞ്ഞാലും ഒരു പിടിപ്രമാണികൾ മാത്രമാണു കാര്യങ്ങൾ നടത്തുന്നതു്. വർഗ്ഗീയത സൃഷ്ടിക്കുന്നതും പുലർത്തുന്നതും അവർ തന്നെയാണ്.

നട്ടുച്ചക്ക് ഇരുട്ടാണെന്നു പറയുന്നവർ ലോകത്തിൽ കുറവല്ല; കേരളത്തിലും ഒട്ടുംകുറവല്ല. കമ്യൂണിസം കൊടികുത്തി വാഴുന്നു, താണ്ഡവനൃത്തം ചെയ്യുന്നു എന്നു ചിലർ പരാതിപറയുമ്പോൾ, മററു ചിലർ, അതൊന്നുമില്ലെന്നു വാദിക്കുന്നു. അവർ ഈ നാട്ടിലെ പ്രമാണികളെന്നു ബഹുമാനിക്കപ്പെടുന്നവരും, സാമുദായികത്വം വളർത്തുന്നവരും, കേന്ദ്രഗവൺമെണ്ടിൽ നിന്നു പോലും 'കീർത്തിമുദ്രകൾ' ആദിയായ ബഹുമതികളും മററും സമ്പാദിക്കുന്നവരാണെന്നു് ഒന്നന്വേഷിച്ചറിഞ്ഞാൽ കൊള്ളാം. ലോകത്തിലെവിടേയും അപ്രകാരം അതാതു കാലത്തുള്ള സാഹചര്യങ്ങളിൽ ഓരോതരം പ്രമാണികളായിരിക്കുമെന്നതു ഒരു ന്യായമാണോ? താരതമ്യവിവേചനാശക്തിയുള്ളവർ താദൃശമായ

---

* The Power Elite by C. Wright Mills.

പ്രമാണികളാണ് നാടിന്റെ ശാപഹേതുകന്മാരെന്നു കാണേണ്ട തല്ലേ? വേലി തന്നെ പുഞ്ച തിന്നുന്നതുകാണുമ്പോഠം ഒട്ടകപക്ഷി യെപോലെ തലതാഴ്ത്തിയിരുന്നാൽ കേരളം മരവിക്കുന്നതിൽ അത്ഭുതമില്ല! 'ഉള്ളതു പറഞ്ഞാൽ കഞ്ഞിയില്ല, കോങ്കണ്ണിയമ്മേ പിച്ചതരു' എന്നതു നാട്ടുചൊല്ലാണ്. 'നിത്യചൈതന്യയതി' യെപ്പോലെ ചിലർ യഥാൎത്ഥവസ്തുതകഠം വെട്ടിത്തുറന്നു പറയുകയും ചെയ്യും.

ഇതെല്ലാം പ്രസക്തമല്ലെന്നു ചിലർ വാദിച്ചാലും ഇത്രയും പറയേണ്ടിവന്നതു പിന്നീടറിയാം. ഇനി നമുക്കു പ്രകൃതത്തിലേക്കുകടക്കാം. ഭാരതീയ സംസ്കാരം കേരളത്തിലേയും സംസ്കാരമാണല്ലോ. ഭാരതീയ സംസ്കാരമാകട്ടെ കേവലം ഹൈന്ദവ സംസ്കാരം മാത്രമാണെന്നു വാദിക്കാൻ കാരണങ്ങളുണ്ടായിരിക്കും. അവരാണല്ലോ ബഹുഭൂരിപക്ഷക്കാർ കേരളത്തിലും. പൗരസ്ത്യസംസ്കാരം, പാശ്ചാത്യസംസ്കാരം എന്നിങ്ങനെ തരംതിരുവുകളായി പണ്ഡിതന്മാർ വാദകോലാഹലങ്ങഠം നടത്തിക്കൊണ്ടിരിക്കും; ചില വ്യത്യാസങ്ങളുണ്ടാകും. ഒരു സംസ്കാരവും വളരെ ശുദ്ധമായിട്ടുള്ളതല്ല. യവനസംസ്കാരം എന്നതു തന്നെ റോമാസംസ്കാരം, ക്രൈസ്തവ സംസ്കാരം, എന്തിന്, മുഹമ്മദീയസംസ്കാരം പോലും എല്ലാം കലൎന്നതാണ് പാശ്ചാത്യസംസ്കാരം എന്നും സമൎത്ഥിക്കുന്നവരുണ്ട്. സാംസ്കാരികധാരകഠം പലതും പലപ്രകാരത്തിലും ഓരോന്നിലും കാണാം. ഏതാണ്, എക്കാലത്താണ് നിൎണ്ണായകഘടകമെന്നുള്ളതാണ് പ്രധാനം.

പാശ്ചാത്യസംസ്കാരത്തിന്റെ അഭിനിവേശം കേരളത്തിലില്ലെന്ന് ആരും വാദിക്കയില്ല. ഗുണമാണോ ദോഷമാണോ എന്നതു് മറെറാരു കാര്യം. ചന്തുമേനോന്റെ 'ഇന്ദുലേഖ' മുതൽക്കാണ് പ്രാധാന്യേന ആംഗല സംസ്കാരത്തിന്റെയും ഇംഗ്ലീഷ് സാഹിത്യത്തിന്റേയും സ്വാധീനശക്തി മലയാളസാഹിത്യത്തിൽ പ്രബലപ്പെട്ടതു്. ഗുണ്ടർട്ട്, ബെയിലി,

കാറംഡപൽ, ക്ലിമൻറ്, അഞ്ജ്ണാസ് പാതിരി ആദിയായവർ ഗദ്യസാഹിത്യത്തിലും, വ്യാകരണനിഘണ്ടുനിർമ്മാണങ്ങളിലും ഓരോ കാൽവെപ്പുകൾ എടുത്തിട്ടുണ്ടെന്നു് നാം സമ്മതിക്കുന്നുണ്ടു്. ആർഷസംസ്ക്കാരവും സംസ്കൃതഭാഷയുമാണു് നമ്മുടെ സാഹിത്യത്തിൻെറ ഈററില്ലമെന്നും, അതുതൊട്ടുകളിച്ചാൽ എല്ലാം അപകടത്തിലാകുമെന്നു് ഇന്നും ദുഃഖിക്കുന്നവരുമുണ്ടു്. സാഹിത്യം വർഗ്ഗീയമയമാക്കിയൊ എന്നതാണു് ഇതിലെ നിരൂപണവിഷയം. അതാണു് സാമൂഹ്യശാസ്ത്രദൃഷ്ട്യാ നിരീക്ഷണം ചെയ്യേണ്ടതും.

നമ്പൂരി സമുദായമാണല്ലൊ ഒട്ടേറെകാലം സാഹിത്യകലാദികൾ കേരളത്തിൽ പെരുമാറിവന്നതു്. ഇടയ്ക്കും തലയ്ക്കും നായർ ക്രൈസ്തവാദി സമുദായങ്ങളുടെ സ്പർശംപോലും അക്കാലത്തില്ല. സാമൂതിരിയുടെ ആഭിമുഖ്യത്തിൽ പട്ടത്താനം ചടങ്ങിൽ വിദേശബ്രാഹ്മണനായ ഉദ്ദണ്ഡശാസ്ത്രികൾപോലും നമ്പൂതിരി സംഘത്തിൽ ഒരു സ്ഥാനം നല്കാൻ പതിനെട്ടരകവി നമ്പൂരി സംഘം വൈമുഖ്യം കാണിച്ചുവത്രെ! നാടുവാഴികളുടെ പണ്ഡിതസദസ്സുകളിൽ കൊച്ചിയിലാകട്ടെ, തിരുവിതാംകൂറിലാകട്ടെ, നമ്പൂതിരിബ്രാഹ്മണർ ഏതാനും പരദേശഉപിജന്മാരും വിട്ടാൽ, മററൊരു സമുദായത്തിന്നും പ്രവേശനമില്ലായിരുന്നു. ശൂദ്രരാക്കിയതൊ, ആയതോ, എന്തുതന്നെയായാലും, നായർ വർഗ്ഗത്തിന്നു വിദ്യ വിഹിതമല്ലെന്നല്ലേ അന്നത്തെ വേദോപനിഷത്തുകളുടെ വ്യാഖ്യാനം.

അങ്ങിനെ കുറെകാലമങ്ങു കഴിഞ്ഞപ്പോൾ സാഹിത്യക്ഷേത്രത്തിൽ അങ്ങുമിങ്ങും നായർ സമുദായക്കാർ ശ്രീകോവിൽ വരെ എത്താൻ ശ്രമം തുടങ്ങി. തുഞ്ചൻ, കുഞ്ചൻ മുതലായവർ സംസ്കൃതഭാഷവിട്ടു് മലയാളവും കലർത്തിയ മണിപ്രവാള ഭാഷയിൽ സാഹിത്യം രചിച്ചു. ശ്രീകോവിൽ ഭജനം മാത്രമല്ല, പൂജാരിയും അവരിൽനിന്നാകാമെന്നു് വന്നുകൂടി. എന്നിട്ടും

ഈഴവക്ക് തീണ്ടപ്പാടകലമേ നില്ക്കാൻ പാടുള്ളുവെന്നായിരുന്നു അലിഖിതനിയമം. ഇക്കാലമെല്ലാം അങ്ങിങ്ങായി ഈഴവരും ദുർല്ലഭമായിട്ട് നസ്രാണികളും സംസ്കൃതഭാഷാസ്പദമായ ആയുർവ്വേദ ചികിത്സാക്രമം അഭ്യസിക്കാറുണ്ടായിരുന്നു; ജ്യോതിഷത്തിൽ ഏതാനും ഈഴവപ്പണിക്കന്മാരും ആശാന്മാരും ഉൾപ്പെട്ടിരുന്നു. കാലാന്തരത്തിൽ കൊടുങ്ങല്ലൂരും തിരുവനന്തപുരത്തും ഈഴവരായ ചില കവികൾക്കും, വിശേഷിച്ച്, എ. ആർ. രാജരാജവർമ്മയുടെ കാലത്ത് ഈഴവകവികളും ക്രിസ്ത്യാനികവികളും സാഹിത്യം തനിനമ്പൂരിയോ, തനിനായരോ മാത്രം അഭ്യസിക്കാവുന്ന കുത്തകമേഖലയല്ലെന്നു് തെളിവാക്കി. പിന്നേയും കാലമങ്ങു കഴിഞ്ഞപ്പോൾ സാഹിത്യക്ഷേത്രത്തിൽ നായർ, ഭജനം മൂത്ത് ഊരായ്മതന്നെ കൈവശമാക്കണമെന്നു് ശഠിച്ചുവത്രെ. അവർ അതിനൊരു ശ്രമം മുറക്ക് നടത്തിയെന്നാണ് ചിലരുടെ സംസാരം. എന്നുവെച്ചാൽ സാഹിത്യം ആദ്യമാദ്യം നമ്പൂരിവർഗ്ഗമയം; പിന്നീട് നായർമയം എന്നർത്ഥം.'' *

സാഹിത്യകലാദികൾ എന്നും ഒരു സമുദായത്തിലെ ഏതാനംപേരുക്ക് അട്ടിപ്പേറാക്കാൻ സാദ്ധ്യമല്ലല്ലോ. ഇംഗ്ലീഷുകാരുടെ വ്യാകരണനിഘണ്ടു നിർമ്മാണവും ഗദ്യകൃതികളും വന്നകാലത്ത് അച്ചടിയും പ്രചാരത്തിലായിത്തീർന്നിരുന്നു. മെല്ലെ മെല്ലെ സാഹിത്യം, വലിയ പദ്യകാവ്യങ്ങളിലില്ലെങ്കിലും—പുത്തൻപാന പദ്യവുമാണ്—ഗദ്യകൃതികളും പത്രമാസികകളും ആവിർഭവിച്ചു.

---

* ''മലയാളമനോരമ'യുടെ ഇയർബുക്കിൽ (Year Book 1960) സാഹിത്യകാരന്മാരുടെ ഒരു പട്ടിക കൊടുത്തിട്ടുണ്ട്. അതുപ്രകാരം 290 മൺമറഞ്ഞ സാഹിത്യകാരന്മാരുടെ സംക്ഷിപ്തചരിത്രം നോക്കുക. അതിൽ നമ്പൂരി 35, ക്ഷത്രിയർ 50, നായർ 135, ക്രിസ്ത്യാനി 35, ഈഴവർ 20 എന്നിപ്രകാരം എണ്ണിനോക്കുമ്പോൾ കാണാം. ഇതിലധികവും ഘനദസ്ഥതശൈലിയിൽ പദ്യകാവ്യങ്ങൾ ചമച്ചവരാണ്; ഭാവഗീതികൾതൊട്ട് മഹാകാവ്യങ്ങൾവരെയും, ബൃഹദ്രൂപങ്ങളായ നോവലുകൾവരെയും, നായർ സമുദായമാണ് മുഖ്യമായ സാഹിത്യകാരന്മാർ.

തോടെ, ജനകീയമായതോടെ, നായർ മാത്രമല്ല ക്രിസ്ത്യാനിയും ഈഴവരും സാഹിത്യകളരിയിൽ കടന്നഭ്യസിക്കാൻ കച്ചകെട്ടി ത്തുടങ്ങി. ഇതുയുമായപ്പോഠം സാഹിത്യം പ്രകടമാക്കുന്ന രൂപ ങ്ങാംക്കു് വിപ്ലവാത്മകമായ മാററങ്ങാംതന്നെ സംഭവിച്ചു; നോ വൽ, ഗദ്യനാടകങ്ങാം, ഉപന്യാസങ്ങാം ആദിയായവ ഇത്തര ത്തിലുള്ളവയാണു്.

വർഗ്ഗീയച്ചൊവ ഭാരതവർഷത്തിൽ തഴച്ചുവളൎന്നതു് സ്വാത ന്ത്ര്യസമരം മൂത്തുവന്നതോടെയാണെന്നു് മുമ്പു പറഞ്ഞുവെച്ചിട്ടു ണ്ടല്ലൊ. ഉത്തരേന്ത്യയിൽ, കബീറിൻെറ കാലംമുതൽ ഇക്ബാ ലിൻെറ ദേശീയമായ പ്രണയകാലം അസ്തമിച്ചുവരെ സാഹിത്യ കാരന്മാരായ കവികളും ഗായകന്മാരും മുസ്ലീം സമുദായത്തിൽ നിന്നും ഇല്ലാതിരുന്നില്ല. ഹിന്ദു—മുസ്ലീം സംഘർഷം വൎദ്ധിച്ച തോടെ ബങ്കാളിലെ നവോത്ഥാനംവരെ, വലിയ സാഹിത്യ കൃതികളൊന്നും ഹിന്ദി ഭാഷയിലുണ്ടായതായി നാം അറിയുന്നില്ല. ഉള്ളതിൽ ചിലതിൽ വർഗ്ഗീയവിഷം കലർത്തിയതായും ദൃഷ്ടാ ന്തങ്ങളുണ്ടത്രെ! (നോവലുകളിൽ കള്ളനേയും കൊലപാതകരേ യും പ്രതിബിംബിക്കുന്ന പാത്രങ്ങാം മുസ്ലീമുകളായിരുന്നു.)

സാഹിത്യമാകട്ടെ, ഇന്ത്യയിൽ സാമാന്യമായി മതബദ്ധ മായിട്ടാണു് വളൎന്നുവന്നിട്ടുള്ളതെന്നു് രേഖപ്പെടുത്തുന്നുണ്ടെങ്കിൽ അതു് വലിയ അബദ്ധമല്ല. കാളിദാസാദിസാഹിത്യരത്നങ്ങ ളുടെ കാലം കഴിഞ്ഞു, ബങ്കാളിൽ ടാഗ്ഗൂർ വിശ്വവിഖ്യാതനാ യിത്തീൎന്നവരെ ഈ മതാസ്പദമായ സാഹിത്യകലാനിൎമ്മാണത്തി നു് ഒരു മാററവും കാണാൻ പ്രയാസമാണു്. ഇക്കാരണങ്ങളാൽ ഭാരതത്തിലെ സാഹിത്യം ഹിന്ദുമയമായി ഭവിച്ചതിൽ ഉദ്ദേശ പൂൎവ്വം ഒരു ശ്രമമൊന്നും വേണ്ടിവന്നിട്ടില്ല. ഇന്ത്യയിലെ ഏതു പ്രദേശത്തും രാമായണവും പുരാണേതിഹാസങ്ങളും മാത്രമേ സഹൃദയാസ്വാദനത്തിനുണ്ടായിരുന്നുള്ളു. ഹിന്ദിഭാഷക്കാൎക്കു് തുളസീരാമായണവും, തമിഴൎക്കു് കമ്പരാമായണവും, മലയാളി

കാംക്ക് തുഞ്ചൻെറ ആദ്ധ്യാത്മരാമായണവും മാത്രമായിരുന്നു സാഹിത്യം. ഇക്കാര്യം തീൎത്തുപറഞ്ഞില്ലെങ്കിലും, ഒട്ടുമുക്കാലും ഹൈന്ദവജനങ്ങാംക്ക്, അതുമാത്രമായിരുന്നു സാഹിത്യം. രാമായണം, മഹാഭാരതം എന്നീ ഗ്രന്ഥങ്ങാം, യൂറോപ്പിൽ അകത്തോലിക്കാ പ്രൊട്ടസ്റ്റാണ്ടുകാൎക്ക് ബൈബിാംപോലെയാണെന്ന് സമൎത്ഥിക്കാം. പുരാണേതിഹാസങ്ങാം മേൽച്ചൊന്ന രണ്ടു ഗ്രന്ഥങ്ങളേയും, പോഷിപ്പിക്കാൻ മാത്രമല്ലേ സഹായിച്ചുള്ളു?

ഭൂതകാലസാഹിത്യചരിത്രത്തിലേയ്ക്കു ഇങ്ങനെ ഒരു എത്തിനോട്ടം കഴിച്ചതിനു കാരണമുണ്ട്. യൂറോപ്പിൽ 16_17 നൂററാണ്ടിൽ ഷെയിക്സ്പീയർ, ബേക്കൺ, മാർലൊ, (ഇംഗ്ലണ്ട്) ഗെയിത്തെ, ഷില്ലർ (ജൎമ്മനി) ഇത്യാദിമഹാകവികാം മതബന്ധമായ കാവ്യങ്ങാം നിൎമ്മിച്ചിട്ടല്ല, സാഹിതീസേവനം അനുഷ്ഠിച്ചതു്. (മിൽടൻെറ പറദീസാനഷ്ടം ഒരു അപവാദം മാത്രം) അമ്മട്ടിലൊരു സാഹിത്യപ്രതിഭാസം ബങ്കാളി ഭാഷയിൽ ടാഗ്ഗൂറിൻെറ കാവ്യനിൎമ്മാണകാലം മുതൽക്കേ സംഭവിച്ചുള്ളു. എന്നുവെച്ചാൽ യൂറോപ്പിൽ പുരാണേതിഹാസങ്ങാം രസകരമായ കെട്ടുകഥകാം, ചമൽക്കാരത്തിനുതകിയ സാഹിത്യസരണികാം, എന്ന നിലവാരത്തിലേക്ക് എത്തിയപ്പോാം ഐതിഹാസികമായ ഹിന്ദുമതത്തിൽ അതു് പരിപാവനമായ മതാത്മകവിശ്വാസമായി നിലനില്ക്കുന്നുവെന്നാണ് സാരം. ഭൗതികമായ സാഹിത്യം ഭാരതവൎഷത്തിൽ ഇപ്പോഴാണ് ബങ്കാളി, മലയാളം, തമിഴ് മുതലായ ഇന്ത്യൻ ഭാഷകളിൽ മുളച്ചുതുടങ്ങിയിട്ടുള്ളു.

കേരളത്തിൽ ഇക്കാരണംകൊണ്ടു് എന്തു സംഭവിച്ചു? അടുത്തകാലംവരെ മാത്രമല്ല, ഇന്നും ഏറക്കുറെ സാഹിത്യം മതാത്മകമായി നിലകൊള്ളുന്നു. എ. ഡി 410 മുതൽക്കെങ്കിലും കുടിയേറിപ്പാർത്ത സാമാന്യം പ്രമുഖരായ സുറിയാനി ക്രിസ്ത്യാനികാംക്കു പോലും മലയാള സാഹിത്യം മതബന്ധമായിട്ടാണ് കാഴ്ചപ്പാടുണ്ടായിരുന്നതു്. രാമായണം, മഹാഭാരതം മുതലായതും പുരാണ

കഥകളും വായിക്കാൻപോലും അനുവാദ്യമായിരുന്നില്ലയെന്നു പറയാം. സുറിയാനിക്കാരുടെ അദ്ധ്സാഹിത്യപരവും അദ്ധ്മതപരവുമായ സാഹിത്യകൃതികളെല്ലാം ഉദയംപേരൂർ സൂനഹദോസിൽവെച്ച് ഡോ. മെനസ്സിസ്സ് മെത്രാപ്പോലീത്തയുടേയും പോർത്തുഗീസ്സ് മിഷ്യനറിമാരുടേയും സമ്മർദ്ദംമൂലം അഗ്നിയിരയാക്കപ്പെട്ടുവത്രെ! എന്തായാലും വേദഭാഷയായി ഗണിക്കപ്പെട്ടുന്ന സംസ്കൃതം അഹിന്ദുക്കാം നിഷേധാത്മകമായിത്തന്നെ കരുതിപ്പോന്നു. ഇന്നും ഈ മനോഭാവത്തിൻെറ അവശിഷ്ടങ്ങാം കേരളത്തിൽ കാണപ്പെടുന്നുണ്ടോ?

മേൽപറഞ്ഞ മനഃപ്രകൃതിക്ക് ഒരു വ്യത്യാസം ഇന്ന് അങ്ങിങ്ങായിക്കാണാം. പരേതനായ ഐ. സി. ചാക്കോ, ഒ. എം. ചെറിയാൻ, സി. അന്തപ്പായി എന്നീ പണ്ഡിതന്മാർ ഹിന്ദുക്കളോടൊപ്പം സംസ്കൃതഭാഷയിൽ താരതമ്യേന അദ്വിതീയന്മാരാണ്; ചാക്കോ വിശേഷിച്ചും. ജീവിച്ചിരിക്കുന്ന ശ്രീമാന്മാർ മുണ്ടശ്ശേരി, ജോസഫ്, എടമരം സബാസ്റ്റ്യൻ, എന്നിങ്ങനെയുള്ളവരെ സംസ്കൃതം അറിവില്ലാത്തവരെന്ന് തള്ളിക്കളയാവുന്നവരുമല്ല. മലയാളഭാഷയിൽ എന്തെങ്കിലും കാര്യക്ഷമമായവിധം കൈകാര്യം ചെയ്യണമെങ്കിൽ സംസ്കൃതജ്ഞാനം കൂടിയേകഴിയൂയെന്നല്ലേ ഇപ്പോഴും പലരുടേയും അഭിപ്രായം?

ആധുനികകാലത്ത്, തകഴി, കേശവദേവ്, പൊറേറക്കാട് മുതൽക്ക് നോവൽ പ്രസ്ഥാനത്തിന് സാഹിത്യത്തിൽ മുഖ്യസ്ഥാനം ലഭിച്ചതോടെ, സംസ്കൃതം കുറെ കഷ്ടിയായാലും സാഹതീസേവനം അനുഷ്ഠിക്കാമെന്നായിട്ടുണ്ട്. കോവൂർ, കെ. സുരേന്ദ്രൻ, നാഗവള്ളി, കാരൂർ, ഉറൂബ്, ബഷീർ, പൊൻകുന്നം വർക്കി ആദിയായവർ സംസ്കൃതോപജീവികളല്ലെങ്കിലും മലയാളസാഹിത്യലോകത്തിൽ സഞ്ചരിക്കാവുന്നവരായിട്ടുണ്ട്. നാടകനിർമ്മാണത്തിലും ചെറുകഥകളെഴുതുന്നതിലും പൊൻകുന്നം

ഖക്കി മുതലായവർ ഹിന്ദുക്കളോടൊപ്പം മലയാളഭാഷയിൽ വല്ലതുമെഴുതാമെന്നുള്ളവരാണ്. പരേതനായ എം. പി. പോൾ, സി. ജെ. തോമാസ്സ് എന്നീ പേരുകൾ നോവൽ, ചെറുകഥാ പ്രസ്ഥാനങ്ങളായ ഗദ്യകാവ്യങ്ങളിൽ, നിലയും വിലയുമുള്ള നിരൂപണസാഹിത്യകാരന്മാരാണ്.

ഇതിൽനിന്നു് ഒരു കാര്യം വ്യക്തമാകാനുണ്ട്. സാഹിത്യം ജനകീയമായപ്പോൾ, നമ്പൂതിരിയും, നായരും മാത്രമല്ല, ഈഴവരും, നസ്രാണികളും, മുസ്ലീമുകളും സാഹിത്യത്തിൽ സഞ്ചരിക്കാവുന്നവരെന്നു് വന്നുകൂടിയിട്ടുണ്ട്. ഭൂതകാലത്തു് അഹിന്ദുക്കളെ അകററിനിർത്തിയതു് അക്കാലത്തെ സാഹിത്യകാരന്മാരുടെ നൈസർഗ്ഗികമായ മനോഭാവംകൊണ്ടായിരിക്കാം. എങ്കിലും പില്ക്കാലത്തു് അതു് കാമ്യമല്ലെന്നുവന്നിട്ടും വർഗ്ഗീയ മനോഭാവം ചിലർ പുലർത്തുന്നുണ്ടെങ്കിൽ തീർച്ചയായും ഇപ്പോൾ മനഃപൂർവ്വമായി ഊട്ടിവളർത്തുന്നതുകൊണ്ടാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. എല്ലാം വർഗ്ഗീയമയമായ കേരളത്തിൽ അതു് ഒട്ടും ആശാസ്യമല്ലെന്നുള്ള മനോഭാവമാണ് നാം വളർത്തേണ്ടതു്. ഇന്നും സാഹിത്യലോകത്തിൽ മതഭേദമോ, ജാതിഭേദമോ അരുതെന്നുള്ള മനോഭാവം ഓരോ സമുദായത്തിലേയും സാഹിത്യകാരന്മാർക്കു് തോന്നിത്തുടങ്ങിയിട്ടുണ്ടോ?

മലയാളസാഹിത്യത്തിൽ എന്നു് മുതൽക്കാണ് വർഗ്ഗീയ മനോഭാവം മനഃപൂർവ്വം പ്രകടമായതെന്നു് വിധിക്കാൻ വളരെ പ്രയാസമാണ്. പണ്ടു് മുതൽക്കേ സനാതനഹൈന്ദവമനോഭാവമുണ്ടായിരുന്നുവെങ്കിൽ അതു് പ്രാധാന്യേന നൈസർഗ്ഗികമായിരുന്നു. ഏതാനും ഉൽപതിഷ്ണുക്കളായ സാഹിത്യനേതാക്കന്മാർ, എ. ആർ.–നെപ്പോലെ ചില നല്ലകാൽവെപ്പുകൾ നടത്തിയതു് ശരിയാണ്. ശ്രീ കണ്ടത്തിൽ വർഗ്ഗീസ് (മാപ്പിള) കോട്ടയത്തു് ഭാഷാപോഷണി മാസിക നടത്തിയപ്പോൾ വർഗ്ഗീയ നിലവാരത്തിലാണെന്നു് ആരും ആക്ഷേപിക്കുമെന്നു് തോന്നുന്നില്ല.

കെ. സി. കേശവപ്പിള്ളയും കട്ടക്കയത്തിൽ ചെറിയാൻ (മാപ്പിള)യും ഭിന്നമതക്കാരായിരുന്നിട്ടും രണ്ടുപേരേയും താലോലിക്കാൻ വർഗ്ഗീസ് മാപ്പിള മടിച്ചിരുന്നില്ല.

സാഹിത്യലോകത്തിൽ വർഗ്ഗീയച്ചൊവവകളും ജാതിച്ചൊവയും (രണ്ടും ഈ ഗ്രന്ഥത്തിൽ ഒന്നുതന്നെ) കത്തുന്ന തിയ്യിൽ എണ്ണകോരിയൊഴിച്ചതു് കുമാരനാശാന്റെ കാവ്യങ്ങൾ പുറത്തുവന്നതോടെയാണെന്നു് പറഞ്ഞാൽ പലരും ചന്ദ്രഹാസമിളക്കിയേക്കാം. എന്നാലും വള്ളത്തോളും ഉള്ളൂരും മഹാകവികളായി പുകഴ്ത്തപ്പെട്ടപ്പോൾ ആശാനു്, സവർണ്ണഹിന്ദുക്കളുടെ രണ്ടു് സാഹിത്യസിംഹാസനങ്ങൾക്കൊപ്പം ഒരു സിംഹാസനം നൽകാമോ? ഈ കൃതിയിൽ മൂന്നുപേരും മഹാകവി സ്ഥാനത്തിന്നു് തുല്യാർഹന്മാരായിരുന്നു എന്ന പ്രശ്നമോ, അവരുടെ കാവ്യങ്ങളെ വിലയിരുത്തിയതിൽ തെററിപ്പോയെന്നോ, എന്നതല്ല പ്രമേയം. അക്കാര്യം തുലനം ചെയ്യാൻ ഇയ്യുള്ളവൻ ശക്തനുമല്ല. സാമൂഹ്യശാസ്ത്രത്തിന്റെ നിരീക്ഷണത്തിൽ കട്ടക്കയം യഥാർത്ഥത്തിൽ മഹാകവി ആണെങ്കിലും അല്ലെങ്കിലും 'ക്രൈസ്തവമലയാളകവി കാളിദാസൻ' എന്നു് വിളിച്ചപ്പോൾ വർഗ്ഗീയനിലയിലാണു് വിലയിരുത്താൻ ചിലർ മുതിർന്നതെന്നു് സ്പഷ്ടം. അതുപോലെ ആശാന്റെ കാര്യത്തിലും ജാതിച്ചൊവ പൊന്തിവന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ വള്ളത്തോൾ ചില ഉപാധികളിൽനിന്നു നോക്കിയാൽ അഗ്രഗണ്യനാണു്. മററു ചിലതിൽനിന്നു ആശാനായിരിക്കും ഉൽകൃഷ്ടതമൻ. ഏതെങ്കിലും ഒരു സാഹിത്യവിമർശകൻ ഒരു സമുദായത്തിൽ ജനിക്കാതെയിരിപ്പാൻ നിവൃത്തിയില്ലല്ലോ. യഥാർത്ഥത്തിൽ വർഗ്ഗീയത കലരാതെ നിരൂപണം ചെയ്താലും അതുണ്ടാകാതെ സാധ്യമല്ലെന്നു് ഭിന്നസമുദായക്കാർ വിശ്വസിക്കും. അത്രയ്ക്കും വർഗ്ഗീയമായി ഭവിച്ചിട്ടുണ്ടു് സമസ്തവും കേരളക്കരയിൽ!

ഇതൊന്നും പച്ചഭാഷയിൽ പത്രമാസികകളിൽ പ്രകടമാകയില്ല. സ്വസമുദായക്കാരോടുമാത്രമേ കലവറകൂടാതെ തുറന്നു

പറയുകയുള്ളു. പത്രമാസികകൾ എല്ലാം തന്നെ വർഗ്ഗീയനാവുകളായതുകൊണ്ടു് ആ നിറം നോക്കിയാണു് നിരൂപണങ്ങൾ. പ്രത്യക്ഷത്തിൽ ഒന്നും വർഗ്ഗീയമാണെന്നുകാണുകയുമില്ല. ജാതിപ്പേരുകൾ ലേഖകന്റെ വർഗ്ഗത്തെ വെളിവാക്കുമായിരിക്കും. ന്യൂനതകളും കോട്ടങ്ങളും ഒട്ടും സ്പർശിക്കാത്ത സാഹിത്യപരമായ ഗദ്യവും പദ്യവും ചമച്ചിട്ടുള്ളതുകാണാൻ പ്രയാസമാണു്. ഏതു് ന്യൂനതയെങ്കിലും പൊക്കിപ്പിടിച്ചും ഊതിവീർപ്പിച്ചും കവിയെ വിമർശിച്ചാൽ, പൊതുജന ദൃഷ്ടിയിൽ ആ കവിക്കു വിലകുറഞ്ഞുപോകും. പക്ഷേ സ്വസമുദായക്കാർ വിടുമോ? അന്യസമുദായത്തിലെ മറെറാരു കവിയെ പിടികൂടി താരതമ്യ വിവേചനം നടത്തിയാൽ, പരസ്പരം ചളിവാരിയെറിയുക എന്നതാണു അവശേഷിക്കുന്നതു്.

മേൽക്കാണിച്ചതു സാമാന്യമായിക്കാണുന്ന ഒരു വർഗ്ഗീയ പ്രവണതയാണെന്നേ സാമൂഹ്യശാസ്ത്രജ്ഞനു് ചൂണ്ടിക്കാണിക്കേണ്ടതുള്ളു. ഗുരുലഘുത്വന്യായേന വർഗ്ഗീയത കുറവായ നിരൂപണങ്ങളും വായിക്കാനൊത്തുവെന്നുവരാം; അതിനും ചില പ്രത്യേക കാരണങ്ങൾ ഉണ്ടായിരിക്കും. 'മാതൃഭൂമി' കോഴിക്കോട്ടുനിന്നുമാത്രമുള്ള ഒരു പത്രം മാത്രമായിരുന്നുവല്ലോ. (ഇപ്പോഴാണല്ലോ എറണാകുളം പതിപ്പുണ്ടായതു്.) വള്ളത്തോൾ മഹാകവിയുടെ ചരമാനന്തരം ദിനപത്രത്തിൽ അനുശോചന ലേഖനങ്ങൾവന്നു. ഞായറാഴ്ചപ്പതിപ്പിലുമുണ്ടായി. ആഴ്ചപ്പതിപ്പിലെ ഒരു ലക്കം മുഴവൻ തന്നെ വള്ളത്തോൾ ലക്കമായി പ്രസിദ്ധീകരിച്ചു. ടാഗോറോളം വിശ്വവിഖ്യാതനല്ലെങ്കിലും അഖിലേന്ത്യാ കീർത്തിനേടിയ ഒരു കവിക്കു് അത്രത്തോളം പ്രാധാന്യം കൊടുത്തതു് സാധൂകരിക്കാം; അല്പം അധികപ്പററായിത്തന്നെയെന്നിരിക്കട്ടെ.

ഒരു കോൺഗ്രസ്സ് മുഖപത്രമായിട്ടാണു് വർഗ്ഗീയത മൂർദ്ധന്യത്തിലെത്തുന്നവരെ 'മാതൃഭൂമി'യെ പലരും വിലമതിച്ചിരുന്നതു്. വള്ളത്തോൾ നാരായണമേനോൻ ഒരു നായരല്ലേ? അതാണു് ഇ

ത്രയും പ്രാധാന്യവും പത്രമാസികയിൽ സ്ഥലവും കൊടുത്തതെന്നു അന്യസമുദായത്തിലെ ചിലർ പരാതിപ്പെട്ടതു് സാധുവായാലും അല്ലെങ്കിലും വർഗ്ഗീയമാണു്. വടക്കുള്ള നായർസമുദായനാവായി ഭവിച്ചിട്ടുണ്ടത്രെ ഇപ്പോഠം മാതൃഭൂമി! ഈ ഗ്രന്ഥകാരൻ ഇത്രയും രേഖപ്പെടുത്തുന്നതു് വർഗ്ഗീയതയുടെ വായുവാണു് നാം കേരളത്തിൽ ശ്വസിക്കുന്നതെന്നു് തെളിവാക്കാനാണു്. പള്ളത്തു് രാമൻ എന്ന ഈഴവകവിക്കു് ഒരു ഉപമുഖപ്രസംഗം മാത്രമേ കിട്ടിയതുള്ളൂ. ക്രിസ്ത്യാനിയും അക്കാദമി സമ്മാനാർഹനായി, * സംസ്കൃതത്തിലും മലയാളത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യം സമ്പാദിച്ചവനും സാഹിത്യകാരനുമായ ഐ. സി. ചാക്കോവിനും മാതൃഭൂമി ദിനപത്രത്തിൽ ഒരു സബ്‌ലീഡർ മാത്രമേ നൽകിയുള്ളുവത്രെ! ഇത്തരത്തിലാണ് ആക്ഷേപം കേരളത്തിൽ ഇന്നും. വർഗ്ഗീയ ചലനം ഇവ്വണ്ണമായതു് ശോചനീയം തന്നെ! ഈ പത്രപ്രസിദ്ധീകരണപ്രശ്നത്തിൽ കാണായ ന്യായാന്യായങ്ങളും ഔചിത്യബോധവുമല്ല എൻെറ പരാമർശം. വർഗ്ഗീയപ്രശ്നം എങ്ങിനെ വിഷംകലത്തുന്നുവെന്നതാണു് ശ്രദ്ധേയം.

കേരളക്കരയിൽ ഇയ്യിടെ നടന്നതോ? 'ജ്ഞാനപീഠം' വക ഒരു ലക്ഷത്തിലധികം രൂപയുടെ സമ്മാനദാനം പരോക്ഷമായിട്ടെങ്കിലും വർഗ്ഗീയച്ചൊവ പ്രകടമാക്കിയതായി പലക്കും തോന്നിയതു് കമ്യൂണലിസ്സത്തിൻെറ ലക്ഷ്യമാണു്. മലയാളത്തിലെ ഒരു കവിയായ ശ്രീ. ജി. ശങ്കരക്കുറുപ്പു് ഒരു മഹാകവിയാണോ അല്ലയോ എന്നതല്ല എൻെറ നോട്ടം. ലോകത്തിലെത്തന്നെ ഒരു മഹാകവിയെന്നു വിലമതിക്കപ്പെടുന്നതു എല്ലാ മലയാളികഠംക്കും

---

* ദിവാൻ രാഘവയ്യയുടെ ഭരണകാലത്തു് തിരുവനന്തപുരം മഹാരാജാസ് കോളേജിൽ സംസ്കൃതപ്രൊഫസ്സരുടെ സ്ഥാനം ലഭിക്കാൻ ഐ. സി. ചാക്കോ ശ്രമിച്ചുവത്രെ. വേദഭാഷയിൽ ഒരു അഹിന്ദുവിനു ആ സ്ഥാനം നൽകരുതെന്നു അന്നത്തെ 'സനാതനദിവ്യന്മാർ' ശഠിച്ചതായും കേഠംവിയുണ്ടു്.

KOTTAYAM PUBLIC LIBRARY KOTTAYAM.

അഭിമാനകരമാണ്, സമുദായം ഏതായിക്കൊള്ളട്ടെ. എന്നാലും ഈ വിഷയം ഒരു വർഗ്ഗീയപ്രശ്നമായി മാറിയില്ലേയെന്നും, അ വ്വിധം മാററാൻ സാമുദായികവാദികളായ 'ജി'യുടെ സമുദായക്കാ രും എതിർകക്ഷികളായ ചില ഭിന്നസാമുദായികവാദികളും അടി പ്പണിയും മററം നടത്തിയതു് കേരളീയൎക്കു് ഒട്ടാകെ അഭിമാന കരമല്ല. ഇത്രമാത്രമേ കേരളത്തിലെ ഒരു പൗരൻ ഇക്കാൎയ്യത്തിൽ മനസ്സിലാക്കേണ്ടതുള്ളു. സാഹിത്യമേഖലയിൽനിന്നു വേറേയും ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാനുണ്ടായിരിക്കും. കമ്യൂണലിസ്സമുണ്ടെന്നു അനുമാനിക്കാൻ ഇത്രയുംമതി.

## സംഗീതാദികലകൾ.

കലകൾ മിക്കവാറും സാംസ്കാരികാസ്പദമാണല്ലോ. ശുദ്ധ സംഗീതം ഇന്ത്യയിലും കേരളത്തിലും ഇന്നേവരെ ഭക്തിപ്രധാന മാണെന്നു പറയുമ്പോൾ മതനിഷ്ഠമാണെന്നു വിശേഷിച്ചു പറ യേണ്ടതില്ലല്ലോ. പാശ്ചാത്യരാജ്യങ്ങളിൽ ഈ പ്രവണതയ്ക്കു പണ്ടേ മാററം സംഭവിച്ചു. ബിത്തോവൻ, മോസാർട്ടു് എന്നീ പ്രമാണികളുടെ സംഗീതപ്രസ്ഥാനം കേവലം ഭക്തിപരം മാത്ര മല്ല. ഗ്രെഗോറിയൻഗീത കത്തോലിക്കാസഭയിൽ ഒരു വലിയ പുരോഗമനമാണ്. തുല്യമായ സംഗീതാഭിവൃദ്ധി ലത്തീനല്ലാ ത്ത സുറിയാനി ഗ്രീക്ക്റീത്തുകളിലുണ്ടായിട്ടില്ല. ഉത്തരഭാരത ത്തിൽ കബീറായാലും, തെന്നിന്ത്യയിൽ ത്യാഗരാജനായാലും സ്വാതിത്തിരുനാളായാലും മുഖ്യമായി മതബന്ധവും ഹൈന്ദവ ഭക്തിപരവുമാണ് അവരുടെ സംഗീതകൃതികൾ.

കേരളീയരിൽ സുകുമാരകലയിൽ തമിഴ്ബ്രാഹ്മണരാ ണ് (പട്ടന്മാരാണ്) സംഗീതം മിക്കവാറും കലാത്മകമായ ഒരു ഹോബ്ബി-വിനോദപഠനം-മാത്രമല്ല, നിത്യതൊഴിലായും മറെറാന്നും അഭ്യസിക്കാതേയും ഏറെക്കുറെ ഇന്നും ഉപജീവനമാ ൎഗ്ഗമായി സ്വീകരിക്കുന്നതു്. ഇന്നു് നായർ, ഈഴവർ, ക്രിസ്ത്യാ

നി, മുസ്ലീം സമുദായങ്ങളിൽനിന്നു് ഭാഗവതന്മാരെ കാണാമെങ്കിലും, പരദേശ ബ്രാഹ്മണരാണു് ആ തൊഴിലിൽ ഭൂരിപക്ഷവും ഗായകന്മാർ. * സ്വാതിത്തിരുനാറം മലയാളികളിൽ പ്രസിദ്ധനായ ഒരു സംഗീതജ്ഞനാണെന്നുള്ളതു അഭിമാനാർഹം തന്നെ. എന്നാലും മലയാളികറം സാംസ്കാരികമായ സംഗീതമണ്ഡലത്തിൽ കർണ്ണാടകക്കാർ, തമിഴർ, തെലുങ്കർ എന്നിവരോളം മുൻപന്തിയിലായിട്ടുണ്ടോ?

സാഹിത്യം ജനകീയമായപോലെ സംഗീതവും ജനകീയമായിവരുന്നുണ്ടു്. ഭൗതികസംഗീതം എന്നിട്ടും പടിഞ്ഞാറൻ രാജ്യങ്ങളിലെപോലെ അഭിവൃദ്ധിപ്രാപിച്ചിട്ടില്ല. സിനിമാപാട്ടുകളിൽ മതബദ്ധമല്ലാത്തതു് ഏറെക്കുറെ ആരബ്ധമായിട്ടുണ്ടു്. ശാസ്ത്രീയസംഗീതം—ക്ലാസ്സിക്കൽസംഗീതം—ഇന്നും വർഗ്ഗീയമായിട്ടാണു്, വിശേഷിച്ചു് തെന്നിന്ത്യയിൽ നിലകൊള്ളുന്നതു്. എന്നുവെച്ചാൽ സനാതനഹിന്ദുമയമാണെന്നർത്ഥം. ഈഴവരുടെയിടയിൽ സാഹിത്യം പണ്ടെല്ലാം വിരളമായിരുന്നതുപോലെ, സംഗീതകലയും കുറവായിരുന്നു. സംഗീതകല മിക്കവാറും എല്ലാ രാജ്യങ്ങളിലും ഉയർന്നക്ലാസ്സുകാരാണു് വ്യാപരിക്കാറു്. അതിൽ വ്യത്യാസമൊന്നും ശാസ്ത്രസംഗീതത്തിൽ കേരളത്തിലുമില്ല. ക്രിസ്ത്യാനികളുടെ സംഗീതം മതബദ്ധമായതിനാൽ സുറിയാനിയിലും ലത്തീനിലുമാണു്. രണ്ടിലും പുരോഹിതരല്ലാതെ അവൈദികർ വളരെ കുറവാണു്. ശാസ്ത്രീയസംഗീതം രണ്ടുകൂട്ടരിലും കുറവാണെന്നാണു് എൻെറ അഭിപ്രായം. മുസ്ലീമുകറംക്കു് ഖുറാൻ വിട്ടുള്ളതും കഷ്ടിയാണു്. ഒരു സമുദായത്തിൽനിന്നും ശാസ്ത്രീയസംഗീതത്തിൽ ബിത്തോവൻേറയോ മോസാർട്ടിൻേറയും അടുത്തുനില്ക്കാവുന്നവർപോലും

* ഇന്ത്യയിൽ (കേരളത്തിലും അതുപോലെത്തന്നെ) ഈ വക വിഷയങ്ങളിൽ വസ്തുവിവരക്കണക്കുകറം താരതമ്യേന യൂറോപ്പു്, അമേരിക്ക എന്നീ രാജ്യങ്ങളിലെപ്പോലെ ലഭ്യമല്ല; വളരെ വിരളമാണു്.

മുണ്ടായിട്ടില്ല. ഉത്തരേന്ത്യയിലെ ടാൻസൻ ആദിയായവരെപ്പോലെയെങ്കിലും ഒരാഠം കേരളത്തിലുള്ളതായി സ്വാതിത്തമ്പുരാൻ വിട്ടാലില്ലെന്നു് പറയാം.

ലളിതഗാനങ്ങഠം എല്ലാ സമുദായക്കാരിലും നാടോടി പാട്ടുകളെന്ന നിലവാരത്തിൽ അല്പമുയൎന്നനിലയിലുമുണ്ടു്. കഥകളിപ്രസ്ഥാനം നല്ലൊരു ലളിതകലയാണു്. പക്ഷേ അതു് മതാത്മകമായിട്ടാണു് വളൎന്നുവന്നതു്. ക്ഷേത്രങ്ങളോടു് ബന്ധപ്പെട്ടതാകയാൽ, കഥകളി മാത്രമല്ല, ആട്ടക്കഥയും, ചാക്യാർകൂത്തും മററും മററും എല്ലാം പുരാണേതിഹാസപ്രധാനങ്ങളായിട്ടാണു്, വളൎന്നതും പ്രചരിച്ചതും. നാടകങ്ങളും അടുത്തകാലംവരെ അതേരീതിയിലാണു് ചലിച്ചതു്. കഥകളിയിൽ നമ്പൂരിമുതൽ നായർവരെയല്ലാതെ രചനയും അഭിനയവും നടത്തുന്ന നസ്രാണികളേയും ഈഴവരേയും, മുസ്ലീമുകളേയും കണ്ടുവരുണ്ടോ? യൂറോപ്യന്മാരെപ്പോലെ ചില വിദേശിയർ ഒന്നോ രണ്ടോ കഥകളി പഠിക്കാൻ (വള്ളത്തോളിൻെറ) കലാമന്ദിരത്തിലെത്തിയിരിക്കാം. ചുരുക്കത്തിൽ, സവൎണ്ണഹിന്ദുക്കളാണു് കഥകളി മുതലായ കലയെ ഇന്നും പുലർത്തിപ്പോററുന്നവർ.

ചാക്യാർകൂത്തിലുള്ള മത്സരംകൊണ്ടാണല്ലോ, തുള്ളൽപ്രസ്ഥാനം കുഞ്ചൻനമ്പ്യാർ സൃഷ്ടിച്ചതു്. അതു് സാഹിത്യവും നടനവും നേരിയ മട്ടിൽ സംഗീതവും കലൎന്നൊരു സരണിയാണു്. ഇതിഹാസവിഷയങ്ങളിലെങ്കിലും കുഞ്ചൻനമ്പ്യാരാണു് ഭൗതികമായിട്ടു് തത്കാലത്തെ സാമുദായികദൃശ്യങ്ങഠം പ്രദൎശിപ്പിച്ചതു്. സാമൂഹ്യാചാരോപചാരങ്ങളും വർഗ്ഗീയപ്രവണതകളും കൎശനമായി വിമൎശിക്കാൻ കുഞ്ചനാണു് മലയാളസാഹിത്യത്തിലുണ്ടായ ഉപജ്ഞാതാവും, കീർത്തിയുള്ളവനും. അത്തരം ഖണ്ഡനാപരമായ വിമൎശം സമകാലികപ്രാധാന്യം മാത്രമുള്ളതാണെന്നതു് ശരിയാണെങ്കിലും സാമൂഹ്യശാസ്ത്രദൃഷ്ട്യാ, ആവശ്യമായിരുന്നുവെന്നു് സമ്മതിച്ചേ കഴിയൂ.

'എലി, പന്നി, പെരുച്ചാഴി, പട്ടരും, വാനരൻ തഥാ ഇവരെവരുമില്ലെങ്കിൽ മലയാളം മനോഹരം' എന്നതിൽ ഹാസ്യപരമായി അക്കാലത്തു് 'പട്ടർ' നിരൂപണവിഷയമാക്കിയതു് വർഗ്ഗീയമായി, പട്ടന്മാർ കരുതുകയില്ലേ? നായർ സമുദായം 'വാരിയംമുതൽ ചാലിയംവരെ' എന്നാണെങ്കിൽ നമ്പ്യാർ നായരേയും വിട്ടുകളഞ്ഞിട്ടില്ല.* പാത്രചരിതത്തിൽ,

"കൊണ്ടുവാ പപ്പടമെന്നൊരു വിപ്രൻ
കൊണ്ടുവാ പഴമെന്നങ്ങൊരു വിപ്രൻ
കോരിക കൊണ്ടുടനട മധുരക്കറി
കോരിവിളമ്പണമെന്നൊരു വിപ്രൻ"

എന്നിത്യാദി നോക്കുക. സദ്യയിൽ മൂക്കററം സാപ്പിട്ടു് അർശസ്സ് പിടിപ്പെട്ടുവെന്നുകൂടി നമ്പ്യാർ വിശദമാക്കി. സരസമായിട്ടു് മാത്രമല്ലാ അഷ്ടാംഗഹൃദയ ചികിത്സപ്രകാരം,

"വെരുകിൻകടയും ചെറുകടലാടിയു–
മയ്മോദകവും കൂട്ടിയരച്ചൊരു
മുക്കിടിവെച്ചുതരേണമിനിക്കരി–
ശസ്സ് ശമിപ്പാനെന്നൊരു വിപ്രൻ"

നായരെപ്പററി:—

"നായർ വിശന്നുവലഞ്ഞുവരുമ്പോഠം
കായക്കഞ്ഞിക്കരിയിട്ടില്ല.
ആയതുകേട്ടു കലമ്പിച്ചെന്നവ–
നായുധമങ്ങു കാട്ടിലെറിഞ്ഞു........"

---

* കുഞ്ചൻെറ തുള്ളലുകഠം വർഗ്ഗീയതയെ വിമർശിച്ചെഴുതിയതു് ഏതെങ്കിലും വ്യുൽപത്തിയുള്ള സാഹിത്യകാരൻ ഗവേഷണം നടത്തുന്നതു് നല്ലതല്ല. ഇതുള്ളവനു് അതു് ശക്യമല്ല.

മാത്രമോ?

കെട്ടിയപെണ്ണിനെ മടികൂടാതെ
കിട്ടിയവടികൊണ്ടൊന്നുകിടച്ചാൻ"

എന്നിട്ടും:—

"അരിശം പോറാഞ്ഞിട്ടവന-
പ്പുരയുടെ ചുററം മണ്ടിനടന്നാൻ"

കുഞ്ചൻെറ തുള്ളലിൽ പട്ടരുടെ മാത്രമല്ല നായരുടേയും ചിത്രീകരണമുണ്ട്. തന്മൂലം കുഞ്ചൻനമ്പ്യാർ ഒരു തനി വർഗ്ഗീയവാദിയല്ലാത്ത സാഹിത്യകാരനായി എണ്ണിക്കൂടേ? നമ്പ്യാരുടെ തുള്ളൽകൃതികളിൽ 'നസ്രാണിമാപ്പിള'യേയും 'ജോനകമാപ്പിള'യേയും പിടികൂടിയിട്ടുണ്ടോയെന്നു് എനിക്കറിയില്ല. * അതുംകൂടിയുണ്ടെങ്കിൽ കുഞ്ചൻനമ്പ്യാർ കാലത്തിനുമുമ്പു് ജനിച്ച ഒരു പുരോഗാമിയാണ്. കമ്മ്യൂനലിസ്സം എന്ന സുഖക്കേടിനു നല്ലൊരു മരുന്നു് സരസഫലിതക്കാരനായ ഒരു പുതിയ കുഞ്ചൻ ജനിച്ച്, ഇന്നു് കേരളത്തിൽ നടമാടുന്ന വർഗ്ഗീയതയും അതിൻെറ മൂർത്തീകരണമായ 'മറിപ്പൻ രാഷ്ട്രീയവും' വിഷയമാക്കി ഒരു തുള്ളൽകഥ രചിച്ചാൽ മികച്ചൊരു സാമൂഹ്യസേവനമായിരിക്കും. സാമുദായികവാദിയായി മാറാതെ വിവരിക്കാൻ കേരളത്തിൽ പ്രത്യേകം സൂക്ഷിക്കണേ!

പുലയ—ചെറുമർ ചെറുസമുദായങ്ങളുടെ കൃഷിപ്പാട്ടുകളും, ഈഴവർവരെയുള്ളവരുടെ ചക്രംചവിട്ടുപാട്ടു് തുടങ്ങി തേക്കപാട്ടുവരേയുള്ളതുമായ തൊഴിൽപ്പാട്ടുകളും സാഹിത്യപരവും സംഗീതാത്മകവും കലാത്മകവുമാണെന്നു്, ഇക്കാലത്തു് അംഗീകരിക്കപ്പെട്ടുവരുന്നതു് ആശ്വാസകരംതന്നെ. മാപ്പിള (മുഹമ്മദീയ)

---

* ഇതെഴുതുന്നാൾക്കു് നമ്പ്യാരുടെ 72-ാം. മററാ തുള്ളലുകളും വായിച്ചു വർഗ്ഗീയതയുണ്ടോയെന്നു് നോക്കാൻ സൗകര്യവും ശക്തിയുമില്ലെന്നു് സമ്മതിക്കുന്നു.

പ്പാട്ടുകളും നസ്രാണികളുടെ 'മാർഗ്ഗംകളി'പ്പാട്ടും മററും വർഗ്ഗീയ നാടകങ്ങളിലും, വർഗ്ഗീയമല്ലാത്ത സിനിമാ കഥകളിലും സംഗീതകലാംശം അല്പമേയുള്ളുവെന്നു് ബുദ്ധിജീവികൾക്കു് ഖേദമുണ്ടായിരിക്കാം. അവരും ഇവയെല്ലാം കേട്ടു് രസിക്കുന്നതു് നല്ലൊരു കാര്യമാണു്. ക്രിസ്ത്യാനികളുടെ പഴയ 'ചവിട്ടുനാടക'ങ്ങളായ അല്ലേശ്രുനാടകവും 'കാറൽമാൻ എമ്പ്രദോരുടെ' ചരിത്രനാടകവും അല്പമെങ്കിലും കലാപരമെന്നു് തോന്നിത്തുടങ്ങിയതും ശുഭകരമാണു്. പക്ഷേ ഇതെല്ലാം ഭാവിയിലും വർഗ്ഗീയമയമാക്കിച്ചമക്കാതിരുന്നാൽ കൊള്ളാം.

ചിത്രമെഴുത്തിൽ കേരളീയർ വർഗ്ഗീയത പ്രകടമാക്കുന്നുണ്ടോ? രവിവർമ്മയുടെ ചിത്രംവരകൾ ഹിന്ദുമതബദ്ധമാണെന്നുള്ളതു്, സാമാന്യേന സമ്മതിക്കാം. വിട്ടു് ചിലതുണ്ടെങ്കിൽ അവയും പുരാണകഥകളെ ആസ്പദമാക്കിയവയാണു്. ശകുന്തളയുടെ ആശ്രമജീവിതചിത്രങ്ങൾ ഉദാഹരണം. രവിവർമ്മകഴിഞ്ഞാൽ അഖിലേന്ത്യാകീർത്തി സമ്പാദിച്ച കേരളീയ ചിത്രകലാകാരന്മാർ വല്ലവരുമുണ്ടോ? ബങ്കാളി ചിത്രമെഴുത്തു് ഒരു പ്രസ്ഥാനമായതുപോലെ, രവിവർമ്മപ്രസ്ഥാനത്തിനും പ്രചാരം പൂർവ്വത്തെപ്പോലെയില്ലാതായിവരുന്നു. ഇന്ത്യയിൽ മറാട്ടികളും, ബങ്കാളികളും, പാർസികളും ആഗോളപ്രദർശനങ്ങൾക്കു് വിദേശങ്ങളിൽ പലേടങ്ങളിലും ഗണ്യമായ സ്ഥാനം സമ്പാദിക്കുന്നുണ്ടു്. മലയാളികൾക്കില്ല. ചിത്രകലയിൽ, ഒരു സമുദായത്തിലും ആരേയും (രവിവർമ്മയൊഴിച്ചു്) പേർ ചൂണ്ടിക്കാണിക്കാനുണ്ടോ? ഉള്ളതു് ഹിന്ദുമയമായ രവിവർമ്മയുടേതുമാത്രം. ചിത്രകലയും ഭൗതികമായിവന്നാലെ വർഗ്ഗീയതയില്ലാതാകാൻ സാദ്ധ്യതയുള്ളു.

ചിത്രംവരയിൽ കേരളീയക്കു് വലിയ സ്ഥാനമില്ലെങ്കിലും ഹാസ്യചിത്രരചനയിൽ മലയാളികൾ മുൻപന്തിയിലാണു്. 'ശങ്കർ' ലോകപ്രസിദ്ധനായ ഒരു കാർട്ടൂണിസ്റ്റായി ഗണിക്ക

പ്പെടുന്നു. കുട്ടിയുടേയും, രവിവർമ്മയുടേയും, സാമുവേലിൻെറ യും വാസുവിൻേറയും ഹാസ്യചിത്രങ്ങൾ ഇന്ത്യയിൽ മുഴുവനും പ്രചരിക്കുന്നുണ്ട്. അവരിൽ എല്ലാ സമുദായക്കാരുമുണ്ടുതാനും. കേരളത്തിൽ നോക്കിയാൽ എത്ര ഹാസ്യമാസികകളാണ് കാണുക! വർഗ്ഗീയത അവയിലുണ്ടെങ്കിലും കാലികപ്രശ്നങ്ങൾ കാർട്ടൂണുകളിൽ വരുന്നതിൽ എല്ലാ സമുദായക്കാരുടേയും ആംക്കാരുണ്ട്. വർഗ്ഗീയതയെത്തന്നെ 'കളിയാക്കുന്ന ചിത്രങ്ങളും ചിലപ്പോൾ പുറത്താകുന്നുണ്ട്. കാർട്ടൂൺ വരക്കുന്ന കലയിൽ കേരളീയരിൽ എല്ലാ പ്രധാന സമുദായക്കാരുമുള്ളതുകൊണ്ട് ഒരു സമുദായത്തിനും അന്യസമുദായക്കാരെ 'കുതിരകയററം' നടത്താൻ പ്രയാസം.

## ആകാശവാണി — റേഡിയോ. *

കേരളത്തെ സംബന്ധിച്ച് മാത്രമേ ഈ ഗ്രന്ഥത്തിൽ പ്രതിപാദനമുള്ളവെന്നായാലും കമ്യൂനലിസത്തിൽ ഇന്ത്യ ഒട്ടുക്കുള്ളതു് കേരളത്തിനും ബാധകമാണ്. കേന്ദ്രത്തിൽ സാമാന്യമായി മതേതരത്വം, സെക്യൂലറിസം പുലത്താൻ ശ്രമമുണ്ടെന്നു് സമ്മതിച്ചാലും, അഹിന്ദുസമുദായങ്ങളായ മുസ്ലീമുകളും ക്രിസ്ത്യാനികളും, ആകാശവാണി പരിപാടികളിൽ സെക്യൂലറിസം ചിലപ്പോൾ കഷ്ടിയാണെന്നു് പറയുന്നു. മുന്നൊരദ്ധ്യായത്തിൽ സോംമൻ ആഷെന്ന ശാസ്ത്രജ്ഞൻെറ നിഗമനം ഉദ്ധരിച്ചതു് വായനക്കാർ ഓർമ്മിച്ചാൽ കൊള്ളാം. ന്യൂനപക്ഷക്കാർ പറയുന്നതു് അവരുടെ കാഴ്ചപ്പാടിൽനിന്നാണ്. ബഹുഭൂരിപക്ഷമായ ഹിന്ദുക്കൾ അതേവിഷയം നിരീക്ഷിക്കുന്നതു് സ്വകീയസ്ഥാനത്തുനിന്നായിരിക്കും. ഏതായാലും ന്യൂനപക്ഷമായ അഹിന്ദുക്കൾക്ക് കേവലം സെക്യൂലറാണ് എന്ന പ്രകാരത്തിലാ

---

* 'ആകാശവാണി'യെന്ന പരിഭാഷ ഹിന്ദിഭ്രമക്കാരിൽനിന്നുണ്ടായതാണെന്ന് തോന്നുന്നു 'റേഡിയോ തുറക്കൂ' എന്നല്ലാതെ 'ആകാശവാണി' തുറക്കാൻ പറയുന്നതു് കേട്ടിട്ടുണ്ടോ? ഹിന്ദിഭ്രമത്തിൻെറ ഒരു ഫലം നോക്കുക! 'കാറു്' എന്നതുപോലെ റേഡിയോ എന്നായിക്കൂടേ?

ക്കിയാൽ മാത്രം പോരാ. അപ്രകാരമാണെന്നു് അവക്കു് തോന്നിക്കുംവിധം പരിപാടികൾ സംവിധാനം ചെയ്യേണ്ടതാണു്.

കേരളത്തിലെ ആകാശവാണിയിൽ എങ്ങിനെയാണു് പ്രവത്തനം നടക്കുന്നതു്? സവണ്ണരും അവണ്ണരും ചേൻ ഹിന്ദുക്കൾ 175 ലക്ഷത്തിൽ 110_ഓളം വരുമല്ലോ. ബാക്കി 65 ലക്ഷക്കാർ ക്രിസ്ത്യാനികളും മുസ്‌ലീമുകളുമാണു്. എ. ഐ. ആറിൻെറ പരിപാടികൾ രണ്ടു് ദശാബ്ദത്തോളം വർഗ്ഗരഹിതമായ കാഴ്ചപ്പാടിൽനിന്നു് അപഗ്രഥിച്ചാൽ, ഡെൽഹിവാത്തകളും പ്രാദേശികവാത്തകളും, കാഷികരംഗവും ഒഴിവാക്കുക; ശേഷിച്ച പരിപാടികളിൽ 100_ക്കു് തൊണ്ണൂറും ഹൈന്ദവവിഷയങ്ങളാണു്. സുഭാഷിതമായാലും ലളിതഗാനമായാലും ചിത്രീകരണമായാലും പാട്ടുകച്ചേരിയായാലും,. ചെറുകഥാവിഷ്ടരണമായാലും — എന്തായാലും ഹൈന്ദവഭക്തിപ്രധാനങ്ങളായ വിഷയങ്ങൾക്കാണു് സമയം നീക്കിവെക്കുന്നതു്.

ഭൗതികസംഗീതവും സാഹിത്യവും ഇല്ലാത്തതുകൊണ്ടായിരിക്കണമല്ലോ, ഇപ്രകാരം സംഭവിക്കുന്നതു്. ഒററയ്ക്കും തെററയ്ക്കും സിനിമാപാട്ടുകളിൽ മാപ്പിളപ്പാട്ടുകൾ കേൾക്കാം; ചലച്ചിത്രഗാനപരിപാടിയിൽ, ക്രിസ്ത്യാനികളുടെ ഭക്തിഗാനങ്ങളും ദുർല്ലഭമായിവരുന്നുണ്ടു്. കഥകളിപദവും ആട്ടക്കഥകളും കലാപരമെന്നായിരുന്നിട്ടും ഹൈന്ദവ പുരാണേതിഹാസാസ്പദമാകയാൽ അഹിന്ദുക്കൾക്കു മതച്ഛായയുണ്ടെന്നു മറക്കാൻ സാദ്ധ്യമല്ലത്രെ. ഉച്ചക്കുള്ള ലളിതഗാന പരിപാടിയിൽ, അല്പസമയമേയുള്ളുവെങ്കിലും 'എവിടെപ്പോയി, എവിടെപ്പോയി എൻെറ കണ്ണാ' എന്നും 'ഗോകുലപാലാ ഗോപകുമാരാ ഗുരുവായൂരപ്പാ' ഇവയെപ്പററിയുള്ളതും കണ്ണാനന്ദമെങ്കിലും ശ്രീകൃഷ്ണൻ ഭഗവാനായതുകൊണ്ടു് അഹിന്ദുക്കൾക്കു് പത്ഥ്യം കുറവായിഭവിക്കുന്നു. ഈ വകയെല്ലാം സ്പർശിക്കുന്നതു കേരളത്തിൽ വർഗ്ഗീയമനോഭാവം ഊതിവളത്താൻ 'ആകാശവാണി'യും പരോക്ഷമായി പ്രവത്തിക്കുന്നുവെന്നു രേഖപ്പെടുത്താൻമാത്രം.

1500-ൽ ചില പാനം കൊല്ലമായിട്ടും ക്രിസ്ത്യാനികളായി ജീവിക്കുന്ന ഒരു സമുദായത്തിൻേറതെന്ന ഭാവേന കേരളത്തിലെ 'ആകാശവാണി'യിൽനിന്നു ബ്രിട്ടീഷുകാരുടെ കുഴലൂത്തുകാരായിവന്ന വിദേശമിഷ്യനറിമാർ പടച്ചുണ്ടാക്കിയ ഇംഗ്ലീഷ് പാട്ടുകളുടെ രീതിയിൽ, 'ദൈവത്തിൻെറ ഏകപുത്രൻ' എന്ന പാട്ടുകൾ കേട്ടാണ് ഭാരതീയമനഃപ്രകൃതിയുള്ള നസ്രാണികൾ തൃപ്തിപ്പെടേണ്ടതു്. പാശ്ചാത്യരുടെ സംഗീതവും ആസ്വദിക്കട്ടെ എന്നൊരു സമാധാനം എടുത്തു ചാട്ടിയേക്കാം. അതല്ലെങ്കിൽ നസ്രാണികളിൽനിന്നു നല്ലനല്ല സംഗീതജ്ഞന്മാർ ലഭിക്കുന്നില്ലയെന്നും എതിർവാദമുണ്ടായേക്കാം. തമിഴരുടെയിടയിൽ ക്രിസ്ത്യാനികളുടെ ഗീതങ്ങൾ നൂറുകൾക്ക് തൊണ്ണൂറ്റിയൊമ്പതും ഭാരതീയ സംഗീതധ്വനിയിലാണെന്നു പലർക്കുമറിവുണ്ടോ, ആവോ?

ഇവയെല്ലാം ചൂണ്ടിക്കാണിക്കുന്നതു മതേതരമെന്നുണ്ടെങ്കിലും ആകാശവാണിമാത്രമല്ല മററുള്ള സംസ്ഥാരംഗങ്ങളും കേരളത്തിൽ വർഗ്ഗീയമയമാണെന്നു വിശദമാക്കാനാണ്. പത്തുകൊല്ലക്കാലത്തിന്നിടയിൽ ക്രിസ്ത്യാനികൾക്കു തനിച്ചായി ഒരിക്കൽ മാത്രമേ സുറിയാനി പാട്ട്, സുറിയാനിയും മലയാളവും ചേർന്ന പാട്ട്, അതും ഒരു മണിക്കൂറിനിട്ട്, സമയത്തേക്കുമാത്രം 'ആകാശവാണി, തിരുവനന്തപുരം' സ്റ്റേഷനിൽനിന്നു നിർഗ്ഗമിച്ചിട്ടുള്ളുവെന്നു ഒരു സ്നേഹിതൻ ആവലാതി പറഞ്ഞതായി എനിക്കറിയാം. സ്നേഹിതൻെറ മനോഭാവം ക്രൈസ്തവവർഗ്ഗീയമെന്നതു ശരിതന്നെ. എന്നാലും സർക്കാർ നിലവാരത്തിൽ സെക്യുലറിസം പുലർത്താൻ ഉദ്ദേശം വെപ്പിലുണ്ടെങ്കിലും നടപ്പിൽ ശ്രമം വളരെ കുറവ്. പോരാ, ജാതീയതയും ആകാശവാണിയുടെ പരിപാടിയിൽ ചിലപ്പോൾ പ്രകടമാകുന്നുണ്ടത്രെ!

## സാംസ്കാരിക പ്രതിവിധികൾ

'സംഗീതമപിസാഹിത്യം' എന്നു് രണ്ടിലും നല്ല പിടിയുള്ളൊരു ബുദ്ധിശാലി പ്രതിപാദിക്കേണ്ടൊരു വിഷയമാണു പരി

ഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയെന്നതു്. ഇന്നേവരെ കേരളത്തിൽ, എന്തിനു്, ഇന്ത്യയിൽത്തന്നെ ഇതെല്ലാം ചുഴിഞ്ഞുനോക്കി, പ്രതിപാദിച്ചതായി എനിക്കറിവില്ല. അണ്ണാരക്കണ്ണൻ തന്നാലായവിധം ചിലതു നിർദ്ദേശിക്കാം. അതിനുമുമ്പായി രണ്ടുവാക്കു്: അരനൂററാണ്ടായി നെയ്യൊഴിച്ചു ആളിക്കത്തിച്ചിട്ടുള്ള വർഗ്ഗീയാഗ്നി, ആറിക്കെട്ടു ഭസ്മമാക്കി പെരിയാററിലും പമ്പയാററിലും ഭാരതപ്പുഴയിലും ഒഴുക്കിക്കളയണമെങ്കിൽ അര നൂററാണ്ടു കുറഞ്ഞ പക്ഷം വേണം. അത്രയ്ക്കും ദഹിക്കാത്ത തീയ്യാണു വർഗ്ഗീയത. ഒരുപമയായി, 'കയറു്വലി' എന്നതെടുക്കാം; 'ടഗ്ഗു് ഓഫു് വാർ', എന്നു ഇംഗ്ലീഷിൽ പറയുന്നതുതന്നെ. രണ്ടു സെററായി നിന്നാണല്ലോ കയറുവലി. ഓരോ ഭാഗത്തും ഓരോ ലീഡർ—നേതാവുണ്ടായിരിക്കും. കയറുവലിയിൽ ഒരററത്തു വർഗ്ഗീയത്വം എന്ന നേതാവു്; മറേറ അററത്തു വർഗ്ഗീയരാഹിത്യം. വർഗ്ഗീയനേതാവിൻെറ ഗ്രൂപ്പിൽ മതം, ജാതി, സാഹിത്യം, സംഗീതാദികലകൾ, വിദ്യാഭ്യാസാധിപത്യം, സാമ്പത്തികപ്രാബല്യം രാഷ്ട്രീയശക്തി എന്നിവകളാണു്. എതിർഭാഗത്തോ? ഉജ്ജ്വലമായ വർഗ്ഗീയരാഹിത്യം. മതേതരത്വം, ജാതിരാഹിത്യം, ജനകീയസാഹിത്യസംഗീതാദികലകൾ, സമത്വസാഹോദര്യം ദീനാനുകമ്പ, സമസൃഷ്ടിഭാവം, യഥാർത്ഥഡമോക്രസ്സി, വിശാലഹൃദയത്വം, വിട്ടുവീഴ്ച. വർഗ്ഗീയതയെ തോല്പിക്കാൻ, എതിർകക്ഷികൾ എല്ലാം ഒത്തൊരുമിച്ചു ആഞ്ഞുവലിക്കണം. സാഹിത്യസംഗീതകലകൾമാത്രം ആഞ്ഞുവലിച്ചാൽ പോരാ.

എന്നാലും സാഹിത്യകാരന്മാരായ ശക്തിമാന്മാർ മററുള്ളവക്കു ആഹ്വാനവും ആവേശവും നല്കിയാലേ മററുള്ളവർ ആഞ്ഞുവലിക്കയുള്ളു. അലങ്കാരം മാററിയാൽ ബുദ്ധിജീവികളായ സാഹിത്യകാരന്മാരും കലാകാരന്മാരും ഒന്നാമതായി മതബന്ധമല്ലാത്ത സാഹിത്യകൃതികൾ രചിക്കാനാണു് ശ്രമിക്കേണ്ടതു. നായരായാലും നസ്രാണിയായാലും മുസ്ലീമായാലും, ഓരോ മതക്കാ

ക്കും ആവശ്യത്തിലധികം മതാത്മകഗ്രന്ഥങ്ങളുണ്ടല്ലോ, കേരളത്തിലെന്നു ഞാൻ അഭിപ്രായപ്പെടുന്നതു ചിലർ ആക്ഷേപിച്ചേക്കാം. ഇന്നത്തെ കേരളീയ പരിതഃസ്ഥിതികളിൽ, സാഹിത്യകാരന്മാരിൽ ഹിന്ദുക്കൾ ഒരു കാൽ നൂററാണ്ടു കാലത്തേയ്ക്കു മതബദ്ധമായ വിഷയങ്ങൾ നിർത്തിവെച്ചാൽ നന്നായിരിക്കും. കവികൾ ഇക്കാര്യത്തിൽ വിശേഷിച്ചു ചങ്ങമ്പുഴയെ അനുകരിച്ചാൽ കൊള്ളാം. തീവ്രമതഭക്തന്മാരായ ഹിന്ദുകവികൾക്കു തുഞ്ചന്റേയും ചെറുശ്ശേരിയുടേയും കാര്യങ്ങളിൽനിന്നുമാത്രമേ ജീവനവും ആവേശവും പ്രചോദനവും ലഭിക്കുള്ളൂ എന്നായാലും, അന്യസമുദായക്കാർ കാവ്യം ആസ്വദിക്കണമെങ്കിൽ, അന്യമതങ്ങളിൽനിന്നും വിഷയങ്ങൾ സ്വീകരിക്കണം. 'മഗ്ദലനമറിയം' വള്ളത്തോൾ രചിച്ചില്ലെങ്കിൽ ക്രൈസ്തവരുടെ സമുദായമദ്ധ്യത്തിൽ ഇന്നുള്ളതിൽ പത്തിലൊരംശം വിലയോ നിലയോ വള്ളത്തോളിനു ഉണ്ടാകുമായിരുന്നുവോ?

ഇന്നാണെങ്കിൽ നമ്പൂരിയും നായരും ക്രൈസ്തവ മുസ്ലീം മതാത്മകസാഹിത്യംമാത്രം പെരുമാറിയാലും വിലപ്പോവുമെന്നു എനിക്കഭിപ്രായമില്ല. ആംഗലസാഹിത്യത്തിൽ മാത്രമല്ല, ഫ്രഞ്ച്, ജെർമ്മൻ എന്നിങ്ങനെയുള്ള പരിഷ്കൃതസാഹിത്യങ്ങളിൽ മതപരമായ നല്ല കാവ്യങ്ങൾ മിൽട്ടന്റെ 'പറുദീസാനഷ്ട'ത്തിനുശേഷമുണ്ടായിട്ടില്ലെന്നായിട്ടുണ്ട്. അഹിന്ദുക്കളായ ക്രൈസ്തവ മുഹമ്മദീയ ബുദ്ധിജീവികൾ, മലയാളഭാഷാദ്ധ്യാപകരുടെ ജോലിക്കുമാത്രമല്ലാതെ നല്ല നല്ല സാഹിത്യകൃതിയെന്ന നിലയിൽ തുഞ്ചന്റേയും മററും കാവ്യങ്ങൾ വായിച്ചു രസിക്കേണ്ടതാണ്. മലയാളത്തിൽ തനി ക്രൈസ്തവമുഹമ്മദീയാശയങ്ങളെമാത്രം ഉപജീവിച്ചു, കവിഞ്ഞ കവിതാവാസനയില്ലാത്തവരും ഭാഷാപരിചയമില്ലാത്തവരും എത്ര ക്ലേശിച്ചാലും തുഞ്ചന്റേയും മററും ഒപ്പമെത്താൻ സാധ്യമല്ല. സമയം വ്യയംചെയ്യുന്നതു വ്യർത്ഥവുമാണ്, നഷ്ടവുമാണ്.

ചരിത്രവശാൽ, മലയാളസാഹിത്യത്തിൽ നല്ല നല്ല കാവ്യങ്ങൾ ഹൈന്ദവച്ഛായയിലായിപ്പോയി. ഇന്നത്തെ സ്ഥിതിയിൽ പാശ്ചാത്യർ ഹോമറിന്റേയും വെർജിലിന്റേയും മററും സാഹിത്യസൃഷ്ടികൾ ഐതിഹാസിക കാവ്യങ്ങളായി വിലമതിക്കുന്ന മനോഭാവമാണു അഹിന്ദുക്കൾ പുലർത്തേണ്ടതു്. പണ്ടത്തെ അഹിന്ദു വിരുദ്ധമനഃപ്രകൃതി ഉപേക്ഷിക്കണമെന്നു സാരം അഹിന്ദുമതാത്മകപുരോഹിതരും പാഷണ്ഡമതമെന്ന വിരോധവും അവജ്ഞയും അവഹേളനവും ത്യജിക്കണം. ഹിന്ദുക്കൾക്കും, വിശേഷിച്ചു സനാതനസവർണ്ണരും 'മതതീവ്രത'യുണ്ടെങ്കിൽ, അതു കൊണ്ടു വർഗ്ഗീയത വർദ്ധിക്കയല്ലാതെ സാഹിത്യമൂല്യം നശിക്കുമെന്നും വിശ്വസിക്കരുതു്, പൗരസഞ്ചയത്തിൽ സവർണ്ണഹിന്ദുക്കൾമാത്രമല്ല, പകുതിയിലധികം ജനസംഖ്യയുള്ള അവർണ്ണരും അഹിന്ദുക്കളും കേരളത്തിലുണ്ടെന്നു നല്ലവണ്ണം മനസ്സിലാക്കണം.

ഭാരതീയർക്കു് പാശ്ചാത്യർ വിലമതിക്കുന്ന ഗ്രീക്കു് ലത്തിൻ ഭാഷകളെപ്പോലെയാണു് സംസ്കൃതവും, ഉത്തരേന്ത്യയിൽ മുസ്ലീമുകൾക്കും കുറെ ഹിന്ദുക്കൾക്കും പേഷ്യൻ ഭാഷയും. നിർഭാഗ്യവശാൽ, ഹിന്ദുമുസ്ലീം സംഘർഷണം പരമകാഷ്ഠയിലെത്തിയപ്പോൾ ഹിന്ദുക്കളിൽ സംസ്കൃതം മാത്രമേ ക്ലാസ്സിക്കൽ ഭാഷയായിട്ടുള്ളു എന്നു് മനഃപ്രകൃതിയായിട്ടുണ്ടു്. അതിരിക്കട്ടെ. ദാക്ഷിണാത്യന്മാരായ കേരളീയർക്കു് സംസ്കൃതം തന്നെയാണു് ക്ലാസ്സിക്കൽ ഭാഷ. അതു് വേദഭാഷമാത്രമാണെന്നു ഹിന്ദുക്കൾ ശഠിച്ചാൽ കേരളത്തിലെ അഹിന്ദുക്കളും ഏറെക്കുറെ ഈഴവരും സംസ്കൃതത്തെ താലോലിക്കയില്ല. അതില്ലെങ്കിൽ അഹിന്ദുക്കൾ സംസ്കൃതത്തിൽ തൽപരന്മാരായിത്തീരും. ചരിത്രപാരമ്പര്യംകൊണ്ടു് സംസ്കൃതോപജീവിയായിട്ടാണു് മലയാളസാഹിത്യം വളർന്നുവന്നിട്ടുള്ളതു്. സംസ്കൃതഭാഷ പരിചയമില്ലാത്തവർ, എത്രനല്ല മലയാളമെഴുതിയാലും സാമാന്യജനങ്ങൾക്കു് ഒററവായനയിൽ കാര്യം മനസ്സിലാക്കാവുന്ന ഭാഷയിലെഴുതിയാലും 'മലയാളം ഒരുവക' എന്നൊരു മനോഭാവമു

ണ്ടായിരുന്നു. ഇന്നും പലക്കുമുണ്ടത്രെ! ക്രിസ്ത്യാനി എഴുതിയാൽ 'പാതിരി മലയാള'മായിത്തീരുമത്രെ!

ചന്തുമേനവൻെറ കാലം മുതൽ നോവലെഴുത്തിൽ പലരും കൈവെക്കുന്നുണ്ട്. മലയാളത്തിൻെറ ഭാഗധേയംകൊണ്ട് 'രാമരാജ ബഹദൂർ' പാരമ്പര്യമില്ലാതായതു് നന്നായിട്ടുണ്ട്. ആ സരണിയിൽ ഉറൂബും തകഴിയും കേശവദേവും ബഷീറും മററും ചലിച്ചുകൊണ്ടിരിക്കുന്നതുകൊള്ളാം. എന്നിട്ടും ചില 'സംസ്കൃത'ക്കാർ പച്ചയായി പറഞ്ഞില്ലെങ്കിലും, ആർഷസാഹിത്യത്തിലേയ്ക്കും സംസ്കൃതാന്തരീക്ഷത്തിലേയ്ക്കും പിടിച്ചുവലിക്കാൻ ശ്രമമുണ്ട്. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല ഡോക്ടർ ജോൺസൺ 'ലത്തീൻ ഭാഷ' പ്രധാനമായിട്ടാണ് ഗദ്യമെഴുതിയതു്. ഭ്രമം അധികനാഠം നിലനിന്നില്ല. മലയാളത്തിലും ആ കമ്പം ഇല്ലാതാകുമെന്നു് ആശംസിക്കാം. എന്നാലും അഹിന്ദുക്കളിൽ ബുദ്ധിജീവികളായവർ കഴിയുമെങ്കിൽ സംസ്കൃതഭാഷാജ്ഞാനം സമ്പാദിക്കാൻ ശ്രമിക്കേണ്ടതാണ്. സംസ്കൃതമോ? അതിപ്പോഠം സാദ്ധ്യമാണോ? പണ്ടത്തേക്കാഠം പ്രയാസമായിട്ടുണ്ട്. വിദ്യാഭ്യാസം കേരളീയക്കു്, പട്ടിണിമൂത്ത കേരളത്തിൽ, ഉദരപൂരണത്തിന്നുള്ള ഏകമാർഗ്ഗമായി പരിണമിക്കുന്നു എങ്കിലും സാഹിത്യംകൊണ്ട് ജീവിതമത്സരം നടത്തുന്നവർ സംസ്കൃതം അഭ്യസിച്ചാൽ തെറെറാന്നുമില്ല.

സാഹിത്യം ജനകീയമാക്കുന്നതിൽ നോവലിസ്ററുകാർ ചിലതെല്ലാം ചെയ്തിട്ടുണ്ട്. എന്നാലും നാലു്സമുദായങ്ങളുടെ സങ്കരജീവിതത്തിലുള്ള പ്രതികരണങ്ങളേയും പ്രക്രിയകളേയും ചിത്രീകരിക്കുന്ന കഥകഠം വളരെ തുച്ഛമാണ്. തകഴിയുടെ ഏണിപ്പടിയിലും ദേവിൻെറ അയൽക്കാരിലും ക്രിസ്ത്യാനികളുടേയും, ഈഴവരുടേയും, നായന്മാരുടേയും സമുദായങ്ങളിൽനിന്നുള്ള പാത്രങ്ങളുണ്ട്. ശരിതന്നെ. പക്ഷെ വർഗ്ഗീയതയെ ലഘൂകരിക്കാവുന്നതായ പാത്രങ്ങളും രംഗങ്ങളും പ്രായേണ കുറവായിട്ടാണു്,

കാണുന്നതു്. നാലു് സമുദായക്കാരുടേയും തനി വർഗ്ഗീയ ജീവിതവശങ്ങൾ ചിത്രീകരിക്കുന്ന നോവലുകൾ നിഷിദ്ധമാണെന്നർത്ഥമാക്കരുതു്. കേരള ജനസമൂഹത്തിൻെറ നാലു് എണ്ണപ്പെട്ട സമുദായങ്ങളായതുകൊണ്ടു്, ബഷീറിൻെറയും, മുട്ടത്തു് വർക്കിയുടേയും, ഇ എം. കോവൂരിൻേറയും മററും മററും കേവല സാമുദായിക നോവലുകൾക്കു് സ്ഥാനമുണ്ടെന്നുള്ളതു് നിർവ്വിവാദമാണു്. പക്ഷെ അതോടൊപ്പം നാലു് സമുദായങ്ങളും മിശ്രമാക്കി, സങ്കരഘട്ടത്തിലെ പ്രക്രിയകളും പ്രതികരണങ്ങളും വിഷയമാക്കരുതോ?

KOTTAYAM PUBLIC LIBRARY KOTTAYAM

നാലു് സമുദായങ്ങളിലെ ആളുകളെ പാത്രങ്ങളാക്കാതിരുന്നും, ഏതെങ്കിലും സമുദായ ജീവിതവശങ്ങളെ കഥാവിഷയമാക്കാതെ എങ്ങനെ നോവലെഴുതാം? കഥാകാരൻ ഒരു സമുദായത്തിലല്ലാതെ ജനിക്കാൻ സാദ്ധ്യമല്ലല്ലൊ. അവർ സ്വസമുദായ ജീവിതസംഭവങ്ങളല്ലാതെ മറെറന്താണു് വിഷയമാക്കുക? സ്വാനുഭവസിദ്ധമല്ലാതെ എഴുതുന്നതിന്നു് ജീവിതമൂല്യങ്ങൾ എങ്ങനെ കൈവരും? മുണ്ടശ്ശേരിയുടെ മൂന്നു് നോവലുകളായ 'പ്രൊഫസറം,' 'കൊന്തയിൽനിന്നു് കുരിശിലേക്കു,' 'പാറപ്പുറത്തു് വിതച്ച വിത്തും' ക്രിസ്ത്യാനി ജീവിതപ്രധാനമല്ലേ? എല്ലാം ശരിതന്നെ. വർഗ്ഗീയത കുറക്കാനൊരു വഴിയില്ലേ? ജീവിതത്തിൻെറ കാഴ്ചപ്പാടൊന്നു് മാററിനോക്കുക.

എറണാകുളം മഹാരാജാസു് കോളേജു് പ്രിൻസിപ്പാളും പരേതനുമായ ശ്രീ. ശങ്കരൻനമ്പ്യാർ മലയാളത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യമുള്ള ഒരാളായിരുന്നുവല്ലോ. ഈ വർഗ്ഗീയപ്രശ്നത്തെപ്പററി ഞാനദ്ദേഹവുമായി ചിലപ്പോൾ സംസാരിക്കാനിടവന്നിട്ടുണ്ടു്. ഞങ്ങൾ രണ്ടാളും ഭിന്നസമുദായക്കാരായിരുന്നിട്ടും ഈ ഗ്രന്ഥത്തിലെ പ്രമേയം അദ്ദേഹം പൂർണ്ണമായിസ്വീകരിച്ചു. സ്വീകരിക്കാത്ത കേരളീയൻ അത്രമുരച്ച വർഗ്ഗീയവാദിയായിരിക്കണം. 'ഇതിനെന്താപരിഹാരമാർഗ്ഗം?' ഞാൻ മുൻപ്രസ്താവിച്ച നി

ദ്ദേശമാണു് അദ്ദേഹവുംകണ്ടതു്. നമ്മുടെ ആഖ്യായികാകാരന്മാരും മററു സാഹിത്യകാരന്മാരും ഭിന്നസമുദായങ്ങളിലെ സാമൂഹ്യവിരോധത്തിൻെറയും സമുദായമൈത്രിയുടേയും സങ്കരരംഗങ്ങൾ വിഷയമാക്കി നോവലുകൾ പലതും രചിക്കണം; കാര്യങ്ങൾ എഴുതണം; മുമ്പു് സൂചിപ്പിച്ചവിധം കുഞ്ചൻ നമ്പ്യാരെപ്പോലെ ഫലിതഹാസ്യരസംതുളുമ്പുന്ന തുള്ളലുകളുണ്ടാകണം. 'എനിക്കതിനു വാസനയില്ലല്ലോ' എന്നദ്ദേഹം ഖേദിച്ചു. വാസനയും കരുത്തുമുള്ളവർ ആ വഴിക്കു ശ്രമിക്കേണ്ടതു അത്യാവശ്യമാണെന്നാണു ഇതിലെ പ്രമേയം.

മിശ്രവിവാഹമുണ്ടായാൽ ഇതെല്ലാം കൈവരുമെന്നുള്ളതു് സാധുവാണു്. പക്ഷെ ഇന്നത്തെ പരിതഃസ്ഥിതിയിൽ, വിശേഷിച്ചു് കേരളസാംസ്കാരികകാലാവസ്ഥയിൽ വെറും ഒരു ആദൎശമല്ലാതെ മറെറാന്നുമല്ല ഈ പരിഹാരമാൎഗ്ഗം. സാമൂഹ്യശാസ്ത്രരീത്യാ പ്രവചിച്ചാൽ ഒന്നല്ല, അതിലധികം നൂററാണ്ടുകൾ കഴിഞ്ഞാലേ, അതെല്ലാം സംഭാവ്യമാകൂ. മതം വൈക്തികമാകുക; ജീവിതത്തിൽ മനുഷ്യർ എല്ലാം സമസൃഷ്ടികളാണെന്നു പ്രസംഗത്തിൽ മാത്രമല്ല, പ്രവൎത്തിയിലും സാൎത്ഥമാകുക; ഇതെല്ലാം എന്നാണു് പ്രായോഗികമാകുക? ഒരു കാര്യം നമുക്കേവൎക്കും ഇന്നുതന്നെ അനുവൎത്തിക്കാം. സാമൂഹ്യനിലയിൽ, രാഷ്ട്രീയം, സാമ്പത്തികം, സാഹിത്യം, സംഗീതം എന്നീ മേഖലകളിൽ വർഗ്ഗീയരഹിതമായി ജീവിക്കാം. എന്തുകൊണ്ടു് പാടില്ല?

സിനിമാസംവിധായകന്മാരും, നാടകകൃത്തുക്കളും സംഗീതജ്ഞമാരും. ലളിതകലാപ്രവൎത്തകരും, നാടകാഭിനയക്കാരും; അവൎക്കെല്ലാം കഥകൾ, ഗാനങ്ങൾ, നൃത്തരീതികൾ ആദിയായതെല്ലാം രചിച്ചുണ്ടാക്കുന്നവർ; വർഗ്ഗീയച്ചൊവ കലൎത്താത്തവിധം അവയെല്ലാം തയ്യാറാക്കുക. 'ആകാശവാണി'യധികൃതന്മാരും സ്വല്പം മനസ്സുവെച്ചു, ഭൗതികവിഷയങ്ങൾക്കും കുറെക്കൂടി സമയമനുവദിക്കുക. ഹൈന്ദവത്വം സൎവ്വപ്രധാനമാക്കാതെ പരി

പാടികഠം അവതരിപ്പിക്കുക. മാത്രമല്ല, സമുദായമൈത്രിയും എല്ലാ സമുദായങ്ങഠംക്കും നീതിയും അവകാശങ്ങളും പൊതുനിലവാരത്തിൽ തുല്യമാണെന്നു ബോധ്യമാക്കി അവ്വിധം ആകാശവാണിയിലെ പ്രോഗ്രാം ആവിഷ്കരിക്കുക. ഓരോ പരിപാടിയിലെ പ്രതികരണങ്ങളും എന്താണെന്നു ക്രാന്തദശികളായി നിരീക്ഷണം നടത്തണം. വർഗ്ഗീയതീവ്രവാദികഠം പ്രക്ഷോഭിച്ചാലും വകവെക്കാതെ മുന്നോട്ട് ഗമിക്കണം.

## അദ്ധ്യായം നാലു്.

# പത്രപ്രവർത്തനവും വിദ്യാഭ്യാസവും.

### വിദ്യാഭ്യാസവും വിദ്യാലയങ്ങളും.

മനുഷ്യക്കു് അറിവുണ്ടാക്കാനും സ്വഭാവം നന്നാക്കുവാനുമല്ലേ വിദ്യാഭ്യാസം? എങ്ങിനെയാണ് ഈ രണ്ടു് ലക്ഷ്യങ്ങളേയും കവച്ചുവെച്ച് വർഗ്ഗീയസ്പർദ്ധയും ജാതിക്കൂട്ടവും വിദ്യാഭ്യാസം മൂലം ഉളവാകുന്നതു്? ഉള്ളുകള്ളികൾ അറിയാത്ത വിദേശീയനിരീക്ഷകക്കു് ഇതൊരു കടങ്കഥയോ, വിരോധാഭാസമോ ആണു്. കേരളീയരിൽ ഈ നിഗമനം സ്വാഭാവികവും സംയുക്തികവുമല്ലേ എന്നു് കരുതുന്നവരായിരിക്കും 'കണ്ണുപൊട്ട'ന്മാരും 'മണ്ടശിരോമണി'കളും. വർഗ്ഗീയവാദികൾക്കു വർഗ്ഗരഹിതമാകുന്നതാണ് സ്വഭാവവിരോധം. കേരളത്തിലെ വിദ്യാഭ്യാസപദ്ധതികളും സമ്പ്രദായങ്ങളും കമ്യൂനിലസ്സമാണ് സൃഷ്ടിക്കാനും പോഷിപ്പിക്കാനും ഉപയോഗപ്പെടുന്നതെങ്കിൽ അവയിൽ ചില പന്തികേടുകളും കോട്ടങ്ങളുമുണ്ടായിരിക്കണം. കേരളത്തിലെ വിദ്യാഭ്യാസരീതിയിലും പദ്ധതികളിലും വർഗ്ഗീയമായതും അല്ലാത്തതുമായ പല പല ന്യൂനതകളും കോട്ടങ്ങളുമുണ്ടെന്നാണ് എൻെറ നോട്ടം. അവയിൽ ഇവിടെ വർഗ്ഗീയതയെപ്പററി മാത്രമേ പരാമർശിക്കുന്നുള്ളു.

കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായം സാമൂഹ്യശാസ്ത്രതത്വങ്ങളുടെ വെളിച്ചത്തിൽ എങ്ങിനെ മുളച്ചുവളന്നു്, ഇന്നത്തെ വർഗ്ഗീയവിദ്യാഭ്യാസം എന്ന നിലയിൽ വന്നുഭവിച്ചു എന്നതാണ് അറിയേണ്ടതു്. അപ്രകാരമായിത്തീർന്നതു ചരിത്രനിഷ്ഠമായിരിക്കാം ഇന്ത്യയിലെവിടേയും (ലോകത്തിൽത്തന്നെ) വിദ്യാഭ്യാസം പുരോഹിതവർഗ്ഗത്തിൻെറ കയ്യിലായിരുന്നുവല്ലോ. കേരളത്തിൽ നമ്പൂതിരിബ്രാഹ്മണരുടെയും ഏതാനും പട്ടന്മാരുടേയും

അധികാരത്തിലായിരുന്നു. സാഹിത്യത്തിൻെറ ഉത്പത്തിയും പരിണാമവും ഏതുപോലെയെങ്കിൽ അതുതന്നെയാണ് വിദ്യാഭ്യാസത്തിലും. സാമാന്യമായി ഇരുപതാം നൂററാണ്ടുവരെ. കേരളത്തിൽവിദേശിയരായ (പോർത്തുഗീസ്സ്) പറങ്കികളും (ഡച്ച്) ലന്തക്കാരും കൂടുതൽ ഇംഗ്ലീഷുകാരും ഭരണാധികാരികളായപ്പോഠം പാശ്ചാത്യരീതിയിൽ ഏറെക്കുറെ വിദ്യാലയങ്ങഠം ഏർപ്പെടുത്തി * ഒടുവിൽ ഇംഗ്ലീഷുകാരുടെ പിണിയാളുകളായി മിഷ്യനറിമാരും, അവരെ അനുകരിച്ചു അവരുടെ സഹായത്തോടുകൂടി അകത്തോലിക്കാക്രിസ്ത്യാനികളും പ്രൈമറി,സെക്കണ്ടറിസ്കൂളുകളും, കോളേജുകളും സ്ഥാപിച്ചു, കുറെ വൈകിയിട്ടാണെങ്കിലും കത്തോലിക്കരും കളരിയിൽ ചാടി.

ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായപ്പോഠം അതില്ലാതെ സക്കാരുദ്യോഗങ്ങളും എഞ്ചിനീയറിംഗ് മുതലായ ബുദ്ധിജീവികളുടെ തൊഴിലുകളും സാധ്യമല്ലാതെ വന്നപ്പോഠം, കത്തോലിക്കരായ ക്രിസ്ത്യാനികളും, വിദേശീയമതാദ്ധ്യക്ഷന്മാരുടെ ഇംഗ്ലീഷ് പഠിക്കരുതെന്നുള്ള വിലക്ക് വകവെക്കാതെ, പഠിക്കണമെന്നുവന്നുകൂടി. മാത്രമല്ല, സുറിയാനിക്കാർ മതാത്മകഭരണത്തിൽ ഒരു സ്വയംഭരണപ്രക്ഷോഭണവും ഊർജ്ജസ്വലമാക്കിയകാലത്ത് പിന്നിലായിരുന്ന കത്തോലിക്കർ സ്കൂളുകളും കോളേജുകളും ധാരാളം തുടങ്ങി. മററുള്ളവരെ കവച്ചുവെക്കാൻ തന്നെയായിശ്രമം. ഏതുവകക്കാരിൽനിന്നു 'പിടിയരി' കൂടി പിരിച്ചു കോളേജുകഠം പണിയിച്ചിട്ടുണ്ട്.

ബുദ്ധിജീവികളെ സ്വാധീനമാക്കാൻ ലോകം മുഴുവൻ വിദ്യാഭ്യാസം കയ്യടക്കി ഭരിക്കയെന്നതാണല്ലോ നയം. ആധുനികശാസ്ത്രങ്ങഠം, വിശേഷിച്ചു തൊഴിലുകഠംക്കുള്ള പഠനം, മുൻനിര

---

* വിദ്യാഭ്യാസം കേരളത്തിലെങ്ങിനെയെന്നുള്ളത് ഈ ഗ്രന്ഥകത്താവിൻെറ 'അമ്മമാക്ക്' ഒരു പുസ്തകത്തിൽ വിസ്തരിച്ചെഴുതിയിട്ടുണ്ട്.

ത്തി, മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ് മുതലായതു അധികച്ചിലവുള്ളതാകയാൽ, അവയിലേക്കു തയ്യാറാക്കിവിടുന്ന ഹൈസ്കൂളുകളും ആർട്ട്സ് കോളേജുകളുമാണു ആദ്യമാദ്യം കേരളീയ ക്രിസ്ത്യാനികൾ തുടങ്ങിയതു്. കൊച്ചി–തിരുവിതാംകൂർ ഗവണ്മെണ്ടുകളാകട്ടെ തലസ്ഥാനനഗരങ്ങളിലേ കോളേജുകൾ സ്ഥാപിച്ചുള്ളു. ചുരുക്കത്തിൽ തുടക്കത്തിൽ ക്രിസ്ത്യാനികളാണു വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ മുൻകയ്യെടുത്തവരും ഇന്നും മററുള്ള സമുദായങ്ങളെക്കാൾ എണ്ണം കൂടുതലുള്ളവരും. എന്നുവെച്ചാൽ വിദ്യാഭ്യാസം വർഗ്ഗീയമായി ഭവിച്ചുവെന്നു അതിൽനിന്നുതന്നെ അനുമാനിക്കാം.

നാടുവാഴികൾ ഹിന്ദുക്കളും അവരുടെ വക സക്കാർ കോളേജുകളുമുണ്ടായിരുന്നു. നാട്ടിൽ പലേടങ്ങളിലും ഗവണ്മേണ്ടുവക എലിമെണ്ടറി – സെക്കണ്ടറി ഹൈസ്കൂളുകൾ ഉള്ളതുകൊണ്ടു്, നായർ സമുദായത്തിനു, സാമുദായിക വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതു അനുപേക്ഷണീയമെന്നു അക്കാലത്തു തോന്നിയില്ല. അദ്ധ്യാപകവൃത്തിയും സക്കാരുദ്യോഗവും ലഭിക്കാൻ ക്രിസ്ത്യാനികൾ നിയന്ത്രിക്കുന്ന വിദ്യാലയങ്ങളിൽ ആക്കും പഠിക്കാമായിരുന്നു. ഉദ്യോഗം കിടക്കാൻ കൂടുതൽ സൗകര്യം നായക്കുണ്ടായിരുന്നു. ക്രിസ്ത്യാനികൾക്കു കൊച്ചി–തിരുവിതാംകൂറിൽ സക്കാരുദ്യോഗം ഉയന്നപടിയിൽ കിട്ടിയില്ലെങ്കിൽ മദിരാശി ഗവമ്മേണ്ടിൽ ബ്രിട്ടീഷ് ക്രിസ്ത്യാനികൾ നിശ്ചിതയോഗ്യതകളുള്ള മദിരാശിബ്രാഹ്മണക്കു മാത്രമല്ല, അബ്രാഹ്മണരായ നായക്കും ഈഴവനും കൊടുക്കുന്നതുപോലെ ക്രിസ്ത്യാനികൾക്കും നല്കി. ഒരുപക്ഷേ അകത്തോലിക്കാ ക്രിസ്ത്യാനികൾക്കു കൂടുതലായും.

വിദ്യാഭ്യാസ പ്രസ്ഥാനത്തിനു നാട്ടിലൊക്കെ പൊതുജനാഭിപ്രായം നയിക്കുന്നതിലും, നിയന്ത്രിക്കുന്നതിലും, കാതലായ പങ്കുണ്ടെന്നു വന്നപ്പോൾ, നായർ സമുദായവും, അതിൻെറ പിന്നാലെ ഈഴവസമുദായവും സ്കൂളുകളും കോളേജുകളും തുടങ്ങി.

സ്വയംഭരണഘടകങ്ങളായ നിയമസഭകളും മുനിസിപ്പൽ ഭരണവും, പഞ്ചായത്തു ഭരണവും എല്ലാം വർഗ്ഗീയമായി പരിണമിച്ചതിൽ വിദ്യാഭ്യാസത്തിനു വലിയ സ്വാധീനത ഉണ്ടായിരുന്നുവെന്നതിനു തെളിവൊന്നും കൂടുതലാവശ്യമില്ല. ഗവണ്മെണ്ടിൽ സ്വാധീനശക്തിയും സേവപോലും നായർസമുദായക്കാർ ചെലുത്തി, ഉദ്യോഗക്കുത്തക നിലനിർത്താൻ സൗകര്യമില്ലെന്നായപ്പോഴാം, വിദ്യാഭ്യാസമേഖലയിൽ നായർക്കും കേറിപ്പററാതെ ഗത്യന്തരമില്ലെന്നായി. കുറെ കാലത്തേക്കു സർക്കാരുദ്യോഗത്തിലുള്ള 'അപ്പങ്ങൾ' പങ്കിടുന്നതിലായി വർഗ്ഗീയമാത്സര്യം. (ഇക്കാര്യം മറെറാരദ്ധ്യായത്തിൽ കുറെക്കൂടി വിസ്തരിക്കാം.) അതോടൊപ്പമെന്നു മാത്രമല്ല അതിനെക്കാൾ ഗുരുതരമായി സ്കൂളുകൾക്കും കോളേജുകൾക്കും അനുമതിയും ആനുകൂല്യങ്ങളും സമ്പാദിക്കുന്നതിലായി വർഗ്ഗീയപോരാട്ടം.

വിദ്യാഭ്യാസം ഇതിന്നിടയിൽ ഒരു വ്യവസായംതന്നെയായി രൂപാന്തരപ്പെടുകയായിരുന്നു. അതിൽ ഒരു സമുദായക്കാരും പിന്നോക്കമായിരുന്നില്ല. സ്ഥലകാലസന്ദർഭഭേദാനുസാരം ഓരോ സമുദായത്തിലെ വ്യക്തികളും സ്ഥാപനങ്ങളും ധനലാഭം എങ്ങിനെയുണ്ടാക്കാമെന്നതിലാണ് സാമുദായിക'സമർത്ഥന്മാരു'ടെ തലച്ചോറെല്ലാം മാന്തിമാന്തി പുണ്ണാക്കിയതു്. വിശദവിവരങ്ങളിലേക്കു കടക്കേണ്ടതെന്നില്ല. സ്വയംപ്രകാശമുള്ള ജീവികളെപ്പോലെ പറക്കുന്ന കാക്കക്കുംകൂടി അറിയാവുന്ന സംഗതികളാണു ഇതെല്ലാം. വിദ്യാഭ്യാസത്തിൻെറ സാക്ഷാത്തായ ലക്ഷ്യങ്ങളും മനുഷ്യരെ മൃഗീയത്വത്തിൽനിന്നു മനുഷ്യത്വത്തിലേക്കു് നയിക്കുകയാണെന്നുള്ളതും എല്ലാം ഏട്ടിൽമാത്രം; പ്രസംഗത്തിൽ മാത്രം. ഏതു കോളേജിൽ പ്രവേശം ലഭിക്കുന്നതിനും കോളേജിലേക്കു നല്ലൊരു തുക (capitation fee) യായി കൊടുക്കേണ്ടിവരും. പേരിനു് കോളേജ് നടക്കണമെങ്കിൽ, പണംവേണ്ടേ? ഇതാണ് ന്യായവും സമാധാനവും. കേരളത്തിലെ സമു

ാലയങ്ങളിൽ മാത്രമല്ല ഈ പകച്ചവ്യാധി പിടികൂടിയതു്; ഇന്ത്യ യിലെ അന്യസംസ്ഥാനങ്ങളിലും ചിലേടത്തു കടന്നുപിടിച്ചിട്ടുണ്ടു്.

ഇതിൽ ഏതു് സമുദായക്കാരാണു് അധികം മെച്ചക്കാരോ, പിച്ചക്കാരോ, എന്നതല്ല പ്രശ്നം. എല്ലാം വർഗ്ഗീയമായി എന്നതുമാത്രമാണു് ഇപ്പുസ്തകത്തിലെ പ്രമേയം. പത്രങ്ങളെല്ലാം വർഗ്ഗീയമായിഭവിച്ചിട്ടുള്ളതിനാൽ, ഓരോ സമുദായക്കാരും സ്വകീയനില സാധൂകരിക്കുകയുള്ളു. എണ്ണത്തിൽ കൂടുതൽ പ്രൈമറി, സെക്കണ്ടറി, ആർട്ട്സ്സ് കോളേജ് വിദ്യാലയങ്ങളിൽ ചരിത്രവശാൽ ക്രിസ്ത്യാനികൾക്കായിപ്പോയല്ലോ. അതിൽനിന്നുതന്നെ ധനലാഭവും കാര്യലാഭവും അവക്കായിരിക്കണമെന്നു വാദമുണ്ടു്. മിഷ്യൻവകകളായതുകൊണ്ടു്, വിദ്യാവിതരണമാണു് ക്രിസ്ത്യാനികളുടെ പരമോദ്ദേശ്യമെന്നു് അവർ എതിർവാദവും നടത്തുന്നുണ്ടു്. സാങ്കേതികവിദ്യാലയങ്ങളിലാണു് അനാശാസ്യമായ 'കാപിട്ടേഷൻ' പീസ്സും സാമുദായികത്വവും പ്രകടമാകുന്നതെന്നു് പരാതിയുണ്ടു്. അവരിൽ എഞ്ചിനീയറിംഗ് കോളേജും, ട്രെയിനിംഗ് കോളേജും (ഒററപ്പാലത്തു്) മററും മററും എൻ. എസ്. എസ്സിൻെറ അധീനതയിലാണല്ലോ. മെഡിക്കൽ കോളേജ് (ആലപ്പുഴ) തുടങ്ങിയതു് ഹിന്ദുസവർണ്ണരുടെ നിയന്ത്രണത്തിലാണു്. ഇങ്ങിനെ ഓരോന്നും തൊട്ടു തൊട്ടു് വിസ്തരിച്ചതുകൊണ്ടു്, സാമൂഹ്യശാസ്ത്രജ്ഞന്നു് വർഗ്ഗീയതയ്ക്കു് തെളിവല്ലാതെ മറെറാരു ഗുണവും കിട്ടാനില്ല.

ക്രൈസ്തവവിദ്യാലയങ്ങളിൽ കുരിശും ക്രിസ്തുവിൻെറ പടങ്ങളുമുണ്ടെങ്കിൽ, നായരുടേതിൽ, ശ്രീകൃഷ്ണനും, ഗണപതി മുതലായ ദേവീദേവന്മാരുടേയും, ഈഴവരുടേതിൽ ശ്രീനാരായണഗുരുവിൻേറയും പടങ്ങളും പ്രതിമകളും കണ്ടേക്കാം. മുസ്ലീം വിദ്യാലയങ്ങളിൽ പ്രതിമാധ്വംസകരായതിനാൽ പടങ്ങളും പ്രതിമകളുമില്ല. എന്നാലും മക്കത്തെപ്പള്ളിയുടെ പടമാകാമെന്നും

വന്നു ഭവിച്ചിട്ടുണ്ട്. ഓരോ സമുദായത്തിലെ പ്രമുഖനേതാക്കന്മാരുടെ ഛായാപടങ്ങളും പ്രതിമകളും പ്രതിഷ്ഠിതമാകുന്നുണ്ടെങ്കിൽ അതിലെന്താണ് തെററ്? വീടുകളിൽ അച്ഛനമ്മമാരുടേയും കുടുംബാംഗങ്ങളുടേയും ചിത്രങ്ങൾ വെക്കാറില്ലേ? ,ഉവ്വ്, എന്നുവെച്ചാൽ ക്രൈസ്തവസമുദായം ഒരു കുടുംബം, നായർ മറെറാന്ന്; ഈഴവർ വേറെയൊന്ന്; മുസ്ലീം നാലാമതൊന്ന്. എല്ലാം ശാസ്ത്രരീത്യാ, സാമൂഹ്യതയുടെ ഒരു പ്രകടനമാണ്. അതായത് കേരളത്തിൽ എല്ലാം വർഗ്ഗീയമയമെന്ന് സാരം. നിത്യചൈതന്യയതിയുടെ നിഗമനം ശരിയാണെന്ന് വിവക്ഷ. “കേരളത്തിൽ ഇപ്പോൾ മനുഷ്യക്കുട്ടികൾ ജനിക്കാറില്ല ക്രിസ്ത്യാനിയും മുസ്ലീമും, നായരും, ഈഴവനും, നമ്പൂതിരിയും, പറയനുമൊക്കെയാണ് ജനിക്കാറുള്ളത്.” (സ. നി. ദാ. 55) അപ്പോൾ ചിത്രങ്ങളും അവരുടേതുതന്നെ വേണ്ടേ?

കേരളത്തിൻെറ വടക്കെ മണ്ഡലമായ മലബാറിലെ ദൃശ്യത്തെപ്പററി ഒരു വാക്ക്. തിരുക്കൊച്ചിയിലെ വിദ്യാഭ്യാസമേഖലയിൽ മുസ്ലീംസമുദായക്കാർ മററ് മൂന്ന് വർഗ്ഗങ്ങളിലുള്ളതിനേക്കാൾ എണ്ണത്തിൽ ഏററവും കുറഞ്ഞതാണല്ലോ. കുറെക്കൂടി കട്ടയായിക്കിടക്കുന്നത് കൊല്ലംജില്ലയിൽ കൊല്ലം പട്ടണം മുതൽ തെക്കോട്ടാണ്. അവരുടെവക പാഠശാലകളും ഒരു എഞ്ചിനീയർ കോളേജുമുണ്ടവിടെ. മലബാറിൽ കടന്നാൽ മട്ടൊന്ന് മാറി. അവിടെ ക്രിസ്ത്യാനികൾ ചാവക്കാട്, വലപ്പാട്, പാവർട്ടി, മുല്ലശ്ശേരി, എനാമ്മാവ് എന്നീ പ്രദേശങ്ങളിലേ നിവസിക്കുന്നുള്ളു മൊത്തത്തിൽ തിരുക്കൊച്ചിയിൽ മുസ്ലീമുകളെപ്പോലെയാണ് മലബാറിലെ ക്രിസ്ത്യാനികൾ. ക്രൈസ്തവസമുദായക്കാർ മുൻകയ്യ് വിദ്യാഭ്യാസത്തിൽ എടുത്തതിൻെറ മാറെറാലി തത്തൽപ്രദേശങ്ങളിലുണ്ടതാനും.

വിദ്യാഭ്യാസത്തിൽ എൻ. എസ്സ്. എസ്സ്. പ്രവർത്തനം കേരളപ്പിറവി കഴിഞ്ഞശേഷമാണ് മലബാറിൽ കാര്യക്ഷമമാ

യി ആരംഭിച്ചതു്. അതുവരെ മദിരാശിയുടെ ഒരു ചെറിയ ഭാഗമെന്നനിലയിൽ വിദ്യാഭ്യാസം അധികവും സക്കാർവകയായിട്ടേയുണ്ടായിരുന്നുള്ളു. പാലക്കാട്ടൊന്നും, തലശ്ശേരിയിൽ മറെറാന്നു് മാത്രമേ കോളേജുകളായി ഗവൺമെണ്ടിൽനിന്നു് നടത്തിയിരുന്നുള്ളു. ഹൈസ്കൂളുകഠം ഡിസ്ത്രിക്റ്റ് ബോർഡ്‌വക എട്ടുപത്തെണ്ണം. സ്വകാര്യമേഖലയിൽ കൊല്ലങ്കോട്ടു് രാജാവിൻെറ വക ഒരു ഹൈസ്കൂഠം; വേറെ ചിലേടങ്ങളിൽ സ്വകാര്യ ഉടമകളുടെ വകയായി മിഡിൽ സ്കൂളുകഠം, എലിമെണ്ടറി സ്കൂളുകഠം; ഒട്ടാകെ നോക്കിയാൽ മുസ്ലീം സമുദായക്കാർ കട്ടയായി ഉത്തരകേരളത്തിലാണെങ്കിലും വിദ്യാഭ്യാസത്തിൽ അവർ നായരീഴവ സമുദായക്കാരെക്കാഠം പിന്നണിയിലാണു്. കൊച്ചിതിരുവിതാംകൂറിലെ നായരീഴവ വിദ്യാലയങ്ങളോളം മലബാറിലില്ലെന്നുസാരം. തന്മൂലം സാക്ഷരതചത്തിൽ മലബാർ താണനിലയിലാണു്.

കോഴിക്കോട്ടെ മലബാർ ക്രിസ്ത്യൻ കോളേജ് ഒട്ടേറെ വിദേശമിഷനറിമാരുടെ ഏപ്പാടാണു്. സാമൂതിരി കോളേജിൻെറ പേരിൽനിന്നുതന്നെ സാമൂതിരി കോവിലകം വകയാണെന്നു് വിശദമാണല്ലോ. ബ്രാഹ്മണ—അബ്രാഹ്മണ സംഘഷ്ണം വിദ്യാഭ്യാസമേഖലയിൽ വലിയ സ്പന്ദനമൊന്നും മലബാറിലുണ്ടാക്കിയതായി അറിവില്ല. ഡിസ്ത്രിക്റ്റ് ബോർഡിൻെറ രാഷ്ട്രീയത്തിൽ ഈ സംഘഷ്ണം ഉപരിപ്ലവമായിട്ടേ ബോർഡ് ഹൈസ്കൂഠം അദ്ധ്യാപകന്മാരെ നിയമിക്കുന്നതിലും മററും പ്രകടമായിട്ടുള്ളു. മലബാറിൽനിന്നു്, മദിരാശി മന്ത്രിസഭയിൽ പരേതനായ ശ്രീ. കോങ്ങാട്ടു് രാമമേനോനും, കോഴിപ്പുറത്തു് മാധവമേനോനും, രാഘവമേനോനും മററും അംഗങ്ങളായതിൽ പരേതനായ സി. ജെ. വക്കി മാത്രമേ വിദ്യാഭ്യാസമന്ത്രിയായിരുന്നുള്ളുവെന്നു് തോന്നുന്നു. പ്രത്യേകതരത്തിൽ മലബാറിലെ വിദ്യാഭ്യാസപദ്ധതികളെ വഗ്ഗീയമാക്കിയതായി കേട്ടിട്ടില്ല. എട്ടുപത്തു് അംഗങ്ങളിൽ ഒന്നുമാത്രമായിരുന്ന മലയാളി മന്ത്രി

മാക്കു് വേണമെന്നു് തോന്നിയാലും വളരെയൊന്നും സാദ്ധ്യവുമല്ലായിരുന്നു.

പക്ഷേ എലിമെണ്ടറി, മിഡിൽ സ്കൂൾ, ഹൈസ്കൂളുകൾ പോലും ഒരു വ്യവസായമെന്നനിലയിൽ വ്യക്തികൾ പണത്തിനുവേണ്ടി സ്ഥാപിച്ചു് നടത്തിയിരുന്നുവെന്നതു്, തിരുക്കൊച്ചിയിലെപ്പോലെ മലബാറിലുമുണ്ടായിരുന്നു. വ്യക്തികൾ ഏതു് സമുദായമോ, ആ സമുദായാംഗങ്ങളെ അനുകൂലിച്ചുള്ള അദ്ധ്യാപകന്മാരെ നിയമിക്കലും നിയന്ത്രണവും വിരളമല്ലായിരുന്നു. അത്രയ്ക്കും വർഗ്ഗീയതയുണ്ടെന്നു് നിഷ്പക്ഷനിരീക്ഷകർ അഭിപ്രായപ്പെട്ടാൽ തെററില്ല. തിരുവിതാംകൂർ, കൊച്ചി, എന്നിവിടത്തേക്കാൾ മലബാറിൽ കുറവാണു് വർഗ്ഗീയതപം എന്നുമാത്രം.

## പ്രതിവിധികൾ.

വർഗ്ഗീയത ഉച്ചാടനംചെയ്യാൻ വളരെ നല്ലൊരു മാർഗ്ഗമായി, വിദ്യാഭ്യാസം മുഴുവനും ദേശസാൽക്കരിക്കണം എന്നൊരു അഭിപ്രായമുണ്ടു്. പക്ഷെ കേരളത്തിലെ ഇന്നത്തെനിലയിൽ അതു് പ്രായോഗികമാണോ? ആണെന്നുതെളിയിക്കാൻ ബലവത്തായ തെളിവുകളുണ്ടു്. സ്കൂളുകളിൽ അദ്ധ്യാപകവൃന്ദത്തിന്റെ ശമ്പളവും പെൻഷനും സർക്കാരിൽനിന്നല്ലേ? പഠിപ്പിക്കുന്നതിന്റെ ഉള്ളടക്കവും, രീതിയും, മററു ന്യൂനതകളും പൂർവ്വാപരവിരുദ്ധങ്ങളുമായ പലതുകൊണ്ടും അപര്യാപ്തമെന്നിരുന്നാലും വർഗ്ഗീയച്ചൊവ കുറവാകാനെ വഴിയുള്ള നസ്രാണിയോ, നായരോ, ഈഴവനോ 'കുതിരകേററം' നടത്തില്ലല്ലോ. പിന്നെ ദേശസാൽക്കരിക്കാനുള്ളതു് കെട്ടിടങ്ങളും സ്ഥലവും വിദ്യാലയങ്ങളിലെ സാമഗ്രികളും മാത്രമല്ലേയുള്ളു. പക്ഷേ അതും പ്രായോഗികമാണോ? എത്രകോടി ഉറപ്പിക ചിലവാക്കിയാലേ അതു് സാദ്ധ്യമാകൂ. 100—ക്കു് 42. ൽ ചിലപാനം സർക്കാർ ചിലവു് ഇന്നുള്ളതു് 60—ഓ—70—ഓ മററമായി വദ്ധിക്കയില്ലേ?

അതിനെല്ലാം കേരളഗവമ്മേണ്ടും, നിയമസഭാംഗങ്ങളും തയ്യാറാകുമോ? കേരളത്തിൽ അടുത്ത കാൽനൂററാണ്ടിനുള്ളിൽ നടക്കുമോ? ഉറച്ചൊരുമന്ത്രിസഭ എന്നാണുണ്ടാകുക? വർഗ്ഗീയരാക്ഷസനെ വധിച്ചല്ലാതെ അഞ്ചുകൊല്ലകാലം നിലനില്ക്കാവുന്ന മന്ത്രിസഭകൾ—അങ്ങിനെ ഒരു മന്ത്രിഭരണം തുടങ്ങിയ മുതൽക്കില്ല. (ഇതെല്ലാം വിശദീകരിക്കേണ്ടതു് രാഷ്ട്രീയചരിത്രം രേഖപ്പെടുത്തുമ്പോഴാണ്) നാലുസമുദായങ്ങളിലും വിദ്യാഭ്യാസമാകട്ടെ സ്ഥാപിതതാൽപര്യമായിട്ടുണ്ട്. ഒരു സമുദായവും 'രേശിനു' വിടുമോ? കേന്ദ്രത്തിൽനിന്നു വിട്ടുവിപ്പിച്ചുവെന്നിരിക്കട്ടെ, മൗലികാവകാശവാദം സുപ്രീംകോർട്ടിലെത്തും. കേന്ദ്രം പ്രവേശിക്കണമെങ്കിൽ അവിടേയും കുഴപ്പം. ഹിന്ദുമുസ്ലീം സംഘർഷണം അവിടേയുമുണ്ടത്രെ! ദേശസാൽക്കരണം നടന്നാലും നിത്യനിദാനനിയന്ത്രണം പ്രാദേശികസർക്കാരിലല്ലേ? കേരള മന്ത്രിസഭയിൽ എന്നാണ് വർഗ്ഗീയത എന്ന പ്രവണത ചക്രത്തിനുള്ളിൽ ചക്രങ്ങൾ എന്ന നിലയിൽ സംഭവിക്കാതിരുന്നിട്ടുള്ളതു്? ഒരു വിഷമവൃത്തത്തി (vicious circle) ലാണ് നാമെല്ലാം കുടുങ്ങിക്കിടക്കുന്നതു്. ഇന്നത്തെ വിലകയററവും നാണയവിജൃംഭണത്തിലെന്നപോലെ വിദ്യാഭ്യാസത്തിലും നാം കാണുന്നുണ്ട്.

എന്നാൽ നമ്മുടെ ബുദ്ധിമാന്മാരെക്കൊണ്ടെന്തു പ്രയോജനം? ഒന്നുരണ്ടുകാര്യങ്ങൾ നിർദ്ദേശിക്കാം. ഒന്നാമതായി ഓരോ സമുദായക്കാരുടേയും വർഗ്ഗീയച്ചൊവയില്ലാത്തവിധം ഏകോപിച്ച് ഒരു വിദ്യാലയസ്ഥാപനം കെട്ടിപ്പടുക്കരുതോ? അസാധ്യമാണെന്നു് ഈയുള്ളവനു് തോന്നുന്നില്ല. ഇന്നേവരെയുള്ളതെല്ലാം, സ്കൂളുകളും കോളേജുകളും അതേപടിക്കുതന്നെ നടക്കട്ടെ. മേലിൽ ആർട്സ് കോളേജുകളെക്കൊണ്ടു ഒരു ഗുണവുമില്ല; ദോഷമാണുള്ളതെന്നു ഏതു് കുരുടനുമറിയാം. പ്രായോഗികമാക്കാൻ നാലുസമുദായക്കാരും, (മററു ഉപസമുദായങ്ങളുണ്ടെങ്കിൽ അവരും ചേർന്നോട്ടെ) ഒപ്പം പണമിറക്കി, ഒരു മെഡിക്കൽ കോളേജോ, കേരളീയർക്കു ഒരുപോലെ ഉപകാരപ്രദമായ, എന്തെങ്കിലും

പുതിയ വിഷയത്തിൽ ഒരു എഞ്ചിനീയറിംഗ് കോളേജോ തുടങ്ങട്ടെ. സിവിൽ, മെക്കാനിക്കൽ, എലക്ട്രിക്ക് പലതരം, കെമിക്കൽ പലതരം, ഇലക്ട്രാണിക്സ് എന്നിവയിൽ വിദഗ്ദ്ധാഭിപ്രായംതേടി, ഏതുതരമാണെന്നു് നിശ്ചയിക്കുക. മരയിൻ എഞ്ചിനീയറിംഗ് (marine engineering) സ്വീകാര്യമോ? കപ്പൽനിർമ്മാണവും മററും സ്ഥാപിതമായാൽ, കേരളിയക്കു അതു് ഗുണകരമായ ഒരു സാങ്കേതികവിദ്യയാകുന്നതല്ലേ? മീൻപിടിത്തത്തിനും കപ്പലും ബോട്ടും വേണ്ടേ? സ്വപ്നം! സ്വപ്നം! കാക്ക മലന്നു പറക്കണം!.

സഹകരണപ്രസ്ഥാനം എന്തിനാണ്? 'കോപ്രാട്ടി' പ്രസ്ഥാനമായി കുറെ സാധുക്കളെ ചൂഷണംചെയ്തു്, കുറെ വർഗ്ഗീയ 'സമത്ഥന്മാ'ക്കും അവരുടെ സിൽബന്ധികൾക്കും ശമ്പളം വാങ്ങാൻ മാത്രമാണോ? പഞ്ചായത്തുകളിൽ പഞ്ചാപത്തും വരുത്തിവെച്ച അവിടേയും വർഗ്ഗീയസ്വരൂയും ജാതിസ്പർദ്ധയും വളർത്താനാണോ? മേൽപ്രസ്താവിച്ച 'ഭാരിച്ച' ഏപ്പാടുനടന്നില്ലെങ്കിൽത്തന്നെ ലഘുവായതു് ശ്രമിച്ചുനോക്കുക. ഒരു പഞ്ചായത്തിൽ രണ്ടു സമുദായക്കാർ സാമാന്യം തുല്യശക്തിയുള്ളവരായി ചിലേടത്തെല്ലാം കാണും. അതല്ല മൂന്നുസമുദായങ്ങൾ ജനസംഖ്യയിലും സ്വത്തിലും ഏകദേശം തുല്യനിലയുള്ളവരെന്നിരിക്കട്ടെ. അവിടെ ഹൈസ്കൂൾ പള്ളിവകയായും, എൻ. എസ്സ്. എസ്സ്. വകയായും എസ്സ്. എൻ. ഡി. പി. വകയായും മൂന്നെണ്ണമുണ്ടെന്നുമിരിക്കട്ടെ. അതുമല്ലെങ്കിൽ പുതിയതായി ഒരു മിഡിൽ സ്കൂളോ, ഹൈസ്കൂളോ അത്യാവശ്യമെന്നു് വിചാരിക്കുക.

ഈ പുതിയ സ്കൂളിനു അനുവാദം ഏതു് സമുദായത്തിനാണ് കിട്ടാൻവഴി എന്നാണ് ഓരോവർഗ്ഗവും തലപുകഞ്ഞാലോചിക്കുക. അധികാരസ്ഥാനങ്ങളിൽ പിടിയും വലിയുമാകും. ഒന്നിനേ സാധ്യതയുള്ളൂവെങ്കിൽ അധികാരികളെ സ്വാധീനിക്കുന്നവർ കയ്യിലാക്കും. എന്നാൽ ഇതിനു് പകരം, പള്ളിക്കാരും

ക്ഷേത്രക്കാരും, മജീദ്കാരും ഒന്നിച്ച് ഒരു ട്രസ്റ്റുണ്ടാക്കി, മൂന്നു സമുദായക്കാർക്കും തുല്യഗുണം വരുത്താവുന്നതല്ലേ? രാഷ്ട്രീയചരിത്രത്തിലെ ഒരേടുമറിച്ചുനോക്കുന്നതു് ഇവിടെ അല്പം പ്രസക്തമാണു്. പലയിടങ്ങളിലും വിദ്യാലയസ്ഥാപനമാണു് രാഷ്ട്രീയ കുഴപ്പങ്ങൾക്കു കാരണമെന്നു 'വിശ്വസനീയകേന്ദ്ര'ങ്ങളിൽനിന്നു കേട്ടിട്ടുള്ളതിൽ ഒരു പക്ഷെ സത്യാംശം കുറവായിരിക്കാം. * കോടതിയിലെ 'തെളിവുനിയമം' (എവിഡൻസ്‌ലോ) അനുസരിച്ച് സ്ഥാപിക്കാൻ രേഖകൾ ലഭിക്കയില്ലായിരിക്കാം. സാമൂഹ്യശാസ്ത്രജ്ഞന്നു നേരിട്ടു തെളിവില്ലെങ്കിലും ഇതിന്നു പരിതഃസ്ഥിതികളിൽ ഇന്നിന്നതു് സംഭവിക്കാമെന്നു പ്രവചിക്കാവുന്നതല്ലേ?

കേരളപ്പിറവിക്കു ശേഷമുണ്ടായ പൊതുതെരഞ്ഞെടുപ്പിൽ നാലു് പ്രമുഖസമുദായങ്ങളിലൊന്നു കമ്യൂനിസ്റ്റനുഭാവികളാകാനും 28 മാസകാലം കമ്യൂനിസ്റ്റ്ഭരണം സഹിക്കാനും എന്താണു കാരണം? വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷ ആ സമുദായനേതാക്കന്മാർക്കുണ്ടായിരുന്നുവത്രെ! രാഷ്ട്രീയനാടകങ്ങളുടെ തിരശ്ശീലയ്ക്കു പിന്നിൽ സംഭവിച്ച ഉപജാപങ്ങളാണിവ എന്നാണു് ജനസംസാരം. വിദ്യാഭ്യാസം കൊണ്ടു് ഉദ്യോഗങ്ങൾ മാത്രമല്ല രാഷ്ട്രീയപ്രാബല്യവും കിട്ടുമെന്നുവരുമ്പോൾ അവയെല്ലാം വർഗ്ഗീയതയിലെ ഒളിപ്പോരുകളാകുമല്ലോ.

നാലു് സമുദായങ്ങളും ഐകമത്യത്തോടെ വിദ്യാലയങ്ങൾ നടത്താൻ ബുദ്ധിമാന്മാരാണു് ആഹ്വാനവും പ്രേരണയും നൽകേണ്ടതു്. ഒന്നാമത്തെ കാൽവെപ്പു് ആരാണു് എടുക്കേണ്ടതു്? എന്റെ നോട്ടത്തിൽ കേരളത്തിൽ ആരാണു് വിദ്യാഭ്യാസമേഖലയിൽ ആദ്യമായി മുൻകയ്യെടുത്തതു്, ആ സമുദായം തന്നെ

---

* ഇത്തരം ദൃഷ്ടാന്തങ്ങൾ ചിലതു് അടുത്തുവരുന്ന അദ്ധ്യായങ്ങളിലും കണ്ടേക്കാം.

യാണ് ഏകോപിച്ചുള്ള പ്രസ്ഥാനത്തിനും ഒന്നാമതായി കളരിയിലിറങ്ങേണ്ടതു്. 'സമീക്ഷ'യിൽ ഒരു കത്തോലിക്കാപുരോഹിതനായ ദിവ്യശ്രീ ബ്രിട്ടോ സി. എം. ഐ. വർഗ്ഗീയതയുടെ താത്വിക സ്വഭാവം വിശകലനം ചെയ്തിട്ടുള്ളതു് വളരെ ശ്രദ്ധാർഹമാണ്. അദ്ദേഹം പറയുന്നു: * "വർഗ്ഗീയതയുടെ കെടുതികൾ നീക്കുന്നതിനുള്ള ഏകമാർഗ്ഗം അതു് അടിയുറച്ചിരിക്കുന്ന അപര്യാപ്തതകളെ തീർക്കുകയാണ്. സാമൂഹ്യസാമ്പത്തിക തലങ്ങളിൽ ഇതിന്റെ ആവശ്യം പൊതുവെ ബോദ്ധ്യമായിട്ടുണ്ട്........ ആരിലും എവിടേയും സത്യംകണ്ടു് അംഗീകരിക്കാനുള്ള വിശാലഹൃദയമാണ് വർഗ്ഗീയതയ്ക്കുള്ള മറുമരുന്നു്......., പരസ്പരം സ്വന്തം അനുഭവങ്ങളും വിശ്വാസങ്ങളും ബോദ്ധ്യങ്ങളും അറിയിക്കുന്നതിനും ആത്മാർത്ഥതയോടെ ചർച്ചചെയ്യുന്നതിനും സാധിക്കണം."

KOTTAYAM PUBLIC LIBRARY KOTTAYAM.

മുകളിൽ ഞാൻ കീഴ്‌വരയിട്ടതായ ഫാദർ ബ്രിട്ടോവിന്റെ മറുമരുന്നും നിത്യചൈതന്യയതിയുടെ കുത്തിവെപ്പിനുള്ള മനുഷ്യത്വവും ഒന്നുതന്നെ. ഇവിടെ നമുക്കറിയേണ്ടതു ഈ ഔഷധം എന്തെല്ലാം ചേർന്നതാണെന്നും എപ്രകാരമുണ്ടാക്കാമെന്നുമാണ്. പച്ചയായിപ്പറഞ്ഞാൽ എന്തു പ്രായോഗികമാർഗ്ഗമാണ് വേണ്ടതെന്നാണ്. ഫാദർ ബ്രിട്ടോ ജനിച്ച സമുദായമാണു, കേരളത്തിൽ, അദ്ദേഹത്തിന്റെ ചില വാക്കുകളിൽത്തന്നെ "അന്ധവിശ്വാസത്തിൽ അരക്കിട്ടുറപ്പിച്ച ഒരു പാരമ്പര്യ"വും തുടച്ചുമാറേറണ്ടതു്, "ദാർശനികവും മതപരവുമായ അപര്യാപ്തത," നശിപ്പിക്കുന്നതു ജ്ഞാനാഞ്ജനശലാകയായ വിദ്യാഭ്യാസമാണ്. തന്മൂലം ഈദൃശവിദ്യാഭ്യാസം ചെയ്യേണ്ടതു് "മനുഷ്യഹൃദയങ്ങൾ അടുക്കേണ്ടതിനുള്ള "താത്വിക മതാത്മകതലങ്ങളിലാ"കണമല്ലോ. കോളേജുകളും സ്കൂളുകളും സ്ഥാപിച്ചു വഴികാട്ടിയതും അതിൽ മുൻഗാമികളായതും ഫാദർ ബ്രിട്ടോവിനെപ്പോലെയുള്ള

* സമീക്ഷ. നമ്പ്ര്. ഭാ 53.

പുരോഹിതരാണ്. സമുദായങ്ങരം ഒന്നിച്ചുചേർത്തിയ മഹാവിദ്യാലയങ്ങരം തുടങ്ങുന്നതിലും അവർ മാർഗ്ഗദർശികളാകരുതോ? 'വിശാലഹൃദയത്വം' പ്രകടമാക്കാൻ അതാണു ഉത്തമമായ മാർഗ്ഗങ്ങളിൽ മുഖ്യമായൊന്നു്. മററൊരുവിധം പറഞ്ഞാൽ ഫാദർ ബ്രിട്ടോവിൻെറ പ്രഭാഷണത്തെക്കാരം ഫലപ്രദമായ പ്രവൃത്തി കൂട്ടവിദ്യാലയങ്ങളായിരിക്കുമെന്നു സാരം. ക്രിസ്ത്യാനികരം അത്തരം മൈത്രിക്കോളേജുകരം സ്ഥാപിച്ചാൽ നായരും ഈഴവനും കോളേജുകരം തുടങ്ങുന്നതിൽ ക്രിസ്ത്യാനിയെ അനുകരിക്കും; തീർച്ച.

## പത്രപ്രവർത്തനം.

ആധുനികകാലത്തു പത്രപ്രവർത്തനത്തിൻെറ വശ്യശക്തി എത്രത്തോളമുണ്ടെന്നു സമർത്ഥിക്കേണ്ടതില്ലല്ലോ. ഭരണമണ്ഡലത്തിലെ നിയമനിർമ്മാണം, ഭരണകർത്തൃത്വം, നീതിനിയമപരിപാലനം എന്നീ മൂന്നു ഘടകങ്ങളോളംതന്നെ സ്വാധീനശക്തി (fourth estate) പത്രപ്രവർത്തനം, അഥവാ പ്രെസ്സ് എന്ന ഇംഗ്ലീഷിലെ പദംകൊണ്ടുദ്ദേശിക്കുന്നതിലുമുണ്ടു്.

കേരളത്തിൽ മററന്തിനു ക്ഷാമമുണ്ടെങ്കിലും പത്രമാസികകരംക്കു ക്ഷാമമൊന്നുമില്ല ഏതൊരു പരിഷ്കൃതരാജ്യത്തോടും കിടപിടിക്കാം. ദിനപ്പത്രങ്ങരംതന്നെ ഇത്ര ചെറിയ രാജ്യത്തിൽ 40-ൽ ചില്വാനം മലയാളഭാഷയിൽത്തന്നെയുണ്ടു്. *കോട്ടയം എന്ന ചെറിയ നഗരത്തിൽനിന്നുതന്നെ എട്ടു ദിനപ്പത്രങ്ങരം പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. ഫലിതം, മതം, രാഷ്ട്രീയം, സാഹിത്യം എന്നീ വിഷയങ്ങളിൽ മാസികകരം, ദ്വൈമാസികകരം, വാർഷികങ്ങരം എന്നിപ്രകാരം വളരെയെണ്ണം. പക്ഷേ ഇതെല്ലാം മിക്കവാറും വർഗ്ഗീയമാണെന്നുമാത്രം.

ദിനപ്പത്രങ്ങരം നാലു സമുദായത്തിനുമുണ്ടു്. പേരുകളിൽനിന്നു സമുദായം തിരിച്ചെടുക്കാൻ അന്യഭാഷക്കാർക്കു പ്രയാസ

മാണെങ്കിലും മലയാളികൾ അധികകാലതാമസം വേണ്ടിവരില്ല. മുസ്ലീം സമുദായത്തിൽ സാമാന്യേന എണ്ണം കുറവായിരിക്കാമിപ്പോൾ. 'ചന്ദ്രിക' മുസ്ലീമുകളുടെ പത്രമാണ്. പത്രാധിപന്മാരുടെ പേരുകളിൽനിന്നുതന്നെ വർഗ്ഗീയനിറം സാധാരണമായി കണ്ടുപിടിക്കാം—ചുരുക്കം ചിലർ വർഗ്ഗനാമങ്ങൾ ചേർക്കുന്നില്ലെങ്കിലും. പത്രങ്ങളെ മൂന്നുതരമായി വേർതിരിക്കാം. വ്യക്തികൾ സ്വന്തമായി നടത്തുന്ന പത്രങ്ങൾ ഒരുവക; അവ മിക്കവാറും പ്രചാരത്തെ മുൻനിറുത്തി അവസരവാദികളായിക്കാണാറുണ്ട്. മററു ചിലത് രാഷ്ട്രീയപത്രങ്ങളെന്ന ഭാവേന പ്രവർത്തിക്കുന്നവയും യഥാർത്ഥത്തിൽ വർഗ്ഗീയപത്രങ്ങളുമാകുന്നു. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം മിക്ക പത്രങ്ങളും പുരോഹിതനിയന്ത്രണത്തിലുള്ളവയാണ്. 'മലബാർ മെയിൽ' 'ദീപിക' മുതലായതു ഈ ക്ലാസ്സിൽ ഉൾപ്പെട്ടുന്നവയാണ്. ചിലപ്പോൾ പത്രാധിപന്മാർ അവൈദികരാകാം. കേവലം മതാത്മകമായവ 'സത്യദീപം'പോലെയുള്ളതു ആഴ്ചയിലൊരിക്കൽമാത്രം. 'മലയാള മനോരമ' അകത്തോലിക്കാ ക്രിസ്ത്യാനികളുടെ പത്രങ്ങളിൽ പ്രമുഖപത്രമായി ഗണിക്കപ്പെട്ടുന്നു. 'മലയാളരാജ്യം' മദ്ധ്യദക്ഷിണകേരളീയനായർപത്രമായി പലരുമെണ്ണുന്നു. അതേ പ്രദേശത്തുനിന്നു 'കേരളകൗമുദി', ഈഴവരുടെ പ്രതിനിധിയായി പരിലസിക്കുന്നു.

ശുദ്ധരാഷ്ട്രീയമായ പത്രങ്ങളിൽ കമ്യൂനിസ്റ്റ് പാർട്ടിപത്രങ്ങളായി വടക്ക് (കോഴിക്കോട്ടുനിന്നു) 'ദേശാഭിമാനി'യും, തൃശ്ശൂർനിന്നു 'നവജീവ'നും, തെക്കുനിന്നു 'ജനയുഗവും' പുറപ്പെട്ടുന്നുണ്ട്. 'ജനത' തിരുവനന്തപുരത്തുനിന്നു പി. എസ്. പി. യുടെ പത്രമാകുന്നു. എങ്കിലും നായർ സമുദായത്തിൻെറ നാവായും ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. തൃശ്ശൂർനിന്നു 'തൊഴിലാളി' കമ്യൂനിസ്റ്റ്വിരുദ്ധപത്രമായി ഫാദർ വടക്കൻ പണംപിരിച്ചു തുടങ്ങിയതാണ്. ഇന്നദ്ദേഹം അതിൻെറ സ്ഥാപകൻ എന്ന നാമംമാത്രം ധരിക്കുന്നു. മലനാട്ടു കർഷകത്തൊഴിലാളി പാർട്ടി

യുടെ ഒരു മുഖപത്രമായിട്ടാണു ഇപ്പോൾ നിലകൊള്ളുന്നതും. 'ദീപം' 'എക്സ്പ്രസ്സ്', 'ടെലിഗ്രാഫ്', 'പൗരധ്വനി' മുതലായതു് വ്യക്തികളുടെ പത്രങ്ങളായിട്ടാണു അറിയപ്പെടുന്നതു്. എന്നാലും അവയിലും വൎഗ്ഗീയവൎണ്ണം കണ്ടുപിടിക്കാൻ വലിയ പ്രയാസമില്ല.

ക്രിസ്ത്യൻപത്രങ്ങൾ സ്വാഭാവികമായി കമ്മ്യൂനിസ്റ്റ് രാഷ്ട്രീയത്തെ എതിൎക്കുന്നവയാണു്. ഹിന്ദുക്കൾ നടത്തുന്ന പത്രങ്ങളിൽ 'മാതൃഭൂമി'യെപ്പോലുള്ളതു കോൺഗ്രസ്സ് രാഷ്ട്രീയമാണു് മിക്കപ്പോഴും പിൻതാങ്ങാറ്. 'മാതൃഭൂമി'പത്രം അധുനാധുനകാലം വരെ മലബാറിലും ഇന്ത്യയുടെ ഇതരഭാഗങ്ങളിലും കോൺഗ്രസ്സ് പത്രമായിട്ടാണു ഗണിക്കപ്പെടുന്നതു്. എങ്കിലും അതൊരു പാൎട്ടി പത്രമല്ല. ഏററവും പ്രചാരമുള്ളതു്, ഏതാണെന്നു വസ്തുവിവരക്കണക്കുകളിൽനിന്നു മനസ്സിലാക്കാം. എറണാകുളത്തുനിന്നും പ്രസിദ്ധീകരണം തുടങ്ങിയതിനുശേഷം കേരളത്തിലെ ഏററവും അധികം ചിലവുള്ള പത്രം 'മാതൃഭൂമി'യാണു്. മാതൃഭൂമിയുടെ ആഴ്ചപ്പതിപ്പും ദിനപ്പതിപ്പും, വാരാന്തപ്പതിപ്പും എല്ലാം കൂട്ടിച്ചേൎത്താൽ മേൽപ്പറഞ്ഞ സ്ഥാനം കൈവന്നതിൽ അത്ഭുതപ്പെടാനില്ല. ഇത്രയും രേഖപ്പെടുത്തിയതിൽനിന്നു പത്രപ്രവൎത്തനത്തിന്റെ പൂൎണ്ണചരിത്രമാണെന്നു ആരും തെററിദ്ധരിക്കരുതു്. മാത്രമല്ല, എല്ലാ പത്രങ്ങളുടേയും പേരുകളുണ്ടെന്നു ആരും അൎത്ഥമാക്കരുതു്.

കേരളത്തിലെ രാഷ്ട്രീയം സ്വതവേ വൎഗ്ഗീയമായിത്തീൎന്നുവെന്നു സമൎത്ഥിക്കാമെങ്കിൽ തദ്‌രാജ്യത്തുപ്രചരിക്കുന്ന പത്രങ്ങളും വൎഗ്ഗീയമാകാനേ വഴിയുള്ളു. സാമാന്യമായ ചിത്രമാണു് നമുക്കറിയേണ്ട കാൎയ്യം. സാമുദായികപ്രശ്നങ്ങളും രാഷ്ട്രീയപ്രശ്നങ്ങളും പ്രതിപാദിക്കുമ്പോൾ വൎഗ്ഗീയനിറം എല്ലാ പത്രങ്ങളിലുമുണ്ടെന്നു ധരിക്കാനെളുപ്പമല്ല—അത്രയ്ക്കും കുഴഞ്ഞുമറിഞ്ഞതാണു വൎഗ്ഗീയത്വവും രാഷ്ട്രീയവും ഇടകലൎന്നിരിക്കുന്നതു്. പൊതുതെരഞ്ഞെ

ടുപ്പോ, പഞ്ചായത്തുതെരഞ്ഞെടുപ്പോ, മററു തെരഞ്ഞെടുപ്പോ വരുമ്പോഠം എന്തെന്തു വർഗ്ഗീയതയും രാഷ്ട്രീയവുമാണു നിർണ്ണായകമാകുകയെന്നതു കണ്ണിലെണ്ണ ഒഴിച്ചു സൂക്ഷിച്ചുനോക്കേണ്ടിവരും. മുഖപ്രസംഗം എഴുതുമ്പോഴോ, 'സ്വ. ലേ', 'പ്ര. ലേ', 'ഒ. ലേ', എന്നിവരുടെ വാർത്താശകലങ്ങളും, റിപ്പോർട്ടുകളും, വിശേഷലേഖനങ്ങളും പ്രത്യക്ഷമായി വർഗ്ഗീയനിറമുള്ളതാണെന്നു ചിലപ്പോഠം ഭൂതക്കണ്ണാടിയിൽക്കൂടി നോക്കിയാലേ കാണൂ.

എല്ലാം വർഗ്ഗീയമയമാക്കിയ കാലാവസ്ഥയിൽ രാഷ്ട്രീയക്കാററും സമുദായക്കാററും ഒന്നിച്ചാണു് വീശുക. ഏതു രാഷ്ട്രീയകക്ഷിയും വർഗ്ഗീയതയിൽനിന്നു് മുതലെടുക്കാൻ ഒരു മടിയും കാണിക്കുന്നില്ല. കോൺഗ്രസ്സ് കക്ഷിക്കു് വിമോചനസമരത്തിൽ തനിവർഗ്ഗീയമായ ലീഗിനെ പ്രണയിക്കാൻ ഒരു മടിയും തോന്നിയില്ല. ഈഴവസമുദായാധിഷ്ഠിതമെന്നു് കരുതപ്പെടുന്ന കമ്മ്യൂനിസ്റ്റു് രാഷ്ട്രീയത്തിനു് ഇതെഴുതുമ്പോഠം ശുദ്ധ കമ്മ്യൂനിലിസ്റ്റു് കക്ഷിയായ മുസ്ലീംലീഗിനെ 'സൗകര്യവിവാഹബന്ധ'ത്തിലേപ്പെടുത്താൻ ജനകീയ ഡെമോക്രസിയെന്നു് ഉച്ചത്തിൽ നിലവിളിക്കുന്ന കമ്മ്യൂണിസ്റ്റു് പാർട്ടിക്കും ഒരു 'നമ്പൂരിശങ്ക'പോലുമില്ലത്രെ! എന്നുവെച്ചാൽ കമ്മ്യൂനിസ്സം തനി കമ്മ്യൂനിലസ്സം എന്നത്ഥം. അതേ മട്ടിലാണു് കേരളത്തിലെ പത്രപ്രവത്തനവും. ഏതു കൂട്ടുകെട്ടു് ഉണ്ടാക്കാൻ ന്യായങ്ങളും കാരണങ്ങളും എത്ര വേണമെങ്കിലും കോരിവിളമ്പാനുണ്ടു്— ഒരുതരം അക്ഷയപാത്രത്തിൽനിന്നെന്നപോലെ. പത്രം വായിക്കുന്നവരിൽ ഒരു സാമുദായികപത്രം വിട്ടു് മറെറാരു സാമുദായികപത്രം പാരായണം ചെയ്യുന്നവർ കുറവായിരിക്കും. കുറവല്ലെങ്കിൽ മററു ചില കാരണങ്ങളുടെ സമ്മർദ്ദംകൊണ്ടായിരിക്കും.

വർഗ്ഗീയത സൃഷ്ടിക്കുന്നതും പോഷിപ്പിക്കുന്നതും പത്രങ്ങളുടെ പണികൊണ്ടാണെന്നു് മുൻ പ്രസ്താവിച്ചതിൽനിന്നനുമാനിക്കരുതു്. ഒട്ടുമുക്കാലും തിരശ്ശീലയ്ക്കു പിന്നിലാണു് ചരടുവലി

കാം. പത്രക്കാർ അതിനു് ന്യായങ്ങളും യുക്തികളും ചേർത്തു് പുരുഷാരത്തിനു് 'കറപ്പ്' തീർമ്മാൻ കൊടുക്കുന്നുവെന്നുമാത്രം. സ്വപക്ഷം നീതീകരിക്കയെന്നതു് സ്വാഭാവികമാണുതാനും. സാമുദായികപത്രങ്ങൾ എല്ലാം ഈവിധം പ്രവർത്തിക്കുമ്പോൾ, ഒരു പ്രശ്നത്തെപ്പററി അനുകൂലപ്രതികൂലന്യായങ്ങളും, ഗുണദോഷങ്ങളും ആർക്കാണു് ചിന്തിക്കാൻ സമയവും സൗകര്യവും. നാലു് സമുദായങ്ങളിലുള്ള ബഹുജനങ്ങൾക്കു് എത്ര ദോഷം വന്നാലും അതിനെല്ലാം ഹേതുക്കൾ കാണാനും വഴിയില്ല.

പത്രധർമ്മം അനുസരിച്ചു് എഴുതുകയെന്നതു് ഒരിക്കലും കേരളത്തിലില്ലേ? ഭക്ഷ്യക്ഷാമമുണ്ടെങ്കിൽ, കേന്ദ്രസർക്കാരിനെ, മഴയില്ലാത്തതിനെ, ലോകം മുഴുവൻ അരിക്ഷാമമുണ്ടായതിനെ, അല്ലെങ്കിൽ, നെൽകൃഷിക്കാർ പൂഴ്ത്തിവെച്ചതിനെ, കരിഞ്ചന്തക്കാരെ, കുററപ്പെടുത്തിയെഴുതുമ്പോൾ വർഗ്ഗീയത പ്രകടമാക്കാൻ സൗകര്യം ഉച്ചമാണു്. വളർത്തി, നീട്ടിവലിച്ചെഴുതാൻ എല്ലാ വർഗ്ഗീയപത്രങ്ങൾക്കും നല്ല തഞ്ചവും കിട്ടും. എന്നാലും കേന്ദ്രസർക്കാരിൽ കോൺഗ്രസ്സ്കക്ഷി തലപ്പത്തിരിക്കുന്നതുകൊണ്ടു് കോൺഗ്രസ്സ് കക്ഷിയെ പിൻതാങ്ങുന്ന സാമുദായികപത്രങ്ങളിൽ നിശിതമായ നിരൂപണങ്ങൾ എഴുതാൻ മടിയുണ്ടാകാം. അവിടെയും വർഗ്ഗീയത സ്ഫുരിച്ചുവെന്നു് പറഞ്ഞാൽ വലിയ തെററാകുകയില്ല.

## പരിഹാരമാർഗ്ഗം:

പ്രായോഗികമായ പ്രതിവിധി എന്താണെന്നു് നിർദ്ദേശിക്കാൻ വളരെ പ്രയാസമാണു്. എല്ലാ സമുദായങ്ങളുടേയും ആകത്തുകയാണല്ലോ കേരളത്തിലെ ജനത. ആ ജനസമൂഹത്തിനു് ഉഭയസാധാരണമായ പൗരാവകാശങ്ങൾ മൗലികമായതു് പലതുമുണ്ടു്. അവയെല്ലാം കൈവരുത്താനാണു് പത്രധർമ്മം ശാസിക്കുന്ന തത്വങ്ങളും പരിപാടികളും. താദൃശതത്വങ്ങളെ

അടിസ്ഥാനമാക്കി വർഗ്ഗരഹിതമായ ഒരു പത്രമെങ്കിലും കേരളത്തിൽ നടത്തിക്കൂടേ? ബുദ്ധിമാന്മാരായ നേതാക്കരം അതല്ലേ ചെയ്യേണ്ടതായ ചുമതല? അത്തരം പൗരബോധമുള്ള കേരളീയരില്ലേ? തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികരം എത്ര പണമെങ്കിലും ചിലവഴിച്ചു് മത്സരിക്കുന്നുണ്ടല്ലോ. രാവും പകലും അദ്ധ്വാനിച്ചു് വീടും സ്വത്തും നശിപ്പിക്കുന്നവരുണ്ടായിട്ടുണ്ടല്ലോ. കുറെ കാലം മുമ്പു് തിരുവിതാംകൂറിലെ ദിവാൻഭരണാധികാരപ്രമത്തതയും അഴിമതികളും ഉശിരോടെ എതിരിട്ടല്ലോ സ്വദേശാഭിമാനിയായ രാമകൃഷ്ണപ്പിള്ള നാടുകടത്തപ്പെട്ടില്ലേ? യാതനകരം പലതും അനുഭവിച്ചു ചരമമടഞ്ഞില്ലേ അദ്ദേഹം?

ഇതു് പരമാർത്ഥമല്ലേ? പക്ഷേ. ഇന്നു് കേരളത്തിൽ വർഗ്ഗീയപ്പിശാചിനെ നേരിടാൻ രാമകൃഷ്ണപ്പിള്ളമാർ ജനിച്ചിട്ടില്ല. ഇക്കാലത്തെ പരിതഃസ്ഥിതികളിൽ രാമകൃഷ്ണപ്പിള്ളയുടെ കാലത്തിൽനിന്നു് ഗുരുതരമായ പല മാററങ്ങളും സംഭവിച്ചിട്ടുണ്ടു്. അന്നു് നാടുവാഴിത്തത്തിൽ ഒരു രാജഗോപാലാചാരിയും ശിങ്കിടിപാടികളുമാണു് തുരത്തിവിടേണ്ടതായ എതിർകക്ഷികരം. എങ്കിലും സാമുദായികത്വം കൊടികുത്തിവാഴുന്ന കാലമല്ല അന്നു്. സ്വയഭരണവും ജനതയ്ക്കില്ല. ഇന്നാണെങ്കിൽ വർഗ്ഗരഹിതമായ, സാമാന്യം നല്ലനിലയിൽ, ഒരു പത്രം നടത്തണമെങ്കിൽ ഒന്നാമതായി നല്ലൊരു തുക പണമായിട്ടുവേണം. കർമ്മശൂരന്മാരായ, വിദ്യാസമ്പന്നന്മാരായ, പക്ഷേ — അതൊരു വല്ലാത്ത പക്ഷേ — സാമുദായികവാദികളല്ലാത്ത — ഒരു പത്രാധിപസംഘം, അരഡസൻ വ്യക്തികളെങ്കിലും തയ്യാറാകണം. അങ്ങിനെയുള്ളവർ ഒന്നിച്ചുകൂടാൻ സൗകര്യമുള്ള സ്ഥലം, ഒരു പട്ടണവുമായിരിക്കണം.

മതിയോ? പോരാ. കുറഞ്ഞതു് ഒരു ലക്ഷം ഉറപ്പിക മൂലധനമായിക്കരുതേണ്ടിയിരിക്കുന്നു. ഒരു മുദ്രാലയം സ്വന്തമായിട്ടുണ്ടാകണം. അല്ലാത്തപക്ഷം വർഗ്ഗീയമായ ഭരണകർത്താക്കരം ഊപ്പിടികാട്ടി ഭയപ്പെടുത്തി, പത്രം നിർത്തിക്കളയും. വർഗ്ഗീയത

ഏതു് വേഷത്തിൽ വന്നാലും മല്ലിട്ടു് യുദ്ധം ചെയ്യേണ്ടിവരും. മന്ത്രിമാരുടെ ഭരണത്തിലെ വൎഗ്ഗീയന്യൂനതകൾക്കും മാത്രമല്ല, ബുദ്ധിയും വിവേകവുമില്ലാത്ത തെററുകൾക്കും കരണക്കുററിയ്ക്കുതന്നെ അടികൊടുക്കേണ്ടിവരും. മന്ത്രിമാരുടെ ന്യായവും മര്യാദയുമില്ലാത്ത ചോദ്യങ്ങൾക്കു് ചുട്ട മറുപടികൾ ഉടനടി നൽകേണ്ടിവരും. സൎക്കാർവക കേസ്സുകൾ, മാനനഷ്ടക്കേസ്സുകൾ നേരിടേണ്ടിവരും. ഇതിനെല്ലാം ക്ലേശവും അരിഷ്ടതയും യാതനകളും സഹിക്കേണ്ടിവരും. ആരുണ്ടു് ഇതെല്ലാം സഹിക്കാൻ തയ്യാറുള്ളവർ?

പത്രം തുടങ്ങിയെന്നുതന്നെ വിചാരിക്കുക. ബഹുജനദൃഷ്ടിയിൽ കേരളത്തിൽ ഇന്നാൎക്കാണു് സ്ഥിതിയും സ്ഥാനവും? വൎഗ്ഗീയവാദികളായ, മന്ത്രിമാരായവൎക്കും മന്ത്രിസ്ഥാനയശഃപ്രാൎത്ഥികൾക്കുമാത്രം. സാഹിത്യവൃത്തികൊണ്ടു് കഴിയുന്നവരിലാരെങ്കിലും ഉദരപൂരണത്തിന്നല്ലാതെ, രാജ്യം നന്നാക്കുമോ? അവൎക്കെവിടെ സമയം, സൗകര്യം? അവരിൽ പലരും വൎഗ്ഗീയസാഹിത്യശ്രമങ്ങൾകൊണ്ടു് ഉപജീവനമാൎഗ്ഗം തേടുന്നവരുമായിരിക്കും.

അഥവാ ഒരാൾ ഇത്തരത്തിലൊരു വൎഗ്ഗരഹിതപത്രം തുടങ്ങുന്ന സാഹസത്തിൽ ചാടിയെന്നു് വിചാരിക്കുക. പത്രം ആരാണു് വായിക്കുക? പുതുമോടിക്കു് കുറെ ചിലവാകുമെന്നുതന്നെ വെക്കുക. നായർവൎഗ്ഗത്തിലോ മറേറതെങ്കിലും നസ്രാണീയീഴവമുസ്ലീം വൎഗ്ഗങ്ങളിലോ ഏതെങ്കിലുമൊന്നിൽ ജനിച്ചുവളരാതിരിക്കാൻ ഒരു കേരളീയനു സാധ്യമാണോ? ഒരുപക്ഷെ അന്യദേശക്കാരനാണെന്നുവെക്കുക. ഇന്ത്യക്കു്പുറമെയുള്ള ഒരു രാജ്യത്തുനിന്നു വന്നു്, കേരളീയ പൗരത്വം സ്വീകരിച്ചു്, കേരളത്തിൻെറ ദത്തുപുത്രനായവൻ. അയാൾ മതം വ്യക്തിഗതമാക്കിയ ഒരു ക്രിസ്ത്യാനിയെന്നും സങ്കല്പിക്കുക. രണ്ടു് ദിവസത്തിലധികം കേരളം മുഴുവനും അയാളുടെ ഊരും പേരും സമസ്തവിവരും ഞാരും കണ്ടുപിടിക്കാൻ കേരളീയർ ബുദ്ധിശക്തിയുള്ളവരാണു്. അ

യാം ക്രിസ്ത്യാനിയാണെന്നു് ഒരു സ്വരം ഉടനെ രാജ്യമെങ്ങും കേൾക്കും. ആദ്യമാദ്യം ക്രിസ്ത്യാനികൾ പത്രംവായിക്കും, ഒരുവേള വരിക്കാരുമാകും; കാലക്രമത്തിൽ പത്രാധിപർ മാത്രം ടി പത്രം വായിക്കും. ഒന്നുരണ്ടു് മാസം കഴിയുമ്പോൾ പത്രത്തിൽ ക്രിസ്ത്യാനി വർഗ്ഗീയത്വം കാണാനില്ലെങ്കിൽ അതായതു് വർഗ്ഗരഹിതമായി വർത്തിച്ചാൽ പിന്നെ ക്രിസ്ത്യാനികളുടെയിടയിലും ചിലവില്ല, വായനക്കാരില്ല. കമ്മ്യൂണിസം പൊക്കിപ്പിടിച്ചാൽ കമ്മ്യൂണിസ്റ്റുകാർ പത്രംവാങ്ങും. അതും കഷ്ടിയാണു്. കാരണം അവക്കും സ്വന്തം പത്രങ്ങളുണ്ടു്. ചുരുക്കത്തിൽ പത്രം ക്ഷയിച്ചു നശിക്കും. അന്നന്നത്തെ മന്ത്രിസഭയേയും അതിന്റെ രാഷ്ട്രീയ കക്ഷിയേയും വിമർശിച്ചാൽ, പത്രവരിക്കാരുടെ നമ്പ്രനുസരിച്ചു് വേണ്ട എണ്ണമില്ലെങ്കിൽ സക്കാർ പരസ്യം നാസ്തി. ഒരു വർഗ്ഗത്തിന്റേയും പത്രമാകാത്തതുകൊണ്ടു് അതിലുള്ള വൈവസായികവാണിജ്യധനാഢ്യന്മാർ പരസ്യവും നൽകുകയില്ല. പരസ്യമില്ലാതെ, രാഷ്ട്രീയകക്ഷിപത്രങ്ങളല്ലാതെ, മറേറതെങ്കിലും ഒരു പത്രത്തിന്നു് ഒരു അരമാസം ജീവിക്കാൻ സാദ്ധ്യമാണോ? ഒരു പടിയുംകൂടി കടന്നാൽ പബ്ലിക്ക് പ്രോസിക്യൂഷൻ! ഒരു വർഗ്ഗരഹിതപത്രം ജനിക്കുമോ, ബാലാരിഷ്ടതകൾ തരണം ചെയ്തു വളരുമോ?

ഒരു നാസ്തികൻ അത്തരം പത്രം അവതരിപ്പിച്ചാലോ, പിന്നത്തെ കഥ പറയാനില്ല, ചാർവ്വാകമതംതൊട്ടു് തനി വിശ്വദേവതാവാദംവരെ അനുവദീയമെന്നു് ഉൽഘോഷിക്കുന്ന ഹിന്ദുക്കളും, ഒരാളുടെ മനസ്സാക്ഷിപ്രകാരം ജീവിച്ചാൽ മുക്തിയുണ്ടെന്നു താത്വികവാദം ചെയ്യുന്ന ക്രിസ്ത്യാനികളും, ഏകദൈവവിശ്വാസമില്ലെങ്കിൽ കാഫറായി പുറംതള്ളുന്ന മുഹമ്മദീയരും, ആ പത്രത്തേയും പത്രാധിപരേയും ജീവനോടെ കുഴിച്ചുമൂടിയില്ലെങ്കിൽ ഭാഗ്യംതന്നെ! മറിച്ചുപറഞ്ഞാൽ മേപ്പടിയാന്റെ പത്രം ഒരു ദിവസത്തിലധികം ജീവിക്കയില്ലെന്നത്ഥം. എല്ലാ സമുദാ

യവാദികളായ പത്രങ്ങളും പുതിയ സഹജീവിയെ കണ്ണുതുറന്നു നോക്കുകപോലും ചെയ്യില്ല.

യുക്തിവാദിപ്രസ്ഥാനത്തിൻെറ ചരിത്രവും 'യുക്തിവാദി' മാസികയുടെ വരിക്കാരും കേരളത്തിലെത്രയുണ്ടെന്നു് ആരെങ്കിലുമറിയുന്നുണ്ടെങ്കിൽ മേൽപ്രസ്താവിച്ചതിൻെറ രഹസ്യം വേഗം മനസ്സിലാക്കാം. ഇന്ത്യയിൽ മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നെല്ലാം പറയുന്നതു് ഭരണഘടനയിലുണ്ടെന്നതു് ശരിതന്നെ. ഭരണയന്ത്രം മതമില്ലാത്തവരെ പിടികൂടുന്നില്ല. പക്ഷെ സാമൂഹ്യശാസ്ത്രരീത്യാ ഭാരതവഷത്തിൽ, എന്തിനു് കേരളത്തിൽ, സാമുദായികബന്ധങ്ങൾക്കാണു് സ്വാധീനശക്തിയും, അധികാരവും, ഗുണദോഷനിരൂപണധമ്മവുമുള്ളതു്. പൌരനെന്നനിലയിൽ ഒന്നുംതന്നെയില്ല.

ഉപരിപ്രോക്തമായ വഗ്ഗീയ ഭൂമിയിലും കാലാവസ്ഥയിലും തനിപൌരവാദിയായ ഒരു പത്രവും മുളക്കുകയില്ല. മുളപ്പിച്ചാൽ, വെള്ളമില്ലാതെ, വളമില്ലാതെ ക്ഷണം വാടിക്കരിഞ്ഞുപോകും. വിത്തുപാകാൻതന്നെ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടോ?* വഗ്ഗീയവിഷം തീണ്ടിയ "ഇവരെ കൂടാതെ വളരെ ചെറിയ ഒരു സംഘം, ജാതിയുടെ പാഴ്ക്കുണ്ടിൽനിന്നും വേഗം പുറത്തുവന്നു സവ്വതന്ത്രസ്വതന്ത്രമായ ഏകലോകത്തിൻെറ വിധാതാക്കളായി സമതയുടേയും സൌഹാദ്ദത്തിൻേറയും പുതിയ ആകാശവും ഭൂമിയും രചിക്കുവാൻ മുന്നോട്ടുവരുന്നു. അവരെ N. S. S. നു് വേണ്ട, S. N. D. P. യ്ക്കു് വേണ്ട, കത്തോലിക്കാ കോൺഗ്രസ്സിന്നു് വേണ്ട, സോഷ്യലിസ്റ്റുകാക്കു് വേണ്ട, കോൺഗ്രസ്സിനു് വേണ്ട, കമ്മ്യൂസ്റ്റ്കാക്കു് വേണ്ട, മുസ്ലീം ലീഗിന്നു് വേ

---

* അത്തരം 'സാഹസ'ത്തിന്നു് ഈ 'സാധു'വായ ഗ്രന്ഥകാരൻ ഒരു ശ്രമംചെയ്തുനോക്കി. കുറെ പണവും സമയനഷ്ടവും വന്നവസാനിച്ചില്ല. അതൊരു രസകരമായ കഥയാണു്. പക്ഷേ ഈ ഗ്രന്ഥത്തിൽ അതെല്ലാം എൻെറ ആത്മകഥയായതുകൊണ്ടു് സ്ഥാനമില്ലല്ലോ.

ണ്ട. അവർ ഒററപ്പെട്ടുപോകുന്നു.'' (സ. 8. ഭാ. 55) (ഞാനും അതിൽ എളിയ നിലയിൽപെട്ട ഒരാളാണേ!)

നിത്യചൈതന്യയതിയും അതിൽ ചേർന്ന ഒരാളാണെന്നു് ഞാൻ വിശ്വസിക്കുന്നു. പക്ഷേ അദ്ദേഹം ആരാണു്? എവിടെയാണു്? അപരനാമത്തിൽ എഴുതുന്നതുകൊണ്ടു് ആളെ കണ്ടെത്താനും എളുപ്പമല്ല. ഈ ഗ്രന്ഥം വായിച്ചിട്ടു് അത്തരക്കാർ ഒന്നിച്ചുചേർന്നു് എന്തെങ്കിലും പ്രവർത്തിക്കട്ടെ. "ഭാഗ്യത്താൽ ഈ മനുഷ്യസ്നേഹികളായ സ്വതന്ത്രജീവികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നുണ്ടു് എന്നതു് ആശ്വാസകരമാണു്.'' ഇതൊരു ശുഭപ്രതീക്ഷയാണു്. ശുഭാന്തവിശ്വാസിയായ എനിക്കും ഇത്തരം ഗ്രന്ഥമെങ്കിലുമെഴുതി കേരളത്തിലെ വർഗ്ഗീയതയുടെ നഗ്നരൂപം, അല്ല വിശ്വരൂപം തന്നെ വരക്കാൻ നിത്യചൈതന്യയതി പ്രോത്സാഹനം തന്നുവെന്നു് നന്ദിപൂർവ്വം രേഖപ്പെടുത്തിക്കൊള്ളട്ടെ. പ്രയുക്തശാസ്ത്രഗ്രന്ഥമാണെങ്കിലും ഇത്രത്തോളം തന്നെ എഴുതാമെന്നു് തോന്നുന്നു.

## അദ്ധ്യായം അഞ്ച്.

# സാമ്പത്തിക വൎഗ്ഗീയത.

പ്രാരംഭമായി സാമൂഹ്യശാസ്ത്രത്തിന്റെ സ്വഭാവത്തെക്കുറിച്ചു് അല്പമൊന്നു് പ്രസ്താവിച്ചാലേ ഇതിലെ സിദ്ധാന്തം വിശദമാകയുള്ളൂ. സോഷ്യോളജി—സാമൂഹ്യശാസ്ത്രം—'സ്വയം വിശദമായതു് അരുചികരമായി വലിച്ചുനീട്ടുക (the painful elaboration of the obvious) എന്നാക്ഷേപിക്കപ്പെടാറുണ്ടു്. അത്തരം പരിഹാസോക്തികൾ അബദ്ധമാണെന്നും അസ്ഥാനത്താണെന്നും സാമൂഹ്യശാസ്ത്രംകൊണ്ടുള്ള ഗുണമനുഭവിച്ചവർ തലകുമ്പിട്ടു് സമ്മതിച്ചിട്ടുമുണ്ടു്. സാമൂഹ്യശാസ്ത്രത്തിൽ ധനശാസ്ത്രത്തിനു് വല്ല ബന്ധമുണ്ടോ? വല്ല സഹായവും ചെയ്യാൻ കഴിയുമോ? വളരെ ബന്ധങ്ങളും പാരസ്പരികസഹായങ്ങളുമുണ്ടെന്നാണു് നാം മനസ്സിലാക്കേണ്ടതു്. രണ്ടു് ശാസ്ത്രങ്ങളും അനുഭവത്തെയാണു് ആസ്പദമാക്കുന്നതു്. ഒരു വ്യക്തിയുടെ പ്രവൃത്തികളിൽ എന്തെന്തു് ഉദ്ദേശ്യങ്ങളുണ്ടെന്നും, ഏതെല്ലാമുപായങ്ങളാണു് പ്രയോഗിക്കുന്നതെന്നും, ഓരോന്നിനേയും ഏതുപ്രകാരമാണു് വിലയിരുത്തേണ്ടതെന്നും ഗവേഷണം നടത്തുകയാണു് രണ്ടു് ശാസ്ത്രങ്ങളും പലപ്പോഴും നിൎവ്വഹിക്കുന്നതു്. മനുഷ്യരുടെ പെരുമാററവും, ആചാരങ്ങളും, രണ്ടും നിരീക്ഷണം ചെയ്യും, ചെയ്യേണ്ടതുമാണു്. രണ്ടും അക്കാരണത്താൽ 'പെരുമാററശാസ്ത്രങ്ങൾ, (behavioural sciences) എന്നു് വിശേഷിക്കപ്പെടുന്നുണ്ടു്. പക്ഷേ രണ്ടിന്നും വ്യത്യസ്തങ്ങളായ ലക്ഷ്യമാണുള്ളതു്. സാമൂഹ്യശാസ്ത്രത്തിൽ വ്യക്തികൾ സംഘം ചേൎന്നു് പ്രവൎത്തിക്കുന്ന വശമാണു് പ്രധാനം. ധനശാസ്ത്രത്തിൽ സംഘടിതമായി പ്രവൎത്തിക്കാമെങ്കിലും സാമ്പത്തികസ്വഭാവമാണു് നിൎണ്ണായകഘടകം. രണ്ടിന്നും വസ്തുവിവരക്കണക്കുകൾ

അനുപേക്ഷണീയമാണു്. രണ്ടിന്റേയും നിഗമനങ്ങൾ ഈ കണക്കുകളെ ആശ്രയിച്ചായിരിക്കും.

ഇത്രയും പ്രസ്താവിച്ചതു് കേരളത്തിലെ സാമ്പത്തികമായ കണക്കുകൾ, ഇനുള്ളതിനേക്കാൾ കണിശമായിട്ടുളനു് തിട്ടപ്പെടുത്തിയാലേ രണ്ടുശാസ്ത്രത്തിന്റേയും നിഗമനങ്ങൾ എത്രത്തോളം കണിശമാണെന്നു് തിച്ചപ്പെടുത്താൻ കഴിയൂ. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ (ജാപ്പാനും ആ മേഖലയിൽ ഇക്കാര്യത്തിൽ ഉൾപ്പെടും) ഇന്ത്യയിൽ സക്കാർ നിലവാരത്തിലോ, സ്വകാര്യനിലവാരത്തിലോ, ഈദൃശവിവരങ്ങൾ വളരെ കുറവാണു്. ഈ ഗ്രന്ഥത്തിലെ പ്രമേയത്തിനു് മേൽപറഞ്ഞതിനേക്കാൾ പ്രയാസമാണു്. സ്റ്റാററിസ്റ്റിക്സ്—വസ്തുവിവരക്കണക്കുകൾ—വഗ്ഗീയമായ നിലയിൽ ആരാണു് എടുക്കുക.? കേരളത്തിലെ നാലു് സമുദായങ്ങളാണു് പഠനവിഷയം. സാമ്പത്തികമായി ഏതു് സമുദായമാണു് ഒന്നാമത്തേതു്? നാലെണ്ണത്തിൽ ധനാഢ്യതയെ മുൻനിറുത്തി ഏതു് ക്രമത്തിലാണു് നാലിനേയും നിത്തേണ്ടതു്? *

ഇന്ത്യയിലെ ന്യൂനകക്ഷിവാദം കൊട്ടംപിരികൊണ്ടപ്പോൾ ബ്രിട്ടീഷുകാരെടുത്ത കണക്കുവെച്ചു് ചില ഇന്ത്യക്കാരും വിദേശീയരും ഉപന്യാസങ്ങൾ എഴുതിയതുപോലും തക്കിക്കാതെ വിട്ടിരുന്നില്ല. അതിരിക്കട്ടെ. ഇന്ത്യയിലെ കാനേഷുമാരി കണക്കുപ്രകാരം (1931–ലെ) ഹിന്ദുക്കൾ 24 കോടിയും മുസ്ലീമുകൾ 8 കോടിയുമായിരുന്നു. സാമ്പത്തികമായി നോക്കുമ്പോൾ

---

* ഈ ഗ്രന്ഥകാരൻ പലപ്രകാരത്തിലും ആധികാരികവിവരങ്ങൾ കിട്ടാൻ ശ്രമിച്ചിട്ടുണ്ടു്. സമുദായ സംഘടനകളോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. N. S. S. ഉം, S. N. D. P. യും മറുപടിതന്നെ തന്നില്ല. കിട്ടിയ വിവരങ്ങൾ മറുവിധത്തിലാണു് അഥവാ അവർ ദയവുണ്ടായി തന്നാൽത്തന്നെ, മററുള്ളവർ അതു് വിശ്വസിക്കുമോ? നായർ സമുദായത്തിലെയും ഈഴവസമുദായത്തിലേയും എണ്ണംതന്നെ വാദവിഷയമാണു്.

വാണിജ്യവൈയവസായിക മേഖലയിൽ ഹിന്ദുക്കാം (ആപേക്ഷികനിലയിലായാലും) ധനമധികമുള്ളവരാണെന്നു് ആരും നിഷേധിച്ചില്ല. തലയെണ്ണി തിട്ടപ്പെടുത്തി സ്വത്തിൻെറ വില നിശ്ചയിക്കാൻ സാദ്ധ്യമല്ലല്ലൊ. ദേശീയ വരുമാനം കണക്കാക്കുമ്പോാം ധനശാസ്ത്രജ്ഞന്മാർ ചില മാനദണ്ഡങ്ങളും ഉപാധികളും സ്വീകരിക്കാറുണ്ടു്. അമ്മാതിരി തോതു കാംവെച്ചു് നോക്കിയാൽ, ഒരു സമുദായത്തിൻെറ എണ്ണവും അതിലെ സാമ്പത്തികസ്ഥിതിയും സാമാന്യമായി തിട്ടപ്പെടുത്താം.

ഒരുദാഹരണംകൂടി കാണിച്ചിട്ടു് നമുക്കു് നേരിട്ടു് കേരളത്തിലെ സാമ്പത്തിക വർഗ്ഗീയപ്രശ്നം പരിശോധിക്കാം. ഇന്ത്യയിലെ പാർസിസമുദായക്കാർ 1931_ൽ 1,06,973 പേരാണു്. പാക്കിസ്ഥാനിൽ, വിശേഷിച്ചു് കറാച്ചിയിൽ സാമാന്യം പേർ സ്ഥിരമാക്കിയിട്ടുണ്ടു്. ഇപ്പോാം ഇന്ത്യയിൽ അപേക്ഷികമായി പാർസികളുടെ എണ്ണം കുറവാണു്. എന്നാലും സാമ്പത്തികസ്ഥിതിയിൽ ടാററാ, വാഡിയ, മോഡി മുതലായവരടക്കം പാർസികാം മറെറല്ലാ സമുദായക്കാരേക്കാാം മെച്ചപ്പെട്ടവരാണു്. ബിർളാ, ബങ്കോർ, സിങ്കാനിയാ, ഗോയിങ്കാ മുതലായ മാർവാഡികാം മററുള്ള ഹിന്ദുജാതികളെക്കാാം പണക്കാരാണു്. അവരിൽ ദരിദ്രന്മാരില്ലെന്നു് അർത്ഥമാക്കരുതു്. ഓരോ വർഗ്ഗമെന്നോ, ജാതിയെന്നോ നിലയിൽ സ്വത്തു് കൂടുതലുള്ളവരെന്നതാണു് ശ്രദ്ധേയം. കാലം ഒരു നൂററാണ്ടു് കഴിയുമ്പോാം എന്താകുമെന്നുള്ളതു് നമുക്കു് ഇവിടെ ചിന്തിക്കേണ്ടതുമില്ല.

കേരളത്തിലെ ഒരു ജാതിയെ, സമുദായത്തെ എടുത്തുനോക്കാം. നമ്പൂതിരിമാർ ഒരു സമുദായമെന്നനിലയിൽ എണ്ണം ഒരു ലക്ഷത്തോളമുണ്ടെന്നു കണക്കാക്കുക. (കൃത്യമായ കണക്കറിവായിട്ടില്ല) നമ്പൂതിരിസമുദായം ഭൂസ്വത്തുകൊണ്ടും, മററും കേരളത്തിലെ ഏററവും ധനാഢ്യന്മാരല്ലേ ഇന്നും? ആണെന്നാണു് എൻെറ

നിഗമനം. വാണിജ്യവ്യാവസായികമേഖലകളിൽ താരതമ്യേന കോയമ്പത്തൂരിലെ മില്ലുകാരുടേതുപോലേയോ, അഹമ്മദാബാദിലെ ഗുജറാത്തിക്കാരെപ്പോലേയോ, കാൺപൂരിലെ മാർവാഡികൾ, കല്ക്കത്തയിലെ അതേ ഹൈന്ദവജാതിക്കാരെപ്പോലേയോ ഒരു ജാതിക്കാരും കേരളത്തിൽ ഇല്ല. വസ്തുസ്വാമിത്വമാണു് ഇന്നും കേരളത്തിലെ ധനസ്ഥിതിയെ സൂചിപ്പിക്കുന്നതു്. പൂവ്വള്ളി മനപോലുള്ള ജന്മികളായ നമ്പൂതിരി ഇല്ലങ്ങൾ പലതുമുണ്ടു്. കുട്ടനാട്ടിലെ മാങ്കൊമ്പിൽ പട്ടർ, തൃശ്ശൂരിലെ ചാക്കോള, പാലായി, ഭരണങ്ങാനം എന്നീ പ്രദേശത്തെ കുരുവിനാക്കുന്നൻ, പാറായിത്തരകൻ, പാലക്കാട്ടെ വടശ്ശേരി മന്നാടിയാർ, കവളപ്പാറ നായർ, ചില അടിത്തൂൺപററുന്ന നാട്ടുരാജാക്കന്മാർ, കൊല്ലത്തെ മുസലിയാർ, തലശ്ശേരിയിലെ കേയിമാർ, വലപ്പാട്ടു്, നാട്ടിക ദേശങ്ങളിലെ അടിപ്പറമ്പു രാമൻ, എന്നിപ്രകാരം ഭിന്നഭിന്ന സമുദായങ്ങളിലെ വ്യക്തികൾ കേരളീയ കുബേരന്മാരായിരിക്കാം. എന്നിരുന്നാലും, ഭൂമിയുടമസ്ഥതയിലും ആയിരമായിരം നെല്ലു പാട്ടംകിട്ടുന്നവരിലും പല സവർണ്ണഹിന്ദുക്കൾ കേരളത്തിലുണ്ടു്, വിശേഷിച്ചു നമ്പൂതിരിവർഗ്ഗത്തിൽ.

KOTTAYAM PUBLIC LIBRARY

പ്രകൃതത്തിൽ മററൊന്നു നോക്കാം. കേരള പ്രവിശ്യയിൽ ആരാണു ഏററവുമധികം ആദായനികുതി കൊടുക്കുന്നവർ? അതു നമുക്കു സാമൂഹ്യശാസ്ത്രദൃഷ്ട്യാ അന്വേഷിക്കേണ്ടതല്ലേ? ഒരു സമുദായമെന്ന നിലയിൽ സാമ്പത്തികമായി ഈഴവസമുദായമാണു ഒടുവിലെ പതനത്തിലെന്നു എനിക്കു തോന്നുന്നു. ഈഴവസമുദായത്തെക്കാൾ ഉയന്ന സ്ഥിതിയിലാണു മുസ്ലീംസമുദായക്കാർ. ഇനി തക്ക്വിഷയമാകുന്നതു ക്രിസ്ത്യാനിസമുദായത്തിൻേറയും നായർസമുദായത്തിൻേറയും നിലയെപ്പററിയാണു്. ഇതിൽ ഓരോ സാമുദായികവാദിക്കും പല തെളിവുകളും ന്യായങ്ങളും ഹാജരാക്കാനുണ്ടാകും. കണിശമായ വസ്തുവിവരക്കണക്കുണ്ടാകുന്ന വരെ വാദം നീട്ടിക്കൊണ്ടുപോകുകയും ചെയ്യാം.

തൎക്കത്തിൻെറ സ്വഭാവം വെളിപ്പെടുത്താനല്ലാതെ നിസ്സംശയമായ നിഗമനങ്ങളുണ്ടാക്കാൻ ഇതിൽ സാധ്യമല്ല. അല്പം ചിലതു സൂചിപ്പിക്കാം. ഈ കാര്യത്തിൽ 'ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം' എന്നമട്ടിൽ വാദിച്ചാലും യഥാൎത്ഥ കണക്കുകൾ കാണുമ്പോൾ ആ നിഗമനം അബദ്ധമായി ഭവിക്കും. തൎക്കത്തിൽ ഒന്നാമതായി, ആരാണ് നായർ എന്നു നിൎവ്വചിക്കേണ്ടിവരും. N. S. S. ൻെറ നിൎവ്വചനത്തിൽ വാരിയം മുതൽ ചാലിയംവരെ നാല്പതു ജാതിയെന്നവരെല്ലാം ഉൾപ്പെട്ടുമോ? N. S. S. ൻെറ കണക്കുപ്രകാരം നായർസമുദായത്തിൽ 30 ലക്ഷത്തിൽചില്വാനം ആളുകളുണ്ടെന്നു കേൾക്കുന്നു. മറെറാരു കണക്കുപ്രകാരം 27 ലക്ഷമെയുള്ളുവെന്നു കാണുന്നു. നമ്പൂരിയുടെ മക്കളായ നായന്മാർ എത്രയുണ്ടു്? അവൎക്കു നിയമപ്രകാരം സ്വത്തു കിട്ടിയില്ലെങ്കിൽ നമ്പൂതിരി, അച്ഛനെന്നനിലയിൽ കൊടുത്ത ധനമോ? വിശേഷിച്ചു പാലക്കാട്ടു താലൂക്കിൽ പട്ടർ അച്ഛനായിട്ടുള്ള നായന്മാർ ചിലരുണ്ടു്. അവൎക്കും പട്ടർ, അച്ഛനെന്ന നിലയിൽ പണമേതാനും നൽകിയതും കിടച്ചിരിക്കാം. ക്ഷത്രിയരായ നാടുവാഴികളിൽ പുരുഷന്മാരെല്ലാം നായർസമുദായത്തിൽനിന്നാണു സാമാന്യമായി ഭാൎയ്യമാരെ വേൾക്കുന്നതു്. അവരുടെ മക്കൾക്കുള്ള സ്വത്തിൽ രാജകീയധനത്തിൽനിന്നു ഒരോഹരിയെങ്കിലും ലഭിച്ചിട്ടില്ലേ?

നായർസമുദായത്തിൻെറ ധനസ്ഥിതിയെ അന്വേഷിക്കുമ്പോൾ ഇതെല്ലാം സംഗതമാകുന്നതെങ്ങിനെ? അന്യസമുദായദൃഷ്ടിയിൽ, വിശേഷിച്ചു ഈഴവരുടേതിൽ സവൎണ്ണരെയെല്ലാം ഒരു സമുദായമായിട്ടാണ് കാണുന്നതു്. പഞ്ചായത്തു്, മുനിസിപ്പാലിററി, ലിമിററഡ് കമ്പനികൾ ഇത്യാദികളായ സംരംഭങ്ങളിലും നിയമസഭാതെരഞ്ഞെടുപ്പുകളിലും സാമാന്യമായി, നമ്പൂരിയും, പട്ടരും, മൂസ്സതും, ഇളയതും, വാരിയർ മുതൽ ചാലിയംവരെയുള്ള സവൎണ്ണരും ഒററക്കെട്ടായിട്ടാണ് നിലകൊണ്ടു

വോട്ടുചെയ്യാറു്. സാമാന്യമായിട്ടെന്നതു കീഴ്‌വരയിട്ടതു വായനക്കാർ ശ്രദ്ധിച്ചിരിക്കുമല്ലോ. അപവാദങ്ങളായിട്ടു് നമ്പൂരിയോ, ബ്രാഹ്മണനോ, നായർസമുദായം ഭൂരിപക്ഷമുള്ളിടത്തു സ്ഥാനാൎത്ഥിയായി നില്ക്കുമ്പോഠം, നായരല്ലാത്ത സ്ഥാനാൎത്ഥിക്കും വോട്ടുചെയ്യും. ഈഴവനോ, ക്രിസ്ത്യാനിയോ, മുസ്ലീമോ, ആയാൽ സാമുദായികാനുകൂല്യം കഷ്ടിയായിരിക്കുമത്രെ!

അമ്മച്ചിസന്താനങ്ങളായ തമ്പിമാൎക്കും നേത്യാരമ്മമക്കളായ മേനോന്മാൎക്കും കെട്ടിലമ്മമക്കളായ നായന്മാൎക്കും നായർ സർവ്വീസ്സ് സൊസൈററിയിൽ അംഗത്വമുണ്ടു്. ഈഴവൎക്കുണ്ടോ? ഇല്ലെന്നാണ് എൻെറ അറിവു്. N. S. S. ൻെറ നിയമപ്രകാരം ഈഴവനു് അംഗമാകാൻ പാടുണ്ടോ? അവരുടെ അച്ഛന്മാരെ, N. S. S. അംഗങ്ങളായി ചേൎത്തികിട്ടീട്ടില്ലായിരിക്കാം. എന്നാലും,സ്വജാതീയമായ സാമുദായികപ്രസ്ഥാനങ്ങളൊഴിച്ചു, നമ്പൂരി, പട്ടർ ആദിയായവരുടെ അനുഭാവാനുകൂല്യങ്ങഠം നായർസമുദായത്തോടാണ്. ഇന്നും, എൻ. എസ്സ്. എസ്സ്. എത്ര ശഠിച്ചിട്ടു പോലും തീണ്ടാരിക്കല്യാണവും കെട്ടുകല്യാണവും ചിലേടത്തെല്ലാമുണ്ടു്. തിരുമേനിയും സ്വാമിയും (സ്വാമിമാർ പാലക്കാടു മുതലായ മലബാറിൽ) നായർസ്ത്രീകളെ 'ബാന്ധവി'കളെന്നതു ബ്രഹ്മാംശസംസൎഗ്ഗമായി മാനിക്കപ്പെട്ടുന്നു. ഇതെല്ലാം നോക്കുമ്പോഠം നമ്പൂരിവൎഗ്ഗത്തിലെ ഒരുലക്ഷവും പട്ടർവൎഗ്ഗത്തിലെ ആറുലക്ഷവും സവൎണ്ണരായ നായർസമുദായത്തിൻെറ ഉപഭാഗമായിട്ടാണ് ഈഴവക്കണ്ണിൽക്കാണപ്പെടുക. അങ്ങിനെ 30_ം 7_ം കൂട്ടിയാൽ 37 ആയി. മൂസ്സതു് ഇളയതു നമ്പിയശ്ശൻ എന്നിങ്ങനെ സവൎണ്ണരെ എല്ലാം ഒന്നിച്ചുകൂട്ടിയാൽ 40 ലക്ഷമെന്നു കണക്കിടാവുന്നതല്ലേ?

ഈഴവസമുദായത്തിൻെറ സംഖ്യാബലം എത്രയാണ്? ആരാണീഴവർ? "ഈഴവൻ, തീയൻ, ബില്ലവൻ, നാടാൻ എന്നീ സമുദായങ്ങഠം" (സ. 8. ഭാ. 56. നി.) മാത്രമാണോ? എസ്.

എൻ. ഡി. പി. യുടെ സംഘടനാനിയമാവലിയിൽ ഈ നാലു കൂട്ടർ, മാത്രമാണു അംഗമാകുന്നവർ. ഒരു കണക്കുപ്രകാരം 39 ലക്ഷമാണത്രെ ഈഴവർ. എസ്. എൻ. ഡി. പി. യോഗത്തിന്റെ കണക്കുപ്രകാരം 45_ഓളമുണ്ടെന്നു കേൾക്കുന്നു. കൊച്ചിയിൽ ഈഴവരെ ചോമാരെന്നാണു അന്യസമുദായക്കാർ വിളിച്ചുകൊണ്ടിരുന്നതു. ഇക്കാലത്തു ഉദ്യോഗത്തിൽ ധാരാളം ഈഴവർ സംവരണംമൂലം കടന്നുകൂടിയിട്ടുണ്ട്. അവരിൽ പലരും ഉദ്യോഗനിലയിൽ ആദായനികുതി കൊടുക്കുന്നവരാണ്. എന്തൊക്കെയായാലും അവർ നായർസമുദായത്തോളം ധനസ്ഥിതിയുള്ളവരായി എണ്ണാൻ പ്രയാസം. എന്നുപറഞ്ഞാൽ, ശരാശരി കണക്കുനോക്കി ധനസ്ഥിതി നിശ്ചയിക്കുമ്പോൾ, ധനം ഇപ്രകാരം അളക്കുന്നതു ശരിയല്ലെന്നു വിവക്ഷ.

ഇനി ആദായനികുതി കൊടുക്കുന്നവരെസംബന്ധിച്ച കേരളത്തിലെ കഥ നോക്കാം. 1962_63_ലെ കണക്ക്പ്രകാരം ഇന്ത്യയിലാകെ 17,00,439 പേരാണു ആദായനികുതി കൊടുക്കുന്നവർ (പേർ എന്നതിൽ കമ്പനിമുതലായതും ഉൾപ്പെടും.) കേരളത്തിൽനിന്നു 43,360 എണ്ണമാണുള്ളതു: 35 കോടി 80 ലക്ഷത്തിൽ ചില്വാനമാണ് പിരിഞ്ഞ ആദായനികുതി. കേരളത്തിലെ ബാങ്കുകൾ, മില്ലുകൾ, വൈയവസായികക്കമ്പനികൾ, ഇവയിൽനിന്നാകണം അധികം സംഖ്യയും. ശേഷിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ നല്ലൊരു പങ്കുകാരുണ്ടായിരിക്കണം. തലയെണ്ണി ശരാശരി ഒരാളുടെ വാർഷികാദായം 283.07ക. ആകുന്നു. ഓരോ സമുദായത്തിലെ എണ്ണംകൊണ്ടു പെരുക്കിയാൽ ഓരോ സമുദായത്തിന്റെ വാർഷികാദായത്തിന്റെ തുക നിർണ്ണയിക്കാം. ഇപ്രകാരം ധനസ്ഥിതി നിശ്ചയിക്കുമ്പോൾ ജനസംഖ്യയിൽ എണ്ണം കൂടുതലുള്ള ഈഴവസമുദായത്തിന്നായിരിക്കും ഒന്നാംസ്ഥാനം. ടാററയും, ബിർളയും, ശരാശരി ആദായം മററുള്ളവർക്കു ഒരു കൊല്ലത്തേക്കാണെങ്കിൽ, ടാററയ്ക്കും ബിർളയ്ക്കും ഒരു മണിക്കൂറിലുള്ളതായിരിക്കും. അതുപോലെ വടശ്ശേരി മന്നാടിയാർക്കും, കൊല്ലത്തു

മുസലിയാർക്കും പൂവ്വള്ളി നമ്പൂതിരിപ്പാടിനും ഒരു ദിവസത്തിൽ തന്നെ 283.07 ആദായമുണ്ടാകാം. വർഗ്ഗംതിരിച്ച് ആദായനികുതിയും കാർഷികനികുതിയും കാർഷികാദായനികുതിയും കൊടുക്കുന്നവരുടെ കണക്കുപരിശോധിക്കാൻ എളുപ്പമല്ല. 43,360ൽ എത്രപേർ നമ്പൂരിതൊട്ടു ഈഴവൻ അഥവാ നായാടിവരെ ഓരോ സമുദായക്കാർ? എന്തുസംഖ്യയാണു ഓരോന്നും കൊടുക്കുന്നുണ്ടെന്നു കാണണം, കൃത്യം കണക്കറിയണമെങ്കിൽ; എന്നാലും ധനസ്ഥിതി തിട്ടപ്പെടുമോ? ഇല്ല. ഇതിൽനിന്നു മനസ്സിലാക്കേണ്ടതു തലയെണ്ണി കണക്കുകൊണ്ടു ഈ പ്രശ്നത്തിൽ ഒരു പ്രയോജനവുമില്ലെന്നു പറയേണമോ?

അഖിലേന്ത്യാപ്രശ്നമായി നോക്കുമ്പോൾ ഹിന്ദുമുസ്ലീം സമരത്തിൽ രാഷ്ട്രീയപ്രാമാണ്യത്തേക്കാൾ മുസ്‌ലീം കക്ഷികൾ അധികം ഭയപ്പെട്ടതു് ഹൈന്ദവരുടെ സാമ്പത്തികാധിപത്യത്തെക്കുറിച്ചായിരുന്നു. മൂലധനാഢ്യതയിലും വൈയവസായിക നൈപുണ്യത്തിലും ഹൈന്ദവർക്കാണു് ഉപരിസ്ഥാനം കരഗതമാകുന്നതു്. അവരുടെ വിദ്യാഭ്യാസോൽകർഷം അതിനു് സാഹായികവുമായിട്ടുണ്ടു്. കേരളത്തിൽ ചരിത്രവശാൽ ഹിന്ദുക്കളും മുസ്ലീമുകളും തമ്മിൽ മാത്രമല്ല മാത്സര്യം; നാലു് സമുദായങ്ങളാണു്. ഈഴവർക്കും, മുസ്ലീമിനും മററു രണ്ടുസമുദായക്കാരെപ്പററിയാണു് ഭീതി. വാണിജ്യവ്യവസായങ്ങളിൽ കൈവന്നതായ സാമർത്ഥ്യം കൊണ്ടും വിദ്യാഭ്യാസവും മൂലധനവും മൂലം ഇതിന്നിടയിൽ സമ്പാദിച്ചുവെച്ച സ്വാധീനതകൊണ്ടും നായർ, നസ്രാണി സമുദായങ്ങളെപ്പററിയാണു് മററുള്ള ഈഴവർക്കും മുസ്ലീമിനും ഭയം. രാഷ്ട്രീയശക്തിയും അതോടൊപ്പം ധനവും ക്രിസ്ത്യാനിനായരുടെ കയ്യിലുമായാൽ ഈഴവമുസ്ലീംസമുദായങ്ങളുടെ കഴുത്തിലുള്ള പണക്കെട്ടുകൾ അന്യർ വലിച്ചു മുറുക്കുകയില്ലേ?

ഈ ഘട്ടത്തിൽ ക്രിസ്ത്യാനി മുസ്ലീം സമുദായങ്ങളുടെ എണ്ണത്തെപ്പററിയും ഒരു വാക്കു്. മുസ്ലീമുകൾ എണ്ണത്തിൽ 30–ൽ ചി

ലപാനം ലക്ഷമാണ്. പക്ഷേ കൊച്ചിതിരുവിതാംകൂർ ഭാഗത്തിൽ ശതമാനം വളരെ കുറവാണ്. 100-ക്ക ആറേഴിൽ കൂടുതലില്ലെന്നുതോന്നുന്നു. നേരെമറിച്ച് മലബാറിൽ കുറഞ്ഞതു് മൂന്നിലൊരുഭാഗം മുഹമ്മദീയരാണ്. താരതമ്യേന ധനസ്ഥിതിയിൽ താണപടിയിലുമാണ്. കേരളത്തിലെ ക്രിസ്ത്യാനികളുടെ എണ്ണം 36-ലക്ഷത്തോളമാകുന്നു. വെറും എണ്ണംമാത്രം നോക്കിയാൽ ഏററവും ന്യൂനകക്ഷി അവരല്ല. മാത്രമല്ല അവക്ക് സവർണ്ണഹിന്ദുക്കാംക്കുള്ളതോടൊപ്പം തന്നെ ഏതാണ്ട് മൂലധനാഢ്യത, സംഘടനാനൈപുണ്യം, വാണിജ്യവൈയവസായികപാടവം ഗണ്യമായതിനാൽ വർഗ്ഗീയപോരാട്ടത്തിൽ മുൻപന്തിയിൽ തന്നെയാണ് ക്രിസ്ത്യാനികളുടെനില്പ്. പക്ഷേ, ഏററവുമധികം സാമ്പത്തികാധിപത്യം ക്രിസ്ത്യാനിസമുദായത്തിനാണെന്നു തിട്ടമായി പറയാനാക്കാണ് കഴിയുക? ശരിയായ കണക്കുകളോടുകൂടിയ വസ്തുവിവരങ്ങറം ലഭ്യമാകുന്നവരെ തീത്തുപറയാവുന്നതല്ല.

ദക്ഷിണ കേരളത്തിൽ തൃശ്ശൂർനിന്നു് തെക്കോട്ടുള്ളതും കൊല്ലത്തുനിന്നു് വടക്കോട്ടുള്ളതുമായ പ്രദേശങ്ങളിലാണ് അവർ കൂട്ടംകൂടിത്താമസിക്കുന്നതു്. മദ്ധ്യതിരുവിതാംകൂറിലാണ് വർഗ്ഗീയത ആദ്യമാദ്യം കത്തിജ്വലിച്ചതെന്നു പറയുന്നതിൽ വലിയ തെററില്ല. നായർസമുദായവും ക്രിസ്ത്യൻസമുദായവും അവിടെയാണ് സംഘടനാസാമത്ഥ്യംകൊണ്ടും വിദ്യാഭ്യാസോൽകഷംകൊണ്ടും പരസ്പരം മത്സരിക്കാനിടവന്നതും. ഇക്കാരണങ്ങളാലും, തിരുവിതാകൂറിൽ രാജകീയമേഖലയിൽ സ്വാധീനതയിലും സേവാബലത്തിലും മേന്മയുണ്ടായിരുന്നതു് നായക്കാണ്. സാഹിത്യപരമായ കാവ്യരചനയും മററും നമ്പൂരിഹസ്തങ്ങളിൽനിന്നു കൈമാറി നായർ ഹസ്തങ്ങളിലായപ്പോറം, സാഹിത്യത്തിലെ ഹൈന്ദവത്വംമൂലം ക്രിസ്ത്യാനികളിൽ ബുദ്ധിയുള്ളവരും നവീനപരിഷ്കാരം സിദ്ധിച്ചവരുമാണല്ലോ സാഹിതീയസംരംഭങ്ങളിൽ വ്യാപൃതരാകേണ്ടതു്. അവർ ക്രൈസ്തവമതശാസിതമായ

വിലക്കുകളും നിരോധവും കാരണം ഒട്ടുമുക്കാലും സാഹിത്യവും തത്സംബന്ധികളായ പണികളും നായക്കു വിട്ടുകൊടുത്തു്, പണമുണ്ടാക്കുന്ന ഏപ്പാടുകളിൽ ബദ്ധശ്രദ്ധരായി. തന്നിമിത്തം എസ്റ്റേയിറക്കം, വാണിജ്യം, വ്യവസായം എന്നിവയിൽ ക്രിസ്ത്യാനികൾ ജാഗരൂകരായിഭവിച്ചു.

കോട്ടയത്തു് കണ്ടത്തിൽ വർഗ്ഗീസ്സ്മാപ്പിളയും മററുചില നസ്രാണിമാരും സാഹിത്യപരമായി, ഭാഷാപോഷിണി മാസിക ആദിയായവയിൽ പ്രവൎത്തിച്ചതു് കേവലം ക്രൈസ്തവവർഗ്ഗീയമയമായിരുന്നില്ല. കട്ടക്കയം, ദിവ്യശ്രീ. ഫാദർ മററം, ഐ. സി. ചാക്കോ, ഒ. എം. ചെറിയാൻ മുതലായവർ ചിലരുണ്ടെങ്കിലും അതെല്ലാം ക്രിസ്ത്യൻസമുദായത്തെ പൊതുവെ സാരമായി സ്പശിച്ച ഒരു ചലനമല്ലായിരുന്നു. ഇതിന്നിടയിൽ ആംഗലനോവൽ ഗദ്യസാഹിത്യത്തിന്റെ ചുവടുപിടിച്ചു ചന്തുമേനോനും അപ്പുനെടുങ്ങാടിയും ഉത്തരകേരളത്തിൽനിന്നു പുതിയൊരു സാമുദായികമലയാളനോവൽ പ്രസ്ഥാനം സൃഷ്ടിച്ചുവെച്ചു. ദക്ഷിണതിരുവിതാംകൂറിൽനിന്നു ചരിത്രാഖ്യായികാനിർമ്മാണത്തിൽ കേരളവർമ്മത്തമ്പുരാനും സി. വി. രാമൻപിള്ളയും. നോവൽ വിട്ടുള്ളതിൽ എ. ആർ. രാജരാജവർമ്മയും മുമ്പന്മാരാണു്. എന്നുവെച്ചാൽ ക്രിസ്ത്യാനികൾ സാഹിത്യസേവനത്തിൽ മുൻകയ്യെടുത്തില്ലെന്നും പരമ്പരാഗതമായ സാഹിത്യസരണിയിൽ സവർണ്ണഹിന്ദുക്കളും അവരിൽ വിശേഷിച്ചു നായർ സമുദായവുമാണു് സാമ്പത്തികേതരമായ സാഹിതീസേവനം നടത്തിയതെന്നും സാരം.

ഇത്രയെല്ലാം നീട്ടിവലിച്ചെഴുതുന്നുവെന്നു തോന്നുമാറു് രേഖപ്പെടുത്താൻ നല്ലൊരു കാരണവുമുണ്ടു്. വർഗ്ഗീയത സാഹിത്യപരമായിട്ടുള്ളതെല്ലാം മനഃപൂർവ്വമായിട്ടോ, അല്ലാതേയോ, വളൎത്തിയതിൽ നായർ സമുദായത്തിനു് ഏതാണ്ടൊരുത്തരവാദിത്വമുണ്ടു്. സാഹിത്യം ക്രിസ്ത്യാനികൾക്കില്ലെന്നും, ധനാർജ്ജനം മാത്രമാണു് ക്രൈസ്തവസമുദായത്തിന്റെ സർവ്വപ്രധാനമായ ഉന്ന

മെന്നു് നായന്മാൎക്കു് തോന്നുകയും ചെയ്തിട്ടുണ്ടു്. ആധുനിക മലയാളസാഹിത്യം ഒരു വൎഗ്ഗക്കാൎക്കു് അട്ടിപ്പേറാക്കാൻ ശ്രമിച്ചാലും സാധ്യമല്ലെന്നുള്ളതിരിക്കട്ടെ. ക്രിസ്ത്യാനികളിൽ ചിലരെങ്കിലും ഗദ്യസാഹിത്യത്തിൽ ചിലതൊക്കെച്ചെയ്തിട്ടുണ്ടു്. നോവൽ, ചെറുകഥ, പുരോഗമനസാഹിത്യം എന്നിവയിൽ എം. പി. പോൾ രണ്ടുമൂന്നു് ലക്ഷണഗ്രന്ഥങ്ങളെങ്കിലും എഴുതിയിട്ടില്ലേ? മുണ്ടശ്ശേരിയും കാവ്യനിരൂപണത്തിൽ എണ്ണപ്പെടാവുന്ന ഒരു വ്യക്തിയല്ലേ? ഇങ്ങിനെയെല്ലാമായിരുന്നിട്ടും ഹിന്ദുക്കളായ ചില സാഹിത്യകാരന്മാരുടെ വീക്ഷണം നോക്കുക.

തകഴിയും, കേശവദേവും, ഉറൂബും ഖണ്ഡകഥാകൃത്തുക്കളായിട്ടാണു് ആദ്യമാദ്യം വിഖ്യാതരായതു്. ഫലിതസാഹിത്യത്തിൽ ഇ. വി. യും, കോവൂരും പേർപെററവരാണു്. തകഴിയും ദേവും (ഇയ്യിടെ കോവൂരും) നോവൽ സാഹിത്യത്തിൽ കൈവച്ചിട്ടുണ്ടല്ലോ. അതിൽ തകഴിക്കും കേശവദേവിനും കേന്ദ്രസാഹിത്യ അക്കദമിയുടെ 5000_ക സമ്മാനവും ലഭിക്കാനിടയായി. (ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിനും 5000_രൂപ കിട്ടിയതും മറക്കുന്നില്ല) ഇവരിൽ നോവലെഴുത്തുകാരായ തകഴിയും, ദേവും ക്രൈസ്തവസമുദായത്തെ മുതലാളിത്തത്തിന്റെ പ്രതിനിധികളായിട്ടാണു് ചിത്രീകരിക്കുന്നതു്. മാർക്സിസത്തിന്റെ വൎഗ്ഗസമരകാഹളം ഏതാണ്ടു് മാറെറാലി കേൾക്കാവുന്ന തൊഴിലാളി_മുതലാളി സംഘൎഷം ചിത്രീകരിക്കുന്ന ഒരു നോവവലാണല്ലോ തകഴിയുടെ 'രണ്ടിടങ്ങഴി'. മുതലാളിത്തത്തിന്റെ പ്രതീകമോ, പ്രതിനിധിയോ എന്നനിലയിൽ ആണു് 'പുഷ്പവേലിൽ ഔസേപ്പു്' എന്ന പാത്രസംവിധാനം. കുട്ടനാട്ടിലെ സുറിയാനിക്രിസ്ത്യാനികളിൽ പല 'പുഷ്പവേലിൽ ഔസേപ്പുമാരേയും' തകഴിക്കു പരിചയമുണ്ടായിരിക്കണം. മാർ തോമാശ്ലീഹായുടെ കാലംമുതൽക്കേ (അതില്ലെങ്കിലും കനായിത്തൊമ്മന്റെ കാലംമുതൽക്കു) അവർ വസ്തുസ്വാമിത്വം ഉള്ളവരായിരുന്നു. അവ

രിൽ ചിലർ കുട്ടനാട്ടിലെ, മദ്ധ്യതിരുവിതാംകൂറിലെ, 'നമ്പൂരി ജന്മി'കൾതന്നെ. ഇതെല്ലാംകണ്ടുകൊണ്ടു്, മുതലാളിത്തത്തിൻെറ ഈററില്ലം ക്രിസ്ത്യാനികളായി തകഴി ചിത്രീകരിക്കുന്നതു് ഏറെക്കുറെ നൈസർഗ്ഗികമാണെന്നുപറയാം.

ആഖ്യായികാനിരൂപണമല്ല ഇതിലെ പ്രതിപാദ്യം. സാമ്പത്തിക കാഴ്ചപ്പാടിൽനിന്നു തകഴിക്കു് ക്രിസ്ത്യൻസമുദായംമാത്രം മുതലാളികളുടെ വമ്പിച്ചൊരു സംഘമാണെന്നു സമർത്ഥിക്കാൻ 'രണ്ടിടങ്ങഴി' 1954_ൽ എഴുതിത്തീർത്തകാലത്തു കുട്ടനാട്ടിലെ സാമ്പത്തികസ്ഥിതികൾ സഹായിച്ചിട്ടുണ്ടാകാം. റബ്ബർ, കുരുമുളകു, ഏലം, നാളികേരം, ഇഞ്ചിപ്പുല്ലു് എന്നിവയുടെ തോട്ടങ്ങൾ ഒട്ടുമുക്കാലും ക്രിസ്ത്യാനികളുടെ കൈവശമായിരിക്കാം. ചില എസ്റ്റേയിററു് ഉടമകൾ യൂറോപ്യന്മാരായാലും ക്രിസ്ത്യാനികളല്ലേ? സ്വാതന്ത്ര്യലബ്ധിക്കുശേഷം സായ്പു് സ്ഥലംവിട്ടപ്പോഴും മിക്ക തോട്ടങ്ങളും വാങ്ങിയതു് നസ്രാണികളല്ലേ? ഇ. എം. കോവൂരിൻെറ 'കാടു്' എന്ന നോവലിലെ കഥാതന്തുവിൽ ഗണ്യമായതു എസ്റ്റേയിററു്വാങ്ങലും വില്ക്കലുമാണു്. സായ്പിൻെറ പോക്കോടുകൂടി അതു വാങ്ങലുമല്ലേ നസ്രാണികൾ ചെയ്തിരുന്നതു്? ചുരുക്കത്തിൽ ക്രൈസ്തവസമുദായം സാമ്പത്തികാധീശത്വം കൈവന്നവരെന്നതിന്നു് ദാർഢ്യംകൂട്ടുകയാണു്.

മറെറാരു കേന്ദ്രസാഹിത്യഅക്കാദമി ബിരുദുകാരനായ ദേവ് എന്തു ചിത്രീകരിക്കുന്നു? സമ്മാനംലഭിച്ച 'അയൽക്കാർ' എന്നതിൻെറ മുഖവുര, 3_9 പേജിൽ നോക്കുക. "കേരളത്തിൽ വമ്പിച്ച സാമൂഹ്യ_രാഷ്ട്രീയ_സാംസ്കാരികപരിവർത്തനങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ, അതിലൊന്നും താൽപര്യമില്ലാതെ, അതിൽനിന്നെല്ലാം ഒഴിഞ്ഞുനിന്നു, ധനസമ്പാദനത്തിലും വിദ്യാഭ്യാസത്തിലും ശ്രദ്ധിച്ചിരുന്ന ക്രിസ്ത്യൻ സമുദായത്തെ പ്രതിനിധീകരിക്കുന്നു, കുഞ്ഞുവറീതും അയാളുടെ കുടുംബവും." തകഴിയുടേയും ദേവിൻേറയും പാത്രസംവിധാനത്തിൽ പല വ്യത്യാസ

ങ്ങളുണ്ടെങ്കിലും, * ഒരുകാര്യത്തിൽ രണ്ടു നായരുടേയും (ദേവ് ആര്യസമാജനാമധാരിയാണെന്നറിയാം) നിഗമനം ക്രൈസ്തവ സമുദായം ധനാഢ്യന്മാരെന്നുതന്നെയാണ്.

അക്രൈസ്തവസമുദായദൃഷ്ടിയിൽ, വിശേഷിച്ച് മദ്ധ്യതിരുവിതാംകൂറിലെ നായന്മാൎക്ക സാമ്പത്തികാധിപത്യം ക്രൈസ്തവസമുദായത്തിലാണെന്നു ഉറച്ച വിശ്വാസവും ധാരണയും അതനുസരിച്ചുള്ള കാഴ്ചപ്പാടുകളും വിമൎശനങ്ങളുമുണ്ട്. സമീക്ഷ (നമ്പർ ൭–ൽ പേജ് 51) യിൽ കൈനിക്കര പത്മനാഭപിള്ളയുടെ ലേഖനത്തിൽനിന്നു മുമ്പൊരദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ളതു വായനക്കാരെ ഒരിക്കൽക്കൂടി ചവ്വിതചവ്വണമായാലും ഓൎമ്മപ്പെടുത്തട്ടെ. "തിരുവിതാംകൂർ–കൊച്ചിയുടെ, രാഷ്ട്രീയചരിത്രം, ക്ഷയോന്മുഖമായ നാടുവാഴിത്തവും ശക്തിപ്രാപിക്കുന്ന മുതലാളിത്തവും തമ്മിലുള്ള സംഘൎഷത്തിൻെറ ചരിത്രമാണ്. അവിടെ വച്ച് രണ്ടിനേയും ഒപ്പം എതിൎത്തുകൊണ്ട് രണ്ടിനേക്കാളും സമരസന്നദ്ധമായ തൊഴിലാളികഠം എന്ന മൂന്നാമതൊരു ശക്തി പടക്കളത്തിൽ പ്രവേശിച്ചു........ഈ മൂന്നു ശക്തികളെ പ്രതിനിധാനംചെയ്യുന്നതു പ്രാധാന്യേന മൂന്നു സമുദായങ്ങളാണ്— നായന്മാർ, സുറിയാനി ക്രിസ്ത്യാനികഠം, ഈഴവർ." (കീഴ്‌വര എൻേറതു്). ഉദ്ധരിക്കപ്പെട്ട മൂന്നുപേരും വൎഗ്ഗീയത താണ്ഡവനൃ

* ഒരു വ്യത്യാസം: തകഴി, പുരാതനത്വമുള്ള, ക്രൈസ്തവസമുദായക്കാരെയാണു മുമ്പിൽ കണ്ടതു്; ദേവ് കുറെക്കൂടി വടക്കുള്ള നായർകുലജാതനായതുകൊണ്ടു പുലയൻ ചാത്തൻ, "ഒരടി! ഒരുചവിട്ടം!" കൊണ്ടിട്ടു "രണ്ടുദിവസം കഴിഞ്ഞപ്പോഠം,....കുഞ്ഞുവറീതായ" (അയൽക്കാർ) പുതുവൎത്തകരെയാണു്. ഈ ഗ്രന്ഥകൎത്താവിനു അതിൽ ഒന്നും വ്യാഖ്യാനിക്കാനില്ലെങ്കിലും, ക്രിസ്ത്യാനിസമുദായത്തിൽ മുപ്പത്തിയാറു ലക്ഷത്തോളമുള്ളവരിൽ, ദേവിൻെറ സമകാലീനന്മാരായ 'ചാത്തൻ— കുഞ്ഞുവറീതുമാർ' ഒരുലക്ഷമില്ലെങ്കിലും ഒരു നൂറ് പേരുണ്ടോ? അത്തരം പുതുക്രിസ്ത്യാനികളാണോ ഈ സമുദായക്കാരിൽ നൂററുക്കു തൊണ്ണൂററിയഞ്ചുംമെന്നു വിശ്വസിക്കാൻ പ്രയാസം!

ത്തമാട്ടുന്ന മദ്ധ്യതിരുവിതാംകൂറിലെ നായർവംശജന്മാരാണെന്നു ള്ളതും വായനക്കാർ ഓർമ്മവെക്കേണം.

മൂന്നുപേരും ഇക്കാരണത്താൽ വർഗ്ഗീയവാദികളാണെന്നു ആരും അർത്ഥമാക്കരുതു്. എനിക്കറിയാവുന്നിടത്തോളം തകഴിയും ദേവും ഒട്ടുമല്ല. എന്നാലും സാഹിത്യത്തിൽ ജനിച്ചമണ്ണിൻെറ ഗുണമില്ലാതിരിക്കില്ലല്ലോ. രണ്ടു കഥാകാരന്മാരും മനഃപൂർവ്വം ഒരു സമുദായത്തെമാത്രം പുകഴ്ത്തണമെന്നോ അവഹേളിക്കണമെന്നോ, തരംതാഴ്ത്തണമെന്നോ ആശയക്കാരുമല്ല. രണ്ടാളും അവരുടെ ദൃഷ്ടിയിൽ മുഴച്ചുപൊന്തിയ സാമുദായികപ്രതിഭാസം ചിത്രീകരിച്ചുവെന്നേയുള്ളു. അതു സ്വാഭാവികവും ഒരുപക്ഷേ അവർ സാധൂകരിക്കാൻ കുതിച്ചുചാടുകയും ചെയ്യുന്നതുമാകാം. രണ്ടു പേർക്കും സാമൂഹ്യശാസ്ത്രനിരീക്ഷണമല്ല ഉദ്ദേശ്യം. കുമാരപിള്ളയും മററുരണ്ടാളും ധനശാസ്ത്രീയപഠനങ്ങളിൽ ഓരോ സമുദായത്തിൻെറ ധനസ്ഥിതികളുടെ (കണക്കുകിട്ടുമെങ്കിൽ) കണക്കുപരിശോധിക്കാനുമിടയില്ല. ഒരുവേള സാമൂഹ്യശാസ്ത്രരീത്യാ, പരിശോധിക്കണമെന്നു അവക്കു തോന്നിയിട്ടുമില്ലായിരിക്കും. ഈ ഗ്രന്ഥകാരനും അത്തരത്തിലുള്ള വസ്തുവിവരക്കണക്കുകൾ കിട്ടിയിട്ടില്ല. കിട്ടുമെങ്കിൽ യഥാർത്ഥസ്ഥിതി സസന്തോഷം സ്വീകരിക്കാം.

ശ്രീപത്മനാഭപ്പിള്ളയുടെ വർഗ്ഗീയസമരലേഖനത്തിൽ മുസ്ലീംസമുദായത്തെ വിട്ടുകളഞ്ഞതെന്തുകൊണ്ടാണെന്നു ഗ്രാഹ്യമല്ലെന്നു മുന്നൊരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഇന്നത്തെ വർഗ്ഗീയവാദപ്രശ്നത്തിൽ മുസ്ലീംസമുദായത്തെ വിട്ടുകളയാമോ? അതിരിക്കട്ടെ. പത്മനാഭപിള്ളയും സ്വകീയപശ്ചാത്തലം മുമ്പിൽവെച്ചുകൊണ്ടാണു് വർഗ്ഗീയപ്രശ്നം വിമർശിക്കുന്നതു്. അവിടെ മൂന്നു സമുദായങ്ങളുടെ സംഘർഷമാണതാനും പ്രധാനം. 'ഇന്ദുലേഖ'യിൽ ചന്തുമേനോൻ സൂരിനമ്പൂരിയെ വസ്തുസ്വാമിത്വമുള്ള, വിസ്തൃിവേഷമുണ്ടായാലും, മുതലാളിത്തത്തിൻെറ ഏതാ

ണ്ടൊരു പ്രതീകമായിട്ടാണ സംവിധാനംചെയ്യുന്നതു". അവിടെ ചന്തുമേനോനു് തകഴി, ദേവ് എന്നിവരെപ്പോലെ ക്രൈസ്തവ സംസർഗ്ഗമില്ല. ഉറൂബിൻെറ സമ്മാനംകിട്ടിയ നോവലിൽ കുഞ്ഞുരാമൻ, തൊഴിലാളിപ്രതിനിധിയാണ്. ക്രിസ്ത്യൻ സമുദായത്തിൽനിന്നു ഒരു പ്രധാനപാത്രവും സൃഷ്ടിച്ചു ചിത്രീകരിച്ചിട്ടില്ല. മുസ്ലീംസമുദായത്തിലുൾപ്പെട്ട 'ഉമ്മാച്ചു'വിലെപ്പോലെയില്ലെങ്കിലും സുലൈമാൻ, ഹിന്ദുമുസ്ലീം വർഗ്ഗീയസമരംമൂലം തൊപ്പിയിട്ടു 'മാർഗ്ഗംകൂടിയ' ഇരുമ്പൻ ഗോവിന്ദൻനായരാണ്. ഉറൂബിൻെറ നോവലിൽ ഹിന്ദുമുസ്ലീംലഹളയുടെ മാററൊലികളേയുള്ളൂ. അവിടെ സവർണ്ണരായ നായർസമുദായമാണ് നിഴലിച്ചുനില്ക്കുന്നതും. നമ്പൂരിയില്ലങ്ങളിലും നായർവീടുകളിലും മുസ്ലീമുകൾ കടന്നു മുലചെത്താനും കൊള്ളയടിക്കാനും പര്യാപ്തമായ വസ്തുസ്വാമിത്വം—മുതലാളിത്തം—സവർണ്ണരിലാണ ഉറൂബ് ആരോപിച്ചിരിക്കുന്നതെന്നു സ്പഷ്ടം. ലഹളയുടെ പ്രേരണങ്ങളിലൊന്നായി അതേ മുതലാളിത്തവും, പരോക്ഷമായിട്ടെങ്കിലും, ആരോപിക്കപ്പെടുന്നുണ്ടു്. താന്താങ്ങൾക്കു കണ്ണിൽ തറച്ചതുമാത്രം ചിത്രീകരിച്ചുവെന്നാണ അനുമാനം.

ഇതെല്ലാം വിസ്തരിക്കുന്നതു കേരളം ഒട്ടാകെ കണക്കാക്കിയാൽ പത്മനാഭപിള്ളയും തകഴിയും കേശവദേവും ചിത്രീകരിക്കുന്ന ക്രൈസ്തവ സാമ്പത്തികാധിപത്യമാകട്ടെ അവ—യഥാർത്ഥമെന്തായാലും—ഇതിലെ പ്രമേയത്തിനു ഉപോൽബലകമായി കാണുന്നതെന്താണ്? നാലുസമുദായങ്ങളും, കാരണം എന്തായാലും, വർഗ്ഗീയമായിത്തീൎന്നിട്ടുണ്ടെന്നു തെളിയുന്നു. ക്രിസ്താനികളിൽ ചിലരിൽ കാണായ ധനാഢ്യത, ഇതരസമുദായങ്ങളുടെ ഭയത്തിനു ഒരു കാരണമായി ഭവിച്ചിട്ടുണ്ടു്; തീൎച്ച!

## സാമ്പത്തിക പരിഹാരം.

അഭൌതികശാസ്ത്രങ്ങളിൽനിന്നു് രണ്ടു് നിയമങ്ങൾ—തത്വങ്ങൾ— ഇതിലെ പ്രമേയത്തിൽ സംഗതമാണ്. ഒന്നു്:

ധനശാസ്ത്രത്തിൽനിന്നാണു്. ഗ്രെഷാംസ്ലോ (Gresham's law) ചീത്ത നാണയങ്ങൾ നല്ലവയെ ഓടിച്ചോളിപ്പിക്കുമെന്ന താകുന്നു. മനുഷ്യസ്വഭാവത്തെ ആസ്പദമാക്കിയനിലയിൽ ഇതു് സാധുവാണ്. നല്ല രൂപയും നല്ല നോട്ടും മനുഷ്യർ ഗത്യന്തര മില്ലാതാകുമ്പോഴാണ് കൈവിടുക. ബാങ്കിലടക്കുമ്പോൾ മുഷി ഞ്ഞതും പഴകിയതുമായതാണ് കൊണ്ടടക്കുക. സാമൂഹ്യമായി ഇതു് വളരെ അർത്ഥവത്താണ്. അന്യസമുദായങ്ങളുടെ 'ചീത്ത നാണയ'ങ്ങളാണ് ഏതു് സമുദായവും പുറത്തേക്കു് തള്ളുക, നല്ല ഭാഗങ്ങൾ ഒളിച്ചുവെക്കുക. പല സമുദായങ്ങളും ചേർന്നു് താമ സിക്കുമ്പോൾ, ഓരോ സമുദായത്തിൻെറയും നല്ലതൊന്നും ഉപ യോഗിക്കില്ല. ഒരു ജനത എന്നു് കരുതുമ്പോൾ സാമൂഹ്യമായ പല ഗുണങ്ങളും മനുഷ്യർ പ്രചരിപ്പിക്കേണ്ടതുണ്ടു്. വർഗ്ഗീയ മാകുമ്പോൾ വർഗ്ഗീയ വിഴുപ്പുകളെ പുറത്തെടുത്തു് പ്രയോഗിക്കു യുള്ളൂ. എന്നുവെച്ചാൽ ഓരോ സമുദായത്തിലെ അംഗങ്ങൾ, അ ന്യസമുദായത്തിലെ ദോഷങ്ങളേ ഉയർത്തിപ്പിടിക്കുകയുള്ളൂ. ഗുണ ങ്ങൾ ചൂണ്ടിക്കാണിക്കുന്നതു് കുറവായിരിക്കും.

രണ്ടാമത്തേതു് സാമൂഹ്യശാസ്ത്രത്തിൽനിന്നാണ്. ഡർക്കീം സ്ലോ (Durkkeim's law) എന്നാണ്. (ഡേർക്കീം സാമൂഹ്യ ശാസ്ത്രത്തിൽ നാലു് പിതാമഹന്മാരിലൊരാളാണ് എമിലി Emile ഡർക്കീംസ്.) "ആത്മഹത്യയുടെ എണ്ണം, ഏതെങ്കി ലും ജനസംഘത്തിൻെറ ഉദ്ഗ്രഥനം ശക്തിമത്താണെങ്കിൽ കുറ യും; ശിഥിലമാകുന്നിടത്തോളം എണ്ണം കൂടുതലാകും. Suicide rate varies inversely with the degree of social integration characteristic of any group. ഒരു സമുദായത്തിൻെറ സർവ്വതോമുഖമായ ബന്ധങ്ങളും ഉദ്ഗ്രഥ നപ്രക്രിയയിൽ പ്രവർത്തിക്കുന്നു. പട്ടിണി, തൊഴിലില്ലായ്മ ഇവ രണ്ടും അവരുടെ ജന്മദോഷമാണെന്നുള്ള വിധിവിശ്വാസം, മാനസികസ്ഥൈര്യത്തിൻെറ അഭാവം, സമത്വസാഹോദര്യരാ

KOTTAYAM PUBLIC LIBRARY KOTTAYAM

ഹിത്യം, സംസ്കാരികമായ നിലവാരം, മതാധിഷ്ഠിതമായ അന്ധവിശ്വാസം, സ്വാതന്ത്ര്യപ്രണയപ്രശ്നങ്ങളിൽ സമുദായാചാരങ്ങൾ കടിഞ്ഞാണിട്ടുപിടിക്കൽ—ഇവയെല്ലാം സാമൂഹ്യോദ്ഗ്രഥനത്തിൽ വിലങ്ങുതടികളാണ്. ഏതെങ്കിലും സാമുദായികമായ തകരാറുണ്ടെങ്കിൽ അവയെ ശരിപ്പെടുത്തിയാലെ, ആത്മഹത്യക്ക് കുറവുവരൂ. വർഗ്ഗീയതയും ഈ തരത്തിലുള്ള വലിയൊരു പ്രതിബന്ധമാണ്. ഉദ്ഗ്രഥനം സാമൂഹ്യമായിട്ട് (അല്ലാതെ സാമുദായികമായിട്ടല്ലെന്നു് ആവർത്തിച്ചുപറയട്ടെ) സ്വകരമാക്കിയാലേ സാമ്പത്തിക വർഗ്ഗീയതയും മററു ഏതുതരത്തിലുള്ളതും നീങ്ങുകയുള്ളു.

പണത്തിൻമീതെ പരുന്തും പറക്കില്ല. എല്ലാ മനുഷ്യരും സുഖമായി ജീവിക്കാനാഗ്രഹിക്കുന്നു. പണം എന്തിനും ആവശ്യമാണ്. അതിൽ നസ്രാണിയെന്നോ, നമ്പൂരിയെന്നോ, നായരെന്നോ, നായാടിയെന്നോ, മുസ്ലീമെന്നോ, സിക്ക്കാരനെന്നോ വ്യത്യാസമില്ല. ധനോല്പാദനത്തിൽ ജാതിമതവ്യത്യാസം ഒരിക്കലും വിജയിക്കയില്ല. കേരളത്തിൽ, (ഇന്ത്യയിലും താരതമ്യേന ഈ വിഷയത്തിൽ) കമ്മ്യൂനിലസം കൊടികുത്തി വാഴുകയാണ് ചെയ്യുന്നതു്. അന്യരാജ്യങ്ങളിൽ ബാങ്ക് തുടങ്ങുമ്പോഴും പുതിയ വ്യവസായം ഉൽഘാടനം ചെയ്യുമ്പോഴും ഈ വർഗ്ഗീയനോട്ടമുണ്ടെങ്കിൽ ഇന്നു് പരിഷ്കൃതരാജ്യക്കാർക്കുള്ള ഉന്നതസ്ഥാനത്തിൽ പത്തിലൊരംശം അവർക്ക് ലഭിക്കുമായിരുന്നില്ല. അവിടങ്ങളിൽ പണക്കാർ ഒന്നിച്ചുചേരുന്നതാണ് കാണുക. കേരളത്തിലോ?

ബാങ്കുകൾ ആധുനികകാലത്തു് എവിടേയും താക്കോൽ സ്ഥാനങ്ങളാണ്. മഹായുദ്ധങ്ങൾപോലും, ബാങ്കുകാരിൽ പ്രമാണികളുടെ ചരടുവലികൊണ്ടാണെന്നു് ധനശാസ്ത്രജ്ഞന്മാർ സമർത്ഥിച്ചിട്ടുണ്ടു്. ഭരണയന്ത്രങ്ങൾ തിരിക്കുന്നതും അവരാണ്. കേരളത്തിൽ നെട്ടങ്ങാടികളാണ് ലിമിററഡ് ബാങ്ക് തുടങ്ങിയ

ത്തു്. മലബാറിൽ, നെടുങ്ങാടി ജാതിക്കാരാണത്രെ അതിലെ ചരട്ടവലിക്കാർ. തിരുവിതാംകൂറിൽ ക്രിസ്ത്യാനികളിൽ അകത്തോലിക്കരാണു് ട്രാവൻകൂർ നാഷനൽ ബാങ്കും കയിലോൺ ബാങ്കും സ്ഥാപിച്ചതു്. ക്രൈസ്തവഹസ്തങ്ങളാണു് രണ്ടും ചേൎന്നു് ബാങ്കിനെ നിയന്ത്രിച്ചതും. 20-ാംനൂററാണ്ടിൻെറ പ്രഥമപാദത്തിൽ കേരളത്തിൽ നാടൊട്ടുക്കു് ബാങ്കുകഠം തുടങ്ങി. എല്ലാററിനും ജാതിപ്പേരോ, വർഗ്ഗത്തിൻെറ നാമമോ കാണാം. പുറമെ പേരില്ലെങ്കിലും ഉള്ളിലെല്ലാം കമ്മ്യൂനിലസം മുററിനില്ക്കുന്നതായി കാണാം.

ബാങ്കുകഠം ഇപ്രകാരമെങ്കിൽ, വാണിജ്യവ്യവസായങ്ങഠം എന്നിവയിലും ഭയങ്കര വർഗ്ഗീയത് പ്രകടമാകുന്നു. മില്ലുകളും, തൊഴിൽശാലകളും, ഓടുന്ന ടാക്സി കാറും, ബസ്സും, ലോറിയും, മററു വാഹനങ്ങളും വർഗ്ഗീയ ചിഹ്നങ്ങളും, പടങ്ങളും, മുദ്രകളും പ്രഥമസ്ഥാനത്തു് പ്രതിഷ്ഠിച്ചതായിരിക്കും ഒരു മതത്തിലും പണമുണ്ടാക്കാൻ ഈശ്വരനോ, അല്ലാഹുവോ ദൈവംതമ്പുരാനോ വിശേഷസഹായം ചെയ്യുമെന്നു് നിർദ്ദേശിക്കുന്നില്ല, ശാസിക്കുന്നില്ല; നേരെമറിച്ചാണു് ഉപദേശം. കത്തോലിക്കൎക്കു് പണമുണ്ടാക്കാൻ സഹായിക്കുന്ന പ്രത്യേക പുണ്യവാളനുള്ളതായി അറിവില്ല. കേരളത്തിൽ മസൂരിരോഗത്തിനും, മററും പലതിനും പ്രത്യേക സിദ്ധന്മാരുണ്ടു്. ഭാരതീയ സംസ്കാരത്തിൻെറ സാക്ഷാൽ കാതൽ ആദ്ധ്യാത്മികതയല്ലേ? ലക്ഷ്മീദേവി ഐശ്വര്യത്തിൻെറ ദേവതയാണു്. ഐശ്വര്യം പണമല്ലേ? ആണെന്നു് സമ്മതിച്ചില്ലെങ്കിലും ഒരു കോടി ജനങ്ങളിൽ ഒരാളെങ്കിലും പണമുണ്ടാക്കാൻ പൂജയും പ്രാൎത്ഥനയും ചെയ്യാത്തവനുണ്ടോ?

ഹിന്ദുവിനു്, ലക്ഷ്മിയും ഗണപതിയും ശ്രീകൃഷ്ണനും ഭഗവതിയുമാണെങ്കിൽ, ക്രിസ്ത്യാനികഠക്കു്, കുരിശും, തിരുഹൃദയവും, ദൈവമാതാവും മററു് പുണ്യവാന്മാരുമുണ്ടു്. ഈഴവൎക്കു് ജാതിതിരവു് കാണിക്കാൻ ശ്രീനാരായണഗുരുവും പ്രതിഷ്ഠാസ്ഥാനങ്ങളില്ല

ണ്ടു്. എല്ലാവരും മാലചാത്തും, വിളക്കുവെച്ചും ആരാധിക്കയും ബഹുമാനിക്കയും ചെയ്യുന്നുണ്ടു്. കാറപകടങ്ങളും ബസ്സപകടങ്ങളും എല്ലാം ഒഴിവാക്കാൻ ഈശ്വരസഹായം വേണ്ടതല്ലേ? എന്നിട്ടും അപകടമുണ്ടാകുന്നു. മതാദ്ധ്യക്ഷന്മാർ ഇതെല്ലാം പ്രോത്സാഹിപ്പിക്കുന്നുണ്ടു്. പുരുഷാരം ഇവയിൽ ഉറച്ചവിശ്വാസക്കാരുമാണു്. എല്ലാ ജാതികളും മതക്കാരും പൊതുവായി സംസർഗ്ഗം ചെയ്യുകയും കൊള്ളകൊടുക്കകൾ ചെയ്യുകയും നടക്കുന്നിടത്തു് ഈശ്വരഭജനം വേണോ? ഇതെല്ലാം ചെയ്തു ഭക്തിപ്രകടനം നടക്കുന്നിടത്താണു് കരിഞ്ചന്തയും, അക്രമവിലയും, അന്യായകൃത്യങ്ങളും അധികം നടത്തുന്നതു്! യഥാൎത്ഥത്തിൽ വൎഗ്ഗവും ജാതിയും തിരിഞ്ഞുള്ള ഏൎപ്പാടാണെന്നാണു് ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടതു്. താത്വികവശമല്ല ഇതിൽ പരാമൎശം, പിന്നേയോ വൎഗ്ഗീയതയാണു് എടുത്തുകാട്ടാനുള്ളതു്.

കുതികാൽ വെട്ടലും, ചതിയും, കളവും, തട്ടിപ്പും, വെട്ടിപ്പും ഏതു് സമുദായത്തിലേയും ദുരാഗ്രഹികൾ, ഈശ്വരസാന്നിദ്ധ്യത്തിൽ, ആണയിട്ടു് നടത്തുന്നു. സ്വസമുദായക്കാരെ മാത്രം ഉദ്ദേശിച്ചാരെങ്കിലും വാണിജ്യവ്യവസായം നടത്തുന്നുണ്ടെങ്കിൽ അതു് വളരെയൊന്നും അഭിവൃദ്ധിപ്രാപിക്കയില്ല. 'ശബരിമല അയ്യപ്പ സേവാസംഘം' ഏതെങ്കിലും കുറെ പൂജാസാമഗ്രികൾ മാത്രം കച്ചോടം നടത്തുന്നതു് സാധൂകരിക്കാം കൊന്ത, വെന്തിങ്ങ, കാശുരൂപം, തിരുഹൃദയരൂപം, കുരിശു് മുതലായതു് കത്തോലിക്കർ മാത്രം വാങ്ങും. അതിലെ ലാഭവും തുച്ഛം. കേവലം മതപരമല്ലാത്ത ഉപ്പുതൊട്ടു് കൎപ്പൂരംവരെയുള്ള സാധനങ്ങളിലും ഏൎപ്പാടുകളിലും വൎഗ്ഗീയമയമാക്കിയതുകൊണ്ടു്, കേരളജനതയ്ക്കുണ്ടായിട്ടുള്ള കോട്ടങ്ങളും നഷ്ടങ്ങളും ഏവയാണെന്നും എത്രമാത്രമാണെന്നും കേരളീയരിൽ വിദഗ്ദ്ധന്മാരായ ധനശാസ്ത്രജ്ഞന്മാരോ യഥാൎത്ഥ പൊതുജനസേവകഗവേഷകന്മാരോ ചൂണ്ടിക്കാണിക്കാമോ? തൽഫലമായ പട്ടിണിയും 'നാറിയ റേഷനും' ഉറപ്പില്ലാത്ത ഭരണവും, തൊഴിലില്ലായ്മയും മററനേകം

ഹീനതകളും പരാധീനതകളും നായരും, നസ്രാണിയും, ഈഴവനും, മുസ്ലീമും അനുഭവിക്കുന്നു. അതാണ് നമ്മുടെ രാജ്യത്ത് വർഗ്ഗീയത മൂത്തതുകൊണ്ടുള്ള അനിഷ്ടഫലം.

'ക്രിസ്ത്യാനിയുടെ ബാങ്കു'കൾ രണ്ടെണ്ണം വലിയതു് കേരളത്തിൽ പൊളിഞ്ഞു, അല്ലെങ്കിൽ ഒരെണ്ണം തകർത്തു് തല്ലിപ്പൊളിച്ചു. ട്രാവൻകൂർ നാഷനൽ ആൻറ് കചയിലോൺ ബാങ്ക് പൊളിച്ചതിൽ നായർ വർഗ്ഗീയതയ്ക്കു് ഒരോഹരിയുണ്ടെന്നു് ചിലർ പറയുന്നു. ക്രിസ്ത്യൻ സാമ്പത്തികാധിപത്യത്തിന്റെ ഒരു ഭിത്തി പൊട്ടിപ്പൊളിഞ്ഞു എന്നു് ആഹ്ലാദിച്ചവരുമുണ്ടത്രെ! ഡയറക്ടർമാർ ബാങ്ക് പണം ദുരുപയോഗപ്പെടുത്തിയെന്നതു് വാസ്തവമായിരിക്കും. സി. പി. യുടെ ഭരണകുത്തകയെ എതിരിട്ടതിൽ മാമ്മൻമാപ്പിളയും മാത്തനും ചേർന്നുവെന്നതും ശരിതന്നെ. അന്നു് പാലായി സെൻട്രൽ ബാങ്കുടമസ്ഥന്മാർ സി പി. യെ സഹായിച്ചവരത്രെ! പിന്നാലത്തു് അതും പൊളിഞ്ഞു. അതിലും ബോർഡിന്റെ അഴിമതികളുണ്ടായിരിക്കാം. എങ്കിലും പാലായി സെൻട്രൽ ബാങ്ക് പൊളിഞ്ഞതിൽ നായരും നസ്രാണിയും മററു പലരും വളരെ നഷ്ടങ്ങളനുഭവിച്ചതും യഥാർത്ഥമാണെന്നു് ആർക്കുമറിയാം.

ഇതെല്ലാം വിസ്തരിച്ചതു് ഒരു ദൃഷ്ടാന്തംകൊണ്ടു് കേരളീയർക്ക് ഒന്നടങ്കം വരുന്ന നഷ്ടങ്ങളും ബുദ്ധിമുട്ടുകളും ബോദ്ധ്യമാക്കാനാണ്. പണസമ്പാദനത്തിൽ വർഗ്ഗീയത ദൂരവൽ പരിവർജ്ജിക്കണം. ബാങ്കുകൾ പൊതുസ്ഥാപനങ്ങളാണ്. എല്ലാവരും ചേർന്നു നടത്തേണ്ടുന്ന ഒരു പ്രസ്ഥാനമാണ്. കത്തോലിക്കാ സിറിയൻ ബാങ്കും, നെടുങ്ങാടിബാങ്കും, നായർ ബാങ്കും, ധനലക്ഷ്മി ബാങ്കും, ലത്തീൻക്രിസ്ത്യൻ ബാങ്കും, പെരുങ്കൊല്ലസമാജബാങ്കും, ഈഴവോദയ ബാങ്കും ജാതീയമായും വർഗ്ഗീയമായും കൊണ്ടുനടന്നാൽ! 175-ലക്ഷം കേരളീയരിൽ അരലക്ഷത്തിലധികം ഷെയർകാരില്ല. അതും നാലുസമുദായമാക്കി പങ്കുവെച്ചാൽ

പന്തീരായിരംപേർ ഒരോന്നിലുമുണ്ടു് ഷെയർകാരായി. അവരിൽ നൂറു് പേരായിരിക്കും ബാങ്കിൽ ഡയറക്ടർമാരും കനപ്പെട്ട ഓഹരിത്തുകക്കാരും. ശേഷിച്ച $174\frac{3}{4}$-ലക്ഷം പേക്കും പണലാഭം വട്ടപ്പൂജ്യം!

വർഗ്ഗീയസ്പർദ്ധയും വഴക്കും കൊണ്ടുനടന്നാൽ നാലു് സമുദായത്തിലെയും മുക്കാലേമുണ്ടാണി ബഹുജനങ്ങൾക്കു നഷ്ടവും നാശവുമല്ലാതെ ഗുണമൊന്നുമില്ലെന്നവക്കറിഞ്ഞുകൂടാ. ചുരുക്കം ചില ബുദ്ധിയും വിവേകവുമുള്ളവക്കേ സത്യമറിയാവൂ, ഒന്നും ചെയ്യാൻ കഴിവില്ലെങ്കിലും. ബാങ്കധികൃതന്മാർ സാമ്പത്തിക ശക്തിയുള്ള സാമുദായികവാദികളാകുന്നു. പുരുഷാരത്തെ കബളിപ്പിച്ചു് ചൂഷണംചെയ്യുന്നവരാണു് സാമുദായിക വാദികളിൽ ഒട്ടുമുക്കാലും. പല യഥാർത്ഥ ദേശീയവാദികൾ കാലക്രമത്തിൽ, സ്വന്തം അളുകളിൽ തലവലിച്ചു ജീവിക്കും. അല്ലെങ്കിൽ മററു നേതാക്കന്മാരുടെ കൂട്ടത്തിൽ ചേരാതെ നിവ്വാഹമില്ലാത്തവരാകും. ചന്ദനം ചാരിയാൽ ചന്ദനം നാറുമെന്ന രീതിയിൽ നല്ലവരും ചീത്തവരുടെ കൂട്ടത്തിലാകും. സാമാന്യമായി മനുഷ്യരിൽ നൂറിൽ തൊണ്ണൂററിയൊമ്പതുപേരും കുടുംബകാര്യവും ‘വയററ്പ്പിഴപ്പി’നുള്ള വ്യഗ്രതയിലും മുഴുകിയിരിക്കും. നാട്ടിൽ ഒട്ടാകെ വലിയനാശമാണു് വർഗ്ഗീയതകൊണ്ടുണ്ടാകുന്നതെന്നു അവർ ചിന്തിക്കാറില്ല; അവക്കു ചിന്തിക്കാൻ നേരവുമില്ല.

മതപരമല്ലാത്ത ഏതു് വിഷയത്തിലും വിശേഷിച്ചു ധനസമ്പാദനങ്ങളിൽ ജാതിമതവ്യത്യാസംകൊണ്ടു് ഒരു ഗുണവുമില്ല. നായരും, നസ്രാണിയും, ഈഴവനും, മുസ്ലീമും ഒന്നിച്ചു ബാങ്കുകൾ നടത്തുന്നതുകൊണ്ടു് എന്താണു് ദോഷം? കേരളത്തിലെ നാളികേരം പ്രധാന ഉത്പാദനവസ്തുവായി ഭവിച്ചിട്ടുണ്ടു്. എണ്ണയാട്ടുമില്ലുകളും തെങ്ങിൻെറ ചകിരി, ചിരട്ട, ചകിരിച്ചോറുപോലും പ്രയോജനപ്പെടുത്തി, വിദേശനാണയം വദ്ധിപ്പിക്കാം. കേരളത്തിലെ നാലു് സമുദായങ്ങളിലും ടാററമാരും ബിർളമാരു

മില്ല. വിദേശത്തുനിന്നു അവർ വന്നു കേരളത്തെ വൈവസായീകരിച്ചു നന്നാക്കുമെന്നു് കിനാവു് കണ്ടിരുന്നാൽ ഒരു ഫലവുമില്ല. നമ്മുടെ കമ്മ്യൂനലിസ്സം കമ്മ്യൂനിസ്സമായി ഇനിയും കൊട്ടുംപിരികൊണ്ടിരുന്നാൽ ആസന്നഭാവിയിലൊരു ബിറാളയും, ബങ്കോറം വരാനുണ്ടാകുകയുമില്ല. നാലു് സമുദായത്തിലെയും പണക്കാർ ഒത്തൊരുമിച്ചു് കോഓപ്പറേറ്റിവ് സംഘമോ, ലിമിറ്റഡ് കമ്പനികളോ തുടങ്ങിയാലേ രക്ഷയുള്ളു.

അതെങ്ങനെ നടപ്പിലാകും? ഒട്ടും പ്രായോഗികമല്ലെന്നാണ് ഇവിടെ ഓരോ സമുദായങ്ങളിലെ പൗരപ്രമാണികളുടെയും ബുദ്ധിമാന്മാരുടെയും ധാരണ. നസ്രാണി തലപൊന്തിച്ചു് മെച്ചക്കാരനാകുമെന്നു് നായർ വിചാരിക്കുന്നു. നായർ വലിയ ഉദ്യോഗസ്ഥനായി നമ്മുടെ തല ചവിട്ടിതാഴ്ത്തും. അയാളെ അടപ്പിക്കാമോ? ഈഴവർ അവരനുഭവിച്ച ഹീനതകളും സവർണ്ണമനോഭാവത്തിൽനിന്നുത്ഭൂതമായ മർദ്ദനങ്ങളും ഓർക്കുമ്പോൾ ആചന്ദ്രകാലം നായരെ നമ്പുകയില്ല. മുസ്ലീമോ? അവർക്കിന്നും "ലീഗ്, ലീഗ്" എന്നു മാത്രം കൊട്ടിഘോഷിച്ചുനടക്കാം. മററുള്ളവരെല്ലാം കാഫർമാർ. *

നിർദ്ദിഷ്ടസംഗതികളിൽനിന്നു് ഓരോവില്ലേജിലും, താലൂക്കിലും, ജില്ലയിലും, ഒടുവിൽ കേരളമൊട്ടുക്കു് ബുദ്ധിമാന്മാർ കാര്യത്തിന്റെ രഹസ്യം ബഹുജനങ്ങളെ പറഞ്ഞു മനസ്സിലാക്കണം. മതവും, ജാതിയും നോക്കാതെ സാമ്പത്തികമായ വാണിജ്യവൈവസായികസംരംഭങ്ങൾ സൃഷ്ടിക്കണം. ചതിയന്മാരും, കള്ളന്മാരും ഏതു് സമുദായത്തിലുമുണ്ടു്. ഇനിയുമുണ്ടാകും. അവരെയാണ് യഥാർത്ഥത്തിൽ ഒരു വർഗ്ഗമായി മാററിനിർത്തേണ്ടതു്. ബുദ്ധിമാന്മാരായ ധനികന്മാർക്കാണ് ഇതിൽ കൂടുതൽ ഉത്തരവാദിത്വം. അവർ തന്നെ വർഗ്ഗീയതീവ്രവാദികളായാൽ വേലിതന്നെ പഞ്ചതിനുമെന്നതരത്തിലാകും. അതാകുമ്പോൾ ഡർക്കിംസ്സിന്റെ തത്വപ്രകാരം ആത്മഹത്യ വർദ്ധിക്കും; അത്രമാത്രം!

---

* പ്രയുക്തശാസ്ത്രജ്ഞൻ ഹാസ്യരസപ്രധാനമായ ശൈലിയിൽ കഥനംചെയ്യുന്നതു് ആസ്വാദനപ്രീതിനോക്കിയിട്ടുമാത്രമല്ല, പ്രയോജനവുംകൂടി കരുതിയിട്ടാണു്.

## അദ്ധ്യായം ആറ്.

# വർഗ്ഗീയരാഷ്ട്രീയം.

'രാഷ്ട്രീയം' എന്നതിനു കള്ളത്തരം, സൂത്രം, കാപട്യം എന്നൊക്കെയായില്ലേ പര്യായം? ഇന്ത്യയിലതു് സാഹചര്യസ്സമ്മർദ്ദത്താൽ വർഗ്ഗീയമായി ഭവിച്ചുവെന്നേയുള്ളൂ. ഏതു സമുദായത്തിനാണു് രാഷ്ട്രീയപ്രാമാണ്യം ലബ്ധമാകുകയെന്നതാണു് അതിൽ അന്തർഭവിച്ചു കിടക്കുന്നതു്. ഭരണഘടനയുടെ നിർമ്മാതാക്കൾ തന്നെ ഭൂരിപക്ഷക്കാരായ ഹിന്ദുക്കളായിരിക്കുമല്ലോ. ഐക്യനാടുകളിലെപ്പോലെ, ഈജിപ്തിലെപ്പോലെ, സാമാന്യേന രാഷ്ട്രീയമായി ഭൂരിപക്ഷം, ന്യൂനപക്ഷം, എന്നൊരുപ്രകാരത്തിലുള്ള കാഴ്ചപ്പാടു്, ഇന്ത്യയിലെ ഇന്നത്തെ നിലയിൽ കഷ്ടിയായിരിക്കും.

ന്യൂയോർക്കു് പട്ടണത്തിൽ മൂന്നിലൊരുഭാഗം യൂദന്മാരാണു്. കത്തോലിക്കർ അമേരിക്കയിൽ മൂന്നിലൊരുഭാഗത്തിലധികമുണ്ടു്. ഈജിപ്തിൽ ക്രിസ്ത്യാനികളുടെ ന്യൂനസമുദായമുണ്ടു്. എന്നാലും കത്തോലിക്കരും അകത്തോലിക്കരും തമ്മിലടിച്ചു തല പൊളിച്ചു്, അമേരിക്കയിൽ 'കത്തോലിക്കസ്ഥാൻ' തുടങ്ങിയിട്ടില്ല. ഭാരതവർഷം രണ്ടു തുണ്ടമായി ഭാഗിക്കേണ്ടിവന്നതു ഇവിടെ വർഗ്ഗീയത നടമാടിയതുകൊണ്ടാണു്. ബ്രിട്ടീഷുകാർ നാരദം വേല ചെയ്തുവെന്നതു ശരിയാണു്. പക്ഷേ ഭാരതീയർ എന്തിനാണു് വഞ്ചിതരായി ആ കുഴിയിൽ ചാടിയതു്?

ഇത്രയും ഭൂതഭാരതീയ ചരിത്രത്തിലേക്കു് എത്തിനോക്കിയതു്, ഇന്ത്യയിൽ വർഗ്ഗീയത വർദ്ധിച്ചതു് ഇന്ത്യക്കാർക്കു് ഭരണാധികാരം കഷണംകഷണമായി കിട്ടുമാറായിയെന്നു് വന്നപ്പോഴാണു്. അതിൻെറ അടിയ്ക്കടിയിൽ കാണായ ഹേതുക്കൾ എങ്ങനെ വിശകലനംചെയ്താലും ഹൈന്ദവസമുദായം മുസ്ലീമുകളെ അടിച്ചമർത്തി ഭരിക്കുമെന്നുള്ള ഭയമാണു്. ഭയം സകാരണമായി

രിക്കാം, അകാരണമായിരിക്കാം; ഭയമുണ്ടെന്നതു് നിസ്സംശയം. അത്തരം ഭയം ഇല്ലാതാക്കാൻ ഹൈന്ദവനേതാക്കന്മാർക്കു് കഴിഞ്ഞില്ല. ഈ ഭയത്തിന്റെ മാറ്റൊലി, രാഗം മാറിയിട്ടാണെങ്കിലും കേരളത്തിലുമുണ്ടായി. ഹിന്ദുരാജാക്കന്മാരുടെ, ബ്രിട്ടീഷാധീശത്വത്തിലാണെങ്കിലും, നാടുവാഴിത്തം ക്രമേണ നാട്ടുകാരിലേക്കു് ചോർന്നുവീഴുകയോ, ചോർത്തിയെടുക്കുകയോ ചെയ്യുമ്പോൾ, ഏതു് സമുദായത്തിനാണു് കൈകാര്യം സിദ്ധിക്കുക? അതാണു് ഭീതിക്കുള്ള ഹേതു.

കേരളത്തിൽ ഇതരപ്രദേശങ്ങളിലെപ്പോലെ രണ്ടു പ്രമുഖ സമുദായങ്ങൾ തമ്മിലല്ല മത്സരം. കൊച്ചി–തിരുവിതാംകൂറിൽ മൂന്നുകൂട്ടർ പോർക്കളത്തിലുണ്ടു്. പാരസ്പരികഭയം മൂന്നുസമുദായമായ നായർ, നസ്രാണി, ഈഴവർ എന്നിവർക്കു്, അബോധമായിട്ടെങ്കിലുമുണ്ടെന്നുള്ളതു് തീർച്ചയാണു്. ഇന്ത്യയിലെപ്പോലെ, കേരളത്തിലും കമ്യൂനലിസ്സത്തിനുള്ള നിർണ്ണായകകാരണം രാഷ്ട്രീയമാണു്. രാഷ്ട്രീയാധിപത്യം ഏതു സമുദായമാണു കൈവശമാക്കുക? സവർണ്ണഹിന്ദുക്കളിലായിരിക്കുമെന്നു്, എണ്ണത്തിൽ കൂടുതലുള്ള അവർണ്ണർ വിശ്വസിക്കുന്നു; പ്രാധാന്യേന നായർഹസ്തത്തിലായിരിക്കുമെന്നു നസ്രാണികൾ വിശ്വസിക്കുന്നു; കാഫർമാരുടെ കയ്യിലാകുമെന്നു് മുസ്ലീമുകൾ വിശ്വസിക്കുന്നു.

എന്തിനു് ഭീതിയുണ്ടാകുന്നുവെന്ന ചോദ്യവും വന്നേക്കാം. ഭയത്തിനു കാരണമില്ലല്ലോ. കേരളത്തിൽ പണ്ടുമുതൽക്കേ ഹിന്ദുരാജാക്കന്മാരായ കോഴിക്കോട്ടെ സാമൂതിരിമാർ ഇസ്ലാംമതക്കാരെ തീറ്റിപ്പോറ്റി വളർത്തിയില്ലേ? കൊച്ചി–തിരുവിതാംകൂർ രാജാക്കന്മാർ ക്രിസ്ത്യൻസമുദായത്തിനു്, രണ്ടായിരം കൊല്ലമില്ലെങ്കിൽ (തോമാശ്ലീഹായുടെ കാലംമുതൽ) ആയിരത്തിയഞ്ഞൂറോളംകൊല്ലം (കനായിത്തൊമ്മന്റെ കാലംമുതൽ) അഭയംനല്കി; അവർക്കു് എഴുപത്തിരണ്ടു് പദവികൾ കൊടുത്തു് താലോലിച്ചില്ലേ? അവരെ യൂറോപ്പിൽ പണ്ടു നടന്നതുപോലെ നിശ്ശ

ഷം നിഹനിച്ചുകളഞ്ഞില്ലല്ലോ. പിന്നെ ഭീതിയ്ക്കുള്ള ഹേതു എന്താണു്?

കാരണം പറയാം. പക്ഷേ അതു നല്ലവണ്ണം മനസ്സിലാക്കണമെങ്കിൽ രാഷ്ട്രീയമീമാംസയിൽനിന്നും ഇന്ത്യയിലെ രാഷ്ട്രീയചരിത്രത്തിൽനിന്നും ചിലതെല്ലാം പഠിച്ചറിയേണ്ടതുണ്ടു്. ഇതെല്ലാം വിദ്യാഭ്യാസവും ശാസ്ത്രജ്ഞാനവും സുലഭമായിട്ടുള്ള മലയാളിക്കറിയാമെങ്കിലും അതില്ലാത്തവരും ഈ ഗ്രന്ഥം ശ്രദ്ധവെച്ചു വായിച്ചുമനസ്സിലാക്കണമല്ലോ. ഒന്നാമതായി ജനകീയഭരണം—ഡെമോക്രസി—ഇന്ത്യയിൽത്തന്നെ പുതിയതെന്നു് പറയുമ്പോൾ, ഗ്രാമപഞ്ചായത്തു് ഭരണമുണ്ടായിരുന്നില്ലേ, നാട്ടുകൂട്ടങ്ങളുണ്ടായിരുന്നില്ലേ എന്നും മററുമുള്ള ചോദ്യങ്ങൾക്കു് വലിയ വിലയൊന്നുമില്ല. 'തലയെണ്ണി'വോട്ടു് പ്രായപൂർത്തിവന്നവർക്കെല്ലാം; തെരഞ്ഞെടുക്കന്നവരിൽനിന്നു് മന്ത്രിമാർ; തൊട്ടതിനെല്ലാം ഗവണ്മെണ്ടിൽനിന്നനുവാദം; അതും മന്ത്രിസഭയുടെ നിയന്ത്രണത്തിൽ. ജനിച്ചാൽ മരണംവരെ ഒരു വ്യക്തിയുടെ സാർവ്വത്രികജീവിതവശങ്ങളിൽ കയ്യിടാനും ഭരണീയരെ നല്ല പൗരന്മാരാക്കുവാനും അധികാരം അടിച്ചേൽപിക്കാമെന്നായിട്ടുണ്ടു്. അപ്രകാരം പ്രവൃത്തിയുണ്ടോ, ആകുന്നുണ്ടോ, ആയിത്തീരുമോ എന്നുള്ളതെല്ലാം വേറെ കാര്യം.

ചരിത്രത്തിലേക്കൊന്നുകൂടി എത്തിനോക്കുക. ഇന്ത്യയിലെ ഏഴെട്ടുലക്ഷം (ഇന്നു അഞ്ചുലക്ഷം) ഗ്രാമങ്ങളിൽ ഗവണ്മെണ്ടു്, സർക്കാർ, എന്നതിന്റെ സ്പർശം പണ്ടു എന്തായിരുന്നു? നികുതി പിരിക്കാൻ കേരളത്തിൽ ഒരു കോൽക്കാരൻ വരും. നികുതിയോ നിസ്സാരസംഖ്യ. ഡെൽഹിയിൽ നാദിർഷാ വന്നു് നഗരം തവിടുപൊടിയാക്കി. ടീമൂർ വന്നു് വീണ്ടും തലസ്ഥാനനഗരി നശിപ്പിച്ചു. മുഗൾചക്രവർത്തിമാർ നാലഞ്ചുനൂററാണ്ടു ഭരിച്ചു. എന്തു സംഭവിച്ചു ഗ്രാമീണർക്കു്? നികുതികൊടുക്കേണ്ടിവന്നു. പോലീസ്സുണ്ടോ? എക്സയിസ്സു് പോല്ലീസ്സുണ്ടോ? അഞ്ചൽ—തപാൽ ശി

പായിമാരുണ്ടോ? മുനിസിപ്പൽ ബിൽ കളക്ററരുണ്ടോ? ഗ്രാമസേവകന്മാരുണ്ടോ? രാഷ്ട്രീയകക്ഷികളുണ്ടോ? സർവ്വോദയഭടന്മാരുണ്ടോ? ബ്രിട്ടീഷ്കാരുടെ കാലമായപ്പോഴെയ്ക്കും ഗ്രാമങ്ങളിൽ എന്തു പുതിയതായി സംഭവിച്ചു? കളക്ററർ, ഒരു ജില്ലയിൽ ഏതോ ഒരു വലിയ പട്ടണത്തിൽ ഹജൂർകച്ചേരിയും നികുതിപ്പിരിവിൻെറയും കുററാന്വേഷണങ്ങളുടെയും അധിപനായി എട്ടൊമ്പതു ശിപായിമാരുടെ അകമ്പടിയും പോലീസ്സുകാവലുമായി, അങ്ങനെ ഒരിടത്തു വാഴുന്നുണ്ടാകും. ഗ്രാമീണക്ക് വല്ല വ്യത്യാസവുമുണ്ടായോ? നികുതി സർക്കാർ ആവശ്യപ്പെടുന്നതു കൊടുക്കണം. അത്രമാത്രം. കേരളത്തിലും അല്പാല്പവ്യത്യാസങ്ങളോടുകൂടി നാട്ടുരാജ്യഭരണവും അതേരീതിയിൽ തുടന്നു.

ഇന്നു് അതാണോ കഥ? എല്ലാം മാറിയില്ലേ? ലോകത്തിൽ പരിഷ്കൃതരാജ്യങ്ങളിൽ മിക്കതിലും ക്ഷേമരാഷ്ട്രങ്ങളായി പരിണമിക്കയാണ്. എന്നുവെച്ചാൽ സ്റ്റേററ്കയ്യിടാത്ത ജീവിതരംഗം മനുഷ്യൻെറ മനസ്സും തലച്ചോറുംമാത്രം. അവിടെയും മസ്തിഷ്കപ്രക്ഷാളനംമൂലം മനുഷ്യരുടെ മനസ്സും മനനവുംകൂടി മാററാമെന്നായിരിക്കുന്നു. എൻെറ ബാല്യകാലത്തിൽ, ഒരു ചുവന്നതൊപ്പിവെച്ച കൺസ്റ്റേബിൾ ഗ്രാമത്തിൽ വന്നാൽ, ഇന്നു തുല്യമായ ഒരു കാഴ്ചയ്ക്കു ആൾ കൂടുന്നതു ഹെലികോപ്ടറിൽ (ഇഷ്ടംപോലെ എവിടെയും വന്നിറങ്ങാവുന്ന ആകാശവാഹനം) ഒരാൾ വന്നിറങ്ങിയപോലെയാണ്. സർക്കാരിൻെറ അധികാരവും ആജ്ഞയും കടക്കാത്ത ജീവിതവശമൊന്നും ഇന്നില്ലെന്നു സാരം.

അപ്പോൾ സർവ്വവിധത്തിലുള്ള അധികാരവും ശക്തിയും കയ്യടക്കിയ ഒരു ഭരണയന്ത്രം, മുനിസിപ്പാലിററിയിലായാലും, ഗ്രാമങ്ങളിലായാലും, ഏതു് സമുദായമാണ് തലപ്പത്തിരിക്കുക എന്നതു് നിർണ്ണായകഘടകം തന്നെയായി ഭവിച്ചിട്ടുണ്ടു്. കേരളത്തിലെ ദൃശ്യത്തിൽ ഇന്ത്യയിൽ മറെറങ്ങുമില്ലാത്ത സവി

ശേഷതകളുണ്ടെന്നു് മുമ്പു് ചില അദ്ധ്യായങ്ങളിൽ പറഞ്ഞുവെച്ചിട്ടുണ്ടല്ലോ. ഒരു സമുദായത്തിനും തനിച്ചായി ഭൂരിപക്ഷം കിട്ടാൻ ജനസംഖ്യയും വോട്ടുമില്ല. പിന്നെ എന്താണു് മത്സരം കൊണ്ടുഫലം? അതിലാണു് വർഗ്ഗീയനേതാക്കളുടെ സാമത്ഥ്യം കാണേണ്ടതു്. കേരളത്തിലെ കമ്യൂനിലിസത്തിൽ ഒന്നിലധികം സമുദായങ്ങൾ യോജിക്കും. എന്തടിസ്ഥാനത്തിലാണു് സംയോജനം? പുറമെ പല വേഷങ്ങളും കെട്ടും. പല അടവുകളും കൗശലങ്ങളും ഉപയോഗിക്കും. അകത്തു് കത്തിയും പുറത്തു പത്തിയുമായിരിക്കുമെന്നുമാത്രം! 'സമത്ഥന്മാർ' ആരെല്ലാമാണു് കേരളത്തിലുള്ളവർ എന്നതിനു് പുതിയ നിഘണ്ടുകൾ തന്നെ നോക്കി അത്ഥം മനസ്സിലാക്കി കണ്ടുപിടിക്കേണ്ടിവരും.

"അടിമത്തമനുഭവിക്കുന്ന ഒരു സമുദായത്തിലെ അവസരവാദികളുടെ പ്രധാനആയുധമാണു് 'സാമത്ഥ്യം'. ബ്രിട്ടീഷ് ഭരണകാലത്തു് കേരളത്തിൽ സാമത്ഥ്യം ഒരു ലളിതകലയായി വളത്തിയെടുക്കപ്പെട്ടു. രാജവാഴ്ച നിലനിന്നിരുന്ന കൊച്ചിതിരുവിതാംകൂർ ഭാഗങ്ങളിൽ ഇതിനു് കൂടുതൽ വളർച്ച സിദ്ധിച്ചു എന്നു വേണമെങ്കിൽ പറയാം............ സാമത്ഥ്യത്തെമാത്രം മൂല്യമായിഗണിക്കുന്ന സമുദായം കാലക്രമേണ തകരുന്നു............ ഭാവിയിലെന്തു് സംഭവിക്കും എന്നതിനെപ്പറ്റി സമത്ഥൻ ചിന്തിക്കാറില്ല. തല്ക്കാലത്തെ നിലനില്പു്, തല്ക്കാലത്തെ രസം—ഇത്രയുമേ മാത്രമേ അവന്റെ കണ്ണെത്താറുള്ളു." * ഈ ഉദ്ധരണിയിൽ കാണുന്ന 'സാമത്ഥ്യ' മാണു് വർഗ്ഗീയവാദികൾ അരനൂററാണ്ടായിട്ടും കേരളത്തിൽ ഉപയോഗിച്ചിട്ടുള്ളതു്. ഇന്നും അതു മാത്രമാണു് പ്രധാന ആയുധം. ഡർക്കിംസ്സിന്റെ തത്വപ്രകാരം കടകവിരുദ്ധമായിട്ടു് (inverse proportion) വർഗ്ഗീയവിഷത്തിന്റെ തോതു് വർദ്ധിക്കുകയാണു്. വിഷം ഹൃദയത്തിലും തലച്ചോറിലും എത്തിയാൽ പിന്നെ ഒരു വിഷവൈദ്യനും ഇറക്കാൻ സാധ്യമല്ലാതാകും.

---

* സമീക്ഷ—൪—ഭാ—63—എം. ഗംഗാധരൻ.

അരനൂററാണ്ടുകാലത്തെ രാഷ്ട്രീയ ചരിത്രത്തിലേക്കു് കണ്ണോടിക്കുന്നതിന്നു് മുമ്പു് വർഗ്ഗീയവസ്ത്രങ്ങളിലെ വർണ്ണമാററം ഓന്തു് നിറം മാറുന്നതുപോലെയാണെ്, ചില സമുദായങ്ങളിൽ മുൻ സൂചിപ്പിച്ച സാമർത്ഥ്യം പ്രയോഗിച്ചു നിറംമാറുന്നതെന്നു പറയാം. ഇന്ത്യയിൽത്തന്നെ ഇന്നുവരെയും ഇംഗ്ലണ്ടു്, അമേരിക്ക എന്നീ രാജ്യങ്ങളിലെ പാർട്ടിഭരണംപോലെയല്ല രാജ്യഭരണം. സ്വാതന്ത്ര്യപ്രാപ്തിവരെ ബ്രിട്ടനെതിരായ പാർട്ടിയും, അനുകൂലമായതും, എന്ന രണ്ടേയുണ്ടായിരുന്നുള്ളു. എതിർകക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും, അനുകൂലമായിട്ടു് മുസ്ലീംലീഗും. തെന്നിന്ത്യയിൽ വിശേഷിച്ചു് മദിരാശിയിൽ ബ്രാഹ്മണ—അബ്രാഹ്മണകക്ഷികളുണ്ടായിരുന്നുവെന്നു മുമ്പു് പറഞ്ഞുവെച്ചിട്ടുണ്ടു്. ഇന്ത്യയിൽ ഇതൊഴിച്ചു് മറെറാരിടത്തും ഇപ്പോഴും കേരളത്തിലുള്ളതുപോലെ ജാതിയെമാത്രം ആസ്പദമാക്കിയ ഒരു കക്ഷി സംസ്ഥാനികനിലവാരത്തിലുണ്ടായിരുന്നില്ല. ഡോക്ടർ അംബദ്കരുടെ നേതൃത്വത്തിലുള്ള അധഃകൃതരുടെ കക്ഷി സർവ്വേന്ത്യാനിലയിൽമാത്രം ഗണ്യമായിരുന്നു. സ്വരാജ്യം കൈവന്നിട്ടും നാളിതുവരെ കേരളത്തിലൊഴിച്ചു് മറെറാരിടത്തും കോൺഗ്രസ്സല്ലാതെ ഭരണയന്ത്രം കേന്ദ്രത്തിലും സ്റ്റേററുകളിലുമുണ്ടായിട്ടില്ല. *

ഇന്ത്യയിലെ ഒട്ടുമുക്കാൽ വോട്ടുകാരും രാഷ്ട്രീയ കാര്യങ്ങളിൽ അജ്ഞന്മാരാണു്. സ്വരാജ്യം സമ്പാദിച്ചതു് കോൺഗ്രസ്സായതിനാൽ ഭൂരിപക്ഷവും ആ കക്ഷിക്കു് വോട്ടു്ചെയ്യുന്നു. ഗാന്ധിജിയുടെ പേരിലും, അനന്തരം നെഹ്റുവിൻെറയും, മേലിൽ നെഹ്റു പുത്രിയുടേയും നാമങ്ങളിൽ നിക്ഷിപ്തമായതെന്തായാലുമോ, അതാണു് കാതലായതു്. നഗരങ്ങളിൽ, കുറെ വ്യത്യാസം കാണും. രാഷ്ട്രീയതത്വങ്ങളെന്താണെന്നു് മനസ്സിലാക്കുക

---

* പ്രഫുല്ല ചന്ദ്രഘോഷ് ബങ്കാളിൽ പി. എസ്. പി. മന്ത്രിസഭയിലെ മുഖ്യമന്ത്രിയായിരുന്നു. അതും കുറെകാലത്തേക്കു മാത്രം, ഒരു അപവാദമെന്നവണ്ണം.

യോ, നിലവിലുള്ള കക്ഷിയുടെ ഭരണം ഭരണീയക്ക് കാമ്യമാണോയെന്നതെല്ലാം അത്ര പ്രധാനമല്ല. സഹിക്കാൻപാടില്ലാത്ത ഭരണമട്ടനമുണ്ടായാൽ ബഹുജനപ്രക്ഷോഭണം ജാതീയ നേതാക്കളും ഏതാനും വിശ്രുതന്മാരായ വ്യക്തികളും നിയന്ത്രിക്കും. കേരളത്തിൽ സാമാന്യമായി സ്ത്രീപുരുഷന്മാർ വിദ്യാഭ്യാസമുള്ളവരാണെങ്കിലും, രാഷ്ട്രീയതത്വങ്ങളിൽ കക്ഷിഭേദം എത്രത്തോളമുണ്ടെന്നു വഴിയെ നോക്കാം.

രാഷ്ട്രീയചരിത്രത്തിൽ കേരളത്തിലെ ഒരു ഭാഗമായ മലബാറിലെ, കേരളപ്പിറവിവരെയുള്ള വർഗ്ഗീയരാഷ്ട്രീയം ചുരുക്കിപ്പറയാം. സ്വാതന്ത്ര്യപ്രാപ്തിവരെ കോൺഗ്രസ്സിന്നു് ആദ്യമാദ്യം വലിയ പിടിയൊന്നുമില്ലായിരുന്നു. അബ്രാഹ്മണകക്ഷിയാകട്ടെ ജസ്റ്റീസ് പാർട്ടിയിലായിരുന്നു. ബ്രാഹ്മണനേതാക്കന്മാരായ രാജാജി, വൈദ്യനാഥയ്യർ എന്നിവർ കോൺഗ്രസ്സിനെ തെന്നിന്ത്യയിൽ നിയന്ത്രിച്ചിരുന്നപ്പോൾ ജസ്റ്റീസ് പാർട്ടി ബ്രിട്ടീഷനുകൂലികളായിരുന്നു. അന്നുമിന്നും മുസ്ലിംസമുദായം ലീഗ്നേതാക്കൾ ആജ്ഞാപിച്ചതു് അനുസരിക്കും. അബ്ദുൽറഹിമാൻെറ നേതൃത്വമുണ്ടായിരുന്നപ്പോൾ ഭാഗികമായി, കോൺഗ്രസ്സിനെ അനുകൂലിച്ചു. ഡിസ്ട്രിക്ട് ബോർഡിൽ ജസ്റ്റിസ്സ് പാർട്ടിക്കാരനായ ടി. എം. മൊയ്തുവാണ് ഒന്നാമതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്. മദിരാശി നിയമസഭയിൽ പാലാട്ട് മെമ്പറും.

കാലം തെല്ലും കഴിഞ്ഞപ്പോൾ അബ്രാഹ്മണർ കോൺഗ്രസ്സിൻെറ നേതാക്കന്മാരായി. മദിരാശിയിൽത്തന്നെ അബ്രാഹ്മണകക്ഷികളുടെ പ്രവർത്തനരംഗം കോൺഗ്രസ്സിലായ കാലം വന്നു. ഈ മാററത്തിനുമുമ്പ് തന്നെ കോൺഗ്രസ്സിൻെറ സ്വാധീനത വർദ്ധിച്ചിരുന്നു. അക്കാലത്താണ് കോങ്ങാട്ട് രാമമേനോനും, അനന്തരം സി. ജെ. വർക്കിയും മദിരാശി മന്ത്രിസഭയിൽ അംഗങ്ങളായതു്. പിന്നീട് ആർ. രാഘവമേനോൻ, കോഴിപ്പുറത്തു മാധവമേനോൻ, കെ. പി. കുട്ടികൃഷ്ണൻനായർ എന്നിങ്ങിനെ

മന്ത്രിമാർ ഒന്നെങ്കിലും മലബാറിൽനിന്നു് സ്വീകരിക്കപ്പെട്ടിരുന്നു. 1937-മുതൽക്കേ കോൺഗ്രസ്സ് ഇന്ത്യയിൽ മുഴുവൻ തന്നെ നിയമസഭയെ സംബന്ധിച്ചിടത്തോളം സഹകരിക്കാൻ തീർച്ചയാക്കിയുള്ളു. അന്നു മുതലുള്ള മന്ത്രിമാരെല്ലാം, വക്കിയൊഴിച്ചു ബാക്കിയുള്ളവർ നായന്മാരാണു്. മലബാറിൽ വർഗ്ഗീയസമരമാകട്ടെ കേരളസംസ്ഥാനം സൃഷ്ടിക്കുന്നവരെ ഹിന്ദുക്കളും മുസ്ലിമുകഠം തമ്മിലാണെന്നു സാമാന്യമായി പറയാം. ഖിലാഫത്തു് കാലത്തുണ്ടായിരുന്ന ഹിന്ദുമുസ്ലീം മൈത്രിയാകട്ടെ 1921 ലെ മാപ്പിളലഹളയോടെ അസ്തമിച്ചു.

തിരു-കൊച്ചിയിലെ 'രാഷ്ട്രീയം' സംയോജനംവരെയുള്ളതു് നാടുവാഴിത്തത്തോടുള്ള മല്പിടിമാത്രമായിരുന്നു. നാടുവാഴിത്തത്തെ പിൻതാങ്ങിയിരുന്നതു് മുഖ്യമായിട്ടു് നായർ സമുദായവും. നയനിപുണന്മാരായിരുന്ന നാട്ടുരാജാക്കന്മാർ രണ്ടുരാജ്യങ്ങളിലും നിയമനിർമ്മാണസഭകഠം ഏർപ്പെടുത്തിയപ്പോഠം പൊതുജനാഭിപ്രായം എന്തെന്നറിഞ്ഞു. സ്വൈരമായി ഭരിക്കാമെന്നുള്ളതേ ലക്ഷ്യമുണ്ടായിരുന്നുള്ളു. ദിവാൻ പ്രസിഡണ്ടും രാജാവും ചേർന്നാൽ അവരുടെ നിയമസഭകഠംക്കു് കോളേജ് യൂണിയനുകളുടെ ശക്തിയും അധികാരവും മാത്രമേയുള്ളു. ബി. എ. ബി. എൽ. പാസ്സുള്ളവർ, വർഗ്ഗീയവാദികളായി, ദിവാൻ ഭരണത്തിലെ ന്യൂനതകഠം വിമർശിച്ചു ഒച്ചപ്പാടുണ്ടാക്കാൻ 'സാമർത്ഥ്യ'മുള്ളവരാണെങ്കിൽ അവരെ തഞ്ചംനോക്കി നല്ല ഉദ്യോഗങ്ങഠം നൽകി ശാന്തപ്പെടുത്തും. തെരഞ്ഞെടുക്കപ്പെടുന്നവർ മൂന്നു് സമുദായക്കാരുമുണ്ടെന്നു് വിശേഷിച്ചു് പ്രസ്താവിക്കേണ്ടതില്ലല്ലോ. നികുതിദായകന്മാർ മാത്രം വോട്ടുകാരായിരുന്നതിനാൽ ഭൂനികുതി കൊടുത്തവരിൽ ജനസംഖ്യയനുസരിച്ചുതോതിൽ, ഈഴവരുടെ എണ്ണം വളരെ കുറവായതിനാൽ, അവർക്കുണ്ടായിരുന്ന മെമ്പർമാരും കുറവുതന്നെ.

കൊച്ചിയിലായാലും തിരുവിതാംകൂറിലായാലും ദിവാൻെറ പോക്കനുസരിച്ചു് ഓരോ സമുദായങ്ങളും ഗവണ്മെണ്ടിനെ പിൻ

താങ്ങുമായിരുന്നു. ഒരു സമുദായത്തെ വളരെ പ്രത്യക്ഷമായി ദി
വാൻ അനുകൂലിച്ചാൽ, അന്യസമുദായക്കാർ ന്യായവും നീതി
യുമനുസരിച്ചു് പ്രവൎത്തിച്ചുവോ എന്നതല്ല നോട്ടം. രണ്ടു രാജ്യ
ങ്ങളിലും ഈഴവസമുദായത്തിൻെറ വാദത്തിനു വ്യാപ്തിയും ശക്തി
യുമുണ്ടായതു് പ്രായപൂൎത്തി വോട്ടു് പ്രചാരത്തിലായപ്പോഴാണു്.
സാമുദായിക പ്രാതിനിധ്യവാദമാകട്ടെ, ഉദ്യോഗവിതരണത്തിൽ
ഓരോ സമുദായത്തിൻേറയും വീതംനിശ്ചയിച്ചു നിയമമാക്കി
യതുവരെ നടന്നു. ജനകീയഭരണം ലബ്ധമാകുന്നവരെ വൎഗ്ഗീ
യമാത്സര്യത്തിൻെറ പ്രധാനരംഗം ഇതായിരുന്നു. അതുകഴി
ഞ്ഞാൽപിന്നെ പൊതുമരാമത്തു് ഡിപ്പാൎട്ടു്മെണ്ടിൻെറ പ്രവൎത്ത
നരംഗങ്ങൾ, വിദ്യാലയങ്ങൾക്കു അംഗീകരണം, സഹായം,
സ്ഥലംപതിച്ചുകൊടുക്കൽ എന്നീ മേഖലകളിലാണു്. അതിൽ
അധികാരമുള്ളവർ ഏതു സമുദായക്കാരനോ ആ സമുദായത്തിന്ന
നുകൂലമാക്കാൻ കളമൊരുക്കുക എന്നതിലാണു് മെമ്പർമാർ വ്യാ
പൃതരാകുക. കോടതികയറുംവരെ അതു് തുടരുകയുംചെയ്യും. അവ
സാനക്കയ്യിൽ ദിവാൻ, സ്വന്തനിലയും രാജപ്രീതിയും നോക്കി
പ്രവൎത്തിക്കും.

കൊച്ചിയിൽ വിജയരാഘവാചാരിയോ, ഹെർബർട്ടോ
ക്രിസ്ത്യാനിസമുദായക്കാൎക്കു് ഉദ്യോഗങ്ങൾ നല്കിയതെങ്കിൽ ക്രി
സ്ത്യാനി ദിവാനെന്നു് അവരെ നായർ വിളിക്കും. തിരുവിതാം
കൂറിലും അപ്രകാരംതന്നെ. ഓരോരുത്തരുടേയും ഭരണപരിപാടി
യിൽ, ഉദ്യോഗവിതരണത്തിൽ ഏതു് ദിവാൻെറ കൃത്യമാണു്
ശരിയോ, തെറേറാ എന്നതല്ല എൻെറ അന്വേഷണം. എന്നും
വൎഗ്ഗീയക്കണ്ണാടിയിൽകൂടിയാണു് നോട്ടം എന്നതാണു് വിശദമാ
ക്കാനുള്ളതു്. ഉദ്യോഗസ്ഥഭരണം (ബ്യൂറോക്രസി) സൎവ്വബലാൽ
പ്രധാനമായിരിക്കുന്ന കാലത്തോളം, സാമുദായിക പ്രാതിനിധ്യം
യോഗ്യതയുള്ളവൎക്കു് ലഭിക്കാതെ വരുമ്പോൾ സാമുദായികവാദം
അതിരു് കവിഞ്ഞതല്ലായിരിക്കാം. പക്ഷേ അത്തരം ഉദ്യോഗ
ങ്ങൾ അട്ടിപ്പേറാക്കിയിരുന്ന സാമുദായികവാദികൾ വിട്ടുകൊടു

കുമോ? ന്യായങ്ങളും, യുക്തികളും, സാമത്ഥ്യവും, അധികവും പ്രകടമാകുന്നതു് ഈദൃശസന്ദർഭങ്ങളിലാണു്. കൊച്ചിയിലേക്കാൾ ഊർജ്ജിതമായിരുന്നു തിരുവിതാംകൂറിലെ വർഗ്ഗീയസംഘർഷം.

സംയോജനംവരെ, ഒടുവിലൊടുവിലായപ്പോൾ നായർ–നസ്രാണികളോടൊപ്പം ഈഴവരും വാദിച്ചു്—ഒരുപക്ഷേ അധികം തീവ്രമായിട്ടുതന്നെയാണെങ്കിലും. പ്രായപൂർത്തിയുള്ളവർക്കെല്ലാം വോട്ടു് നൽകിയപ്പോൾ, ഈഴവസമുദായത്തിലുള്ളവർക്കു് നിയമസഭയിലെണ്ണം വർദ്ധിച്ചപ്പോൾ, അവരുടെ വാദങ്ങൾക്കും മൂർച്ചയും നിലയും കൂടുതലായെന്നു് പറയാം. ഈഴവസമുദായത്തേയും ബാക്കി അവർണ്ണരേയും തൃപ്തിപ്പെടുത്താൻ തിരുവിതാംകൂറിൽ സി. പി. രാമസ്വാമി അയ്യർ തക്കംനോക്കിയിരിക്കയായിരുന്നു. സ്വാമിബ്ഭരണപ്രമത്തതയ്ക്കു് എതിരായി "നിവർത്തനപ്രക്ഷോഭണ"മുണ്ടായി. നായർ വർഗ്ഗത്തിലെ ഗണ്യമായൊരു ഭാഗംതന്നെ പട്ടം താണുപ്പിള്ള പ്രഭൃതികളുടെ നേതൃത്വത്തിൽ പടവെട്ടി; ഒട്ടേറെ കാലത്തേയ്ക്കും എൻ. വി. ജോസഫ്, ടി. എം. വർഗ്ഗീസ്സ് ആദിയായവർ തലപ്പത്തിരുന്നു് ക്രിസ്ത്യാനി സമുദായത്തേയും നിയന്ത്രിച്ചു. സി. കേശവൻ ആദിയായവർ മുൻകയ്യെടുത്തു് ഈഴവസമുദായത്തേയും നയിച്ചു. തിരുവിതാംകൂറിലെ പ്രക്ഷോഭണം ദിവാൻ സി. പി ക്കു് എതിരായി തുടങ്ങിയപ്പോൾ അക്കാലത്തു് ഏതാനും ക്രിസ്ത്യാനികളും എൻ. എസ്. എസ്സിലെ ഒട്ടേറെ നായന്മാരും സി. പി.യെ സഹായിച്ചുവെന്നാണു് ചിലരുടെ ആക്ഷേപം. അവസരവാദികൾ എവിടേയുമുണ്ടല്ലോ.

ബ്രിട്ടീഷുകാർ ബ്രിട്ടീഷ് ഇന്ത്യയിൽ എടുത്ത നയംതന്നെ നാട്ടുരാജ്യങ്ങളിലെ, വിശേഷിച്ചു് തിരു—കൊച്ചിയിലെ ദിവാൻമാരും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അധികാരദുർമ്മത്തന്മാരുടെ ഒരു തന്ത്രം എവിടേയും ഒന്നുതന്നെയാണെന്നേ നമുക്കനുമാനിക്കാനുള്ളു. തിരു—കൊച്ചിയിൽ രണ്ടു് സമുദായങ്ങൾക്കു് പകരം മൂന്നെണ്ണമായിരുന്നുവെന്നതു് അധികാരികൾക്കു് കുറെക്കൂടി

KOTTAYAM PUBLIC LIBRARY

കുഴപ്പത്തിന്നു് വഴിയായി എന്നതു് ശരിതന്നെ. കഴിയുന്നിടത്തോളം മൂന്നു് സമുദായങ്ങളെ പരസ്പരം മത്സരിപ്പിച്ചു്, സ്വന്തം കാര്യം കയ്യിലാക്കാൻ സി. പി.യും തയ്യാറായി. അതിലൊരു വിദ്യ സക്കാർ ക്ഷേത്രങ്ങളിൽ അവൎണ്ണൎക്കു് പ്രവേശിക്കാമെന്നു് തിരുവിതാംകൂർ ഗവമ്മേണ്ടു് ഒരു വിളംബരം പ്രഖ്യാപിച്ചതാണു്. സവൎണ്ണരിൽ പലരും ഇതിനെ അനുകൂലിച്ചില്ല. പക്ഷേ എന്തുചെയ്യാം? മഹാത്മാഗാന്ധിയും കോൺഗ്രസ്സും അതിന്നനുകൂലമായിരുന്നു. പോരെങ്കിൽ തിരുവിതാംകൂർ സക്കാരിന്റെ ശക്തിയോടു് എതിരിട്ടു് മല്ലടിക്കാൻ മാത്രം സനാതനികൾക്കു് കെൽപുമുണ്ടായിരുന്നില്ല.

എന്നിട്ടും നിവൎത്തനപരിപാടി, എത്ര തല്ലിയുടച്ചിട്ടും ശമിച്ചില്ല. സ്റ്റേററു് കോൺഗ്രസ്സ് ഉത്തരവാദിത്വഭരണം വേണമെന്ന യുദ്ധകാഹളം മുഴക്കി. സ്റ്റേററു്കോൺഗ്രസ്സിന്റെ പരിപാടികൾ ബ്രിട്ടീഷ് ഇന്ത്യയിലെ കോൺഗ്രസ്സാശയങ്ങളെ ഉപജീവിച്ചായിരുന്നു രൂപവൽകൃതമായതു്. സ്റ്റേററ്കോൺഗ്രസ്സ് കൊടിയുടെ കീഴിൽ അണിനിരക്കാൻ എല്ലാസമുദായങ്ങളിൽ നിന്നും ജനങ്ങൾ തയ്യാറായി. സ്റ്റേററു് കോൺഗ്രസ്സിനെ നിയമവിരോധമാക്കി, പട്ടം, സി. കേശവൻ മുതലായവരേയും അക്കാമ്മ ചെറിയാൻ ആനിമസ്കറീൻ എന്നീ വനിതമാരടക്കം അനേകംപേരേയും ജയിലിലാക്കി. ടി. എം. വൎഗ്ഗീസ് ആദിയായവർ തിരുവിതാംകൂർ രാജ്യംവിട്ടു് കൊച്ചിയിലും മലബാറിലും അഭയം പ്രാപിച്ചു. 1941-ൽ എറണാകുളത്തുനിന്നു്, സ്റ്റേററു് കോൺഗ്രസ്സിൽ തടവിലകപ്പെടാതെ രക്ഷപ്പെട്ടവർ, പ്രക്ഷോഭണം തുടൎന്നു് നയിച്ചിരുന്നു.

ഈ കാലഘട്ടത്തിലാണു് ക്രിസ്ത്യാനി സമുദായത്തിലെ പ്രമുഖസാമ്പത്തിക സ്ഥാപനമായിത്തീൎന്ന ട്രാവൻകൂർ നാഷനൽ ആൻറു് ക്വയിലോൺ ബാങ്ക് ലിമിററഡു് തകൎന്നതു്. തിരുവിതാംകൂർ സി. ഐ. ഡി.ക്കാർ, പണം നിക്ഷേപിച്ചവരെ ബോ

ട്ടജെട്ടികളിലും, തീവണ്ടി യാത്രകളിലുംവെച്ച് പ്രേരിപ്പിച്ച് ബാങ്കിലെ പണം പിൻവലിപ്പിച്ചുവത്രെ! ഇതിൽ സി. പി. യുടെ കയ്യുണ്ടെന്നാണ് നാട്ടുകാർ ജാതിമതഭേദമെന്യേ സംസാരിച്ചതു്. പലരും ഇക്കാര്യത്തിൽ നേരിട്ടു് കേട്ടവരുണ്ടെന്നു് ഈ ഗ്രന്ഥകാരൻെറ അറിവിലുണ്ടു്. ബാങ്ക് നടത്തിപ്പിൽ നിയമലംഘനമുണ്ടെന്നുള്ള കാരണത്താൽ മാമ്മൻ മാപ്പിളയും മാത്തനും ജയിലിൽ പോകേണ്ടിവന്നുവെന്നതു് എല്ലാവൎക്കുമറിയാം. നൂററിൽ താഴെ ബ്രാഞ്ചുകളും ഇന്ത്യയിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം പ്രവൎത്തനവുമുണ്ടായിരുന്ന കേരളീയ പ്രമുഖബാങ്ക് ലിക്വിഡേഷനിലായി. ഡിവിഡൻ്റ് കൊടുത്തപ്പോൾ രൂപയ്ക്കു് രൂപതന്നെ വീതിക്കാൻ സാദ്ധ്യമായി എന്നു് കാണുമ്പോൾ, സി. പി. ഭരണത്തിൻെറ നീണ്ടകയ്യ് ബാങ്കിനെ ഞെക്കിക്കൊന്നുവെന്നു് ക്രിസ്ത്യാനികൾ പരാതിപറഞ്ഞു. ഇക്കാര്യത്തിൽ ബാങ്കിനെ നശിപ്പിക്കാൻ വൎഗ്ഗീയത സി. പി.യെ സഹായിച്ചുവെന്നാണ് ക്രിസ്ത്യൻ വാദികളുടെ ആക്ഷേപം. സാമൂഹ്യശാസ്ത്രരീത്യാ ബാങ്ക് പൊളിഞ്ഞതിൽ കമ്മ്യൂനലിസ്സം കാണാമെന്നതേ ഇതിൽ രേഖപ്പെടുത്താനുള്ളു. യഥാൎത്ഥത്തിൽ സി. പി. യും ക്രിസ്ത്യൻ വിരോധികളും അതിൽ എത്രമാത്രം കുററക്കാരാണെന്നുള്ളതു് ഇവിടെ പഠനാൎഹമല്ല. ഇത്രത്തോളം വിസ്തരിച്ചതു് ഈ സംഭവത്തിലും വൎഗ്ഗീയ സ്പൎശമുണ്ടെന്നും എപ്രകാരം രാഷ്ട്രീയവുമായി കെട്ടിപ്പിണഞ്ഞു് കിടക്കുന്നുവെന്നും വിശദമാക്കാൻ മാത്രം.

കൊച്ചിയിലെന്തുണ്ടായിയെന്നുകൂടി ഒരെത്തിനോട്ടം കഴിക്കാം. ക്ഷേത്രപ്രവേശനവിളംബരം സി. പി. ക്കു പേരും പെരുമയും ഉണ്ടാക്കിയപ്പോൾ, ബ്രിട്ടീഷ് ഭരണത്തിൻെറ പിൻതാങ്ങായി നടന്ന ഷൺമുഖം ചെട്ടിക്കു് 'ഒട്ടാവയിൽവെച്ച് ഇന്ത്യയെ ഒററിക്കൊടുക്കു'ന്നതിനുപോലും അവസരവാദിയായി ഭവിച്ചതിനു പ്രതിഫലമെന്നോണം കൊച്ചി ദിവാൻപദം സമ്മാനമായി

ലഭിച്ചു. കൊച്ചിയിൽ 'പോപ്പുലർ' മന്ത്രിയായി എ. ശിവരാമ മേനോനെ നിയമിച്ചു. സാമുദായിക മാത്സര്യത്തിൽ ഏതാണ്ടൊരു സമീകരണമുളനത്വം സ്ഥാപിക്കാനും, നായർക്കും ക്രിസ്ത്യാനിക്കും, ഈഴവനും, മുഹമ്മദീയനും ഉദ്യോഗങ്ങൾ സന്ദർഭോചിതം ചെട്ടി നൽകി. അക്കാലത്തു നായർസമുദായത്തിൽനിന്നാണ്, നാട്ടുരാജ്യങ്ങളിൽ 600-ൽ ചിലവാനം എണ്ണമുള്ളതിൽ 'കൊച്ചുകൊച്ചി'യിൽനിന്നാണ് ആദ്യത്തെ 'പോപ്പുലർ' മന്ത്രി അവരോധിക്കപ്പെട്ടതു്. പഴയകാലത്തു് പാലിയത്തുനിന്നും എടക്കുന്നി വാരിയത്തുനിന്നും തോട്ടേക്കാട്ടുനിന്നും ദിവാൻമാരായെങ്കിൽ ഇപ്പോൾ അമ്പാട്ടുനായർ-തറവാട്ടിൽനിന്നും, അദ്ദേഹത്തിനുമാത്രമല്ല, പിൻവാഴ്ചക്കാരനായി, ഡോക്ടർ എ. ആർ. മേനോനും മന്ത്രിപദം ലഭിച്ചു. കൊച്ചി നായർസമുദായത്തിനു ഊണു മാത്രമല്ല പായസവും ചെട്ടിദിവാൻ സമ്മാനിച്ചപ്പോൾ, നമ്പ്രാണിയും ഈഴവനും അസൂയാലുക്കളായി ഭവിച്ചെങ്കിൽ അതിലും വർഗ്ഗീയത്വം ദർശിക്കാം.

കൊച്ചിയിലെ രാഷ്ട്രീയത്തിൽ ഗ്രാമോദ്ധാരണമന്ത്രിമാർക്കു് വളരെ ലഘുവായ അധികാരംമാത്രമേ കൊടുത്തിരുന്നുള്ളു. ചെട്ടി ദിവാൻതന്നെ നിയമസഭാദ്ധ്യക്ഷൻ. ഉത്തരവാദിത്വഭരണപ്രക്ഷോഭണം കൊച്ചിയിൽ ഏറെറടുത്തതു പ്രജാമണ്ഡലക്കാരാണ്. എന്നാലും 1946 വരെ പ്രജാമണ്ഡലക്കാർക്കു് മന്ത്രിക്കസേരകളിലിരിക്കാൻ കഴിഞ്ഞില്ല. 1942 മുതൽ 1945 വരെ 'കൊച്ചിൻ കോൺഗ്രസ്സ്'' നേതാവായ ടി. കെ. നായരും മററു രണ്ടുപേരും മന്ത്രിമാരായി വാണിരുന്നു. അതിലൊരു ക്രിസ്ത്യാനിയായ പറമ്പി ലോനപ്പൻ, സാമുദായിക പ്രതിനിധിയായിക്കരുതപ്പെട്ടു. മാത്രമല്ല ഈഴവർക്കു് പ്രാതിനിധ്യം ലഭ്യമായി. സി. ആർ. ഇയ്യുണ്ണി ക്രിസ്ത്യാനികൾക്കും കെ. അയ്യപ്പൻ ഈഴവർക്കും. വീണ്ടും പ്രജാമണ്ഡലം വിജയിച്ചപ്പോൾ ഇക്കണ്ടവാര്യർ മുഖ്യമന്ത്രിയായി. അപ്പോഴും നായരേതരരായ രണ്ടു സമുദായത്തിനും സ്ഥാനമുണ്ടായിരുന്നു. എല്ലാ മന്ത്രിസഭകളിലും നായർക്കു രണ്ടുസ്ഥാനം

വീതം ലഭിച്ചു. ഇക്കാലമത്രയും, 1947 ജൂലായിവരെ ദിവാനു കീഴിലുള്ള ഭരണമായതിനാൽ 'പോപ്പുലർ' മന്ത്രിയെന്ന നാമം യഥാൎത്ഥത്തിൽ സാൎത്ഥമായിരുന്നില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

1948 മാൎച്ച് 24-ാംനു- വരെ തിരുവിതാംകൂറിൽ സർ സി. പി. ദിവാനായി ഭരിച്ചു. വടിവാൾ വീശി വിരട്ടിയോടിച്ചതിനുശേഷമാണ് അവിടെ മന്ത്രിസഭ രൂപവൽകൃതമായതു്. പട്ടം മുഖ്യമന്ത്രി; സി കേശവനും ടി. എം. വർഗ്ഗീസ്സും ഈഴവ നസ്രാണി സമുദായക്കാരും. മൂന്നു സമുദായങ്ങളുടെയും പ്രതിനിധികളുണ്ടായതുകൊണ്ടു് കൊച്ചിയിലും തിരുവിതാംകൂറിലും വൎഗ്ഗീയത സ്പർശിച്ചില്ല എന്നൊരു നിഗമനമല്ലെ ചെയ്യാൻ പാടുള്ളു? കൊച്ചിയെ സംബന്ധിച്ചിടത്തോളം 1947-ൽ സ്വാതന്ത്ര്യം ഇന്ത്യയിലൊട്ടുക്കെ കൈവരുന്നവരെ കിട്ടിയതു മെച്ചമെന്നേ ഓരോ സമുദായക്കാൎക്കു് വിചാരിക്കാൻ വഴിയുള്ളു. സാക്ഷാൽ ഭരണഭണ്ഡാരത്തിൻെറ താക്കോൽ ദിവാൻെറയും മഹാരാജാവിൻേറയും കയ്യിലായിരുന്നു. നായൎക്കു് രണ്ടെണ്ണം കിട്ടിയതിൽ രാജാവിൻെറ ഇഷ്ടമാണ് പ്രധാനം. നായർസമുദായം തൃപ്തിയടഞ്ഞുവെന്നും സമാധാനിക്കാം.

തിരുവിതാംകൂറിലെ സമുദായികമാത്സര്യം മൂന്നു സമുദായങ്ങൾക്കു് മന്ത്രിപദം ലഭിച്ചതിനാൽ അവസാനിച്ചുവോ? പട്ടം, പിള്ളനായരല്ലേ? നായർവൎഗ്ഗത്തിന്നു, അതെല്ലാപ്പോഴും കൈവശമായിരിക്കണമെന്നുള്ളവർ വർഗ്ഗീയമനോഭാവം അരനൂററാണ്ടു കഴിഞ്ഞാലും മാറുകയില്ലത്രെ! ഇതാണ് നായരേതരസമുദായിക വ്യാഖ്യാനം. മന്ത്രിസഭാംഗങ്ങളുടെ എണ്ണം വൎദ്ധിപ്പിച്ചു. മൂന്നു സമുദായത്തിന്നു് ഓരോരുത്തനേയും തെക്കുഭാഗത്തുള്ള തമിഴരുടെ പ്രതിനിധിയായി നടരാജപിള്ളയേയും ചേൎത്തു. എണ്ണം ഏഴായപ്പോൾ, കേശവനും വർഗ്ഗീസ്സിനും വകുപ്പുകളുടെ എണ്ണവും കുറയാതെ നിൎവ്വാഹമില്ലല്ലോ. "ഏറെക്കാലത്തെ സ്വേച്ഛാഭര

ണംകൊണ്ടു തഴമ്പിച്ച സചിവോത്തമന്റെ (ദിവാൻ സി. പി.) പാദുകങ്ങളിൽ കാലുറപ്പിച്ചു നിന്നപ്പോൾ പുതിയ മുഖ്യമന്ത്രി (പട്ടം) അല്പമൊക്കെ 'തന്നിഷ്ടം' കാണിച്ചിട്ടുണ്ടെങ്കിൽ അതു മനസ്സിലാക്കാൻ വിഷമമില്ലല്ലോ." (സമീക്ഷ. ഭാഗം 26)

പട്ടം ഏഴുമാസമേ ഭരിച്ചുള്ളു, മുഖ്യമന്ത്രിയായിട്ടു്. അദ്ദേഹത്തിനെതിരായി 'ഒപ്പിടീൽ' പ്രസ്ഥാനവും മററും മൂത്തുവശായി. മറെറാരു 'സെററ്' കോൺഗ്രസ്സുകാർ മന്ത്രിസഭ രൂപവല്ക്കരിച്ചതു പട്ടം രാജികൊടുത്തപ്പോഴാണു്. അതിൽ പഴയ മന്ത്രിമാരാരുമില്ല. ഏഴിനു പകരം ആറു്പേർമാത്രം മന്ത്രിമാർ. ഓരോ സമുദായത്തിൽനിന്നു് ഈരണ്ടുപേരുണ്ടായിരുന്നതിനാലും പഴയ നിലയിൽത്തന്നെ കാര്യങ്ങൾ നടന്നു. തത്വാശയങ്ങൾ എല്ലാം സ്റ്റേററ് കോൺഗ്രസ്സിന്റേതുതന്നെ. ഒരു "സെററ്" നേതാക്കന്മാരെ വിശ്വാസമില്ലാതായപ്പോൾ മറെറാരു പിടി നേതാക്കന്മാർ വന്നുവെന്നുമാത്രം! പ്രത്യക്ഷമായി വർഗ്ഗീയമാത്സര്യമുണ്ടോ? വേണ്ടതുണ്ടായിരുന്നു: എല്ലാം അടിയൊഴുക്കുകളാണെന്നുമാത്രം, മന്ത്രിപദം ആർക്കാണു് ഓരോ സമുദായത്തിനുള്ളിൽ ലഭ്യമാകുക എന്നതായി ഉപസ്മരം. ഒരേ സമുദായത്തിൽനിന്നുതന്നെ, ആർക്കാണു് സ്റ്റേററ് കോൺഗ്രസ്സ് പാർട്ടികളിൽ സ്വസമുദായത്തിൽനിന്നും അന്യസമുദായങ്ങളിൽനിന്നും കൂടുതൽ പിൻബലം കിട്ടുകയെന്നതായി മന്ത്രിപദാർത്ഥികളുടെ പിന്നത്തെ ലക്ഷ്യം.

കേരളത്തിൽ രാഷ്ട്രീയകക്ഷിത്വം വെറും നാട്യമാണെന്നു് പിന്നീടു് സിദ്ധവൽക്കരിക്കാം. അതിന്റെ നാന്ദിയായിട്ടു് കരുതാം ശ്രീ. പട്ടം കേരളത്തിൽ പുതിയ പാർട്ടി തുടങ്ങിയതു്. നേതാവായി പട്ടം തന്നെ കേരളത്തിൽ ഇന്ത്യൻ സോഷ്യലിസ്ററ് പാർട്ടിയുടെ ശാഖ ഉൽഘാടനംചെയ്തു. (തിരുവനന്തപുരവും സമീപപ്രദേശങ്ങളുമാണു് ഇതിന്റെ മുൻഗാമിയായ ഡെമോക്രാററിക്ക് സോഷ്യലിസ്ററ് പാർട്ടിയുടെ കേന്ദ്രം.) മലബാർ, കേരള സ്റ്റേററിൽ സംയോജിക്കപ്പെടുന്നവരെ 'കിസാൻമസ്ദൂർ പ്ര

ജാപാർട്ടി'യിൽ പിന്നീട് ലയിച്ച പട്ടവും കൂട്ടാകാരും പഴയ കളരി തന്നെ ആസ്ഥാനമാക്കി. ശ്രീ. പട്ടവും അനുയായികളും കോൺഗ്രസ്സ് വിട്ടഘട്ടം ഈഴവനായ സി. കേശവൻ സ്റ്റേററ് കോൺഗ്രസ്സ് പ്രസിഡണ്ടായപ്പോഴാണെന്നതു്, ഒരു യാഥാർത്ഥ്യമാണ്. ഈഴവൻ സ്റ്റേററ് കോൺസ്സ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ, സ്റ്റേററ് കോൺഗ്രസ്സിൽ ഈഴവമേധാവിത്വം ശക്തിമത്തായി എന്നു് വ്യാഖ്യാനിക്കുന്നതിൽ അബദ്ധമുണ്ടോ? പട്ടം രാജികൊടുക്കാൻ തന്നെ ഒരു കാരണം ക്രിസ്ത്യാനി വർഗ്ഗീസ്സിനും ഈഴവൻ കേശവനും സ്റ്റേററ്കോൺഗ്രസ്സിൽ സ്വാധീനത കൂടുതലുണ്ടെന്നു് കണ്ടതുകൊണ്ടല്ലേ?

കേരള രാഷ്ട്രീയത്തിലെ വർഗ്ഗീയപ്രവണതകളാകട്ടെ, ഏതു വഴിക്കാണ് ചലിക്കുന്നതെന്നും ഓരോഘട്ടത്തിൽ ഏതേതു സമുദായങ്ങളെയാണ് തീണ്ടുന്നതെന്നും കണ്ടുപിടിക്കണമെങ്കിൽ ഒരു അസാമാന്യവിദഗ്ദ്ധഗവേഷകൻ മാത്രമുണ്ടായാൽപോരാ, അയാൾ ആവശ്യപ്പെടുന്ന വസ്തുതകളും ലക്ഷ്യങ്ങളും ലഭിക്കണം; ഓരോ സമുദായക്കാർക്കുമുള്ള വർഗ്ഗീയ ഈറ്റുവെയ്പുകൾ കലവറയില്ലാതെ തുറന്നുകൊടുക്കേണ്ടിവരും. ഗവേഷകൻ കേരളീയനായാലും മതിയാകയില്ല. ഏതെങ്കിലും ഒരു സമുദായത്തിൽ ജനിച്ചവനായാൽ അയാളുടെ സ്വാഭാവികമായ ചാച്ചൽ ഏതെങ്കിലും ഒരു സാമുദായികതാൽപര്യത്തിലായിരിക്കയില്ലേ?

ഇങ്ങനെയൊക്കെയായാലും പ്രധാന സംഭവങ്ങളിൽനിന്നു് വർഗ്ഗീയച്ചൊവ മനസ്സിലാക്കാമെന്നാണ് തോന്നുന്നതു്. പട്ടത്തിന്റെ അനുയായികളിൽ വൈക്തികമായ മോഹങ്ങളും ലക്ഷ്യങ്ങളുമുണ്ടാകുമല്ലോ. അദ്ദേഹവും അനുയായികളിൽ മിക്കവരും സവർണ്ണരാണ്; നായർ സമുദായക്കാരാണ്. കേശവന്റെ പിടിമുറുകിയെന്നു് വന്നപ്പോൾ, ഡമോക്രാററിക്ക് സോഷ്യലിസ്റ്റ് കക്ഷി എന്നൊരു പുതിയ കക്ഷി സൃഷ്ടിക്കാനിടയായെന്നു് മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. അഖിലേന്ത്യാകക്ഷിത്വമില്ലേ

ങ്കിൽ കേരളത്തിലെ കെ. എസ്. പി. യെപ്പോലെ ശക്തിയില്ലാതാകും. തന്മൂലം പട്ടവും കൂട്ടരും ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. സോഷ്യലിസ്റ്റ് പാർട്ടി, K. M. P. P. യായി മാറി (Kisan Mazdoor Praja Party.) പിന്നീട് P. S. P. (Praja Socialist Party) ആയി വീണ്ടും S. S. P. യായി ഒന്നിച്ചു; പിന്നേയും P. S. P. ആയി പിളർന്നു. കേരളത്തിൽ (S. S. P.) 'എസ്. എസ്. പാർട്ടി' പേരിനുണ്ടെങ്കിലും ഇപ്പോഴും രാഷ്ട്രീയ കക്ഷിയെന്ന നിലയിൽ പി. എസ്സ്. പി. തന്നെ പ്രധാനം. എസ്. എസ്. പിയിൽനിന്നു് ഒരു അംഗംപോലുമുണ്ടായിട്ടില്ല നിയമസഭയിൽ, ഇന്നേവരെ.

തിരു_കൊച്ചിസംയോജനമുണ്ടായതു് 1949 ജൂലായി 1_ാംനു- മുതൽക്കാണല്ലോ. വർഗ്ഗീയരാഷ്ട്രീയചരിത്രവും അതിലെ സാമൂഹ്യമായ പ്രതികരണങ്ങളും, ആഘാതപ്രത്യാഘാതങ്ങളും ചർച്ചചെയ്യുന്നതിനു മുമ്പായി കേരളത്തിൻെറ അധുനാതന രാഷ്ട്രീയദൃശ്യം എന്താണെന്നു സംക്ഷിപ്തമായിട്ടെങ്കിലും പഠിക്കേണ്ടതുണ്ടു്. പ്രധാനചരട്ടുകൾ കയ്യിൽപിടിച്ചേ ഏതൊരുവനും കാലെടുത്തുവെക്കാൻ കഴിയൂ. നിത്യചൈതന്യയതി സമീക്ഷയിൽ (ഭാ. 54_ൽ) * "രാഷ്ട്രീയം പതിനഞ്ചു വിധമുണ്ടു്" എന്നു് രേഖപ്പെടുത്തിയിട്ടുണ്ടു് ഈ അപഗ്രഥനം ഒന്നുകൂടി വ്യാപകമാക്കിയാൽ ഇനിയും 'രാഷ്ട്രീയ'ങ്ങൾ കൂടുതൽ കാണാം.

---

* 1) നായർ ദേശീയം (2) നായർ സോഷ്യലിസം (3) നായർ കമ്മ്യൂണിസം (4) നായർ സാമുദായികം (5) ക്രിസ്ത്യൻ കത്തോലിക്കാ രാഷ്ട്രീയം (6) ക്രിസ്ത്യൻ സുറിയാനി രാഷ്ട്രീയം (7) ക്രിസ്ത്യൻ ദേശീയം (8) ക്രിസ്ത്യൻ സോഷ്യലിസം (9) ക്രിസ്ത്യൻ കമ്മ്യൂണിസം (10) ക്രിസ്ത്യൻ അവസരവാദം (11) ഈഴവകമ്മ്യൂണിസം (12) ഈഴവസോഷ്യലിസം (13) ഈഴവസാമുദായികം (14) ഈഴവദേശീയം (15) മുസ്ലീം ബാഹ്യാന്തര സാമൂഹ്യസാമുദായിക ദേശീയം. ഈ പതിനഞ്ചു് ഭീകര ജാതികളിലും മുകളിൽ പറഞ്ഞ മുതലാളി, കൺട്രാക്ടർ, കങ്കാണി, തൊഴിലാളി എന്നീ പുതിയ ചാതുർവർണ്ണ്യവ്യത്യാസങ്ങൾ കാണാൻ കഴിയും.

ദൃഷ്ടാന്തം: സംയോജനങ്ങറം രണ്ടെണ്ണമുണ്ടായല്ലോ. തിരുകൊച്ചിയായപ്പോറം 'കൊച്ചി രാഷ്ട്രീയം' 'തിരുവിതാംകൂർ രാഷ്ട്രീയം' എന്നിപ്രകാരം പ്രാദേശികത്വവും ജനിച്ചു; മലബാർ ചേൎന്നപ്പോറം മലബാർ രാഷ്ട്രീയവും. അങ്ങിനെ മൂന്നെണ്ണംകൂടി പട്ടികയിൽ ചേക്കാം.

ഇവയിൽനിന്നു് സാമൂഹ്യശാസ്ത്രജ്ഞനു് വർഗ്ഗീയപ്രശ്നത്തിൽ രണ്ടു് നിഗമനങ്ങളേ ശ്രദ്ധേയമായിട്ടുള്ളൂ. 'ദേശീയവും' 'പ്രദേശികവും' ഒഴിച്ചാൽ വർഗ്ഗീയരാഷ്ട്രീയം എന്തിലും മുഴച്ചു നില്ക്കുന്നു. അവയിൽ രാഷ്ട്രീയ കക്ഷിത്വം കലൎന്നു ചേരാൻ പരിതഃസ്ഥിതികറം സാഹായികവുമായിരുന്നു. സോഷ്യലിസം, കമ്മ്യൂണിസം, കാപിററലിസം എന്നുള്ള 'ഇസ'ങ്ങറം 'രാഷ്ട്രീയ'ത്തിൽ നിണ്ണായകഘടകങ്ങളാക്കിത്തീക്കാനുള്ള ശ്രമം ഏതാണ്ടു് ഊർജ്ജസ്വലമായതു് കേരളത്തിൽ ഉത്തരവാദിത്വഭരണമുണ്ടാകുമെന്നായപ്പോഴാണു്, വിശേഷിച്ചു് തിരുകൊച്ചിയിൽ. വടക്കെ മലബാറിൽ കമ്യൂണിസ്ററു് സംഘടനകറം അതിനു മുമ്പു തന്നെ തുടങ്ങിയിരുന്നു. തിരുവിതാംകൂറിൽ പുന്നപ്ര—വയലാർ സംഭവം സി. പി. യുടെ ഭരണകാലത്തു തലപൊക്കിയതും അദ്ദേഹത്തിൻെറ മട്ടനദ്വാരാ രക്തസാക്ഷികളുണ്ടായപ്പോറം ഊജ്ജിതമായതും നമുക്കറിയാം. പക്ഷേ അതൊരു മൂലയിൽ മാത്രം ഒതുങ്ങിനിന്നു, അഞ്ചാറുകൊല്ലങ്ങളോളം തന്നെ. സാമുദായികവാദികറം, ഏതിലാണു് രക്ഷയെന്നും ഏതു വഴിക്കാണു് ജനങ്ങളെ സ്വാധീനിക്കേണ്ടതെന്നും കണ്ണിലെണ്ണ ഒഴിച്ചുനോക്കിക്കൊണ്ടുമിരുന്നു.

ഇവിടെ നിന്നങ്ങോട്ടു് രാഷ്ട്രീയം വിശകലനം ചെയ്യുന്നതിനുമുമ്പു് ഭാരതഭൂമിയിലെ രാഷ്ട്രീയം ഏതു വിധമാണെന്നു് സാമൂഹ്യശാസ്ത്രജ്ഞനു ഒരു വിഹഗവീക്ഷണം കഴിക്കാതെ കേരളത്തിലെസ്ഥിതി നിദ്ധാരണംചെയ്യാൻ പ്രയാസമാണു്; ഒരു പക്ഷേ അസാധ്യവുമാണു്. രാഷ്ട്രീയപൗരസ്ത്യാശയം, പാശ്ചാ

ത്യരിൽനിന്നു വ്യത്യസ്തമാണെന്നു് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. പൊതുവെ നോക്കുമ്പോഠം യഥാൎത്ഥ രാഷ്ട്രീയം കിഴക്കൻ രാജ്യങ്ങളിൽ കുറവാണു്. സമൂഹജീവിയാണു് മനുഷ്യനെങ്കിലും, സാമൂഹ്യമായ ഉദ്ഗ്രഥനം രാഷ്ട്രത്തിലാണു് ഏറ്റവും ഗാഢമാണെന്നിരുന്നാലും, ജാപ്പാനിലൊഴിച്ചു് ഏഷ്യയിലും ആഫ്രിക്കയിലും രാഷ്ട്രീയ ചിന്തയും പുരോഗമനവും വളരെ കുറവായിരുന്നു. ഭാരതത്തിലാകട്ടെ, ദാൎശനികവും മതാത്മകവുമായ ചിന്താപ്രവാഹത്തിൽ രാഷ്ട്രീയാശയം ഒരു തുള്ളിമാത്രമേ ആയിരുന്നുള്ളു. ഭാരതഭൂവിൽ രാഷ്ട്രം ജനങ്ങളെ സ്പൎശിച്ചിരുന്നുവോ എന്നതു തന്നെ സന്ദിഗ്ദ്ധമാണെന്നു് മുമ്പൊരിക്കൽ സൂചിപ്പിച്ചിട്ടുണ്ടു്.

ഹൈന്ദവലോകത്തിൽ ഭരണകൎത്താക്കന്മാരേയും ഭരണീയരേയും ഒരുപോലെ ഇന്നും നിയന്ത്രിക്കുന്നതു് വൎണ്ണാശ്രമധൎമ്മസംവിധാനമല്ലേ? ജാതിയും ആചാരവും ഇന്നും കേരളത്തിൽ സൎവ്വപ്രധാനമല്ലേ? പരോക്ഷവും പ്രത്യക്ഷവുമായ ജീവിതത്തിൽ നിയന്ത്രണം ഫലപ്രദമാകുന്നതു് വൎണ്ണാശ്രമധൎമ്മാനുഷ്ഠാനത്തിലാണു്. രാഷ്ട്രപ്രസ്ഥാനം ശുഷ്കിച്ചുപോയതും ഇതുകൊണ്ടാണു്. കേരളത്തിലെ ക്രിസ്ത്യാനികഠംപോലും ഒരു ജാതിയെന്നനിലയിലേ വൎത്തിച്ചുള്ളു—വിശേഷിച്ചു് കൊച്ചിതിരുവിതാംകൂറിൽ. രാഷ്ട്രം അൎദ്ധജീവിപ്രായമായതു് തന്നിമിത്തം വിസ്മാപകമല്ലതന്നെ. വിപ്ലവാത്മകമായ ബുദ്ധമതവും ജീവിതം മുഴുവൻ തന്നെ അലൗകികമാക്കിത്തിൎക്കുവാനാണു് താത്വികവാദം ചെയ്തതു്. രാഷ്ട്രത്തിനു് സ്ഥാനമേയില്ലായിരുന്നു. ദിഗ്വിജയിയായ അശോകചക്രവൎത്തിയും രാഷ്ട്രീയാശയം നിസ്സാരീകരിക്കയാണു് ചെയ്തതു്.

സാമൂഹ്യശാസ്ത്രജ്ഞൻ ചരിത്രസത്യങ്ങളെ മറിച്ചുവെക്കുന്നതു് ക്ഷന്തവ്യമല്ലല്ലോ. കേരളത്തിലെ ഏതു് സമുദായക്കാരുടെ വികാരവിചാരങ്ങഠക്കു് ക്ഷതമോ, അവൎക്കു് ഇഷ്ടക്കേടോ ഉണ്ടായാ

ലും, ഉള്ളകാര്യം തുറന്നുപറയേണ്ടിവരും. സ്വാതന്ത്ര്യലബ്ധിവരെ കേരളീയരിൽ എല്ലാ സമുദായക്കാക്കും കേവലരാഷ്ട്രീയ ചിന്ത കുറവായിരുന്നു. ഇന്ത്യയിലെ ഇതരഭാഗങ്ങളിൽ സ്വരാജ്യപ്രക്ഷോഭണം ശക്തിപ്രാപിച്ചിട്ടും മലബാറിൽമാത്രമേ, വല്ല പ്രക്ഷോഭണമെങ്കിലുമുണ്ടായുള്ളു. ബങ്കാളിലെപ്പോലെയോ, ഗാന്ധിജിയുടെ പോർവിളിക്കുശേഷം ബർദോളിയിലെപ്പോലെയോ, ബോംബെ നഗരത്തിൽ പാർസ്സി സ്ത്രീകൾപോലും വിദേശവസ്ത്രബഹിഷ്കരണം നടത്തിയപോലെയോ, ഒരു കാഴ്ച കോഴിക്കോട്ട് നഗരത്തിലും താലൂക്കിലും സംഭവിച്ചില്ല. പിന്നീട് കണക്കുപ്രകാരം കോഴിക്കോട്ടുനിന്നും അന്യമലബാർ പ്രദേശങ്ങളിൽനിന്നും വിമുക്തഭടന്മാർ ജയിലിൽപോയതിൻെറ എണ്ണത്തിൽ കേരള കോൺഗ്രസ്സ് വീതം, വളരെ താണനിലയിലല്ലായിരിക്കാം. താരതമ്യേന ശക്തി തുച്ഛമായിരുന്നുവെന്നു സാരം. ഇതിലും തക്കമില്ലാതില്ല.

കേരളത്തിൻെറ സിംഹഭാഗം കൊച്ചി തിരുവിതാംകൂറിലാണല്ലോ. അവിടെ സ്വാതന്ത്ര്യപ്രക്ഷോഭണത്തിന്നു നാട്ടുരാജ്യമായതുകൊണ്ടു സൗകര്യവും പ്രേരണയും കുറവാണെന്നുള്ളതു് ഒരു കാരണംതന്നെ. സാമുദായികമായി എന്തു സംഭവിച്ചു? സവർണ്ണഹിന്ദുക്കളിൽ തിരു-കൊച്ചിയിൽ ഖദർധാരികൾ.വളരെ കുറവായിരുന്നു. വിരലിൽ എണ്ണാവുന്നവരേയുള്ളുവെന്നു ചിലർ അഭിപ്രായപ്പെടുന്നു. (എൻെറ അനുഭവവും അതുതന്നെയാണ്) നാട്ടുരാജ്യങ്ങളിൽ കോൺഗ്രസ്സിൻെറ പരിപാടികൾ മുറുക്കിത്തുടങ്ങിയപ്പോൾ ഖദർ വസ്ത്രധാരണവും പ്രസംഗങ്ങളും പ്രഭാതഗീതങ്ങളും വർദ്ധിച്ചുവെന്നതു് പരമാർത്ഥംതന്നെ. സ്റ്റേററ് കോൺഗ്രസ്സ് തിരുവിതാംകൂറിലും,പ്രജാമണ്ഡലം കൊച്ചിയിലും,പ്രവർത്തനം ഊർജ്ജിതമാക്കിയപ്പോഴാണ് രാഷ്ട്രീയപ്രബുദ്ധത ഉറക്കമുണർന്നതു്. എന്നിട്ടും സവർണ്ണഹിന്ദുക്കളിൽ 100ക്കു 90_ം ഖദർ വസ്ത്രധാരികളല്ലായിരുന്നു. ഇന്നും വലിയ വ്യത്യാസമില്ല. 'ഖദർ' സ്വരാജ്യപ്രക്ഷോഭണത്തിൻെറ ഒരു പ്രതീകമെന്ന നിലയിലാണ് ഇതിലെ കാഴ്ചപ്പാടു്.

സവർണ്ണരായ നായർസമുദായത്തിൻെറ കഥ പോകട്ടെ. ക്രിസ്ത്യാനികളുടെ നിലപാടെന്തായിരുന്നു? സുറിയാനിക്കാരാണല്ലോ അവരിൽ അധികം പഴമക്കാരും ഭൂരിപക്ഷക്കാരും അഭ്യസ്തവിദ്യരും. അവരാകട്ടെ വിദേശമതാധിപത്യത്തിൽനിന്നു് വിമുക്തരാകാൻ വളരെ ക്ലേശിച്ച ഒരു സമുദായമാണു്. കത്തോലിക്കാ സുറിയാനിക്കാർ ലത്തീൻ വിദേശഭരണം അവസാനിപ്പിക്കാൻ ഒട്ടേറെ കഷ്ടങ്ങളും നഷ്ടങ്ങളും അനുഭവിച്ചവരുമാണു്. എന്നിട്ടും രാഷ്ട്രീയസ്വാതന്ത്ര്യത്തിൽ ഒരുതരം അനാസ്ഥയാണു് പ്രകടമാക്കിയതെന്നു പലക്കും തോന്നിയതിൽ തെററില്ല. തിരുവിതാംകൂറിൽനിന്നു' ജോർജ്ജ് ജോസഫ് എന്നിങ്ങനെ ചില പേരുകൾ എടുത്തുപറയുമ്പോഴും, ക്രിസ്ത്യാനി സമുദായത്തിൽ ഒരു രാഷ്ട്രീയചലനമുണ്ടായെന്നു പറയാവുന്നതാണോ?

'കത്തനാർ പറഞ്ഞതു് നസ്രാണിക്കു പ്രമാണം' എന്നൊരു നാട്ടുചൊല്ലുണ്ടു്. പള്ളിക്കാര്യങ്ങളിൽ സ്വയംഭരണം വന്നതോടെ പുരോഹിതക്കു് രാഷ്ട്രീയത്തിൽ നേതൃത്വംനല്കാൻ തോന്നിയില്ല. കാരണങ്ങൾ പലതുണ്ടാകാം. ചരിത്രയാഥാർത്ഥ്യം അതായിരുന്നുവെന്നാണു് എൻെറയും നോട്ടം. സവർണ്ണഹിന്ദുക്കൾ ഇക്കാര്യത്തിൽ മെച്ചക്കാരാണെന്നു് വീരവാദം നടത്തുന്നതുകൊണ്ടും ഫലമൊന്നുമില്ല. കേരളത്തിലെ എല്ലാ സമുദായങ്ങളും സാമാന്യേന ഒരേ തോണിയിൽതന്നെയാണു് സഞ്ചരിച്ചതു്. നായരും, നസ്രാണിയും, ഇപ്രകാരമാണെങ്കിൽ, ഈഴവസമുദായത്തിലും കഥ ഇതുതന്നെയാണു്. അവരിൽ താരതമ്യേന അഭ്യസ്തവിദ്യരും, തന്മൂലം രാഷ്ട്രീയബോധവും, പട്ടിണിക്കാരല്ലാത്തവരും കുറവാണെന്നുള്ള വസ്തുതകൾ തക്ക ന്യായങ്ങളാണു്. കാരണങ്ങൾ എന്തായാലും 'രാഷ്ട്രീയ'ത്തിൽ അവരും പ്രവേശിച്ചില്ലയെന്നതാണു് യാഥാർത്ഥ്യം.

ഈദൃശരാഷ്ടീയ കാലാവസ്ഥയിലാണു് സ്വയഭരണം, ഉത്തരവാദിത്വഭരണം എന്നതെല്ലാം ആസന്നമായതു്. അപ്പോ

ഴാണ് തൻെറ സമുദായത്തിനുമാത്രം ഭരണയന്ത്രം ചലിപ്പിക്കുന്നതിലും നിയന്ത്രിക്കുന്നതിലും, ആധിപത്യമില്ലെന്നു വന്നാലും, യന്ത്രം നടത്തുന്നതിൽ നല്ലൊരുസ്ഥാനം വേണമെന്നുമാനത്ത്. അത്യുമായപ്പോഠം കേരളീയർ ഒരു ജനതയെന്നനിലയിൽ ഒത്തൊരുമിച്ചു ഏകയോഗക്ഷേമമായി ഭരണംനടത്താനല്ല ശ്രമിച്ചത്. ഓരോ സമുദായവും താന്താങ്ങളുടെ ഓഹരി പിടിച്ചുപററാനാണ് ഉൽസുകരായത്. അപ്രകാരം ഒരുമയോട്ട്കൂടി, പ്രവത്തിക്കാൻ അതുവരെ സന്ദർഭങ്ങളുണ്ടായിട്ടുണ്ടെങ്കിൽതന്നെ നാലു സമുദായങ്ങഠം ഒന്നിച്ചുചേന്നിട്ടില്ല. അത്തരം ഒന്നിച്ചുചേന്ന സാമൂഹ്യപ്രവത്തനങ്ങളും വിരളമായിരുന്നു.

ധനോല്പാദനമാഗ്ഗമാണ്, എല്ലാവരേയും ജാതിമതഭേദമെന്യെ ഏകീകരിക്കാവുന്ന ഒരു മേഖല. അവിടെ വഗ്ഗീയമായിട്ടാണ് എല്ലാം നടക്കുന്നത്. സാഹിത്യാദി കലാപോഷണമാണ് മറെറാന്ന്. അതും സാമുദായികമായിട്ടാണ്. ഏതു പ്രധാന ജീവിതമേഖലകളിലും അതുതന്നെയാണു അനുഭവം. നാട്ടുവാഴിത്തം സവണ്ണരുടെ കയ്യിലാണെങ്കിൽ അതിനെ എതിരിടുകയെന്നതു മററു രണ്ടു സമുദായങ്ങഠംക്ക് അഭിലഷണീയമെന്നു തോന്നൽ വരരുതോ? വന്നാലെന്തുഫലം? അടിച്ചമത്താൻ അവസാനക്കയ്യായി ബ്രിട്ടീഷ്തോക്കുകഠം നാട്ടുവാഴിത്തത്തിൻെറ സഹായത്തിനെത്തും. അപ്രകാരമൊരു കിനാവുതന്നെ ആക്കുമുണ്ടാകാനും പ്രയാസം. കാരണം രാഷ്ട്രീയബോധം അങ്കുരപ്രായത്തിൽപോലും ഭാരതഭൂവിൽ മുളച്ചതു് ഇരുപതാംനൂററാണ്ടിൻെറ തുടക്കംമുതല്ക്കാണ്. ഇന്ത്യയിൽത്തന്നെ 19_ാം ശതാബ്ദത്തിൻെറ ചതുത്ഥപാദത്തിലാണ് രാഷ്ട്രീയപ്രബുദ്ധതയുടെ വിത്തിടാൻ ഭൂമി ഉഴുതുതുടങ്ങിയതുതന്നെ.

കേരളത്തിലെ രാഷ്ട്രീയ ഭൂതകാലചരിത്രത്തിൽ കണ്ണോടിക്കുമ്പോഠം, ഇന്നു കാണായ കോൺഗ്രസ്സ്, പി. എസ്. പി, കമ്യൂണിസ്റ്റ് എന്നീ കക്ഷികളുടെ മൗലികതത്വങ്ങളിൽ അടിയു

റച്ച ദൃഢവിശ്വാസം, ഒരു കക്ഷിക്കുമില്ലാതിരിക്കാനുള്ള പശ്ചാത്തലവും കാലാവസ്ഥയും ഗ്രഹിക്കാൻ മുൻപറഞ്ഞതെല്ലാം പര്യാപ്തമാണ്. എല്ലാനാട്ടിലും ബഹുജനം ഗതാനുഗതികത്വന്യായേനയാണ് പ്രവർത്തിക്കുകയെന്നു ഓർമ്മിച്ചാൽ നന്നു. ഒരുപിടി നേതാക്കന്മാരായിരിക്കും പുരുഷാരത്തെ നയിക്കുക. ഇന്ത്യയിൽ രാഷ്ട്രീയത്തിൽ അത്തരമൊരു ചരിത്രപാരമ്പര്യമില്ല. നേതാക്കന്മാർ 'രാഷ്ട്രീയം' എന്നതിൽ സ്വന്തകാര്യവും സ്വസമുദായാഭിവൃദ്ധിയുമാണ് അന്വേഷിക്കുക. കേരളത്തിൽ സുസാധമായ മാർഗ്ഗം അതുതന്നെയാണ്. അതുമാത്രമായതിനാൽ വർഗ്ഗീയമയമായതിൽ എന്തുണ്ട് അത്ഭുതം! രാഷ്ട്രീയകക്ഷിതത്വങ്ങൾ ഒരു വേഷംമാത്രമാണ്. പ്രമാണികൾക്കെല്ലാം സൗകര്യംപോലെ മാറുകയും ചെയ്യും; അങ്ങിനെ ചെയ്തതും അനുഭവസിദ്ധമാണ്.

ഇതെഴുതുന്നവരെ കാണായ രാഷ്ട്രീയദൃശ്യത്തിൽ ചില പ്രധാന പ്രവണതകൾ എടുത്തുകാട്ടിയല്ലോ. തിരു_കൊച്ചി രാഷ്ട്രീയചരിത്രത്തിൽനിന്നും, കേരളപ്പിറവിക്കുശേഷം കേരളത്തിന്റേതിൽനിന്നും ഏതാനും ദൃഷ്ടാന്തങ്ങൾ നമുക്ക് പരിശോധിക്കാം. ക്രിസ്ത്യാനികൾ ഒരു സമുദായമെന്നനിലയിൽ കമ്മ്യൂനിസ്റ്റ്‌വിരോധികളാണ്, വിശേഷിച്ച് കത്തോലിക്കർ. നായർ സമുദായത്തിനു് പരമ്പരാഗതമായിട്ട് 'രാഷ്ട്രീയം,' ഹൈന്ദവമനഃപ്രകൃതിയനുസരിച്ച് (ഭാരതീയ മനോഭാവംതന്നെയാണ് ക്രിസ്ത്യാനി(ജാതി)കളുള്ളതെന്നു് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്) വമ്പിച്ച ഗംഗാപ്രവാഹത്തിൽ ഒരുതുള്ളി വെള്ളം മാത്രമാണ്. അതെന്തു് രാഷ്ട്രീയമായാലും വലിയ കാര്യമല്ല. കോൺഗ്രസ്സാകാം, സോഷ്യലിസ്റ്റാകാം, കമ്മ്യൂനിസ്റ്റാകാം; ഒന്നിലും ശാഠ്യമില്ല. സമുദായം രാഷ്ട്രത്തെ വിഴുങ്ങിയ രാജ്യമല്ലേ? ഒരു വേഷമായി എന്തുരാഷ്ട്രീയവസ്ത്രവും എന്തുനിറവുമാകാം. നിത്യചൈതന്യയതിയുടെ മുമ്പ് ഉദ്ധരിച്ച വിശകലനം നോക്കുക.

ഈഴവസമുദായത്തിലും താത്വികമായി പ്രത്യേക രാഷ്ട്രീയതത്വം വേണമെന്നു് നിഷ്കർഷയില്ല. ഹൈന്ദവമനഃപ്രകൃതിയിൽ

അവരും അതിലും വ്യത്യസ്തരല്ല. ജാതിയെ മാത്രം തുള്ളുകളയുന്ന പ്രസ്ഥാനമല്ലെങ്കിൽ, അതു് തകൎക്കാൻ ശാദ്യമില്ലെങ്കിൽ, ഈഴവൎക്കു് 'രാഷ്ട്രീയം' എന്തായാലും തരക്കേടില്ല. ജാതീയത നശിച്ചുകഴിഞ്ഞാൽ അവർ തൃപ്തരായി. ചരിത്രവശാൽ, അവരിൽ ബഹുഭൂരിപക്ഷജനങ്ങൾ തൊഴിലാളികളും താരതമ്യേന പണമില്ലാത്തവരുമായതിനാൽ കമ്മ്യൂനിസ്റ്റ്കക്ഷി വസ്ത്രം ധരിക്കുന്നു. വേണ്ടിവന്നാൽ കൂട്ടംകൂട്ടമായി സോഷ്യലിസ്റ്റ് വസ്ത്രവും, കോൺഗ്രസ്സ് വസ്ത്രവും ധരിച്ചുവെന്നും വന്നേക്കാം. രാഷ്ട്രീയ ചക്രത്തിൻെറ തിരിച്ചലുകൾ കണ്ടുതന്നെ തീൎച്ചയാക്കണം. മൂന്നു സമുദായങ്ങളിലും തനിദേശീയവാദികളുണ്ടാകാം. പക്ഷെ സാമുദായികത്വം ഭാരമുള്ള ഒരു കല്ലാണു്. അതിന്നടിയിലമൎന്നു ഞെരിഞ്ഞു് ചതഞ്ഞു് ചാവാതെ രക്ഷപ്പെടണമെങ്കിൽ, ദേശീയോൽഗ്രഥനം നാട്ടുമുഴുവൻ തന്നെ സംഭവിക്കേണ്ടതാണു്.

മുസ്ലീം സമുദായത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ദേശീയവാദികൾ ഏതാനും ചില വ്യക്തികളും അവർ നാട്ടിൽ ധനം വിദ്യാഭ്യാസം എന്നിവകൊണ്ടു് നിലയും വിലയുമുള്ളവരാണെങ്കിൽ ചുരുക്കം അനുയായികളും ഒഴിച്ചാൽ, നിത്യചൈതന്യയതിയുടെ നിൎവ്വചനത്തിലൊതുങ്ങിനില്ക്കും, സമുദായം മുഴുവൻ. യാതൊരു സ്ഥലത്തു് വൎഗ്ഗീയ ഭൂരിപക്ഷമുണ്ടോ, അവിടെ അതേ വൎഗ്ഗത്തിലുള്ള സ്ഥാനാൎത്ഥിക്കേ ജയിക്കാൻ സാദ്ധ്യമാകൂ.

നിട്ടിഷ്ടസംഗതികളിൽനിന്നും സാമൂഹ്യശാസ്ത്രജ്ഞൻെറ സാമാന്യമായ നിഗമനം എന്താണു്? കേരളത്തിൽ സമൂഹമാകട്ടെ സമുദായം എന്ന പതനം വരെ മാത്രമേ അദ്യാപി വികസിച്ചിട്ടുള്ള എന്നതാണു്. അതിൻെറ അതിൎത്തിയിലുള്ള ഒന്നുരണ്ടായിരം പഴക്കമുള്ള വൎഗ്ഗീയഭിത്തി, തകരണമെങ്കിൽ വലിയൊരു അഗ്നിപൎവ്വതം പൊട്ടിത്തെറിക്കണം. അതു് എന്നുണ്ടാകും? ഉണ്ടാകണമെങ്കിൽ സാമൂഹ്യഭൂഗർഭാന്തർഭാഗത്തിലെ നാലു് സാമുദാ

യികലോഹങ്ങൾ കിടന്നുരുകിത്തിളച്ച്, ലാവയും ചാരവുമായി പുറത്തേക്ക് പ്രവഹിക്കണം; എന്നാലേ ശുദ്ധമാകൂ. അതിനെത്രകാലം വേണ്ടിവരും? ദേശീയോദ്ഗ്രഥനമെന്ന ഉഷ്മാവുതന്നെ അടിയിൽ പണിയെടുക്കേണ്ടിവരും ബഹുകാലം!

**രാഷ്ട്രീയരംഗം 1—എ ***

സാമുദായിക വർണ്ണപ്പട്ടിക.

തിരുകൊച്ചി 1948—49 ഇലക്ഷൻ ഫലം.

| | | | | |
|---|---|---|---|---|
| സവർണ്ണർ | .... | .... | .... | 60 |
| അതിൽ നായർ | | (44) | | |
| ക്രിസ്ത്യാനികൾ | | (24) | .... | 24 |
| അവർണ്ണർ | .... | 80 | | ആകെ 177 സീററുകൾ |
| അതിൽ ഈഴവർ | 30 | | | 178—ൽ ഒന്നു് |
| മുസ്ലീമുകൾ | 13 | 13 | | ഒഴിവാണു്. |

മുൻപട്ടിക എ—ൽനിന്നും ഭാവിയിൽ സംഭവിച്ചതിന്റെ ചില പ്രവണതകൾ കാണാനേ കഴികയുള്ളൂ. ഭരണഘടന സംവിധാനംചെയ്തു്, പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള പൊതുതെരഞ്ഞെടുപ്പുവരെ, തിരു—കൊച്ചിയിലെ നിയമാനുസൃതം രൂപവൽകൃതമായ നിയമസഭയിൽ, 178 അംഗങ്ങളായിരുന്നു. അതൊരു തരം 'അവീൽ' സഭയെന്നു് പറയാം. 1949ജൂലായി മുതൽ(1956 നവമ്പർ 1—ാംനു- കേരളസംസ്ഥാനം സൃഷ്ടിക്കപ്പെടുന്നവരെ) മന്ത്രിസഭകൾ പലതും രൂപവൽകൃതമായിട്ടുണ്ടു്. കേരളപ്പിറവിക്കുശേഷമുണ്ടായ തെരഞ്ഞെടുപ്പുമൂലം, 1957

* ഇതു് മുതൽ 'കമ്പിഭാഷ' ക്ഷമിക്കണം. കണക്കുകളിൽ അല്പം തെററിയാലും പ്രമേയം ഭേദപ്പെടുകയില്ല. വളരെ ക്ലിപ്തമായ, ജാതി തിരിച്ചുള്ള വസ്തുവിവരക്കണക്കു് ലഭ്യമല്ല. ജാതിപ്പേരില്ലാത്ത അംഗങ്ങളുടെ പട്ടികയാണു് പരിശോധനക്കു് ലഭിക്കുന്നതു്.

ഏപ്രിൽ 5–ാം൹-യിൽ മാത്രമേ ഭൂരിപക്ഷം ലഭിച്ച * കേരള പ്രവശ്യയുടെ പുതിയ കമ്യൂണിസ്റ്റ് മന്ത്രിസഭ, അധികാരമേററെടുത്തുള്ളു!

---

* ആറേഴപേർ നോമിനേയിററഡായിരുന്നു. അധഃകൃതരുടെ സാമാജികത്വം പുലയൻ, പറയൻ, കമ്മാളൻ, പെരുമണ്ണാൻ, വിശ്വകമ്മാളൻ, കുടുംബച്ചെട്ടി എന്നിപ്രകാരം കേരളത്തിലെ അധഃകൃതരിൽ പല അവാന്തരജാതികൾക്കും പ്രാതിനിധ്യം നൽകി. വനിതാ, തൊഴിലാളികൾ എന്നിവക്ക് വേറേയും. ഇത്തരത്തിൽ 50–ൽ താഴെ പട്ടികജാതികളുടെ അംഗങ്ങൾ പഴയതിൽ. പുതിയതിൽ അതെല്ലാം കളഞ്ഞു, 108 മെമ്പർമാരാക്കി. 1951–ലെ തെരഞ്ഞെടുപ്പിൽ, 11 പേക്കമാത്രം പട്ടികജാതിയിൽ സംവരണമുണ്ടായിരുന്നുള്ളൂ. പിന്നീട് 12 സീററുകളിൽ സംവരണമുണ്ടാക്കി.

# രംഗം 1_ബി.

## 1949_1957 (എട്ടുകൊല്ലത്തെ മന്ത്രിസഭകൾ) വർഗ്ഗീയതരംതിരിവ്. മു. മ. (മുഖ്യമന്ത്രി)

| | സവർണ്ണർ നായർ | ക്രിസ്ത്യാനി | അവർണ്ണർ ഈഴവൻ | മുസ്ലീം | റിമാർക്സ് |
|---|---|---|---|---|---|
| I | 1) ടി. കെ. നാരായണപ്പിള്ള, മു. മ.<br>2) ഇക്കണ്ട വാരിയർ<br>3) പനമ്പിള്ളി ഗോവിന്ദ മേനോൻ | 1) എ. ജെ. ജോൺ<br>2) ഇ. ജോൺ ഫിലിപ്പോസ്സ്<br>3) ആനി മസ്ക്രീൻ | 1) എൻ. കുഞ്ഞിരാമൻ<br>2) കെ. അയ്യപ്പൻ | 1) ടി. എ. അബ്ദുള്ള | 9 പേർ കോൺഗ്രസ്സ് കക്ഷി (കോ) |
| II | 1) ടി. കെ. നാരായണപ്പിള്ള, മു. മ.<br>2) പനമ്പിള്ളി ഗോവിന്ദ മേനോൻ | 1) എ. ജെ. ജോൺ<br>2) ഇ. ജോൺ ഫിലിപ്പോസ്സ് | 1) എൻ. കുഞ്ഞിരാമൻ | | 5 പേർ പുനസ്സംഘടന (കോ) |
| III | 1) പി. കെ. കൃഷ്ണക്കുട്ടിമേനോൻ<br>2) ജി. ചന്ദ്രശേഖരപിള്ള | 1) എൽ. എം. പൈലി<br>2) കെ. എം. കോര | 1) സി. കേശവൻ മു. മ. | | 5 പേർ 1951_ലെ തെരഞ്ഞെടുപ്പുവരെ തുടന്നു (കോ) |

| | സവർണ്ണർ നായർ | ക്രിസ്ത്യാനി | അവർണ്ണർ ഈഴവൻ | മുസ്ലീം | റിമാർക്സ് |
|---|---|---|---|---|---|
| IV | 1) പനമ്പിള്ളി ഗോവിന്ദ മേനോൻ<br>2) കളത്തിൽ വേലായുധൻ നായർ | 1) എ. ജെ. ജോൺ മു. മ.<br>2) ടി. എം. വറുഗീസ്സ്<br>ഒരു മന്ത്രി: ചിദം | 1) വി. മാധവൻ<br>2) കെ കൊച്ചുകുട്ടൻ<br>ബരനാടാർ (തമി | ഴ്നാട്ടു കോൺ.) | 7 പേർ മന്ത്രിമാർ |
| V | 1) പട്ടം താണു പിള്ള മു. മ. | (1) (തമിഴ്പി | 1) എ. അച്യുതൻ<br>ള്ള) പി. എസ്. | 1) പി. കെ. കുഞ്ഞു്<br>നടരാജപ്പിള്ള | പി. എസ്സ്. പി. ന്യൂനപക്ഷംമന്ത്രി സഭ; കോ: ഭൂരിപക്ഷം രചനാത്മകമായ പിൻതുണ. (4) പേരും പി. എസ്സ്. പി. കക്ഷി. |
| VI | 1) പനമ്പിള്ളി ഗോവിന്ദ മേനോൻ മു. മ. | 1) എ. ജെ. ജോൺ | 1) കൊച്ചുകുട്ടൻ<br>2) കെ. ഐ. വേലായുധൻ | 1) എ. എ. റഹിം | 5 പേർ (കോ) |

## രംഗം 1.

### രാഷ്ട്രീയകക്ഷി വർദ്ധനപ്പട്ടിക.

രാഷ്ട്രീയമായി 1951 വരെ തിരു_കൊച്ചിയിലെ 'രാഷ്ട്രീയ കക്ഷികൾ രണ്ടുതരമേയുള്ളവെന്നു് മുമ്പുപറഞ്ഞിട്ടുണ്ടല്ലോ. സ്വാതന്ത്ര്യലബ്ധിക്കു് ശേഷം രാഷ്ട്രീയ കക്ഷികൾ വളരാൻ തുടങ്ങി. എങ്കിലും 1951_52ലെ ഭരണഘടനപ്രകാരം പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ തിരുവിതാംകൂറിൽമാത്രം കോൺഗ്രസ്സിൽ 120 സീററകളിൽ 111_നും കോൺഗ്രസ്സായിരുന്നു. അതിൽ 14 എണ്ണം തമിഴനാട്ടു് കോൺഗ്രസ്സംഗങ്ങൾ; 8 മുസ്ലീംലീഗും, സ്വതന്ത്രൻ ഒന്നും മാത്രമായിരുന്നു. ആകെ 111+8+1_120. കൊച്ചി ഭാഗത്തു് 57_ൽ പ്രജാമണ്ഡലം 50_ൽ താഴേയും ബാക്കിയുള്ളവർ കൊച്ചിൻ കോൺഗ്രസ്സും സ്വതന്ത്രരും. ഇന്ത്യയിലൊട്ടാകെ കോൺഗ്രസ്സും ലീഗുമായിരുന്നു. തിരു_കൊച്ചിയിൽ ഏതാണ്ടു് അതുപോലെ തന്നെയായിരുന്നു. എന്നുവെച്ചാൽ ഒട്ടുമുക്കാലും കോൺഗ്രസ്സുകാരെന്നർത്ഥം. 'പുത്തൻ പെണ്ണു് പെരപ്പുറം അടിക്കും' എന്ന നിലയിൽത്തന്നെ.

## രംഗം 1 സി.

രാഷ്ട്രീയകക്ഷി വ്യത്യാസപ്പട്ടിക.

| | | 1951 | 1954 | 1957 | 1960 |
|---|---|---|---|---|---|
| കോൺഗ്രസ്സ് | .... | 43 | 45 | 43 | 63 |
| കമ്മ്യൂണിസ്റ്റ് | .... | — | 23* | 65a | 29 |
| പി. എസ്. പി. | .... | 11b | 19 | 9 | 20 |
| തമിഴ്നാട്ട് കോൺഗ്രസ്സ് ടി. ടി. എൻ. സി. | | 8 | 12 | — | — |
| സ്വതന്ത്രർ | .... | 38 | 9 | 1c | 1 |
| ആർ. എസ്. പി. | .... | 6 | 9d | — | 1 |
| കെ. എസ്. പി. | .... | 2 | — | 1* | 1 ക.സ. |
| മുസ്ലീംലീഗ് | .... | — | — | 8 | 11 |

* 1954-ൽ കമ്മ്യൂണിസ്റ്റും, ആർ. എസ്. പി.യും കൂടി 32 മെമ്പർമാരിൽ 29 ഹിന്ദുക്കൾ; അവരിൽ 23 അവർണ്ണഹിന്ദുക്കളും 6 സവർണ്ണഹിന്ദുക്കളും.

a 1957-ൽ 65 കമ്മ്യൂണിസ്റ്റുകാരിൽ 6 പേർ സ്വതന്ത്രരായിട്ടാണ് മത്സരിച്ച് ജയിച്ചതു്.

b പി എസ്. പി യുടെ നേതാവ്, പട്ടം താണുപിള്ള ഗവർണ്ണരായവരെ കക്ഷി നേതാവായിരുന്നു. ഡമോക്രാറ്റിക സോഷ്യലിസ്റ്റ് പാർട്ടിയായിട്ടാണ് ആദ്യം തുടങ്ങിയതു്. പിന്നീട്ട് പി. എസ്. പി. യായി രൂപാന്തരപ്പെട്ടു.

c 1957-ൽ മഞ്ചേശ്വരം സീററിൽനിന്ന് കർണ്ണാടകഭാഷാവാദികളുടെ പ്രതിനിധി.

d 1957-ൽ കെ. എസ്. പി. ഒരു മെമ്പർ മാത്രം.

ക. സ. കർണ്ണാടകസമിതി എന്ന കക്ഷിപ്പേരിൽ 1960-ൽ ഒരംഗം മാത്രം.

## നംഗം 2. എ.

### വർഗ്ഗരാഷ്ട്രീയപ്പട്ടിക 1957-ലേയും 1960-ലേയും തെരഞ്ഞെടുപ്പ് ഫലം.

| | സവർണ്ണർ | | ക്രിസ്ത്യാനി | | മുസ്ലീം | | അവർണ്ണർ | | ആകെ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | 1957 | 1960 | 1957 | 1960 | 1957 | 1960 | 1957 | 1960 | 1957 | 1960 |
| കോൺഗ്രസ്സ് .... | 6 | 20 | 19 | 19 | 3 | 5 | 15 | 27 | 43 | 65 |
| കമ്മ്യൂനിസ്റ്റ് .... | 29 | 12 | 6 | 1 | 2 | 1 | 28 | 15 | 65 | 29 |
| പി. എസ്. പി. .... | 5 | 8 | 2 | 3 | — | 2 | 2 | 5 | 9 | 18 |
| ആർ. എസ്. പി. .... | — | — | — | 1 | — | — | — | — | — | 1 |
| മുസ്ലീം ലീഗ് .... | — | — | — | — | 8 | 11 | — | — | 8 | 11 |
| സ്വതന്ത്രർ .... | 1 | 1 | — | — | — | — | — | 1 | 1 | 2 |
| നോമിനേററഡ് .... | — | — | 1 | 1 | — | — | — | — | 1 | 1 |
| | 41 | 41 | 28 | 25 | 13 | 19 | 45 | 42 | 127 | 127 |

## രംഗം 2. ബി.

### ഉപസാമുദായികപ്പട്ടിക.

| | സവർണ്ണർ | | | അവർണ്ണർ | | | ക്രിസ്ത്യാനികൾ | | |
|---|---|---|---|---|---|---|---|---|---|
| | ബ്രാഹ്മണർ | നായർ | ആകെ | ഈഴവർ | അതിൽ താഴെയുള്ളവർ | ആകെ | കത്തോലിക്കർ | അകത്തോലിക്കർ | ആകെ |
| 1957 | 3* | 38 | 41 | 32 | 13 | 45 | 22 | 6 | 28 |
| 1960 | 4* | 37 | 41 | 39 | 13 | 42 | 20 | 5 | 25 |

* മഞ്ചേശ്വരം സീററിൽനിന്നു് ഒരു സാരസ്വതബ്രാഹ്മണൻ.

## രംഗം 2: സി. രാഷ്ട്രീയോപസാമുദായികപ്പട്ടിക.

| | കോൺഗ്രസ് പാർട്ടി 1957 | കോൺഗ്രസ് പാർട്ടി 1960 | കമ്മ്യൂനിസ്റ്റ് പാർട്ടി 1957 | കമ്മ്യൂനിസ്റ്റ് പാർട്ടി 1960 | പി. എസ്. പി. 1957 | പി. എസ്. പി. 1960 |
|---|---|---|---|---|---|---|
| ബ്രാഹ്മണർ / നമ്പൂരി .... | — | 2 | (മന്ത്രി 2*) 2 | 1 | — | (മന്ത്രി 1) 1 |
| നായർ സമുദായം .... | 6 | (മന്ത്രി 1) 18 | (മന്ത്രി 2) 27 | 11 | 5 | (മന്ത്രി 2*) 7 |
| ക്രിസ്ത്യാനി കത്തോലിക്കർ | 15 | (മന്ത്രി 1) 13 | (മന്ത്രി 2) 2 | — | 1 | 2 |
| ക്രിസ്ത്യാനി അകത്തോലിക്കർ .... | 4 | (മന്ത്രി 1) 6 | (മന്ത്രി 1) 4 | 1 ശ്രീമതി റോസമ്മ പുന്നൂസ് | 1 | 1 |
| ഈഴവർ .... | 10 | (മന്ത്രി 3* 14 | (മന്ത്രി 2) 20 | 10 | 2 | 2 |
| ഈഴവരല്ലാത്ത ഹിന്ദുഅവർണ്ണർ .... | 5 | (മന്ത്രി 1) 7 | (മന്ത്രി 1) 8 | 5 | — | 1 |
| തിരുവിതാംകൂർ നായർ.... | 1 | 8 | 17 | 2 | 1 | 2 |
| കൊച്ചി മലബാർ നായർ | 5 | 10 | 10 | 9 | 4 | 5 |
| മുസ്ലീം a .... | 3 | (മന്ത്രി 1) 5 | (മന്ത്രി 1) 1 | 1 | — | 2 |

* നമ്പൂരി മുഖ്യമന്ത്രി. a നായർ മുഖ്യമന്ത്രി.

രംഗങ്ങൾ 1_2_ലുംകൂടി 6 പട്ടികകളുള്ളതിൽ ഓരോന്നി നെക്കുറിച്ച് വിസ്തരിച്ച്, പരാമർശം സാധ്യമല്ലെന്നു വിശേഷി ച്ചു പറയേണ്ടതില്ലല്ലോ. വർഗ്ഗീയത്വം രാഷ്ട്രീയവുമായി കുഴഞ്ഞു കിടക്കുന്നതിൽനിന്നു മുഴച്ചുനില്ക്കുന്നതുമാത്രം നോക്കുക.

1951_ലെ തെരഞ്ഞെടുപ്പിനുമുമ്പുള്ള 'രാഷ്ട്രീയം' പിന്നീടു ണ്ടായതിനോടു താരതമ്യപ്പെടുത്തിയാൽ പൂർവ്വം രാഷ്ട്രീയമാണെ ന്നു കഷ്ടിച്ചേ വിശേഷിപ്പിക്കാനാവൂ. രണ്ടിലും കമ്യൂനിലസം വെളിച്ചത്തിനു നിഴലെന്നപോലെ തെളിഞ്ഞുകാണാം. സാമാ ന്യമായി രാഷ്ട്രീയകക്ഷി ഏതായാലും, വർഗ്ഗീയവോട്ടുകാർ എവി ടെയാണു അധികമുള്ളതെങ്കിൽ ആ നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥി അതേ വർഗ്ഗത്തിൽ ഉൾപ്പെട്ടവരായിരിക്കും. ഏതെ ല്ലാം നേതാക്കന്മാരാണു, ദേശീയസേവനംകൊണ്ടു് മഹത്വം ആ ർജ്ജിച്ച് വിജയശ്രീലാളിതരാകുന്നുവോ, അത്തരം രണ്ടുനാലാളു കൾ, ഇന്ത്യയിൽ എവിടെ മത്സരിച്ചാലും പരാജിതരാകാതെ തെരഞ്ഞെടുക്കപ്പെട്ടേക്കാം. അതെല്ലാം മേൽപറഞ്ഞ സാമാന്യ നിയമത്തിനു അപവാദങ്ങൾ മാത്രമാണ്. ഇന്ത്യയിലെവിടേയും വർഗ്ഗീയത്വമാണ് നിർണ്ണായകഘടകം. കേരളത്തിലും അതുതന്നെ കഥ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് നമ്പൂതിരി ബ്രാഹ്മണ നാണെങ്കിലും നീലേശ്വരം (ജനറൽ) സീററിൽനിന്നും പട്ടാമ്പി സീററിൽനിന്നും വിജയിച്ചതു, നമ്പൂതിരിസമുദായക്കാരുടെ അ ധികപക്ഷംകൊണ്ടല്ലെങ്കിലും സവർണ്ണകുലജാതനെന്നതു സാഹാ യികമായിരുന്നു. അതുപോലെതന്നെ കുറൂർ നമ്പൂതിരിപ്പാടു മണ ലൂർനിന്നു ജയിച്ചപ്പോഴും സവർണ്ണനെന്നതു ഏതാണ്ടു ഒരു ബലം തന്നെയായിരുന്നു.

രംഗം 1. എ. പട്ടികയിൽനിന്നു, അവർണ്ണർ ഈഴവസമുദാ യമുൾപ്പെടെ 80 ഉണ്ടെന്നു കാണാം; നായർ 44 മാത്രം ആയി രുന്നു. സാമുദായികമായി തിരു_കൊച്ചി 'അവിൽസഭ'യിൽ ഈഴവർ 30_ം ക്രിസ്ത്യാനികൾ 24_ം, ഒററതിരിഞ്ഞു പ്രവത്തി ച്ചതുകൊണ്ടു മെച്ചം നായക്ക്തന്നെ കിട്ടിയതാകാം. പട്ടിക

'ബി'യിൽ, ആറ മന്ത്രിസഭകളിൽ നാലെണ്ണത്തിലും നായരാണു മുഖ്യമന്ത്രിമാർ. സി. കേശവനും, എ. ജെ. ജോണും ഈഴവക്രൈസ്തവസമുദായങ്ങളിൽനിന്നു ഓരോതവണ മുഖ്യമന്ത്രിമാരായതു പ്രത്യേക ചില സാഹചര്യങ്ങളിലാണെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. വർഗ്ഗീയതയും രാഷ്ട്രീയവും ഇടകലൻ സംഘർഷണമുണ്ടായപ്പോഴാണ്, നായരേതര സമുദായക്കാർക്ക് മുഖ്യമന്ത്രിയാകാൻ ഓരോ അവസരം ലഭിച്ചതു്. അക്കാലത്തു തീവ്രവർഗ്ഗീയവാദികളായ നായർസമുദായത്തിലെ ഗണ്യമായൊരു ഭാഗം രോഷാകുലരായിട്ടുണ്ടെങ്കിൽ ഒട്ടും അത്ഭുതപ്പെടാനുമില്ല. കേരളത്തിൽ ഒന്നരഒന്നരനൂററാണ്ടു്, വിശേഷിച്ചു തിരു–കൊച്ചിയിൽ സവർണ്ണഹിന്ദുസമുദായമാണ് ഭരണയന്ത്രം നയിച്ചിരുന്നതും നിയന്ത്രിച്ചിരുന്നതും.

1950–1951 മുതൽ 1960–1961 വരെയുള്ള രാഷ്ട്രീയകക്ഷികളുടെ വളച്ച് (രംഗം. 1. സി. പട്ടിക) യെപ്പററി പരാമർശിക്കാം. 1950–1951–ലാണല്ലോ ഭരണഘടനാപ്രകാരം പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ യഥാർത്ഥ ഉത്തരവാദിതഭരണം തുടങ്ങിയതു്. ടി. പട്ടികയിൽനിന്നു 1951–ൽ കമ്യൂണിസ്റ്റ് കക്ഷിതന്നെ ഉണ്ടായിരുന്നില്ലെന്നു കാണാം. ആദ്യമാദ്യം, സാമാന്യമായി എല്ലാവരും കോൺഗ്രസ്സ് ദേശീയപ്രസ്ഥാനമായിട്ടു സഹകരിച്ചു പ്രവർത്തിച്ചതിനാൽ, കോൺഗ്രസ്സ്കക്ഷിയിലാണ് കൂട്ടംകൂട്ടമായി ചേർന്നതു്. അതുവരെ 'രാഷ്ട്രീയം' എന്ന പദമുപയോഗിക്കാമെങ്കിൽ കക്ഷിമാത്സര്യം ബ്രിട്ടീഷ് മേധാവിതത്തോടുള്ള പോരാട്ടമായിരുന്നു. എന്നാൽ ഗാന്ധിജി ഉപദേശിച്ചപ്രകാരം കോൺഗ്രസ്സ്പാർട്ടിയെ സ്വാതന്ത്ര്യലബ്ധിക്കുശേഷം പിരിച്ചുവിട്ടില്ല. അതു തെറേറാ ശരിയോ എന്നുള്ളതിരിക്കട്ടെ. കോൺഗ്രസ്സ് ഒരു രാഷ്ട്രീയകക്ഷിയായി ഭരണമേറെറടുത്തു. കേരളത്തിൽ 1954–ലെ തെരഞ്ഞെടുപ്പിലാണ് 118 അംഗങ്ങളുള്ള കൊച്ചി–തിരുവിതാംകൂർ എന്ന ബി. സ്റ്റേററിൽ കമ്യൂണിസ്റ്റുകാർക്ക് 23 അംഗങ്ങളെ ലഭിക്കാൻ സാധിച്ചതു്. പി. എസ്. പി.

യിൽ 19 പേർ മാത്രം. 1954_ലെ തെരഞ്ഞെടുപ്പിലാകട്ടെ, 1951_ൽ ഉണ്ടായിരുന്ന 38 സ്വതന്ത്രർ, 9 ആയി കുറഞ്ഞു. സി. പട്ടികയിൽ ദർശിക്കുക. മുമ്പത്തെ 29 സ്വതന്ത്രർ രാഷ്ട്രീയ കക്ഷികളിൽ ചേർന്നുവെന്നതു സുവിദിതം.

രംഗം 1. ബി. പട്ടികയിലെ അഞ്ചു മന്ത്രിസഭകളിൽ ഒന്നിൽ സി. കേശവനും, മററൊന്നിൽ എ. ജെ. ജോണും, ബാക്കിയുള്ളതിലെല്ലാം, നായന്മാർ മുഖ്യമന്ത്രിമാരായിരുന്നു. 1953 സെപ്തമ്പറിലാണ ജോൺ മന്ത്രിസഭ തകർന്നതു്. 1951_ൽ വർഗ്ഗീയമാത്സര്യത്തിൽ കൊച്ചി_തിരുവിതാംകൂർ പ്രദേശികത്വം ഒരു നിർണ്ണായഘടകമായി ഭവിച്ചുവത്രെ. കോൺഗ്രസ്സ് നേതൃത്വത്തിനു മത്സരിച്ചതു് പനമ്പിള്ളി (കൊച്ചിക്കാരൻ) യും ജോൺ (തിരുവിതാംകൂറകാരൻ) എന്നീ നായരും ക്രിസ്ത്യാനിയുമായിരുന്നു. അത്തരുണത്തിൽ 'പ്രാദേശികത്വം' വർഗ്ഗീയത്വത്തെ തോല്പിച്ചു. തെക്കരെല്ലാം ജോണിനെ പിൻതാങ്ങിയത്രെ! നേരോ, നുണയോ? ആക്കറിയാം.

ജോൺ മുഖ്യമന്ത്രിയായപ്പോഠം മററൊരുതരം പ്രാദേശികത്വം ചാടിവീണു; അതായതു തെ. തിരുവിതാംകൂറിലെ തമിഴ് ഭാഷാഭ്രമം. തത്ഫലമായി തമിഴരായ 8 പേരുടെ കയ്യിലായി നിർണ്ണായകശക്തി. ഈ 8 പേരുടെ പിൻതുണ നഷ്ടപ്പെട്ടപ്പോഠം ജോണിൻെറ മന്ത്രിസഭയ്ക്കെതിരായ അവിശ്വാസപ്രമേയം വിജയിക്കയും ജോണും, സഹമന്ത്രിമാരും രാജിവെക്കുകയും ചെയ്തു.

ഇതിലെന്താണു വർഗ്ഗീയത്വം എന്ന ചോദ്യം സ്വാഭാവികമാണ്. ഒരുവെടിക്കു രണ്ടുപക്ഷികളെ വീഴ്ത്താനുള്ള പോരാണ് അന്നു വർഗ്ഗീയവാദികഠം എടുത്തതെന്നു ചില ക്രിസ്ത്യാനികഠം വാദിക്കുന്നു. ജോണും ക്രിസ്ത്യാനികഠം മുക്കാലെയരക്കാലും കോൺഗ്രസ്സിലാണ്. ശ്രീ പട്ടംതാണുപ്പിള്ളയ്ക്കു് എങ്ങനേയും കോൺഗ്രസ്സിനെ കേരളത്തിൽ തകർക്കണം *, ഉള്ളുക്കള്ളിൽ നസ്രാണി മു

---

* സമീക്ഷ—8. ഭാ. 29 "ഞാൻ ഇങ്ങിനെ തുടന്നാൽ അദ്ദേഹം (പട്ടം) പറഞ്ഞു, "ഇവിടെ കോൺഗ്രസ്സിൻെറ പൊടി കാണില്ല."

ഖ്യമന്ത്രിയായതു്, അന്നു നായർ മേധാവിത്വമുണ്ടായിരുന്ന പി. എസ്സ്. പി. ക്ക ഒട്ടും രസിച്ചില്ല. ബഹുജനമായ നായർ വോട്ടകാർക്ക ക്രിസ്ത്യാനി മുഖ്യമന്ത്രിയായതും പൂർണ്ണതൃപ്തിയല്ലായിരുന്നു വത്രെ സ്വാതന്ത്ര്യപ്രാപ്തിക്കശേഷം ഉത്തരേന്ത്യയിൽ, ഹൈന്ദവമനോഭാവമാകട്ടെ ക്രിസ്ത്യാനികളേയും മുസ്ലീമുകളേയും ഒരേതരത്തിൽ എണ്ണുന്നതു അപൂർവ്വമല്ല. ഡെൽഹിയിലെ പ്രമുഖപത്രമായ 'ഹിന്ദുസ്ഥാൻ ടയിംസ്' (The Hindustan Times) എന്നതിൽ ജോൺ മന്ത്രിസഭയെ ഒരു "ക്രൈസ്തവരുടെ ഏർപ്പാടാ"* യി വിശേഷിപ്പിച്ചതും ഇതിനു ലക്ഷ്യമാണ്. ഡെൽഹിയിലും ചില രാഷ്ട്രീയവൃത്തങ്ങളിൽ വർഗ്ഗീയമനോഭാവമുണ്ടെന്നതിരിക്കട്ടെ.

1954 മുതൽ രാഷ്ട്രീയകക്ഷിത്വം ഒരു വസ്ത്രധാരണംമാത്രമായി പരിണമിച്ചതു എപ്രകാരമാണെന്നു വിശദമാക്കാനാണ് മുൻഖണ്ഡികയുടെ ഉദ്ദേശ്യം. 1954_ലെ തെരഞ്ഞെടുപ്പിൽ ഇടതുകക്ഷിയുടെ എണ്ണം വദ്ധിച്ചുവെന്നു നാം കണ്ടുകഴിഞ്ഞു. കമ്യൂണിസ്റ്റുകാരും ആർ. എസ്. പി. ക്കാരും തമ്മിൽ അന്തരം നിസ്സാരമായിക്കരുതപ്പെടുന്നു. പരന്മാർ മാക്സിസ്റ്റുകാരാണെന്നു അവകാശവാദവും നടത്തുന്നു. അവരിലെല്ലാം ചേൎന്നപ്പോഠം ഇടതുകക്ഷിയിലെ എണ്ണം 29 ആയി. 29_ൽ 23_ം അവണ്ണരാണെന്നു ഓൎമ്മിക്കേണ്ടതാണ്. തൊഴിലാളികളും ധനംകുറഞ്ഞവരുമായ അധഃകൃതർ (പട്ടികജാതികളും ഉഠംപ്പെട്ടം) കമ്യൂണിസ്റ്റ്പാൎട്ടിയിലാണ് സ്വാഭാവികമായി ചേരുക. അവരുടെ നേതൃത്വം ഏറെറടുക്കാൻ സവണ്ണരും കാപ്പുകെട്ടി തയ്യാറായിവന്നു. കമ്യൂണിസ്റ്റ് രാഷ്ട്രത്തിൽ 100_ക്ക് 99_ം ഹിന്ദുക്കളാണെന്നു, ഡോക്ടർ ലോഹിയാ അഭിപ്രായപ്പെട്ടില്ലെങ്കിലും ആക്കമറിയാം. കത്തോലിക്കാ ക്രിസ്ത്യാനികഠംക്ക കമ്യൂണിസ്റ്റ്പാർട്ടിയിൽ ചേരാൻ അവരുടെ മതം അനുവദിക്കയില്ല. (വോട്ട് രഹസ്യമായതുകൊണ്ടു കമ്യൂണിസ്റ്റ് സ്ഥാനാത്ഥിക്ക നൽകുന്നുണ്ടാകാം)

---

* The Hindustan Times 23rd March 1954, New Delhi.

കേരളത്തിലെ സവർണ്ണഹിന്ദുക്കൾ മററെങ്ങും കാണാത്ത ഒരു വിദ്യ പ്രയോഗിച്ചു. 1954-ൽ പി. എസ്. പി. നേതാവായ ശ്രീ പട്ടത്തിനു നിയമസഭയിൽ ഒരു കക്ഷിയെന്നനിലയ്ക്കു ഭൂരിപക്ഷമില്ല. അതു സാരമില്ല. കോൺഗ്രസ്സിലെ കത്തോലിക്കാ മെമ്പർമാർക്കും അന്യർക്കും കേരളത്തിൽ കമ്യൂണിസ്റ്റ്ഭരണം വരുന്നതിൽ ഭേദം പി. എസ്. പി. ആയാലും വിരോധമില്ല. "നിർമ്മാണാത്മകമായ പിന്തുണ" കോൺഗ്രസ്സ് നല്കിയപ്പോൾ "കോൺഗ്രസ്സിനെ തകർക്കു"മെന്നു ഭയപ്പെടുത്തിയ പട്ടത്തെ മുഖ്യമന്ത്രിയാക്കി. പുതിയ കമ്യൂണിസ്റ്റ് പാമ്പിനെക്കാൾ ഭേദം പഴയ പാമ്പായ പി എസ്സ്. പി. തന്നെ. രംഗം 1-ബി. പട്ടിക നോക്കുക. നമ്പ്ര് V-എന്നതിൽ മന്ത്രിമാരായി ഒരു ക്രിസ്ത്യാനിയെ കാണുകയില്ല. അവസരം ലഭിക്കുമ്പോൾ പട്ടത്തെ തുരത്തി വിടാമെന്നു് ക്രിസ്ത്യാനികളും കരുതിയത്രെ! സവർണ്ണഹിന്ദു മന്ത്രിയായി വന്നതിൽ നായർക്കു് സംതൃപ്തിയായിയെന്നും നായരേതരരായ രാഷ്ട്രീയ കക്ഷികളും വ്യാഖ്യാനിച്ചുവത്രെ!

പ്രായപൂർത്തി വോട്ടവകാശം കൈവന്നിട്ടും, ഈഴവർക്കു് അവരുടെ ജനസംഖ്യാനുപാതമായി നിയമസഭാംഗങ്ങൾ ലഭ്യമാകാതെയിരുന്നതു്, സവർണ്ണഹിന്ദുക്കളും സവർണ്ണമനോഭാവമുള്ള സുറിയാനി ക്രിസ്ത്യാനികളും, അവർണ്ണഹിന്ദുക്കളെ ചൂഷണം ചെയ്തുകൊണ്ടാണെന്നു വിശ്വസിച്ചു. ക്രൈസ്തവതത്വത്തിന്റെ യഥാർത്ഥമൗലികതത്വപ്രകാരമുള്ള സമത്വമനോഭാവം നസ്രാണികൾ പ്രകടമാക്കുന്നില്ല എന്നാണു് ഈഴവരുടെ പരാതി. 1951-ൽ 38 സ്വതന്ത്രർ വിജയികളായതിൽ 23 പേർ പ്രതിപക്ഷമായ കമ്യൂണിസ്റ്റിലും ആർ. എസ്. പി. യിലും, കെ. എസ്. പി. യിലും ചേർന്നു. അന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ അവർണ്ണരും കോൺഗ്രസ്സുകാരല്ലാത്ത നായന്മാരും സ്വതന്ത്രസ്ഥാനാർത്ഥികളായിട്ടാണു് മത്സരിച്ചതെങ്കിലും യഥാർത്ഥത്തിൽ കമ്യൂണിസ്ററനുഭാവികളായിരുന്നു.

ഈഴവ ക്രൈസ്തവസമുദായക്കാക്ക് മുഖ്യമന്ത്രിക്കസ്സേരയിൽ കയറിപ്പററാമെന്നായപ്പോഠം സവൎണ്ണനേതൃത്വം അടവൊന്നു് മാററിയത്രെ! 1954_മുതൽ കേരളപ്പിറവിവരെ, സവൎണ്ണരുടെ സ്വാധീനശക്തി ഏതു് രാഷ്ട്രീയ കക്ഷിയിലാണു് പ്രയോഗിക്കേണ്ടതെന്നു നേതാക്കന്മാർ ചുഴിഞ്ഞാലോചിച്ചപ്പോഠം എന്തു സംഭവിച്ചു? സാമൂഹ്യശാസ്ത്രജ്ഞൻെറ നിരീക്ഷണമാകട്ടെ 1957 ലെ തെരഞ്ഞെടുപ്പു് ഫലത്തെക്കുറിച്ചാകണമല്ലോ. രംഗം_2 എ. പട്ടിക പരിശോധിക്കുക. കേരളസംസ്ഥാനം രൂപമെടുത്തതിനു ശേഷമുണ്ടായ പൊതുതെരഞ്ഞെടുപ്പിൻെറ വിവരങ്ങഠം എന്തു് സംസാരിക്കുന്നു? വിമോചന സമരത്തിനു് ശേഷം 1960 നടന്ന പൊതുതെരഞ്ഞെടുപ്പിൻെറ ഫലങ്ങളുമായി താരതമ്യ വിവേചനം ചെയ്താലും.

1957_ലെ ഇലക്ഷനിൽ മദ്ധ്യതിരുവിതാംകൂർ പ്രദേശത്തു് പ്രത്യേകിച്ചു് നായർ സമുദായത്തിൽ ഒരു തകിടം മറിച്ചൽ സംഭവിച്ചുവോ? രംഗം 2. എ. പട്ടികയിൽനിന്നു വൎഗ്ഗീയമായി നടന്നതു് സ്പടികസ്ഫുടമായ വസ്തുതയല്ലേ? നോക്കുക. 1957ൽ കോൺഗ്രസ്സ് നായർ 6 പേർ മാത്രം. കമ്യൂണിസ്ററ് നായർ 29 പേർ; അതിൽ 17 പേരും തിരുവിതാംകൂറിൽ നിന്നാണു്. വൎഗ്ഗീയചക്രം 28 മാസത്തിന്നുള്ളിൽ ഊക്കോടെകറങ്ങി. കമ്യൂനിസ്ററു് ഭരണത്തിൻെറ കാലഘട്ടമാണു് മേൽപറഞ്ഞ 28 മാസങ്ങളും. അക്കാലാവസാനമാണു് വിമോചനസമരവും.1960_ലെ തെരഞ്ഞെടുപ്പിൽ, പണ്ടത്തെ 6 കോൺഗ്രസ്സ് നായരംഗങ്ങഠം 18 (പതിനെട്ടു്) ആയി വൎദ്ധിച്ചു. 1957_ൽ 17 കമ്യൂണിസ്റ്റ് നായരംഗങ്ങളുണ്ടായിരുന്നതു് തിരുവിതാംകൂറിൽ 1960_ൽ 7 (ഏഴു്) ആയി എണ്ണത്തിൽ കുറഞ്ഞു. കാരണം? പിന്നീടു് പരിശോധിക്കാം. (1960_ൽ കമ്യൂണിസ്റ്റ് നായരംഗങ്ങഠം 17 ഉണ്ടായിരുന്നതിൽ 10 പേർ മലബാറിൽനിന്നാണു്)

'തകിടം മറിച്ചലി'നുള്ള ഹേതുക്കഠം ചൎച്ചചെയ്യുമ്പോഠം വൎഗ്ഗീയതത്വത്തിൻെറ പോക്കാണു് ഇവിടെ പരിചിന്തനീയം.

സാമൂഹ്യശാസ്ത്രരീത്യാ എന്താണ് നിഗമനം ചെയ്യാനുള്ളത്?. 1957 വരെ ഈഴവാദി അവർണ്ണക്ക നിശ്ശേഷം വിട്ടുകൊടുത്തിരുന്ന കമ്യൂനിസ്റ്റ് കളരിയിൽ നായർ സമുദായം ഒരു തവണ പയററിനോക്കിയെന്നതാണ് ഒന്നാമത്തെ അനുമാനം. ബുദ്ധിശാലികളും ഒട്ടും കുറവല്ലാത്ത തിരുവിതാംകൂർ ''നായർ പ്രമാണികരം'' കമ്യൂണിസ്ററ്കാരുടെ മനോമോഹനമായ പ്രചാരണ വിദ്യയിലും സംഘടനാസാമത്ഥ്യത്തിലും മയങ്ങി കെണിയിൽ ചാടിയതാണെന്നു വിശ്വസിക്കാൻ വിഷമം. ആ വകയിൽ മയങ്ങിപ്പോകുന്നവരല്ല വർഗ്ഗീയനേതാക്കരം.

1957 വരെയുണ്ടായിരുന്ന കോൺഗ്രസ്സിൻെറ ദുർഭരണം മാത്രമായിരുന്നോ തകിടം മറച്ചിലിന് കാരണം? മതാത്മകമായി കത്തോലിക്കാ ക്രിസ്ത്യാനികരംക്ക കമ്യൂണിസ്ററ് കക്ഷിയെ തൊടുക മാത്രമല്ല, നോക്കുവാൻകൂടി പാടില്ല. സവർണ്ണക്കോ അവർണ്ണക്കോ, അത്തരം മതപരമായ നിരോധനാജ്ഞകളൊന്നുമില്ല. ഏതു രാഷ്ട്രീയ വസ്ത്രവും ധരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതുവരെ ഈഴവക്ക വിട്ടുകൊടുത്തിരുന്ന കമ്യൂണിസ്ററ്കളരിയിൽ ഒന്നു പരീക്ഷിച്ചുനോക്കാം. ഒരു വെടിക്ക് രണ്ടു വർഗ്ഗീയ പക്ഷികളെ കയ്യിലാക്കാം. ഈഴവനും ക്രിസ്ത്യാനിയും നായർ കമ്യൂണിസ്ററ ഭരണത്തിനുവഴങ്ങിത്തരേണ്ടിവരും. 1957_ലെ ഇലക്ഷൻ പരിപാടികളിൽനിന്നും, ഫലങ്ങളിൽനിന്നും ഇതെല്ലാം അനുക്തസിദ്ധമാണല്ലോ?

എന്തായാലും ഈദൃശമായ ''അഭ്യൂഹ''ത്തിനു തെളിവും ന്യായവും കുറവല്ല. പ്രാരംഭാധ്യായത്തിൽ സൂചിപ്പിച്ചതെല്ലാം വായനക്കാർ ഓർമ്മിക്കുക. വർഗ്ഗീയസമരത്തിൽ തന്ത്രകൌശലങ്ങരം എന്തുമാകാം. പരിഷ്കൃതമായ സാമുദായികതത്വത്തിൽ നേർപ്പോരാകണമെന്നില്ലല്ലോ. ഒളിയമ്പുകരം അയക്കുന്നതിൽ ഒരമ്പ് നായർ സമുദായപ്രമാണികരം പ്രയോഗിച്ചുവെന്നാണ് ജനശ്രുതി. 1957_ലെ കേരളപ്പിറവിക്കു ശേഷമുണ്ടായ, ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പ് നാടകാഭിനയത്തിൻെറ അണിയ

റയിൽ—തിരശ്ശീലയ്ക്കു് പിന്നിൽ—ചില ചരട വലികഠം നടന്നുവത്രെ! എന്തെല്ലാം നടന്നുവെന്നു് ആക്കമറിവില്ല. സുവ്യക്തമായ രേഖകകളോ, തെളിവുകളോ കണ്ടെത്താൻ സാധ്യമല്ല.

പക്ഷേ ഫലത്തിൽനിന്നല്ലേ വൃക്ഷമേതാണെന്നും ഫലം നല്ലതാണോ എന്നും കണ്ടുപിടിക്കാനാവൂ. ഒരു സമുദ്രം പോലെയുള്ള വേമ്പനാട്ടുകായലിൻെറ ചക്രവാളത്തിൽ എവിടേയോ ഒരു ദിക്കിൽ അപ്പത്തോളം വലിപ്പമുള്ള ഒരു കാർമേഘംകാണായി. പിന്നീടു് വലിയ കോളിളക്കവും പേമാരിയും സംഭവിച്ചു. പാലക്കാട്ടു് ഒരു എഞ്ചിനീയറിംഗ് കോളേജും മററു ചില ആനുകൂല്യങ്ങളും കമ്യൂണിസ്ററ് ഭരണാധികാരികളിൽനിന്നു കൈവരുമെന്നു കിനാവുകഠം കണ്ടുവത്രെ! ‘‘പാലം കടക്കുവോളം നാരായണാ’ എന്നായിരുന്നുവെന്നും ‘പാലം കടന്നപ്പോഠം കൂരായണ’ എന്നു് വന്നുഭവിച്ചുവെന്നും കേഠംവിയുണ്ടു്. നേരോ, നുണയോ, ആക്കറിയാം! നായർ നേതൃത്വം ഒരു പക്ഷേ ‘‘പരിഷ്കൃതസാമുദായിക സാമത്ഥ്യം’’ പ്രയോഗിച്ചു നോക്കിയതാകാം. നമ്പൂരിയും ഈഴവനും ക്രിസ്ത്യാനികളിൽ രണ്ടോ മൂന്നോ നേതാക്കന്മാരും വർഗ്ഗീയമാത്സര്യത്തിൽ പയററിയവരല്ലേ? ചാണക്യസൂത്രം കമ്യൂണിസ്ററുകാക്കമറിയാം. അവർ അതു് പ്രയോഗിക്കുകയുംചെയ്തു.

കമ്മ്യൂണിസ്റ്റ്ഭരണചക്രമാകട്ടെ കുറെ മാസങ്ങളങ്ങു കറങ്ങിയപ്പോഠം രാഷ്ട്രീയക്കാററു മാറിവീശി; അമ്പേ മാറിയെന്നു തന്നെ തീച്ചപ്പെട്ടു. നായരും, വിശേഷിച്ചു സവണ്ണക്രിസ്ത്യാനികളും കുടുങ്ങിപ്പോയിയെന്നു മനസ്സിലാക്കി. ‘കീരിയും പാമ്പു’മായി വഗ്ഗീയയുദ്ധംചെയ്ത നായരും നസ്രാണിയും കമ്മ്യൂണിസ്റ്റ് വെള്ളപ്പൊക്കത്തിൽ ഒരു കൊമ്പിൽത്തന്നെ അഭയം പ്രാപിക്കേണ്ടിവന്ന ഘട്ടത്തിലും ‘കമ്മ്യൂണിസ’ത്തെ തോല്പിക്കാൻ ‘കമ്മ്യൂണലിസം’ (‘ല’ അക്ഷരം ചേത്തുവെന്നുമാത്രം!) തന്നെ ശരണം പ്രാപിച്ചു. നായരും നസ്രാണിയും തനി വഗ്ഗീയമായ മുസ്ലീംലീഗ്സംഘടനയെ കൂട്ടുപിടിച്ചു്, ‘മുക്കൂട്ടുമുന്നണി’ കെട്ടിപ്പ

ടുത്തു. അങ്ങിനെ കമ്മ്യൂണലിസം വിജയിച്ചു; ജയപതാക ഉയത്തി. വഗ്ഗീയതചം വെൽവൃതാക ! ! !

കേരളത്തിൽ (ഇന്ത്യയിലെ അന്യദിക്കുകളിലും അതുതന്നെ ഏതാണ്ടു കഥ) യഥാത്ഥരാഷ്ട്രീയമല്ല വഗ്ഗീയ രാഷ്ട്രീയമാണു ജയിക്കുകയെന്നതു് കമ്മ്യൂണിസ്റ്റു് നേതാക്കന്മാക്കു അറിഞ്ഞുകൂടേ? ഒന്നാംതരമായി, തീച്ചയായി, അറിയാം. സവണ്ണരായ ഹിന്ദുക്കളേയും നസ്രാണികളേയും കമ്മ്യൂണിസ്റ്റുകാക്കു് പാട്ടിലാക്കാൻ പാരംപണിയാണു്. ദരിദ്രരും, അനഭ്യസ്തവിദ്യരുമായ അവണ്ണരെ സ്വാധീനമാക്കാൻ പര്യാപ്തമായ തത്വങ്ങളും ആശയങ്ങളും മുദ്രാവാക്യങ്ങളുമാണല്ലൊ, 'സമത്വവാദി'കളുടെ ആയുധങ്ങൾ. അതെല്ലാം യഥോചിതം പ്രയോഗിച്ചാണു കമ്മ്യൂണിസ്റ്റു് സംഘടനകൾ സംവിധാനം ചെയ്യപ്പെട്ടതു്.

അടുത്തുവരുന്ന (1967_ലെ) പൊതുതെരഞ്ഞെടുപ്പിൽ വഗ്ഗീയതചം ഒരു ആയുധമായി കമ്മ്യൂണിസ്റ്റുകാർ പരസ്യമായിട്ടുതന്നെ പ്രയോഗിക്കാൻ തീച്ചപ്പെടുത്തിക്കഴിഞ്ഞു. മുസ്ലീംലീഗുമായി കമ്മ്യൂണിസ്റ്റുനേതാക്കൾ പാണിഗ്രഹണം നടത്താനുള്ള ശ്രമങ്ങളെല്ലാം ചെയ്തുകഴിഞ്ഞു. ഏതാനും മുസ്ലീംനേതാക്കൾ പഴയലീഗിൽനിന്നു തെററിപ്പിരിഞ്ഞതായി പത്രവാത്തകളിൽ നാം വായിക്കുന്നുണ്ടു്. കോൺഗ്രസ്സിന്നു് എതിരായി 'മുന്നണി'കൾ, ആറേഴുകക്ഷികൾ ഒന്നിച്ചുചേൻ കെട്ടിപ്പടുക്കുന്നുണ്ടു്. ഭാവിയിൽ എന്തു സംഭവിക്കുമെന്നു ആക്കു പ്രവചിക്കാം? കണ്ടുതന്നെ അറിയണം. വഗ്ഗീയതചം നിണ്ണായകശക്തിയായി പരിണമിക്കാതെയിരുന്നാൽ ഈ ഗ്രന്ഥകത്താവിനു സന്തോഷകരമായിരിക്കും, മറെറന്തെല്ലാം ന്യൂനതകളുണ്ടായാലും.

അതങ്ങനെയിരിക്കട്ടെ. വിമോചനസമരാനന്തരം എന്തു സംഭവിച്ചുവെന്നു നോക്കാം. പട്ടം മുഖ്യമന്ത്രിയായിട്ടാണല്ലൊ മന്ത്രിസഭ രൂപവൽകൃതമായിട്ടുള്ളതു്. ഈ മന്ത്രിസഭ തകന്നതിൽ

വർഗ്ഗീയമായിട്ടുള്ളതേ ഇതിൽ പരാമർശിക്കേണ്ടതുള്ളൂ. 1960_ലെ തെരഞ്ഞെടുപ്പിനുശേഷം കമ്മ്യൂണിസ്റ്റ് കക്ഷിയിൽ അകത്തോലിക്കാ ക്രിസ്ത്യാനിയായി ശ്രീമതി റോസമ്മ പുന്നൂസ്സ് മാത്രം ഒരംഗമുണ്ട്. 1957_ൽ ആറു ക്രിസ്ത്യാനികളുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഒരാൾ മാത്രം! പട്ടം മന്ത്രിസഭയിൽ മുസ്ലീം സമുദായത്തിൽനിന്നു ഒരാൾമാത്രം; അതും കോൺഗ്രസ്സ് മുസ്ലീം. തന്മൂലം 11 മുസ്ലീം ലീഗ് അംഗങ്ങളുള്ളതിൽനിന്നു ആർക്കും മന്ത്രിക്കസ്സേരയിൽ സ്ഥാനമില്ലന്നൊയപ്പോൾ അവർ അതൃപ്തരായി, ഭഗ്നാശയരായി, ഭവിച്ചു. ഈ അതൃപ്തിയെ മുതലെടുത്താണ് കമ്മ്യൂണിസ്റ്റ്കാർ മുസ്ലീംലീഗിനെ ചൂണ്ടിലിട്ടു പിടിച്ചതു്. സ്പീക്കർസ്ഥാനം സീതിസാഹിബിനും അനന്തരഗാമിക്കും കൊടുത്തതുകൊണ്ടു അവർ സന്തുഷ്ടരായില്ലത്രെ!

മുസ്ലീംലീഗു കളരിമാറിക്കളിക്കാൻ ശ്രമിച്ചതുപോലെ മറെറാരു പ്രതിഭാസം വർഗ്ഗീയമായി ഈഴവസമുദായത്തിൽ സംഭവിച്ചതും ശ്രദ്ധാർഹമാണ്. 1957_ൽ കോൺഗ്രസ്സ് കക്ഷിയിൽ അവർണ്ണരായ അംഗങ്ങൾ 15_ൽ 10 പേരും ഈഴവരായിരുന്നുവല്ലോ. 1960_ലെ ഇലക്ഷനിൽ പണ്ടത്തെ 10, 20 (ഇരുപതു്) ആയി വർദ്ധിച്ചു. ആദ്യംമുതൽക്കേ കോൺഗ്രസ്സിൽ ഈഴവസമുദായക്കാരുണ്ടായിരുന്നു. 1960_നു ശേഷം ഗണനീയസംഖ്യയായ ഇരുപതായി വർദ്ധിച്ചതിൽ, ആ സമുദായത്തിലുണ്ടായ രാഷ്ട്രീയ പരിവർത്തനപ്രതിഭാസമാണു സാമൂഹ്യശാസ്ത്രജ്ഞൻ ദൃഷ്ടിവെക്കുന്നതും, വർഗ്ഗീയത്വത്തിലുള്ള കാൽമാററം രേഖപ്പെടുത്തേണ്ടതു, മറെറാരുവിധം പറഞ്ഞാൽ ക്രിസ്ത്യാനികൾ, വിശിഷ്യാ കത്തോലിക്കരൊഴിച്ചു മറേറതു സമുദായത്തിനൊ, ഉപസമുദായത്തിനൊ, രാഷ്ട്രീയവസ്ത്രം മാററുന്നതിൽ വലിയ കൃത്യനിഷ്ഠമായ നിഷ്ക്കർഷയില്ലെന്നുവേണം പറയാൻ.

ഇത്രയും പറഞ്ഞതിൽനിന്നു ഓരോസമുദായത്തിലും, ആത്മാർത്ഥമായി രാഷ്ട്രീയമായ ആശയപരിവർത്തനങ്ങൾ വ്യക്ത

കളിൽ സംഭവിക്കുന്നില്ലെന്നു ആരും അർത്ഥമാക്കരുതു്. മൊത്ത ത്തിൽ ഓരോ സമുദായത്തിൻേറയും കൂട്ടംകൂട്ടമായുള്ള രാഷ്ട്രപര മായ വ്യതിയാനങ്ങളും പരിണാമങ്ങളും കക്ഷിനിലയിൽ രേഖ പ്പെടുത്തുകയാണെന്നു ധരിച്ചാൽ കൊള്ളാം. എങ്കിലും നേതാ ക്കന്മാരിൽ ചില വ്യക്തികളുടെ കക്ഷിമാററവും ചിന്താവിഷയ മായിരിക്കും. ശ്രീ. പട്ടത്തിൻെറ മന്ത്രിസഭ 'പൊട്ടിപ്പോയ'തും അദ്ദേഹം ഗവണ്ണരായി രാഷ്ട്രീയം ഉപേക്ഷിച്ചതും ശാസ്ത്രജ്ഞനു ഉപേക്ഷിക്കാവുന്നതല്ല. 1960_ൽ അപ്രകാരം പര്യാപ്തമായ സാഹചര്യങ്ങളിലും ഹേതുക്കളിലും വർഗ്ഗീയമായതേ ഈ ഗ്രന്ഥ ത്തിൽ ചർച്ച്ചെയ്യേണ്ടതുള്ളു.

ശ്രീ. പട്ടം മുഖ്യമന്ത്രിയായപ്പോഠം, ശ്രീ. ആർ. ശങ്കർ ഡെ പ്യൂട്ടി മുഖ്യമന്ത്രിയായിരുന്നുവല്ലൊ. 20 ഈഴവ അംഗങ്ങളുണ്ടാ യിരുന്ന ഒരു നിയമസഭയിൽ പട്ടം പോയപ്പോഠം ശങ്കർക്കു മുഖ്യ മന്ത്രിസ്ഥാനം നൽകിയതു ന്യായമല്ലെന്നു വിധിക്കാവുന്നതല്ല. സി. കേശവനുശേഷം ഒരു ഈഴവനേതാവിനു്, തത്തൽ സമുദാ യ ജനസംഖ്യയും പാർട്ടിയിലെ അംഗബലവും നോക്കുമ്പോഠം അഹ്തക്കു ഒട്ടും കുറവില്ല. പക്ഷേ വർഗ്ഗീയതചം തലപൊക്കി, ശങ്കറിനെതിരായി അടിപ്പണികഠം നടത്തിയെന്നാണു ജനസം സാരം. അതും മദ്ധ്യതിരുവിതാംകൂറിൽനിന്നാണത്രെ. കത്തോ ലിക്കനായ (പാരേതനായ) ശ്രീ. പി. ടി. ചാക്കോവിനെ മുഖ്യ മന്ത്രിയാക്കണമെന്നു ഒരു ശബ്ദം കേഠംക്കുമാററായി. നായരും നസ്രാണിയും—അവരിൽ ഏതാനുംപേർ_ചേന്നു ശങ്കർ മന്ത്രി സഭ തകക്കാനുള്ള പരിപാടികഠം തയ്യാറാക്കിയത്രെ!

മന്ത്രിമാരുടെ, വിശേഷിച്ചു മുഖ്യമന്ത്രിമാരുടെ പേരിൽ ദോഷാരോപണങ്ങഠം നടത്തുകയെന്നതു പ്രതിപക്ഷത്തിൻെറ ചു മതലയാണു്. അതു എല്ലാം കക്ഷിഭരണങ്ങളുള്ള രാജ്യങ്ങളിലു മുണ്ടു്. കേരളത്തിൽ (ഇന്ത്യയിൽ മററു ചിലേടങ്ങളിലും) പരോ ക്ഷമായി വർഗ്ഗീയതചം കലരുന്നുണ്ടെന്നതാണു പിശകു്. സംഭവ

വശാൽ, ശങ്കർ മന്ത്രിസഭയ്ക്കും, പി. ടി ചാക്കോവിൻെറ രാജി യെ തുടന്നു, അധികകാലം താമസിയാതെ, രാജിവെക്കേണ്ടതായി ഭവിച്ചു. ഇതിനിടയിൽ ചാക്കോ നിര്യാതനായി. പക്ഷേ 'ചാക്കോ കോൺഗ്രസ്സ് കക്ഷി'ക്കാരും ഈഴവമുഖ്യമന്ത്രി വിരോധികളും ഒന്നിച്ചുചേന്നു 'കേരളകോൺഗ്രസ്സ്' എന്നൊരു പുതിയ രാഷ്ട്രീയകക്ഷി സൃഷ്ടിച്ചുണ്ടാക്കി. ശ്രീ. മന്നത്തു പത്മനാഭപ്പിള്ളയുടെ ആശിസ്സും അനുവാദവും ഈ കക്ഷിക്കു ലഭിച്ചുവെന്നാണു പത്രങ്ങളിൽ കണ്ടതു്. ഏതായാലും അതോടെയാണു ശങ്കർസഭ തകന്നതു്. വർഗ്ഗീയസമരത്തിലെ മറിമായങ്ങളും, കൌടില്യൻെറ രാഷ്ട്രമീമാംസശാസ്ത്രവും തലകാഞ്ഞുപഠിച്ചാലേ, അടിയൊഴുക്കുകളും ചുഴിക്കുഴികളും ഗ്രാഹ്യമാകു.

വീണ്ടും പ്രസിഡണ്ടു്ഭരണംവന്നു. 1965_ൽ ഇടക്കാലതെരഞ്ഞെടുപ്പുണ്ടായി. പുതിയ 'കേരളകോൺഗ്രസ്സി'ന്നു പ്രാതിനിധ്യം ഒട്ടും കുറവല്ല. എങ്കിലും കേരളത്തിൽ ഈ തെരഞ്ഞെടുപ്പുകൊണ്ടും ഏതെങ്കിലും ഒരു രാഷ്ട്രീയകക്ഷിക്കും ഭരണമേറെറടുക്കാൻമാത്രം ഭൂരിപക്ഷമില്ല. പിന്നേയും പ്രസിഡണ്ട് ഭരണം തുടങ്ങി. ഇന്നും അതുനടന്നുകൊണ്ടിരിക്കുന്നു. ഭാവിയിൽ, അടുത്ത ഫെബ്രുവരി (1967_ൽ) യിൽ കേരളത്തിലെ പൗരന്മാർ ഏതുവിധം വോട്ടുചെയ്യുമെന്നും, ഏതു രാഷ്ട്രീയകക്ഷിയാണു ജയിക്കുകയെന്നും ആക്കു് പ്രവചിക്കാൻ സാധിക്കും? വർഗ്ഗീയതചം ഏതുരൂപത്തിലാണു പ്രത്യക്ഷപ്പെടുകയെന്നല്ലാം കണ്ടുതന്നെ അറിയണം.

ഭാരതത്തിലെ രാഷ്ട്രീയം കേരളത്തിൽ മാത്രമല്ല, അന്യസംസ്ഥാനങ്ങളിലും പലപ്പോഴും ജാതിവർഗ്ഗീയമോ, മതവർഗ്ഗീയമോ ആയിരുന്നു. പാക്കിസ്ഥാൻ സ്ഥാപിതമായിട്ടും മതാത്മകമായതു് തീവ്രതയിൽ ലഘുവായിട്ടുണ്ടെന്നല്ലാതെ നിശ്ശേഷമില്ലാതായിട്ടില്ല. പക്ഷേ ജാതീയമായതു് വദ്ധിച്ചുകൊണ്ടിരിക്കയാണെന്നു് ചില രാഷ്ട്രീയനിരീക്ഷകർ ചൂണ്ടിക്കാണിക്കുന്നു. ബീ

ഹാറിലും മൈസൂറിലും ആന്ധ്രാപ്രദേശത്തിലെന്നുമാത്രമല്ല, മററു പലയിടങ്ങളിലും കോൺഗ്രസ്സിൽത്തന്നെ പിളപ്പുകഠം സവണ്ണരായ വിവിധജാതികളെ ആസ്പദമാക്കിയതാണു്. വേണ്ടിവരുമ്പോഠം കോൺഗ്രസ്സിൻെറ 'ഹൈക്കമൊണ്ട'പോലും വർഗ്ഗീയസംഘടനകളായി 'സൗകര്യവിവാഹബന്ധം' സ്ഥാപിക്കാൻ മടിക്കുന്നില്ല. (1960-ൽ കേരളത്തിൽ തനിവർഗ്ഗീയമായ മുസ്ലീം ലീഗുമായി കൂട്ടുചേരാൻ കേന്ദ്ര കോൺഗ്രസ്സാധിപത്യം ഒട്ടും മടിച്ചില്ലയെന്നതു എങ്ങനെ മറക്കാം!)

കേരളത്തിൽ വർഗ്ഗീയരാഷ്ട്രീയം മൂത്തുവരാൻ മറെറാരു വസ്തുതകൂടി അന്വേഷിക്കാനുണ്ടു്. ബ്രിട്ടീഷ്ഭരണകാലത്തു ബ്യൂറോക്രസി (ഉദ്യോഗസ്ഥവൃന്ദം) സവ്വാധികാരിയായിരുന്നുവല്ലൊ. സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ ഗവേഷണത്തിൻെറ ഫലമായിട്ടു് സാമ്രാജ്യഭരണകാലത്തു പ്രജകളിലെ ബുദ്ധിജീവികഠംക്കു് രണ്ടു് തൊഴിലാണു പ്രധാനമായി ലഭിക്കാനുള്ളതു്. ഒന്നുകിൽ സക്കാരുദ്യോഗം, അല്ലെങ്കിൽ നിയമജ്ഞനാകുക—അഭിഭാഷകനാകുക. മാത്രമല്ല, ലോകത്തിൽ എല്ലായിടത്തും പുരോഹിതവർഗ്ഗമായിരുന്നു ആദ്യമാദ്യം ബുദ്ധിജീവികഠം. കേരളത്തിൽ പണ്ടുമുതൽക്കേ ബ്രാഹ്മണരും നായരുമാണു് സക്കാർ ജോലിക്കാർ. ഇംഗ്ലീഷ് വിദ്യാഭ്യാസം നിർബ്ബന്ധമായപ്പോഠം മലയാളികളിൽ നായർ മാത്രമല്ല നസ്രാണികളും ഉദ്യോഗമേഖലയിൽ കേറിപ്പററാൻ വെമ്പിയിരുന്നു. അയിത്തജാതിയെന്ന നിലയിൽ ഈഴവക്ക് പിന്നേയും കുറെകാലം കഴിയേണ്ടിവന്നു. മിക്കപ്പോഴും ഡിപ്പാട്ടുമെൻറ് തലവന്മാരും 'താക്കോൽ' സ്ഥാനത്തുള്ളവരും സവണ്ണഹിന്ദുക്കളായിരുന്നു. ജഡ്ജിമാരും പ്രമുഖ വക്കീലന്മാരും അവർതന്നെ.

ഉദ്യോഗവും നിയമവും വിട്ടാൽ ആധുനികകാലത്തു ബുദ്ധിജീവികഠംക്കു് സ്വാതന്ത്ര്യത്തോടെ, സേവാബലമില്ലാതെ, പ്രവേശിച്ചു മത്സരിക്കാവുന്ന തൊഴിൽ ഡോക്ടരാകുക, എഞ്ചിനീയർ

ആകുക എന്നിവയാണ്. ബ്രാഹ്മണർ (നമ്പൂരിമാരെ ഇതിൽ നിന്നു് ഒഴിവാക്കണം) കുറെ കാലത്തേയ്ക്കു് (അലോപതി) ഡോക്ടർമാരാകാൻ മടികാണിച്ചിരുന്നു. ആ തൊഴിലിൽ കേരളത്തിലെ ക്രിസ്ത്യാനികളും, നായന്മാരും, കാലക്രമത്തിൽ ഈഴവരും കടന്നുകൂടി. എന്നിട്ടും ബ്യൂറോക്രസിയുടെ പ്രധാന കാർമ്മികത്വം ഒട്ടേറെകാലം, ഏതാണ്ടിന്നും, സവർണ്ണഹസ്തങ്ങളിലാണ്.

ബ്യൂറോക്രസിയുടെ അധികാരവും ശക്തിയും വർദ്ധമാനമാകാൻ മറെറാരു പരിതഃസ്ഥിതിയും വന്നുചേർന്നു. അതിന്റെ ഹേതു ഇദാനീന്തനകാലത്തു് രാഷ്ട്രങ്ങൾ 'ക്ഷേമരാഷ്ട്ര'ങ്ങളായി (welfare state) പരിണമിക്കുന്നുവെന്നതാണ്. പാശ്ചാത്യരാജ്യങ്ങളിൽ ബ്രിട്ടൻ, നോർവെ, സ്വീഡൻ, ഡെൻമാർക്ക് എന്നീ രാജ്യങ്ങളിൽ ദൈനന്ദിനം രാഷ്ട്രം മേൽകാണിച്ച വെൽഫെയർ സ്റ്റേറ്റുകളായി രൂപാന്തരപ്പെട്ടുകയാണ്. തത്ഫലമായി, ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രവർത്തനരംഗം വിപുലീകരിച്ചുകൊണ്ടിരിക്കുന്നു. എന്തുകാര്യം നടക്കണമെങ്കിലും ഇന്ത്യയിലും കേരളത്തിൽ വിശേഷിച്ചും സർക്കാരുദ്യോഗസ്ഥന്മാരെ ആശ്രയിക്കണം. മുമ്പൊരു ഖണ്ഡികയിൽ ഭരണയന്ത്രം ഭരണീയരെ നിസ്സാരമായേ സ്പർശിച്ചിരുന്നുള്ളുവെന്നു് രേഖപ്പെടുത്തിയിരുന്നുവല്ലൊ. ഇന്നത്തെ കഥ നേരെ മറിച്ചാണ്. ഭരണയന്ത്രത്തിന്റെ സ്പർശമേല്ക്കാത്ത ജീവിതവശമുണ്ടോയെന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

'ഉദ്യോഗഭ്രമം' കേരളത്തിൽ അന്യത്ര കാണുന്നതിൽ കൂടുതലായിരുന്നുവെന്നു് ആർക്കുമറിയാം. കാരണങ്ങൾ ഇക്കാര്യത്തിൽ മലയാളരാജ്യത്തിൽ, ബഹുവിധമായിരിക്കാം. ജനസാന്ദ്രത, ഭക്ഷ്യപദാർത്ഥക്ഷാമം, വ്യവസായദൗർബ്ബല്യം എന്നിപ്രകാരം പലതും. തന്മൂലം കേരളത്തിൽ ഇപ്പോഴും പൊതുവെ പറഞ്ഞാൽ സർക്കാരുദ്യോഗഭ്രമം കലശൽതന്നെ. ഇവിടെ സാമാന്യനായ പൌരനു്, സാധാരണനിലവാരത്തിൽ ജീവിക്കണമെ

കിൽ സക്കാരുദ്യോഗസ്ഥൻെറ "ദയവു"വേണം. "ലയിസൻസ്—പെർമിററ്—കോട്ട" ഭരണമെന്നു എത്ര അപഹസിച്ചാലും, റേഷൻകാർഡ് തൊട്ട്, മരണാസന്നനായ ഒരാാക്ക് ആസ്പത്രി പ്രവേശനം ലഭിക്കുന്നതുവരെ സക്കാരുദ്യോഗസ്ഥൻെറ കൃപയില്ലെങ്കിൽ പിന്നത്തെ കായ്യം........? ഭരണയന്ത്രം ജനകീയമായിട്ടും കേരളത്തിൽ ഉദ്യോഗസമ്പാദനമാത്സയ്യവും, രാഷ്ട്രീയശക്തിയാജ്ജനവും, രണ്ടും വഗ്ഗീയസമരാഗ്നിയിൽ എണ്ണ കോരിയൊഴിച്ചുവെന്നുതന്നെ പറയാം.

## പ്രതിവിധികാം.

പ്രയുക്തസാമൂഹ്യശാസ്ത്രപഠനമായതുകൊണ്ടാണ് പരിഹാരമാഗ്ഗങ്ങളുടെ രൂപരേഖ കൊടുക്കേണ്ടിവരുന്നതു്. ഉദ്യോഗവിതരണം ഇപ്പോാം സമുദായപ്രാതിനിധ്യമനുസരിച്ചാണല്ലൊ. അതെല്ലാം ഒന്നാമതായി വേണ്ടെന്നുവെക്കുക. ഇന്നത്തെ പ്രശ്നം ജീവസന്ധാരണമാണ്. സാമ്പത്തികമായിട്ട് മെച്ചപ്പെട്ടവക്കാണ് സാധാരണമായി വീണ്ടും വീണ്ടും ഉദ്യോഗം ലഭിക്കുന്നതു്. കേരളത്തിലെ നാലു മുഖ്യസമുദായങ്ങളിലും ദരിദ്രരെങ്കിലും കഷ്ടിച്ചു് കടം വാങ്ങിയും യാചിച്ചും ബി. എ., എം. എ. പാസ്സാകുന്നവർ വളരെയുണ്ടു്. അവക്ക് യഥായോഗ്യം ഉദ്യോഗങ്ങാം നല്കാം. അധഃകൃതവഗ്ഗമെന്നു് വിളിക്കപ്പെടുന്നവരിൽ ഇക്കാലത്തു് പണക്കാർ കുറവല്ല; തീച്ചയായും മുമ്പത്തെക്കാാം അധികമാണു്. പക്ഷേ അവരിൽ പഠിപ്പുള്ളവർ പലരുമുണ്ടു്. അവക്കാണു് ഉദ്യോഗം നല്കേണ്ടതു്. കുറേക്കൂടി വിശദമായി പറഞ്ഞാൽ ഇന്നുള്ള ഉദ്യോഗസ്ഥന്മാരുടെ കണക്കുകാം എടുത്തു് ഏതു് സമുദായമാണു്, അല്ലെങ്കിൽ ഉപസമുദായമാണു്, ഏററവും താണപടിയിലെന്നു് കണ്ടുപിടിക്കുക. അവരിൽത്തന്നെ സാമ്പത്തികമാനദണ്ഡംവെച്ചു് അളന്നാൽ ഏതെല്ലാം വ്യക്തികാംക്കാണു്, ഉദ്യോഗം കിട്ടാൻ യോഗ്യത മാത്രമല്ല അഹ്തയുമെന്നു് സൂക്ഷ്മം പരിശോധിച്ചറിഞ്ഞു്, അവക്ക് ആദ്യമായ

ഉദ്യോഗം നല്കുക. പത്തുപതിനഞ്ചു് കൊല്ലത്തേക്ക് ചില ഉപ സമുദായങ്ങൾക്ക് സംവരണം ആവശ്യമെങ്കിൽ അപ്രകാരം ചെയ്യുക.

മേൽപ്രസ്താവിച്ചതിനേക്കാൾ അതിപ്രധാനമായതും, പക്ഷേ പ്രായോഗികമാക്കാൻ പ്രയാസമേറിയതും വർഗ്ഗീയരാഹിത്യം രാഷ്ട്രീയ രംഗത്തിൽ പുലർത്താനാണ്. രാഷ്ട്രീയകക്ഷികൾ, ആരായിക്കൊള്ളട്ടെ, ഞങ്ങൾ, വർഗ്ഗരഹിതമാണെന്നു് ഉച്ചസ്വരത്തിൽ വിളിച്ചുപറഞ്ഞതുകൊണ്ടു് 'ഒഴുക്കപ്പിനു്' ഫലമില്ല. കോൺഗ്രസ്, കമ്മ്യൂണിസ്റ്റ്, പി. എസ്. പി., സ്വതന്ത്രർ, ജനസംഘം, കേരള കോൺഗ്രസ്, ഏതു് രാഷ്ട്രീയകക്ഷിയുമാകട്ടെ, തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിലും, പ്രസംഗങ്ങളിലും വർഗ്ഗരഹിതമാണെന്നു് ആഖ്യാനം ചെയ്യുന്നതു് ആരും വിശ്വസിക്കയില്ല. ഏതു് രാഷ്ട്രീയകക്ഷിയായാലും, ആദ്യമായി പ്രവത്തിക്കേണ്ടതു് ചൂണ്ടിക്കാണിക്കാം. സ്വന്തം കക്ഷിയിൽനിന്നു് സ്ഥാനാത്ഥികളെ നിത്തുമ്പോൾ ഏതു് നിയോജകമണ്ഡലമാണു് വേണ്ടതെന്നു്, ഇന്നേവരെ സാമാന്യമായി കണ്ടുപിടിക്കുന്നതു് ഏതുപ്രകാരമാണു്?

ആ കക്ഷിയുടെ പ്രഥമനോട്ടം ആ നിയോജകമണ്ഡലത്തിൽ ഏതു് ജാതിക്കാരാണു്, മതാനുയായികളാണു് ഭൂരിപക്ഷം വോട്ടുകാർ എന്നതാണു്. ദൃഷ്ടാന്തമായി ഈഴവരാണെന്നു് വിചാരിക്കുക. കോൺഗ്രസ്സാകട്ടെ കമ്മ്യൂണിസ്റ്റാകട്ടെ, ഉടനെ ചെയ്യുന്നതു് സ്വകക്ഷിയിലെ ഒരു ഈഴവനേതാവിനെ, അതും മുമ്പൊരിക്കൽ, മത്സരിച്ചു ജയിച്ച വ്യക്തിയെ, സ്ഥാനാത്ഥിയായി അവരോധിക്കയെന്നതാണു്. അതുപോലെ ക്രിസ്ത്യാനികളും, നായന്മാരും, മുസ്ലീമുകളും താന്താങ്ങളുടെ സമ്മതിദായകന്മാർ അധികപക്ഷമുള്ളതു് കണക്കാക്കി സ്ഥാനാത്ഥികളെ നിത്തുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കു് മുമ്പും പിമ്പും ഈ നയമാണു് കോൺഗ്രസ്സുതൊട്ടു് മറ്റെല്ലാ കക്ഷികളും അനുവത്തിച്ചുപോന്ന പരിപാടി.

ഇന്ത്യയിൽ, കേന്ദ്രത്തിൽനിന്നു തന്നെ, കമ്യൂണലിസം—വർഗ്ഗീയത—പാടെ വിപാടനംചെയ്യണമെങ്കിൽ, ഇതേവരെ സ്വീകരിച്ച വർഗ്ഗീയനയം മനഃപൂർവ്വം നശിപ്പിക്കണം. സ്വയംഭരണം കൈവന്ന തിടുക്കത്തിൽ, ഇലക്ഷൻ നടത്തിയപ്പോൾ ഇതിനൊന്നും സൗകര്യവും സമയവും സന്ദർഭവും വിരളമായിരിന്നിരിക്കാം. ഭാരതത്തിൽ എവിടെ നോക്കിയാലും, ജാതിയും മതവും വിട്ട്, ഭിന്നജാതിക്കാരേയും ഭിന്നമതസ്ഥന്മാരേയും സ്ഥാനാർത്ഥികളായി നിർത്തി മത്സരിപ്പിച്ചിട്ടുണ്ടോ? പേരിനു ചിലതു് ചൂണ്ടിക്കാണിച്ചേക്കാം. പരേതനായ അബ്ദുൾകലാം ആസാദ്, ജവാഹരിലാൽ നെഹ്റു എന്നിങ്ങനെ രണ്ടു മൂന്നു് പേരെ എടുത്തുകാണിച്ചേക്കാം. പക്ഷേ അതെല്ലാം വെറും അപവാദങ്ങൾ മാത്രം.

ഈയ്യിടെയായിട്ടു, അതായതു് ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയെ വിഭജിച്ചതിനുശേഷം ഭാഷാപ്രാദേശികത്വം എന്നൊരു 'കെട്ടുമാറാപ്പും' വലിച്ചിഴച്ചിട്ടുണ്ടു്. ശ്രീ. വി. കെ. കൃഷ്ണമേനോനെപ്പോലെ ഒരസാമാന്യകീർത്തിമാനായ ഒരു വ്യക്തിയെ വടക്കുകിഴക്കൻ ബോംബെനഗരത്തിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ടുവെന്നതു് യഥാർത്ഥമാണു്. എന്നിട്ടും അടുത്തുവരുന്ന പൊതുതെരഞ്ഞെടുപ്പിൽ അദ്ദേഹം അതേസീററിൽനിന്നു സ്വതന്ത്രനായി മത്സരിച്ചാൽ എന്തു് സംഭവിക്കുമെന്നു് കണ്ടുതന്നേ അറിയേണ്ടിയിരിക്കുന്നു.

ജവാഹരിലാൽ നെഹ്റു രണ്ടു ദശാബ്ദത്തോളം പ്രധാനമന്ത്രിയായിട്ടു്, കോൺഗ്രസ്സ് കക്ഷിയിൽ അതുല്യനേതാവായും, ആരാധ്യപുരുഷനായും വർത്തിച്ചുവല്ലോ. ചിലരുടെ അഭിപ്രായപ്രകാരം, അദ്ദേഹം വർഗ്ഗീയത്വം നശിപ്പിക്കാൻ ഇവ്വിധം പ്രവർത്തിച്ചിരുന്നുവെങ്കിൽ, ജാതിമതപരമായ വർഗ്ഗീയത സമൂലമായി നശിച്ചില്ലെങ്കിലും വളരെ ലഘൂകരിക്കാമായിരുന്നു. അദ്ദേഹത്തിനു ഇവ്വിധം പ്രവർത്തിക്കാൻ സൗകര്യവും സമയവുമില്ലായി

രുന്നുവെന്നുതന്നെ സമ്മതിക്കുക. നെഹറുവിൻെറ കക്ഷിയിൽ, മററു നേതാക്കന്മാർ 'തലമൂത്തവർ' ഉണ്ടായിരുന്നില്ലേ? വല്ലഭായി പറേറൽ, മററുപലരും. ഭാരതീയരുടെ, (കേരളീയരുടേയും) നിർഭാഗ്യമെന്നു പറയട്ടെ, ആരും ഈദൃശനയം സ്വീകരിച്ചില്ല. കോൺഗ്രസ്സ് ചെയ്തില്ല. മററു രാഷ്ട്രീയകക്ഷികൾ ചെയ്തോ?

ആര് ചെയ്യാനാണ്? ഇതെല്ലാം പൊൻകിനാവുകളല്ലേ? സ്വപ്നം! പ്രയോഗികലോകത്തിൽ ഇപ്രകാരം എവിടെ നടക്കും? കാക്ക മലൎന്നുപറക്കണം! ശരിയായിരിക്കാം; അത്രയ്ക്കും വൎഗ്ഗീയമയമാണു ഭാരതവർഷം, വിശേഷിച്ചു കേരളം. ഈ നിർദ്ദേശം സമാപിക്കുന്നതിനുമുമ്പു ഒരു വാക്ക്. ചില പ്രകാരങ്ങളിൽ ഒരു വിശേഷപ്രദേശമല്ലേ കേരളം — വിദ്യാഭ്യാസത്തിൽ, സ്ത്രീവിദ്യാഭ്യാസത്തിൽ, ജനപ്പെരുപ്പത്തിൽ, തൊഴിലില്ലായ്മയിൽ, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയിൽ, മാത്രമല്ല, ബുദ്ധിമതികളിൽ? ഇവിടെ 18 പാർളിമെണ്ടറി സീററുകളും 126 അസംബ്ലി സീററുകളുമുണ്ടല്ലോ. അവയിൽ അക്ഷരജ്ഞാനമുള്ളവരുടെ, വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽനില്ക്കുന്ന, ബി. എ., എം. എ. മുതലായവരുടെ, എണ്ണം താരതമ്യേന കൂടുതലുള്ള നിയോജകമണ്ഡലങ്ങളിൽ, പന്ത്രണ്ടെണ്ണത്തിൽ വിജാതീയ, വിമതസ്ഥ, സ്ഥാനാൎത്ഥികളെനിൎത്തി കോൺഗ്രസ്സും, കമ്യൂനിസ്റ്റുംകക്ഷികളും പരീക്ഷിച്ചു നോക്കുമോ? എവിടെ നടപ്പിലാകാൻ പോകുന്നു!

## അദ്ധ്യായം ഏഴ്

# സമാപനം.

കേവല സാമൂഹ്യശാസ്ത്രജ്ഞൻ സാമൂഹ്യബോധം ഉണൎത്താൻ ശ്രമിക്കുന്നതു ആശാസ്യമാണ്, സാധാരണമാണ്. പ്രയുക്തശാസ്ത്രജ്ഞനാകുമ്പോൾ അതൊരു കടമയുമാണ്. ഇന്നത്തെ കേരളത്തിൽ എളിയനിലയിൽ ഒരു ബുദ്ധിജീവിയാണ് ഞാനുമെന്നു സമ്മതിച്ചാലും. ആ വീക്ഷണകോണിൽനിന്നു പറയുമ്പോൾ, കേരളീയ സഹോദരങ്ങളായ നാമെല്ലാമാണ് 'വൎഗ്ഗീയത' എന്ന രാക്ഷസൻെറ സംഹാരകൎത്താക്കളാകേണ്ടവർ. അവരോടാണ് ഈ ഗ്രന്ഥത്തിലെ പ്രമേയം സാധുവാണോ എന്നു പരിശോധിക്കാൻ ആവശ്യപ്പെടുന്നതും അപേക്ഷിക്കുന്നതും.

"സമുദായവിഭാഗങ്ങളും വ്യത്യാസങ്ങളും ചില യാഥാൎത്ഥ്യങ്ങളിൽ അടിയുറച്ചിട്ടുള്ളവയാണ്. വെറും ആഗ്രഹംകൊണ്ടു മാത്രം ആൎക്കും അവയെ നീക്കുക സാധ്യമല്ല. അവയുടെ അനാശാസ്യപരിണാമങ്ങളും ദുഷ്ഫലങ്ങളും തടയാനേ സാധിക്കൂ. ഓരോരുത്തൎക്കും സ്വന്തസമുദായത്തോടു കടപ്പാടുണ്ടുതാനും. അതു വിസ്മരിച്ചു പ്രവൎത്തിക്കുന്നവർ കരിങ്കാലിയായി പരിഗണിക്കപ്പെടും" * ഫാദർ ബ്രിട്ടോ സി. എം. എ. യുടെ പ്രമേയം താത്വികമായി വിമൎശിക്കാൻ ഈ ഗ്രന്ഥത്തിൽ സാധ്യമല്ല. കേരളത്തിൽ വൎഗ്ഗീയത എവിടേയും കൊടികുത്തിവാഴുന്നുവെന്നു അതേ ലേഖനത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നുണ്ടു്. "ആരിലും എവിടേയും സത്യംകണ്ടു അംഗീകരിക്കാനുള്ള വിശാലഹൃദയമാണ് വൎഗ്ഗീയതയ്ക്കുള്ള മറുമരുന്നു." ഫാദർ ബ്രിട്ടോയുടെ ഈ ഔഷധത്തെപ്പററി പിന്നീടു ചൎച്ചചെയ്യാം.

കേരളത്തിലെ അരാജകത്വത്തിനും രാഷ്ട്രീയകക്ഷികളുടെ

---

* സമീക്ഷ നമ്പർ 8 പേജ് 53.

തകിടംമറിച്ചലുകൾക്കും ഇന്നത്തെ രാഷ്ട്രീയസ്തംഭനത്തിനും എന്താണ് കാരണം? "ആ കാരണത്തിന്റെ കാരണം വർഗ്ഗീയതയാണ്........എന്താണിതിനു മറുമരുന്നു? മനുഷ്യത്വം കുത്തിവെക്കുകതന്നെ........അതിനാർക്കു കഴിയും?........ചിന്തകന്മാർക്കും എഴുത്തുകാർക്കും........" (മാതൃഭൂമി 1965 ഡിസംബർ 5-ലെ ആഴ്ചപ്പതിപ്പ്) ഉദ്ധാരണത്തിന്റെ ലേഖകനായ നിത്യചൈതന്യയതിയുടെ ചികിത്സാവിധിയാണ് മുകളിലുദ്ധരിച്ചതു്. ഈ രണ്ടു ചിന്തകന്മാരുടേയും ചികിത്സാപരിപാടിയിൽ എന്താണു തെററു്? ഒന്നുമില്ല. പക്ഷേ പ്രയുക്തസാമൂഹ്യശാസ്ത്രജ്ഞനു് അതുകൊണ്ടു് തൃപ്തിയടയാമോ? ബുദ്ധൻ, സോക്രററീസ്സ്, ക്രിസ്തു, മുഹമ്മദു് നബി, മുതൽക്കു മനുഷ്യർ നന്നാവണമെന്നു അനുശാസിച്ചിട്ടും അവരുടെ അനുയായികൾ "മനുഷ്യത്വം" ഒരേവിധത്തിലാണോ വ്യാഖ്യാനിച്ചതു്? പ്രായോഗികലോകത്തിൽ എന്തു സംഭവിച്ചുവെന്നതാണ് വിലയിരുത്തേണ്ടതു്.

ഫാദർ ബ്രിട്ടോവിന്റെ 'വിശാലഹൃദയ'ത്വം എന്താണെന്നു വിമർശിച്ചുനോക്കുക. സമുദായം സമൂഹത്തെക്കാൾ ചെറുതാണ്, അഥവാ സങ്കുചിതമാണ്. രാഷ്ട്രീയം, സാമ്പത്തികം, സാഹിത്യം, ഇത്യാദികളിൽ സ്വസമുദായങ്ങളായി വെട്ടിത്തിരിഞ്ഞുനിന്നു മത്സരിക്കുന്നതിനെക്കാൾ, എല്ലാ സമുദായങ്ങളും ഏകയോഗക്ഷേമമായി ഒന്നിച്ചുചേർന്നു പ്രവർത്തിക്കുന്നതല്ലേ സ്പൃഹണീയമായതു്? പ്രണയബന്ധം, കുടുംബബന്ധം എന്നിവയിൽപ്പോലും വിവിധ സമുദായങ്ങൾ ഒരുമയോടു പ്രവർത്തിക്കാവുന്നതല്ലേ? ഫാദർ ബ്രിട്ടോവിന്റെ വാദത്തിൽ പൗരബോധമുള്ളവർ സ്വീകരിക്കേണ്ടതു മതവിശ്വാസത്തിലുള്ള വൈജാത്യമേ താത്ത്വികമായി സാധുവായതുള്ളൂ. താത്ത്വികവാദത്തിൽ അങ്ങേയററംവരെ പോയാലും, മതം കേവലം വ്യക്തിഗതമാത്രമായിരിക്കണമെന്നു സിദ്ധം.

ഫാദർ ബ്രിട്ടോവിന്റെ സിദ്ധാന്തപ്രകാരം വേറെ ഏതെ

ങ്കിലും "യാഥാർത്ഥ്യ"ത്തിലാണോ സമുദായവിഭാഗങ്ങളും വ്യത്യാസങ്ങളും അടിയുറച്ചിട്ടുള്ളതു്? ഉണ്ടെങ്കിൽ മതവിശ്വാസം വിട്ടുള്ളതെല്ലാം ശാശ്വതമല്ല. മതസ്വാതന്ത്ര്യം ആദരണീയമെങ്കിൽ, അംഗീകാര്യമെങ്കിൽ, മതംമാറാൻ ഒരു വ്യക്തിക്കു സ്വാതന്ത്ര്യമുണ്ടല്ലോ. ഒരു ക്രിസ്ത്യാനിക്കു, ഹിന്ദുവാകാം; ഒരു ഹിന്ദുവിനു്, മുസ്ലീമാകാം വിശ്വാസവിഷയത്തിലെങ്കിലും; (ഹിന്ദുക്കൾ ജന്മംകൊണ്ടുമാത്രം ഹിന്ദുവാകൂ എന്നതുവിട്ടു് ആര്യസമാജക്കാർ 'ഹിന്ദുവാക്കു'ന്നുണ്ടല്ലോ) ഒരു വിവാഹബന്ധത്തിലുണ്ടാകുന്ന സന്താനങ്ങൾ കത്തോലിക്കാവിശ്വാസത്തിൽ വളർത്താമെന്നുള്ള ഉറപ്പു് കൊടുത്താൽ ഒരു കത്തോലിക്കനു് ആരെയെങ്കിലും പാണിഗ്രഹണം ചെയ്യാം. അപ്പോൾ വാദപ്രകാരം 100ക്കു 95 കാര്യങ്ങളിലും ഭിന്നഭിന്നസമുദായങ്ങൾ തമ്മിൽ മിശ്രവിവാഹമാകാം, മിശ്രജീവിതമാകാം. എങ്കിൽ, രാഷ്ട്രീയം, സാമ്പത്തികം, സാഹിത്യം, കല എന്നിവയിൽ എന്തുകൊണ്ടു ഏകീകൃതമായി വർത്തിച്ചുകൂടാ? സംയോജനം പകുതിയോളം എത്തിയാൽത്തന്നെ വർഗ്ഗീയത താനേ അസ്തമിക്കും. മഹാമനസ്കത, വിശാലഹൃദയത്വം, അത്രത്തോളം എത്തിക്കാൻ ഫാദർ ബ്രിട്ടോവും, താദൃശന്മാരും ശ്രമിക്കുമോ?

മനശ്ശാസ്ത്രപ്രകാരം (ഈ ശാസ്ത്രം സാമൂഹ്യശാസ്ത്രത്തിൻേറയും ഒരു ശാഖയാണു്) വർഗ്ഗീയതയുടെ ഏക ഹേതു 'ഭയം' എന്നാണു് എൻെറ നിഗമനം. ആ രോഗം മാറണമെങ്കിൽ ഈ ഗ്രന്ഥത്തിൽ നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ പര്യാപ്തമാണോ? സാമൂഹ്യശാസ്ത്രരീത്യാ അവയെല്ലാമാണെന്നു സമർത്ഥിക്കാനാണു്, ഈ ഗ്രന്ഥത്തിലെ ലക്ഷ്യം. അകാരണമായോ, സകാരണമായോ, ഭീതി ഏതെങ്കിലും സമുദായക്കാർക്കു് ജനിക്കുന്നുണ്ടെങ്കിൽ സംസ്കാരം സിദ്ധിച്ചവർ ഏതു് സമുദായത്തിലാണു് അധികമുള്ളതെങ്കിൽ അവരാണു് മുന്നോട്ടുവന്നു ദൃഷ്ടാന്തം കാണിക്കേണ്ടതു്. എന്നു പറഞ്ഞാൽ ബുദ്ധിമാന്മാരാണു് എന്നർത്ഥം.

ബുദ്ധിമാന്മാരുടെ എണ്ണം അധികമുള്ളതു് ഇന്നത്തെനിലയ്ക്കു നായർ സമുദായത്തിലാണെന്നു സമത്ഥിക്കാൻ വളരെ ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നില്ല. നായർ സർവ്വീസ് സൊസൈററിയുടെ 'നായർ സമുദായം' എന്ന ചെറുപുസ്തകത്തിൽ (പേജ് 4.) ഇപ്രകാരമെഴുതിയിട്ടുണ്ടു്: "ലോകത്തെങ്ങും കാണപ്പെടുന്ന ബുദ്ധിമാന്മാരുമായ ജനതതിയാണ് യഹൂദന്മാർ' എന്നു് ആർനോാൾഡ് ടോയിൻ ബി ഒരിടത്തു് പറഞ്ഞിട്ടുണ്ടു്. നായന്മാരെ സംബന്ധിച്ചും ഇതു അന്വത്ഥമാണ്." ബങ്കാളിലെ, ജഗ്ദീശ് ചന്ദ്ര ബോസ്, അശിറേറാഷ്മുക്കർജി, ബാനർജിമാർ, ചാററർജിമാർ മുതലായ ബ്രാഹ്മണവഗ്ഗം ഇതു് സമ്മതിക്കുമോ? ശ്രീമാന്മാർ രാമാനുജം, ഭാഷ്യയ്യങ്കാർ, ശ്രീനിവാസയ്യങ്കാർമാർ, അള്ളടി കൃഷ്ണ സ്വാമി അയ്യർ, സി. വി. രാമൻ, ഡോക്ടർ രങ്കാചാരി, രാജഗോപാലാചാരി അടങ്ങിയ തെന്നിന്ത്യബ്രാഹ്മണർ, ടാററാ, ബാബാ, ഫെറോഷമേഹത്താ, മുതലായ പാർസ്സികൾ ആദിയായവർ വകവെച്ചുകൊടുക്കുമോ? അതിരിക്കട്ടെ. കേരളത്തിലെ ബുദ്ധിജീവികൾ എണ്ണത്തിൽ താരതമ്യേന മററുള്ള സമുദായക്കാരെക്കാൾ, നായർ വർഗ്ഗത്തിൽ അധികമുണ്ടെന്നു് ഇതെഴുതുന്നാൾ സമ്മതിക്കുന്നു—മററു ചില ന്യൂനതകളുണ്ടെന്നു വരുമെങ്കിലും.

പക്ഷേ അവരിലൊരാളെങ്കിലും വഗ്ഗീയത്വം ഉച്ചാടനം ചെയ്യാൻ, ദേശീയത്വം സ്ഥാപിക്കാൻ, ശ്രമിച്ചുകൂടേ? യഹൂദന്മാരുടെ ഗുണഗണങ്ങൾ അവക്കുണ്ടെങ്കിൽ യൂദന്മാരുടെ മറെറാരു ദോഷം നായന്മാക്കു് ഉണ്ടോ? കേവലവർഗ്ഗീയത്വം യഹൂദന്മാരുടെ സ്വഭാവവിശേഷതയാണെന്നു പരേതനായ ശ്രീ. എം. പി. പോൾ രേഖപ്പെടുത്തുന്നു. "യഹൂദന്മാരില്ലാത്ത രാജ്യമില്ല. പക്ഷേ അവക്കു് യാതൊരു രാജ്യത്തിലും സുദൃഢവും അഭംഗുരവുമായ അഭിമാനമില്ല ........ അവരുടെ സ്വജനബോ

ധം കേവലം വർഗ്ഗീയമാണ്." * (കീഴ്‌വര എന്റേത്) യഹൂദന്മാർക്കുള്ള ഈ വർഗ്ഗീയത്വം നായന്മാർക്ക് കുറവല്ലെന്നാണു ഈ പുസ്തകത്തിലെ പ്രമേയം. അതില്ലാതാക്കാൻ നായർ സമുദായത്തിലെ ബുദ്ധിമാന്മാർ ശ്രമിക്കുമാറാകട്ടെ.

ഇത്രയും പ്രതിപാദിച്ചതിൽനിന്നു് കേരളീയരായ ക്രിസ്ത്യാനികളും, ഈഴവന്മാരും, മുസ്ലീമുകളും, വർഗ്ഗീയതയിൽ കുറഞ്ഞവരാണെന്നു എനിക്ക് ഒട്ടും അഭിപ്രായമില്ല. ഒരു പക്ഷേ ചില വിഷയങ്ങളിൽ നായർ സമുദായത്തെക്കാരം അധികപ്പററായിക്കുണ്ടേക്കാം. ഏതേതു് വശങ്ങളിലാണെന്നും, ഏതേതു് തോതിലാണെന്നും, എത്രത്തോളം കനത്തതാണെന്നും വായനക്കാർ വിധിക്കട്ടെ. ഭാരതത്തിൽ പൊതുവായും, കേരളത്തിലും പ്രത്യേകതരത്തിൽ പരക്കേയും ഉള്ളതാണ് വർഗ്ഗീയത, എന്ന പ്രമേയമാണ് ഈ ഗ്രന്ഥത്തിൽ സിദ്ധവൽകരിച്ചിട്ടുള്ളതു്.

ക്രിസ്ത്യാനികളിലും, ഈഴവരിലും, മുസ്ലീമുകളിലും, കേരളക്കരയിൽ ബുദ്ധിമാന്മാരുണ്ടു്. മദിരാശി സർവ്വകലാശാലയിലേയും കേരള സർവ്വകലാശാലയിലേയും ബിരുദധാരികളുടെ എണ്ണമെടുത്താൽ, ബി. എ., എം. എ., ബി. എൽ., എം. എൽ., എഞ്ചിനിയറിംഗ്, വൈദ്യം (അല്ലോപതി) എന്നീ മേഖലകളിൽ, നായരേതര സമുദായങ്ങളിൽ ധാരാളംപേരെ കാണാം. അല്പാല്പം ഗുരുലഘുത്വം ചില ഇനങ്ങളിൽ കണ്ടേക്കാം. മലയാളഭാഷാസാഹിത്യത്തിൽ, മുമ്പൊരദ്ധ്യായത്തിൽ പ്രസ്താവിച്ച കാരണത്താൽ കുറെയൊക്കെ പിന്നണിയിലായിരിക്കാം. മലയാളസാഹിത്യം (ഭാരതീയസാഹിത്യവും തഥൈവ) മതബദ്ധമായി നിലനില്ക്കുന്നതാണ് അതിനുള്ള മുഖ്യഹേതു. അതെല്ലാം കാലാന്തരത്തിൽ ശരിപ്പെട്ടുവരുന്നുമുണ്ടു്.

പക്ഷേ കാര്യം തുറന്നുപറഞ്ഞാൽ ക്രിസ്ത്യാനികളാം, വിശിഷ്യ, കത്തോലിക്കർ തെററിദ്ധരിക്കരുത്. മതാത്മകവിഷയങ്ങ

KOTTAYAM PUBLIC LI
KOT AYAM

* 1105 കർക്കിടകം കേരളം

ളിൽ 'കത്തനാർ പറയുന്നതാണ് നസ്രാണിക്കു പ്രമാണം.' എ ങ്കിലും ഭൗതികവിഷയങ്ങളിൽ, തഴക്കംകൊണ്ടു കത്തനാർ മേധാവിത്വത്തിലാണ്, ക്രിസ്ത്യാനികൾ ഇന്നേവരെ വർത്തിച്ചുപോരുന്നതു്. മതംവിട്ടുള്ള അന്യവിഷയങ്ങളിൽ, വിശേഷിച്ചു രാഷ്ട്രീയത്തിൽ പുരോഹിതർ കയ്യിടാതെയിരിക്കാൻ നസ്രാണിസമുദായക്കാർ ശ്രദ്ധവെക്കേണ്ടതാണ്. വിശാലഹൃദയത്വമാകട്ടെ പുരോഹിതന്മാർക്കും, അതോടൊപ്പം അവൈദികർക്കും കൈവരുത്താൻ ശ്രമിച്ചാൽ കൊള്ളാം.

ഈഴവസമുദായത്തിൽ ശ്രീനാരായണഗുരു, കുമാരനാശാൻ എന്നിങ്ങനെ ധീഷണാശാലികൾ വേണ്ടുവോളമുണ്ടു്. കേവല രാഷ്ട്രീയത്തിലെ ചതുരംഗക്കളിയിൽ ഈഴവസമുദായത്തെ അടിയറവെപ്പിക്കാൻ എളുപ്പമാണെന്നു നായരും നസ്രാണിയും കരുതേണ്ടാ. സംഘടനാപാടവത്തിൽ നായരെക്കാൾ ഒരുപടി കയറിയിട്ടാണു ഈഴവസമുദായത്തിൻെറ നിലപാടു്. ഒന്നുഒന്നര കോടി ഉറപ്പിക എൻ. എസ്സ്. എസ്സി. ൻെറ ബഡ്ജററിലുണ്ടെങ്കിൽ, അത്രത്തോളം വരവ്ചിലവ്, അവർ ചെയ്യുന്നുണ്ടെങ്കിൽ, അതിൽ കുറവായിരിക്കയില്ല എസ്സ്. എൻ. ഡി. പി. യുടെ കൈവശത്തിലും. രണ്ടു സമുദായങ്ങളും മത്സരിച്ചാൽ, ധനശാസ്ത്രത്തിൽ 'മത്സരം ധനസമ്പാദനത്തെ വിജയിപ്പിക്കും' എന്ന തത്വം ബാധകമാകുകയില്ല. വിദൂരഭാവിയിൽ രണ്ടും സ്തംഭിക്കാനാണ് സാദ്ധ്യത. പരസ്പരം നശിപ്പിക്കുമെന്നു സ്പഷ്ടം.

ഹിന്ദുക്കളായ നായന്മാരും ഈഴവരും ശക്തിമാന്മാരായാൽ നസ്രാണിയുടെ ശക്തിയും മുസ്ലീമിൻെറ കരുത്തും കുറയുമല്ലോ എന്നു ഹിന്ദുമഹാസഭക്കാർ പ്രത്യാശിക്കുന്നുണ്ടോ? എങ്കിൽ വർഗ്ഗീയത ജാതിബദ്ധമല്ലാത്തതായാലും മതാത്മകമായി വർദ്ധിക്കുമെന്നല്ലാതെ ഗുണമൊന്നുംതന്നെയില്ല. ക്രിസ്ത്യാനികളുടെ മതാസ്പദമായ സംയോജനം നല്ല കെട്ടുറപ്പുള്ളതാണ്; മുസ്ലീമുകളുടേയും അപ്രകാരംതന്നെ. (ഇക്കാര്യം മുമ്പൊരിക്കൽ സമർത്ഥിച്ചിട്ടുള്ളതു

ഇവിടെ ആവൎത്തിക്കുന്നു.) ഹിന്ദുമഹാസഭയുടെ സ്വാധീനശക്തി സംഘടനാപരമായ നിലയിൽ കേരളത്തിലില്ലായിരുന്നു. അടുത്തകാലത്തു, അതിൻെറ വേഷംമാറിയ തനിപ്പതിപ്പാണു് 'ജനസംഘം'. ആ പ്രസ്ഥാനം അല്പാല്പമായി ഇവിടെ തലപൊക്കിത്തുടങ്ങിയിട്ടുണ്ടു്. ഇതിൻെറ പ്രത്യാഘാതമാകട്ടെ കമ്യൂനലിസ്സം അഹിന്ദുസമുദായങ്ങളിൽ വൎഗ്ഗീയമനോഭാവം വൎദ്ധിപ്പിക്കയായിരിക്കും. കേരളത്തിലെ സന്യാസാശ്രമങ്ങളിലേയും കന്യകാമഠങ്ങളിലേയും എടവക, രൂപത എന്നീ സ്ഥാപനങ്ങളിലേയും സാമുദായികബഡ്ജററുകൾ ഒന്നിച്ചുചേൎത്താൽ എത്ര ഒന്നരകോടി ഉറപ്പികയെന്നു ഊഹിക്കുക. ഇത്രയും പ്രസ്താവിച്ചതു് പണംകൊണ്ടു ഹിന്ദുമഹാസഭയോ, ജനസംഘമോ 'കളിനടത്താ'മെന്നു കിനാവുകാണുന്നുണ്ടെങ്കിൽ അതും ഗുണകരമല്ലെന്നു സൂചിപ്പിക്കാനു മാത്രം. ഈഴവർ താഴെയെന്നു എണ്ണിപ്പോരുന്ന അവൎണ്ണരെ, ശ്രീനാരായണഗുരുവിൻെറ നാമത്തിൽ സ്ഥാപിതമായ ഈഴവസംഘടനയായ എസ്സ്. എൻ. ഡി. പി. പ്രവൎത്തകർ സമഭാവേന കരുതുന്നില്ലെന്നു ആവലാതിയുണ്ടു്. ഗുരുനിൎദ്ദേശത്തിനും ആശയങ്ങൾക്കും അനുസരണമായി കീഴ്ജാതിക്കാരായി താദാത്മ്യം ഉത്പാദിപ്പിക്കയാണു് അവരും ചെയ്യേണ്ടതു്. ഗുരുശാസനം തട്ടിക്കളഞ്ഞ മട്ടിലാണു് എസ്. എൻ. ഡി. പി. യുടേയും ഈഴവസമുദായത്തിൻേറയും ഇന്നത്തെ പോക്കു്. കാലാന്തരത്തിൽ ഈഴവൎക്കു മാത്രമല്ല കേരളത്തിലെ മററു സമുദായക്കാൎക്കും അതു ഹാനികരമാണു്. ഈഴവ_തീയ്യസമുദായത്തിലെ ബുദ്ധിമാന്മാരും ഈദൃശ "സ്വജന"ബോധം പാടെ തള്ളിക്കളയണം. അല്ലെങ്കിൽ രക്ഷ പോരാ.

മുസ്ലീം സമുദായത്തിൽ വർഗ്ഗീയത സ്വാഭാവികമാണെന്നു തന്നെ ചിലർ ധരിച്ചുവെച്ചിട്ടുണ്ടു്. വർഗ്ഗീയ നാമത്തോടുകൂടിയുള്ള (മുസ്ലീംലീഗ്) ഒരു സംഘടന കേരളത്തിൽ സജീവമായി പ്രവൎത്തിക്കുന്നു. അവരിലും ദീൎഘദൃഷ്ടിയും വിശാലഹൃദയത്വവുമുള്ള മനുഷ്യർ ധാരാളമുണ്ടു്. ബുദ്ധിമതികളായ മുഹമ്മദീയർ

കമ്മ്യൂണലിസ്സം നശിപ്പിക്കാനാണ് ശ്രമിക്കേണ്ടതു്. നോവലെഴുത്തുകാരനായ ശ്രീ. ബഷീറിൻെറ ‘ബാല്യകാലസഖി’യിലും മററും വ്യംഗ്യമായി, ഈ വർഗ്ഗീയത്വത്തെ അപഹസിച്ചിട്ടുണ്ടു്. അത്തരം സാഹിത്യഗ്രന്ഥങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടരുതു്. അതും അത്യാവശ്യമാണെന്നു് സമ്മതിക്കുന്നു. അതോടൊപ്പം രാഷ്ട്രീയത്തിലും വർഗ്ഗീയത ഇല്ലാതാക്കാൻ ഇസ്ലാം സമുദായവും അവരിലെ ബുദ്ധിശാലികളും ശ്രമിക്കേണ്ടതല്ലേ?

വർഗ്ഗീയ മനഃപ്രകൃതി പെട്ടെന്നു് നശിക്കുന്നതല്ല. ഓരോ ശിശുവിൻെറയും ജനനനിമിഷം മുതൽ വർഗ്ഗരഹിതമായ അന്തരീക്ഷം സ്വഭവനങ്ങളിലും പരിസരങ്ങളിലും സജ്ജമാക്കേണ്ടതാണ്. എങ്ങിനെയാണ് ജനനനിമിഷം മുതൽ വർഗ്ഗീയത്വം നിർമ്മാജ്ജനം ചെയ്യുക? ഇക്കാര്യം സവിസ്തരം പ്രതിപാദിക്കുന്നതു് സംഗതമെന്നിരുന്നാലും ഈ ഗ്രന്ഥത്തിൽ സൌകര്യമില്ല.* സ്കൂളിൽ ചേർത്തുകഴിഞ്ഞാൽ കോളേജ് വിദ്യാഭ്യാസം കഴിയുന്നവരെ, അദ്ധ്യാപകന്മാരാണ് വർഗ്ഗരഹിതമായ മനോഭാവം ഊട്ടിവളർത്തേണ്ടതു്. എന്തെല്ലാമാണ് കരണീയമായിട്ടുള്ളതെന്നും മുൻ അദ്ധ്യായങ്ങളിൽ എന്നാലാവുംവിധം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അവയെല്ലാം റോഡിലെ വിരൽ ചൂണ്ടിപ്പലകകൾ മാത്രമാണ്. വഴികളിൽക്കൂടി നടക്കേണ്ടതും നടത്തിക്കേണ്ടതും കേരളീയ പൌരന്മാരുടേയും അദ്ധ്യയനകാലങ്ങളിൽ അദ്ധ്യാപകന്മാരുടേയും ചുമതലകളാണ്.


---

* ഈ ഗ്രന്ഥകർത്താവിൻെറ “അമ്മമാർക്ക് ഒരു പുസ്തകം” എന്നതിൽ ഈ വിഷയം ചർച്ച ചെയ്തിട്ടുള്ളതു് നോക്കുക. ഇതിനെപ്പററി വിസ്തരിച്ചെഴുതിയതിൽനിന്നുണ്ടായ പ്രതികരണം “വർഗ്ഗീയതയും ... ....സമുദായജീവിതത്തെ നരകമാക്കുന്ന കേരളത്തിലെ സ്ഥിതിവിശേഷത്തെക്കുറിച്ചു് വിഷയത്തിന്നു് യാതൊരു പ്രസക്തിയുമില്ലാതെ വിലപിക്കുന്ന തേറാട്ടിലിനോട്ടു് ആർക്കും സഹാനുഭൂതിയുണ്ടാകാം” ഇമ്മാതിരി നിരൂപണങ്ങളാണ് ചില ബുദ്ധിജീവികൾ ശ്രദ്ധാർഹമാക്കി ചില ഗ്രന്ഥകർത്താക്കൾക്കു് നൽകുന്നതു്! എന്തു് മറുപടിയാണ് ഇതിന്നു് കൊടുക്കേണ്ടതു്? കഷ്ടം!

ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. മാനവചരിത്രം തുടങ്ങിയ മുതൽക്കേ മനുഷ്യർക്ക് 'സ്ഥിതി' (status) വേണമെന്നാഗ്രഹിക്കുന്നതു് സ്വാഭാവികമാണു്. സാമൂഹ്യശാസ്ത്രവും ഈ തത്വം ഊന്നിപ്പറയുന്നു. ഓരോരുത്തനും ഓരോ സമുദായത്തിൽ ജനിക്കുന്നു. ആ സമുദായത്തിൽ ഒരു സ്ഥിതി, പദവി, വേണമെന്നാണു് മോഹം. വർഗ്ഗീയമയമായാൽ ഒരു സമുദായത്തിലെ ബുദ്ധിമാന്മാർക്കു് പദവിവേണമെങ്കിൽ ഏററവും എളുപ്പമാർഗ്ഗം സ്വസമുദായത്തിന്നുവേണ്ടിമാത്രം ശ്രമിക്കയെന്നതാണു്. തന്നിമിത്തം ബുദ്ധിമാന്മാർ വർഗ്ഗീയവാദികളായി ഭവിക്കയാണു്. സ്വസമുദായത്തിന്നു എതിരായി എന്തെങ്കിലും ചെയ്താൽ ആ വ്യക്തി കരിങ്കാലിയായി മുദ്രയടിക്കപ്പെട്ടും, സമുദായത്തിൽനിന്നു് ബഹിഷ്ക്കരിക്കപ്പെട്ടും. അതൊന്നും സംഭവിക്കാതെ സ്വൈരമായി ജീവിക്കാനാണു് സാമൂഹ്യജീവിയായ ഓരോ മനുഷ്യനും ഇഷ്ടപ്പെട്ടുക. കലഹകാരികളായി, കരിങ്കാലികളായി, വിപ്ലവകാരികളായി, ഏതാനും ബുദ്ധിമാന്മാർ മുന്നോട്ടുവരണം, കാര്യങ്ങൾ ശരിപ്പെടുത്താൻ.

കേരളത്തിലെ നാലു് പ്രമുഖസമുദായങ്ങളിലേയും (ഉപസമുദായങ്ങളിലേയും) സാമാന്യമനുഷ്യർ പ്രകൃത്യാ വർഗ്ഗീയവിഷത്തോടുകൂടി ജനിക്കുന്നവരല്ല; ഒരു മനുഷ്യനും അപ്രകാരമല്ലല്ലോ ജനിക്കുന്നതു് ജനിച്ചിട്ടു് വളൻവരുമ്പോഴാണു് സ്വന്തം കുടുംബത്തിൽനിന്നും പിന്നീടു് ബാഹ്യലോകത്തിൽനിന്നു് ഓരോരോതരം ആശയങ്ങളും അനുഭവങ്ങളും പഠിക്കുന്നതു്. വർഗ്ഗീയതം ഒരു ദോഷമായി പരിണമിക്കുന്നതു് മനഃപൂർവ്വം ഏതെങ്കിലും ഒരു ബുദ്ധിമാൻ, അത്തരത്തിൽ മററുള്ളവരെ പ്രേരിപ്പിച്ചും, ഒരുപക്ഷേ നിർബ്ബന്ധിച്ചും അമിതമായ 'സ്വജന'ബോധം, അഥവാ സർവ്വഹത്യാപരമായ വർഗ്ഗീയത്വം, കുത്തിച്ചെലുത്തുന്നതുകൊണ്ടാണു്. ചുരുക്കിപ്പറഞ്ഞാൽ ബുദ്ധിശക്തിയുള്ള 'പ്രമാണികളാ'ണു് ബഹുജനങ്ങളെ വർഗ്ഗീയ ജന്തുക്കളാക്കിച്ചമയ്ക്കു

ന്നതു്. അക്കാരണം കൊണ്ടാണു് വിപ്ലവകാരികളായ ഏതാനും കേരളീയർ വർഗ്ഗീയഭ്രാന്തും പേക്കൂത്തും നശിപ്പിക്കാൻ കച്ചകെട്ടി കളരിയിൽ ചാടണമെന്നു് ഉറക്കെ വിളിച്ചുപറയുന്നതു്. അല്ലെങ്കിൽ ബുദ്ധിമാന്മാരുണ്ടായിട്ടു് നമുക്കെന്തുഫലം?



**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. M1300 Acc. No. 32748

This book should be returned on or before the date last stamped below.

23 NOV 1985
18 DEC 1985
14 MAY 1987
15 JUL 1987
4 FEB 1989
14 MAR 1989
26 APR 1989
13 NOV 1990
29 JUL 1991
25 SEP 1992
25 JUN 1994
29 JUL 2012
19 AUG 2012

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M300 32748

തോട്ടിൽ. ജെ

ബുദ്ധിമാന്മാരുണ്ടായിട്ടും

Indic Digital Archive Foundation
gpura.org